2020 ഏപ്രിൽ
13
തിങ്കൾ
1195 മീനം 31

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പൂർ www.metrovaartha.com 10 പേജ് ₹ 7.00 KOZHIKODE

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ഈസ്റ്റർ തിരുക്കർമങ്ങളിൽ ഫ്രാൻസിസ് മാർപാപ്പ മുഖ്യകാർമികത്വം വഹിക്കുന്നു. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേവലം നാലുപേർ മാത്രമാണ് അദ്ദേഹത്തെ ചടങ്ങുകളിൽ സഹായിക്കാനായി പങ്കെടുത്തത്. വീക്ഷിക്കാൻ വിരലിലെണ്ണാവുന്നവരും.

» പേജ് 3

ലോക്ഡൗണിൽ ചില ഇളവുകൾ വന്നേക്കും

കൊവിഡ് ടെസ്റ്റുകൾ കൂട്ടാൻ കേന്ദ്ര സർക്കാർ

ന്യൂഡൽഹി: ഏപ്രിൽ 14നു ശേഷവും ലോക്ഡൗൺ നീട്ടുകയാണെങ്കിൽ അനുവദിക്കാവുന്ന ഇളവുകളെക്കുറിച്ച് കേന്ദ്ര സർക്കാർ തിരക്കിട്ട ആലോചനകളിൽ. ഇതിനായുള്ള വിവിധ നിർദേശങ്ങൾ പരിശോധിച്ചുവരികയാണെന്ന് സർക്കാർ വൃത്തങ്ങൾ.

ഇന്നലെ 900ൽ ഏറെ പേർക്ക് രാജ്യത്തു രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ മൊത്തം കൊവിഡ് ബാധിതരുടെ എണ്ണം ഒമ്പതിനായിരത്തോട് അടുക്കുകയാണ്. മരണം മുന്നൂറിനോട് അടുത്തു. ഈ സാഹചര്യത്തിൽ വലിയ ഇളവുകൾ അനുവദിക്കാനാവില്ലെന്ന ഉപദേശവും കേന്ദ്ര സർക്കാരിനു ലഭിച്ചിട്ടുണ്ട്. തെലങ്കാന, മഹാരാഷ്ട്ര, പഞ്ചാബ്, ഒഡിശ സംസ്ഥാനങ്ങൾ ലോക്ഡൗൺ നീട്ടിക്കഴിഞ്ഞു. ദേശവ്യാപകമായ തീരുമാനം ഇന്നു കേന്ദ്ര സർക്കാരിൽനിന്നുണ്ടാവുമെന്നാണു നിഗമനം.

ഇതിനിടെ, കൊവിഡ് പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വ്യാപകമായി വർധിപ്പിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. രോഗബാധിതരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യമുണ്ടായാൽ അതു നേരിടാനുള്ള തയാറെടുപ്പുകളും നടക്കുന്നുണ്ടെന്ന് മന്ത്രാലയം. ഹോട്ട് സ്പോട്ടുകളിൽ ജനങ്ങൾ പുറത്തിറങ്ങുന്നതു കർശനമായി തടയാനും അവശ്യ വസ്തുക്കൾ വീടുകളിൽ എത്തിക്കാനുമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരുകൾ നടത്തിവരികയാണെന്ന് ആഭ്യന്തര മന്ത്രാലയവും വ്യക്തമാക്കി.

പൊതുമേഖലയിലും സ്വകാര്യ മെഡിക്കൽ കോളെജുകളിലും പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ അഗർവാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരിശോധനാ സൗകര്യങ്ങൾ കൂട്ടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലാണു പ്രവർത്തനങ്ങൾ നടക്കുന്നത്.

എയിംസും നിംഹാൻസും പോലുള്ള 14 സ്ഥാപനങ്ങൾ ഇതിനു മേൽനോട്ടം വഹിക്കും. കഴിഞ്ഞ അഞ്ചു ദിവസവും പതിനയ്യായിരത്തിലേറെ സാമ്പിളുകൾ പരിശോധിച്ചു. ശരാശരി 584 പേർക്കു വീതം രോഗം സ്ഥിരീകരിച്ചു. 20,000 ട്രെയ്ൻ കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കി മാറ്റുമെന്നും അഗർവാൾ പറഞ്ഞു. ആദ്യ ഘട്ടത്തിൽ 5000 കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കിയിട്ടുണ്ടെന്നും അദ്ദേഹം.

ഹോട്ട് സ്പോട്ടുകളിൽ ജനങ്ങൾ പുറത്തിറങ്ങാതിരിക്കുന്നതിന് 24 മണിക്കൂറും നിരീക്ഷണം ആവശ്യമാണെന്ന് ആഭ്യന്തര മന്ത്രാലയം പറയുന്നു. അവശ്യ വസ്തുക്കൾ വീടുകളിലെത്തുന്നുവെന്ന് ഇതിനൊപ്പം ഉറപ്പാക്കുകയും വേണം. ഇക്കാര്യത്തിൽ പൊലീസും തദ്ദേശ സ്വയംഭരണ വകുപ്പും ശ്രദ്ധ നൽകേണ്ടതാണെന്നും മന്ത്രാലയം.

ഡോ. പി.എ. ലളിത അന്തരിച്ചു

കോഴിക്കോട്: ക്യാൻസറിനെതിരായ പോരാട്ടത്തിലൂടെ ശ്രദ്ധേയയായ സാമൂഹ്യപ്രവർത്തക ഡോ. പി.എ. ലളിത (68) അന്തരിച്ചു. എരഞ്ഞിപ്പാലം മലബാർ ഹോസ്പിറ്റൽ ആൻഡ് യൂറോളജി സെന്റർ ചെയർപേഴ്സണും മുൻ മാനെജിങ് ഡയറക്റ്ററുമായിരുന്നു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ വനിതാവിഭാഗം സ്ഥാപക ചെയർപേഴ്സണാണ്.

ആലപ്പുഴ ചേർത്തലയിൽ ടെലഫോൺ ഇൻസ്പെക്റ്ററായിരുന്ന അയ്യാവു ആചാരിയുടെയും രാജമ്മയുടെയും മകളായി 1951ൽ ജനനം. യൂറോളജിസ്റ്റും ട്രാൻസ്പ്ലാന്റ് വിദഗ്ധനുമായ ഡോ. വി.എൻ. മണിയാണ് ഭർത്താവ്. ഐഎംഎ കോഴിക്കോട് ബ്രാഞ്ച് സെക്രട്ടറിയും പ്രസിഡന്റുമായിരുന്നു.

സംസ്ഥാന സർക്കാരിന്റെ വനിതാരത്നം അവാർഡ്, മികച്ച ഡോക്റ്റർക്കുള്ള ഐഎംഎയുടെ 2006ലെ പുരസ്കാരം, സമഗ്രസംഭാവനയ്ക്കുള്ള ഐഎംഎ വനിതാവിഭാഗത്തിന്റെ 2014 ലെ പുരസ്കാരം, ഇൻഡോ അറബ് കോൺഫെഡറേഷൻ അവാർഡ്, ഡോ. രാജേന്ദ്ര പ്രസാദ് ഫൗണ്ടേഷന്റെ പ്രസാദ് ഭൂഷൺ അവാർഡ്, 2012ലെ മികച്ച ഡോക്റ്റർക്കുള്ള കാലിക്കറ്റ് ലയൺസ് ക്ലബ് അവാർഡ്, മാനവ സംസ്കൃതി കേന്ദ്ര അവാർഡ്, സമഗ്രസംഭാവനയ്ക്കുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ പുരസ്കാരം, ഡോ. പൽപ്പു സ്മാരക പരസ്കാരം തുടങ്ങി അനവധി ബഹുമതികൾ ലഭിച്ചു.

നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. മകൾ ഡോ. മിലി മണി (മലബാർ ആശുപത്രി എംഡി), മരുമകൻ ഡോ. കോളിൻ ജോസഫ്. മലബാർ ആശുപത്രിയിലുള്ള ഭൗതികദേഹം ഇന്ന് ഉച്ചയ്ക്ക് ഒന്നരയോടെ നടക്കാവ് ക്രോസ് റോഡിലെ വസതിയായ 'അമ്പിളി'യിലേക്ക് കൊണ്ടുപോകും. പൊതുദർശനം ഉണ്ടായിരിക്കില്ല. സംസ്കാരം വൈകിട്ട് നാലിന് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ.

മുന്നറിയിപ്പുമായി യുഎഇ

തിരികെ കൊണ്ടുപോകുക

- മുഖംതിരിക്കുന്ന രാജ്യങ്ങളോടുള്ള തൊഴിൽ കരാർ പുനഃപരിശോധിക്കും
- യുഎഇ മുന്നറിയിപ്പ് ഇന്ത്യയ്ക്കും തിരിച്ചടി

ദുബായ്: നാട്ടിലേക്കു മടങ്ങാനാഗ്രഹിക്കുന്ന പ്രവാസികളെ അതതു രാജ്യങ്ങൾ തിരികെക്കൊണ്ടുപോകണമെന്നു യുഎഇ. അല്ലാത്തപക്ഷം ആ രാജ്യങ്ങളുമായുള്ള തൊഴിൽ കരാർ പുനഃപരിശോധിക്കുമെന്നും വിസ ക്വോട്ടയിൽ മാറ്റം വരുത്തുമെന്നും യുഎഇ മാനവ വിഭവശേഷി വികസന മന്ത്രാലയം മുന്നറിയിപ്പു നൽകി. ഏതെങ്കിലും രാജ്യത്തെ പേരെടുത്തു പറഞ്ഞിട്ടില്ലെങ്കിലും ഇന്ത്യയുൾപ്പെടെ രാജ്യങ്ങളെ ബാധിക്കുന്നതാണുതീരുമാനം.

യൂറോപ്യൻ രാജ്യങ്ങളിൽ ഭൂരിപക്ഷവും സ്വന്തം പൗരന്മാരെ പ്രത്യേക വിമാനത്തിൽ മടക്കിക്കൊണ്ടുപോയെങ്കിലും ഇന്ത്യയുൾപ്പെടെ ചില രാജ്യങ്ങൾ ഇനിയും ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കൊവിഡ് 19 വൈറസ് ബാധിച്ചിട്ടില്ലാത്തവരെ പ്രത്യേക വിമാനസർവീസ് ഏർപ്പെടുത്തിതിരികെയെത്തിക്കാൻ സഹകരിക്കാമെന്ന് ഡൽഹിയിലെ യുഎഇ അംബാസഡർ ഡോ. അഹമ്മദ് അൽ ബന്ന കഴിഞ്ഞദിവസം വ്യക്തമാക്കിയിരുന്നു. എന്നാൽ, അടച്ചുപൂട്ടൽ തുടരുന്നതിനാൽ മേയ് മാസമായിട്ട് ഇക്കാര്യം ആലോചിക്കാമെന്നും അതുവരെ ഗൾഫ് നാടുകളിലുള്ള പൗരന്മാർ അവിടെത്തന്നെ തുടരാനുമായിരുന്നു ഇന്ത്യയുടെ നിലപാട്. പ്രായമായവർ, ഗർഭിണികൾ, അടിയന്തരമായി വൈദ്യപരിശോധന ആവശ്യമുള്ളവർ തുടങ്ങിയവരെയാകും ആദ്യം എത്തിക്കുകയെന്നും മേയ് മാസം മുതലാകും നടപടിയെന്നും വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ വ്യക്തമാക്കുകയും ചെയ്തു.

യുഎഇയിലെ ഇന്ത്യക്കാരെ പ്രത്യേക വിമാനത്തിൽ തിരികെയെത്തിക്കണമെന്ന് ആവശ്യപ്പെട്ടു ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള മുസ്‌ലിം കൾച്ചറൽ സെന്റർ കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നു. ദുബായ്‌യിലുള്ള പതിനായിരത്തോളം മലയാളികൾ തിരികെപ്പോരാൻ ആഗ്രഹിക്കുന്നുണ്ടെന്നാണ് ഇവർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ഹാരിസ് ബീരാൻ കോടതിയെ അറിയിച്ചത്. തൊഴിൽ വിസയുടെ കാലാവധി കഴിഞ്ഞതിനാൽ കുടുങ്ങിപ്പോയവരും സന്ദർശന വിസയിൽപ്പോയവരുമൊക്കെയുണ്ട് ഇക്കൂട്ടത്തിൽ. അവർ അവിടെ തുടരുന്നതിൽ അർഥമില്ല. അടച്ചുപൂട്ടലിനിടയിലും ജർമൻ, ബ്രിട്ടിഷ്, കനേഡിയൻ പൗരന്മാരെ തിരിച്ചയയ്ക്കാൻ എയർ ഇന്ത്യ പ്രത്യേക സർവീസ് നടത്തിയിരുന്നു. യുഎഇയിൽ ഇന്ത്യക്കാർ പലരും പണവും ഭക്ഷണവുമില്ലാതെ ബുദ്ധിമുട്ടുന്നുണ്ടെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

22ന് വിമാന സർവീസ് നിർത്തിവച്ചതോടെ ദുബായ്, അബുദാബി വിമാനത്താവളങ്ങളിലായി 20 ഇന്ത്യക്കാരാണു കുടുങ്ങിയത്. ഇവരെ രക്ഷിക്കാൻ ഇനിയും നടപടിയായിട്ടില്ലെന്നും പ്രവാസികൾ.

3.42 ലക്ഷം ഇന്ത്യക്കാരാണു യുഎഇയിൽ ജോലി ചെയ്യുന്നത്. അവിടത്തെ ജനസംഖ്യയുടെ 27 ശതമാനമാണ് ഇന്ത്യൻ സമൂഹം.

അതേസമയം, നാട്ടിലേക്ക് തിരികെയെത്തിക്കണമെന്ന ആവശ്യവുമായി യുഎഇയിലെ പാക് പൗരന്മാർ സമരരംഗത്താണ്. 20,000 പാക് പൗരന്മാരാണ് തിരികെപ്പോകാൻ വിമാനം കാത്തിരിക്കുന്നത്. കഴിഞ്ഞയാഴ്ച ഇവർ ദുബായ്‌യിലെ പാക് കോൺസുലേറ്റിനു മുന്നിൽ പ്രക്ഷോഭം സംഘടിപ്പിച്ചിരുന്നു. പ്രശ്നത്തിനു പരിഹാരം അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നാണു പാക് പ്രതികരണം.

ലോകം
ആകെ രോഗബാധിതർ
18,12,745
മരണം
1,12,248

ഇന്ത്യ
ആകെ രോഗബാധിതർ
8,356
മരണം
273
24 മണിക്കൂറിൽ മരണം 34
പുതിയ രോഗികൾ 909

മുജിബുർ റഹ്മാന്റെ ഘാതകനെ തൂക്കിലേറ്റി

ധാക്ക: ബംഗ്ലാദേശ് രാഷ്ട്രപിതാവ് മുജിബുർ റഹ്മാനെ വധിച്ച കേസിൽ പിടികിട്ടാപ്പുള്ളിയായിരുന്ന മുൻ സൈനിക ക്യാപ്റ്റൻ അബ്ദുൾ മജീദിനെ തൂക്കിലേറ്റി. ഇപ്പോഴത്തെ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ പിതാവ് കൂടിയായ മുജിബുർ റഹ്മാൻ 1975 ഓഗസ്റ്റ് 15നാണ് ഒരു സൈനിക അട്ടിമറിയിലൂടെ കൊല്ലപ്പെട്ടത്. അദ്ദേഹത്തിന്റെ ഭാര്യയും അടുത്ത കുടുംബാംഗങ്ങളും അന്നു കൊല്ലപ്പെട്ടിരുന്നു. ഷേഖ് സഹീന, സഹോദരി ഷേഖ് രഹാന എന്നിവർ മാത്രമാണ് അന്നു രക്ഷപ്പെട്ടത്.

ശനിയാഴ്ച അർധരാത്രി പിന്നിട്ട് ഒരു മിനിറ്റ് കഴിഞ്ഞപ്പോൾ ധാക്കയ്ക്കു സമീപം കെരാനിഗഞ്ച് സെൻട്രൽ ജയിലിൽ വധശിക്ഷ നടപ്പാക്കിയെന്നു ജയിൽ ഐജി ബ്രിഗേഡിയർ എ.കെ.എം. മുസ്തഫ കെമാൽ പാഷ അറിയിച്ചു. ചൊവ്വാഴ്ചയാണ് ക്യാപ്റ്റൻ അബ്ദുൾ മജീദ് അറസ്റ്റിലായത്.

മുജിബുർ റഹ്മാൻ വധക്കേസിൽ 12 പ്രതികളാണുണ്ടായിരുന്നത്. സംഭവത്തിനു ശേഷം എല്ലാവരെയും അന്നത്തെ പ്രസിഡന്റ് സിയാഉൾ റഹ്മാൻ വിവിധ രാജ്യങ്ങളിലെ നയതന്ത്ര കാര്യാലയങ്ങളിൽ നിയമിച്ചു. സെനഗലിലെ അംബാസിഡർ ആയിട്ടായിരുന്നു അബ്ദുൾ മജീദിനു നിയമനം. അവിടെ നിന്നു മടങ്ങിയെത്തിയ ശേഷം ഇയാൾ ഇന്ത്യയിൽ ഒളിച്ചുതാമസിക്കുകയായിരുന്നു എന്നാണു വിവരം. ഏതാനും ദിവസങ്ങൾക്കു മുൻപാണ് ബംഗ്ലാദേശിൽ മടങ്ങിയെത്തിയത്.

പുതുവർഷത്തിൽ രാജ്യത്തിനുള്ള ഏറ്റവും വലിയ സമ്മാനം എന്നാണ് ഇയാളുടെ അറസ്റ്റിനെ ആഭ്യന്തര മന്ത്രി അസഫുസ്മാൻ ഖാൻ വിശേഷിപ്പിച്ചത്. നിയമ പ്രകാരം രാഷ്ട്രത്തലവനു ദയാഹർജി നൽകിയെങ്കിലും തള്ളി. തുടർന്ന് മറ്റു നിയമ നടപടികളിലേക്കൊന്നും പോകാതെ വധശിക്ഷ നടപ്പാക്കി. കേസിലെ മറ്റ് അഞ്ചു പേരെ നേരത്തേ തൂക്കിലേറ്റിയിരുന്നു. അവശേഷിക്കുന്ന ആറു പേരെക്കുറിച്ചു വിവരമില്ല. ഇവരെല്ലാം മറ്റേതോ രാജ്യങ്ങളിലുണ്ടെന്നാണു വിവരം.

ഇന്ത്യയുടെ തിരിച്ചടിയിൽ കൊല്ലപ്പെട്ടത് 15 പാക് സൈനികർ

ന്യൂഡൽഹി: ലോകമൊട്ടാകെ കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുകുന്നതിനിടെയും നിയന്ത്രണ രേഖയിൽ പ്രകോപനത്തിനു തുനിഞ്ഞ പാക്കിസ്ഥാന് ഇന്ത്യൻ സേന നൽകിയതു കനത്ത തിരിച്ചടി. കഴിഞ്ഞ പത്തിന് ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തിൽ 15 പാക് സൈനികരും എട്ടു ഭീകരരും പാക് സുരക്ഷാ സംവിധാനത്തിലെ രണ്ടു ജീവനക്കാരും കൊല്ലപ്പെട്ടെന്ന് സൈനിക ഇന്റലിജൻസ് വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പാക് സുരക്ഷാ സംവിധാനങ്ങൾക്കും കനത്ത നാശമുണ്ടായി. അതിക്രമങ്ങൾക്ക് ശക്തമായ മറുപടി തന്നെ കിട്ടുമെന്ന ശക്തമായ സന്ദേശമാണ് ഇന്ത്യ നൽകിയതെന്നും ഇന്റലിജൻസ് വൃത്തങ്ങൾ.

കേരൻ സെക്റ്ററിൽ കഴിഞ്ഞ അഞ്ചിന് ഇന്ത്യൻ സൈന്യം രണ്ടു പാക് പൗരന്മാർ ഉൾപ്പെടെ അഞ്ചു ഭീകരരെ വധിച്ചിരുന്നു. പാക് പൗരന്മാർ ജയ്ഷെ മുഹമ്മദ് അംഗങ്ങളെന്നു പിന്നീടു തെളിഞ്ഞു. ഇവർ ആരൊക്കെയെന്നു തിരിച്ചറിയാൻ അന്വേഷണം നടക്കുന്നതിനിടെ കിഷൻഗംഗ നദിക്കു സമീപം ദുധ്നിയലിൽ പാക്കിസ്ഥാൻ ഇന്ത്യൻ പോസ്റ്റുകൾക്കു നേരേ വെടിയുതിർത്തു. ഇതോടെയാണ് ഇന്ത്യ ശക്തമായി തിരിച്ചടിച്ചത്.

അതേസമയം, ഇന്ത്യയാണു പ്രകോപനമുണ്ടാക്കുന്നതെന്നും പതിനഞ്ചു വയസുള്ള ബാലികയടക്കം നാലു പേർക്ക് പരുക്കേറ്റതേയുള്ളൂവെന്നും പാക്കിസ്ഥാൻ അവകാശപ്പെട്ടു. 2020ൽ മാത്രം ഇന്ത്യ 708 തവണ വെടിനിർത്തൽ കരാർ ലംഘിച്ചെന്നും പാക്കിസ്ഥാൻ ആരോപിച്ചു. എന്നാൽ, ശക്തമായ തിരിച്ചടി മാത്രമേ ഇന്ത്യയ്ക്ക് പോംവഴിയുള്ളൂ എന്നാണു സുരക്ഷാ വിദഗ്ധരുടെ അഭിപ്രായം.

ദുധ്നിയൽ മേഖലയിൽ ലഷ്കർ ഇ തൊയ്ബ, ജയ്ഷ് ഇ മുഹമ്മദ്, ഹിസ്ബുൾ മുജാഹിദ്ദീൻ തുടങ്ങി വിവിധ ഭീകര സംഘടനകളിൽപ്പെട്ട 160ഓളം ഭീകരർ ഇന്ത്യയിലേക്കു നുഴഞ്ഞുകയറാൻ തക്കം പാർത്തിരിക്കുകയാണ്. രജൗറിയിലെ പീർ പഞ്ജൽ മേഖലയിലും ജമ്മു സെക്റ്ററിലുമായി 70 ജയ്ഷ് ഭീകരർ നുഴഞ്ഞുകയറാൻ അവസരം നോക്കിയിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അതിർത്തിയിലും നിയന്ത്രണ രേഖയിലും ശക്തമായ നിരീക്ഷണമാണെന്നും കടുത്ത തിരിച്ചടി തന്നെ നൽകുമെന്നും ഒരു മുതിർന്ന ഉദ്യോഗസ്ഥൻ വ്യക്തമാക്കി. അതിനിടെ, ഇന്നലെ കുപ്‌വാരയിൽ പാക് സൈന്യം നടത്തിയ വെടിവയ്പ്പിൽ മൂന്നു ഗ്രാമവാസികൾ മരിച്ചു. തുടർച്ചയായ ഏഴാം ദിവസമാണു പാക് സൈന്യം വെടിനിർത്തൽ ലംഘിക്കുന്നത്.

കൊവിഡ് 2 പേർക്ക്,

36 പേർക്ക് രോഗമുക്തി

നിരീക്ഷണത്തിൽ 1,16,941 പേർ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ കൊവിഡ് 19 സ്ഥിരീകരിച്ചത് രണ്ടുപേർക്കു മാത്രം.അതേസമയം, 36 പേർ രോഗമുക്തി നേടിയതായി ആരോഗ്യമന്ത്രി കെ.കെ. ശൈലജ.

കാസർഗോഡ് ജില്ലയിലെ 28 പേരുടേയും മലപ്പുറം ജില്ലയിലെ ആറുപേരുടേയും കോഴിക്കോട്, ഇടുക്കി ജില്ലകളിലെ ഓരോരുത്തരുടേയും പരിശോധനാ ഫലമാണ് നെഗറ്റീവായത്. ഇതോടെ നിലവിൽ 194 പേരാണ് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 179 പേരാണ് ഇരേവരെ സംസ്ഥാനത്തു രോഗമുക്തി നേടിയത്.

കണ്ണൂർ, പത്തനംതിട്ട ജില്ലകളിലുള്ളവർക്കാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്. കണ്ണൂർ ജില്ലയിലുള്ളയാൾ ദുബായിൽ നിന്നും പത്തനംതിട്ടയിലുള്ളയാൾ ഷാർജയിൽ നിന്നും വന്നതാണ്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,16,941 പേർ നിരീക്ഷണത്തിലാണ്- 1,16,125 പേർ വീടുകളിലും 816 പേർ ആശുപത്രികളിലും. 176 പേരെ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗലക്ഷണങ്ങളുള്ള 14,989 പേരുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 13,802 സാംപിളുകളുടെ പരിശോധനാ ഫലം നെഗറ്റീവാണ്.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെത്തുടർന്ന് രാജ്യം അടച്ചുപൂട്ടിയപ്പോൾ ആശ്വാസമായത് വന്യജീവികൾക്കാണ്. നിരന്തരമുള്ള മനുഷ്യസാന്നിധ്യം ഒഴിവായിരിക്കുന്നു. കാടിനോടു ചേർന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇതിന്റെ പ്രതിഫലനം ദൃശ്യമാണ്. മൂന്നാറിലെ ചൊക്കനാട് ഹൈറേഞ്ച് ക്ലബ്ബിൽ കഴിഞ്ഞദിവസമെത്തിയ ആനക്കൂട്ടം. ക്ലബിന്റെ ഗേറ്റിലൂടെ വളപ്പിൽ കടന്ന ആനകളും കുട്ടികളും കുറച്ചുസമയം ചെലവഴിച്ചശേഷം പ്രശ്നങ്ങളൊന്നുമുണ്ടാക്കാതെ മടങ്ങി.

MAXVALUE
QUICK AND EASY
ഗോൾഡ് ലോൺ
MAXIMUM VALUE FOR YOUR GOLD
www.maxvaluecredits.com
MAXVALUE CREDITS AND INVESTMENTS LTD.

സ്വർണം

ഗ്രാം	- 4,150
പവൻ	- 33,200

www.facebook.com/metrovaarthaofficial

അരി വിതരണം നടത്തി

നന്നമ്പ്ര: ആർഎസ്പി നന്നമ്പ്ര ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊടിഞ്ഞിയിൽ അരിവിതരണം നടത്തി. പാർട്ടി ജില്ലാസെക്രട്ടറി വെന്നിയൂർ മൈഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്തു. നന്നമ്പ്ര പഞ്ചായത്ത് മെമ്പർ ഊർപ്പായി സൈദലവി. സുരേന്ദ്രൻ പട്ടാളത്തിൽ. കെ, എം,മുഹമ്മദലി. കുഞ്ഞിമൊയ്ദീൻ വെളിമുക്ക്, പനക്കൽ സിദ്ധീഖ്, മുജീബ് പനക്കൽ, അബ്ദുൽ ഖാദർ പുന്നക്കോടൻ, മുസ്തഫ കുന്നത്തേരി, അബ്ബാസ് തയ്യിൽ, അയ്യൂബ് മേലോട്ടിൽ, മുസ്തഫ പനക്കൽ എന്നിവർ സംബന്ധിച്ചു.

നിരോധനാജ്ഞ: മലപ്പുറം ജില്ലയിൽ 61 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു

മലപ്പുറം: കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നിരോധനാജ്ഞ ലംഘിച്ചതിന് ജില്ലയിൽ പൊലീസ് 61 കേസുകൾ കൂടി ഇന്നലെ രജിസ്റ്റർ ചെയ്തു. വിവിധ സ്റ്റേഷനുകളിലായി 74 പേരെ ഇന്നലെ അറസ്റ്റു ചെയ്തതായി ജില്ലാ പൊലീസ് മേധാവി യു. അബ്ദുൾ കരീം അറിയിച്ചു. നിർദേശങ്ങൾ ലംഘിച്ച് നിരത്തിലിറക്കിയ 52 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. ഇതോടെ നിരോധനാജ്ഞ ലംഘിച്ചതിന് പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 1,456 ആയി. 1,936 പേരെയാണ് ഇതുവരെ അറസ്റ്റു ചെയ്തത്. ജില്ലയിലാകെ ഇതുവരെ 618 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

വിഷുക്കിറ്റുകൾ വിതരണം ചെയ്തു

കോഴിക്കോട്: ചാലപ്പുറംനഗർ സേവാഭാരതിയുടെ ആഭിമുഖ്യത്തിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വിഷുക്കിറ്റുകളും ഭക്ഷണപ്പൊതികളും വിതരണം ചെയ്തു. കണ്ണഞ്ചേരി, പന്നിയങ്കര, മുരിങ്ങത്ത്, കോട്ടപ്പറമ്പ്, മീഞ്ചന്ത, ആഴ്ചവട്ടം, തിരുവച്ചിറ എന്നിവിടങ്ങളിലാണ് ഭക്ഷണപ്പൊതികളും വിഷക്കിറ്റുകളും വിതരണം ചെയ്തത്. കണ്ണഞ്ചേരിയിൽ നടന്ന വിഷുക്കിറ്റ് വിതരണം വാർഡ് കൗൺസിലർ നമ്പിടി നാരായണൻ ഉദ്ഘാടനം ചെയ്തു. ആഴ്ച്ചവട്ടത്ത് നടന്ന വിഷുക്കിറ്റ് വിതരണം ആർ.എസ്.എസ് നഗർ സംഘചാലക് ഇ.സുധീർ ഉദ്ഘാടനം ചെയ്തു.

കെട്ടിടങ്ങൾ കണ്ടെത്താൻ വിവരശേഖരണം നടത്തും

അഴിയൂർ: വിദേശ മലയാളികളായ അഴിയൂർ പഞ്ചായത്തിലെ താമസക്കാർ വിദേശത്ത് നിന്ന് വന്നാൽ നീരീക്ഷണ കാലയളവിൽ താമസിപ്പിക്കുന്നതിന് കെട്ടിടങ്ങൾ കണ്ടെത്താൻ പ്രത്യേക ഫോറത്തിൽ വിവരശേഖരണം നടത്തും. ശുചിത്വം ഉറപ്പ് വരുത്തി ബാത്ത് റൂമുള്ള വാസ ഗൃഹങ്ങൾക്കാണ് മുൻഗണന.

പൊതു കെട്ടിടങ്ങൾ ബാത്ത്റും സൗകര്യം നോക്കി ഏർപ്പാടാക്കും. ഇതിനായി പഞ്ചായത്ത് മെംബർമാരുടെ നേതൃത്വത്തിലുള്ള വാർഡ് ആർ ആർ ടി,വിദേശ മലയാളി അസോസിയേഷനുകൾ എന്നിവരുടെ സേവനം ഉപയോഗിക്കും.പഞ്ചായത്തിന് ഒരു മാസത്തെക്ക് സൗജന്യമായി വിട്ട് തരാൻ തയ്യാറുള്ള കെട്ടിട ഉടമസ്ഥർ സമ്മതപത്രം ഹാജാറാക്കണം. കെട്ടിടം വിട്ട്നൽകാൻ തയ്യാറുള്ള അഴിയൂർ പഞ്ചായത്ത് കാർ ബന്ധപ്പെടുക: 9645243922

ആതുര സേവനത്തിന്റെ കരുതൽ സ്പർശം

പുറക്കാട്ടിരി: ലോക്ഡൗണിൽ വാഹന പരിശോധനയിലുള്ള പൊലീസ്സേനയ്ക്കു മരുന്നും ലഘുഭോജനവുമായി സഹായമാവുകയാണ് പുറക്കാട്ടിരിയിലെ എ.സി ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ്കെയർ സെന്ററിലെ ജീവനക്കാർ. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും കീഴിലാണ് ആശുപത്രി പ്രവർത്തിച്ചു വരുന്നത്.

മാർച്ച് 30 മുതൽ നാളിതുവരെ പാലോറമല സിഗ്നലിൽ വാഹന പരിശോധനയിലുള്ള പൊലീസ് സേനയ്ക്ക് രോഗ പ്രതിരോധത്തിനുള്ള ആയുർവേദ ഔഷധം, ചായ, ലഘു പലഹാരം, കുടിവെള്ളം എന്നിവ മുടങ്ങാതെ നൽകി വരികയാണ് ആശുപത്രിയിലെ ജീവനക്കാർ. പ്രവർത്തനങ്ങൾ അഭിനന്ദനാർഹവും മാതൃകാപരവുമാണെന്ന് സ്ഥലത്തെ ക്യാമ്പിന്റെ ചുമതലയുള്ള എലത്തൂർ സി. ഐ. ബിജു പറഞ്ഞു.

ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ.ജസി.പി.സിയുടെ നേതൃത്വത്തിൽ മുഴുവൻ ജീവനക്കാരും സന്നദ്ധ പ്രവർത്തനത്തിൽ പങ്കാളികളാണ്. കുട്ടികളിലെ പഠന പെരുമാറ്റ മാനസിക ശാരീരിക വളർച്ചാ വൈകല്യമുള്ള കുട്ടികളുടെ ചികിത്സാർത്ഥം നിലകൊള്ളുന്ന ആശുപത്രി സാമൂഹിക സന്നദ്ധതയിൽ പുതിയ അധ്യായത്തിന് രൂപം നൽകുകയാണ്.

കോവിഡ് 19:

കോഴിക്കോട് ഒരാൾക്ക് കൂടി രോഗമുക്തി പുതുതായി 20 പേർകൂടി നിരീക്ഷണത്തിൽ

കോഴിക്കോട്: ജില്ലയിൽ ഇന്നലെ ഒരാൾക്കു കൂടി രോഗമുക്തി. ഇതോടെ ജില്ലയിൽ ആകെ കോവിഡ് സ്ഥിരീകരിച്ച 13 പേരിൽ ഏഴ് പേർ രോഗമുക്തരായി. ആറ് പേരാണ് മെഡിക്കൽ കോളെജിൽ ചികിത്സ തുടരുന്നത്. ഇതുകൂടാതെ രോഗം സ്ഥിരീകരിച്ച നാല് ഇതര ജില്ലക്കാരിൽ രണ്ട് കണ്ണൂർ സ്വദേശികളും ചികിത്സയിലുണ്ട്. രണ്ട് കാസർഗോഡ് സ്വദേശികൾ നേരത്തെ രോഗമുക്തരായി ആശുപത്രി വിട്ടിരുന്നു.ജില്ലയിൽ പുതുതായി 20 പേർ കൂടി ഇന്നലെ നിരീക്ഷണത്തിൽ വന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി. ജയശ്രീ അറിയിച്ചു. ഇവരുൾപ്പെടെ ജില്ലയിൽ ആകെ 17,407 പേരാണ് നിരീക്ഷണത്തിലുള്ളത്. പുതുതായി വന്ന 17 പേർ ഉൾപ്പെടെ 34 പേർ ആണ് ആശുപത്രി നിരീക്ഷണത്തിലുള്ളത്. മൂന്ന് പേരെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്തു.ഇന്നലെ 17 സ്രവസാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 507 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 491 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 474 എണ്ണം നെഗറ്റീവ് ആണ്. 16 പേരുടെ പരിശോധനാ ഫലം കൂടി ലഭിക്കാനുണ്ട്.

മലപ്പുറം ജില്ലയിൽ 68 പേർ കൂടി നിരീക്ഷണത്തിൽ നിരീക്ഷണത്തിലുള്ളത് 13,269 പേർ

മലപ്പുറം: കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഇന്നലെ മുതൽ 68 പേർക്കുകൂടി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഇതോടെ ജില്ലയിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 13,269 ആയതായി ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. ഇന്നലെ 210 പേരാണ് വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. കോവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ 208 പേരാണ് ഐസൊലേഷനിലുള്ളത്. തിരൂർ ജില്ലാ ആശുപത്രിയിൽ രണ്ട് പേരും ഐസൊലേഷൻ വാർഡുകളിലുണ്ട്. 787 പേരെ ആരോഗ്യ വകുപ്പിന്റെ നിർദേശ പ്രകാരം വീടുകളിലെ പ്രത്യേക നിരീക്ഷണത്തിൽ നിന്ന് ഇന്നലെ ഒഴിവാക്കി. 12,999 പേരാണ് ഇപ്പോൾ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. 60 പേർ കോവിഡ് കെയർ സെന്ററുകളിലും സ്വയം നിരീക്ഷണത്തിൽ കഴിയുന്നു.കോവിഡ് 19 ബാധിച്ച് മലപ്പുറം ജില്ലയിൽ ഇപ്പോൾ ചികിത്സയിൽ കഴിയുന്നവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു. 19 പേർക്കാണ് ഇതുവരെ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ചത്. ഇതിൽ രണ്ട് പേർ വിദഗ്ധ ചികിത്സക്കു ശേഷം രോഗമുക്തരായി ആശുപത്രി വിട്ടു.ജില്ലയിൽ ഇതുവരെ 1,186 പേർക്ക് വൈറസ്ബാധയില്ലെന്ന് വിദഗ്ധ പരിശോധനകൾക്കു ശേഷം ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ചു. 226 പേരുടെ പരിശോധനാ ഫലങ്ങളാണ് ഇനി ലഭിക്കാനുള്ളത്.ആറ് പേർ ഇന്ന് വീടുകളിലേക്ക് മടങ്ങുംജില്ലയിൽ കോവിഡ് ബാധിച്ച് വിദഗ്ധ ചികിത്സക്കു ശേഷം രോഗമുക്തരായ ആറ് പേർ ഇന്ന് കോവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിന്ന് വീടുകളിലേക്ക് മടങ്ങും. ജില്ലയിലെ ആദ്യ കോവിഡ് ബാധിതരിൽ ഒരാളായ അരീക്കോട്ടെ 60 കാരിയുൾപ്പെടെയുള്ളവർ രോഗം ഭേദമായി മടങ്ങുന്നവരിൽ ഉൾപ്പെടും. ഇവർ വീട്ടിലേക്കു മടങ്ങുന്നതോടെ ജില്ലയിൽ രോഗമുക്തരായവരുടെ എണ്ണം എട്ടാവും.മാർച്ച് 13ന് വൈറസ് ബാധ സ്ഥിരീകരിച്ച അരീക്കോട് ചെമ്രക്കാട്ടൂർ വെള്ളേരി സ്വദേശിനി ഫാത്തിമ (60), മാർച്ച് 24 ന് വൈറസ് ബാധ സ്ഥിരീകരിച്ച താനൂർ താനാളൂർ മീനടത്തൂർ സ്വദേശി അലിഷാൻ സലീം (28), മാർച്ച് 22ന് രോഗബാധ കണ്ടെത്തിയ വള്ളിക്കുന്ന് കടലുണ്ടി നഗരം ആനങ്ങാടി സ്വദേശി മുഹമ്മദ് സഹദ് (24), വേങ്ങര കൂരിയാട് സ്വദേശി അബ്ദുൾ കരീം (31), മാർച്ച് 29 ന് രോഗബാധ കണ്ടെത്തിയ മഞ്ചേരി പയ്യനാട് സ്വദേശി മുഹമ്മദ് ബഷീർ (41), ഏപ്രിൽ ഒന്നിന് കോവിഡ് ബാധ സ്ഥിരീകരിച്ച എടപ്പാൾ സ്വദേശി ഫാസിൽ (31) എന്നിവരാണ് രോഗം ഭേദമായി ഇന്ന് വീടുകളിലേക്ക് മടങ്ങുന്നത്. ഐസൊലേഷൻ കേന്ദ്രത്തിലെ ചികിത്സക്കു ശേഷം വൈറസ് ബാധയില്ലെന്ന് സ്ഥിരീകരിച്ച ഇവർ പ്രത്യേക നിരീക്ഷണത്തിൽ കഴിയുകയായിരുന്നു. രോഗമുക്തരായവരുടെ ആരോഗ്യനില തൃപ്തികരമാണന്ന് ഉറപ്പാക്കിയ ശേഷമാണ് വീടുകളിലേക്ക് അയക്കുന്നതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു. ഇന്ന് രാവിലെ 10 മണിക്കാണ് ആറുപേരും ആശുപത്രി വിടുക. വീടുകളിൽ എത്തിയിട്ടും ഇവർ ആരോഗ്യ വകുപ്പിന്റെ നിർദേശ പ്രകാരമുള്ള പ്രത്യേക നിരീക്ഷണത്തിൽ തുടരും.

സാമൂഹിക അടുക്കളകൾ വഴി 10,917 പേർക്ക് സൗജന്യമായി ഉച്ച ഭക്ഷണം നൽകി

മലപ്പുറം: ലോക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ ഭക്ഷണ ലഭ്യത ഉറപ്പു വരുത്താൻ സാമൂഹിക അടുക്കളകൾ വഴിയുള്ള ഭക്ഷണ വിതരണം ജില്ലയിൽ തുടരുന്നു. അവശ വിഭാഗങ്ങൾക്കും നിത്യ രോഗികൾക്കും അഗതികൾക്കുമെല്ലാം സൗജന്യമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭക്ഷണ പൊതികൾ നൽകുന്നത്. ഇന്നലെ 10,917 പേർക്ക് സൗജന്യ ഭക്ഷണം വിതരണം നടത്തിയതായി ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു.ഭക്ഷണ ലഭ്യതയില്ലാത്തവർക്ക് 20 രൂപ നിരക്കിലും മൂന്നു നേരം ഭക്ഷണ പൊതികൾ നൽകുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലുമായി പ്രവർത്തിക്കുന്ന 109 സാമൂഹിക അടുക്കളകളിൽ നിന്ന് ഇന്നലെ 11,668 പേർക്കാണ് ഉച്ചഭക്ഷണം വിതരണം ചെയ്തത്. 1,348 പേർക്ക് പ്രാതലും 4,999 പേർക്ക് അത്താഴവും വിതരണം ചെയ്തു.ഗ്രാമ പഞ്ചായത്തുകളിൽ 7,316 പേർക്കാണ് ഉച്ചഭക്ഷണം നൽകിയത്. ഇതിൽ 7,244 പേർക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തു. 1,122 പേർക്ക് പ്രാതലും 3,841 പേർക്ക് അത്താഴവും നൽകി. നഗരസഭകളിൽ വിതരണം ചെയ്ത 4,352 ഉച്ചഭക്ഷണ പൊതികളിൽ 3,773 പേർക്കുള്ള ഉച്ച ഭക്ഷണം സൗജന്യമായിരുന്നു. 226 പേർക്ക് പ്രാതലും 1,158 പേർക്ക് അത്താഴവും നഗരസഭാ പരിധികളിൽ നൽകി. പാകം ചെയ്ത ഭക്ഷണം പ്രത്യേകം ചുമതലപ്പെടുത്തിയ വളണ്ടിയർമാർ വഴിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്നത്.

ഹെൽപ് ഡസ്ക് ആരംഭിച്ചു

മലപ്പുറം : കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ നിർദ്ദേശത്തെത്തുടർന്ന് മലപ്പുറം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള കൺട്രോൾറൂമിൽ പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി ഹെൽപ് ഡസ്ക് ആരംഭിച്ചു.ഡിസിസി സെക്രട്ടറിമാരായ ഉമ്മർ ഗുരിക്കൾ, ടി.കെ. അഷ്റഫ് എന്നിവരെ ഹെൽപ്പ്ഡെസ്ക് കൺവീനർമാരായി നിയമിച്ചതായി മലപ്പുറം ഡിസിസി പ്രസിഡന്റ് അഡ്വ വി.വി. പ്രകാശ് അറിയിച്ചു.ഉമ്മർ ഗുരുക്കൾ :9447095290, ടി.കെ. അഷ്റഫ്

വധുവിനൊപ്പം സുദീപ് ബൈക്കിൽ വീട്ടിലേക്ക്

കൊറോണക്കും ലോക്ഡൗണിനും പിടികൊടുക്കാതെ സുദീപിനും ദീപ്തിക്കും മാംഗല്യം

ബഷീർ കല്ലായി

മഞ്ചേരി: കൊറോണയെന്ന വ്യാധി ആകുലത പരത്തുന്നതിനു മുമ്പ് നിശ്ചയിച്ചതായിരുന്നു സുദീപിൻ്റെയും ദീപ്തിയുടെയും വിവാഹം. ബന്ധുക്കളും സുഹൃത്തുക്കളും ഓഡിറ്റോറിയത്തിൽ ഒത്തുചേർന്ന വലിയ ചടങ്ങിൽ 2020 ഏപ്രിൽ 12 ന് വിവാഹം കെങ്കേമമായി നടത്താനായിരുന്നു തീരുമാനം. മഹാവ്യാധിയുടെ വ്യാപനം രാജ്യത്തെ ലോക് ഡൗണിലേക്ക് നയിച്ചതോടെ എല്ലാ പ്രതീക്ഷകളും മങ്ങുകയായിരുന്നു. എന്നാൽ കല്യാണദിവസം രാവിലെ ബൈക്കിൽ നേരെ വധൂഗൃഹത്തിലെത്തിയ വരന് വധുവിൻ്റെ പിതാവ് തൻ്റെ മകളെ കൈ പിടിച്ചു നൽകി. തുടർന്ന് വധൂഗൃഹത്തിനോടനുബന്ധിച്ചുള്ള ഷെഡിൽ വെച്ച് ദീപ്തിയുടെ കഴുത്തിൽ താലി ചാർത്തിയ സുദീപ്, തൻ്റെ ഭാര്യയുമായി ബൈക്കിൽ സ്വന്തം വീട്ടിലേക്ക് തിരിച്ചു. വേങ്ങര എച്ച്ഡി എഫ് സി ബാങ്ക് ജീവനക്കാരനായ വി. കെ. സുദീപ് മഞ്ചേരി ചെട്ടിയങ്ങാടിയിലെ വാസു - നളിനി ദമ്പതികളുടെ മകനാണ്. പാണ്ടിക്കാട് മേലാറ്റൂർ സ്വദേശി ദാസൻ - പുഷ്പ ദമ്പതികളുടെ മകളായ പി.പി. ദീപ്തി പെരിന്തൽമണ്ണ സ്വകാര്യ ആശുപത്രി നഴ്സാണ്. രാജ്യം ഏറെ നിർണ്ണായക ഘട്ടത്തിലൂടെ കടന്നു പോകുന്ന ഈ സാഹചര്യത്തിൽ ഒരു ദിവസത്തെ മാത്രം അവധിയെടുത്താണ് ദീപ്തി വിവാഹത്തിനെത്തിയത്. ചുരുങ്ങിയത് ആയിരം പേരെങ്കിലും പങ്കെടുക്കേണ്ടിയിരുന്ന വിവാഹം ലളിതമാക്കിയതിലൂടെ ബാക്കി വന്ന പണം പാവപ്പെട്ടവർക്ക് ഭക്ഷണ കിറ്റ് നൽകാനായി ഉപയോഗിക്കുമെന്ന് സുദീപ് പറഞ്ഞു.

ലോക്ക്ഡൗണിൽ മൊബൈൽ ഷോപ്പുകൾക്ക് ഞായറാഴ്ച തുറന്നു പ്രവർത്തിക്കാമെന്നിരിക്കെ ഇന്നലെ പൊറ്റമ്മലിലെ മൊബൈൽ ഷോപ്പിൽ അനുഭവപ്പെട്ട തിരക്ക്.

ജീനിയസ് ബാറ്റിൽ ക്വിസ് കോമ്പോ സംഘടിപ്പിച്ചു

തേഞ്ഞിപ്പലം: എം.എസ്.എഫ് മൂന്നിയൂർ പഞ്ചായത്ത് കമ്മിറ്റി ജീനിയസ് ബാറ്റിൽ ക്വിസ് കോമ്പോ സംഘടിപ്പിച്ചു. അഞ്ച് ദിവസം ഓൺ ലൈനായി നടന്ന ക്വിസ് മത്സരത്തിൽ പഞ്ചായത്തിലുള്ള വിവിധ പ്രതിനിധികൾ പങ്കെടുത്തു. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് വിജയികളെ പ്രഖ്യാപിച്ചു. കെ.നവാസ് വിന്നറും അബ്ദുള്ള അർഷദ് റണ്ണറും സി.പി അജ്മൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. റിഷാദ് ചിനക്കൽ ക്വിസ് മാസ്റ്ററായി. നിയോജക മണ്ഡലം എം.എസ്.എഫ് പ്രസിഡന്റ് നസീഫ് ഷെർഷ്, പഞ്ചായത്ത് എം.എസ്.എഫ് ഭാരവാഹികളായ പി.പി സഫീർ പടിക്കൽ, ഫർസിൻ അഹമ്മദ്, ടി.നിയാസ് എന്നിവർ നേതൃത്വം നൽകി.

പ്രവാസികളെ ഉടൻ നാട്ടിലെത്തിക്കണം : യൂത്ത് ലീഗ്

തിരൂരങ്ങാടി: കൊവിഡ് വ്യാപനത്തെത്തുടർന്ന് പ്രവാസികളായ മലയാളികളെ നാട്ടിലെത്തിക്കാൻ അടിയന്തിരമായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഇടപെടണമെന്ന് തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത് ലീഗ് ഓൺലൈൻ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. കൊവിഡ് ബാധിച്ച് മലയാളികൾ വിദേശത്ത് മരണപ്പെട്ട വാർത്തകളുടെ പശ്ചാത്തലത്തിൽ അവർക്ക് വേണ്ടി ശക്തമായ ഇടപെടലുകൾ അനിവാര്യമാണെന്ന് യൂത്ത് ലീഗ് ഓർമിപ്പിച്ചു. കേരളത്തിന്റെ വികസനത്തിനും സാമ്പത്തികവും സാമൂഹ്യകവുമായ മുന്നേറ്റങ്ങൾക്ക് ഏറ്റവും വലിയ പങ്ക് വഹിച്ചവരാണ് പ്രവാസികൾ. ഈ സഹചാര്യത്തിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ പാക്കേജുകൾ കേന്ദ്ര സംസ്ഥാന സർക്കാറുകൾ പ്രഖ്യാപിക്കണമെന്ന് ഇവരെ നാട്ടിലെത്തിക്കാൻ അടിയന്തിരമായി ചാർട്ടേഡ് ഫ്ലൈറ്റുകൾ സജ്ജീകരിക്കണമെന്നും യൂത്ത് ലീഗ് യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് പി.അലി അക്ബർ അധ്യക്ഷത വഹിച്ചു.

പ്രവാസികളെ ക്വാറന്റൈൻ ചെയ്യാൻ സൗകര്യമൊരുക്കും - മുസ്ലിം ലീഗ്

തേഞ്ഞിപ്പലം : നാട്ടിലേക്ക് വരാനാഗ്രഹിക്കുന്ന വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പ്രവാസികളെ ക്വാറന്റൈൻ ചെയ്യാനുള്ള സൗകര്യം വള്ളിക്കുന്ന് മണ്ഡലത്തിൽ തന്നെ ഒരുക്കുമെന്ന് മുസ്‌ലിം ലീഗ്.ഇത് സംബന്ധിച്ച വിവരം ഗ്ലോബൽ കെഎംസിസിയെ പ്രവാസി ലീഗ് മണ്ഡലം കമ്മറ്റി ഭാരവാഹികൾ അറിയിച്ചു. വിദേശ രാജ്യങ്ങളിലെ വിവിധ സ്ഥലങ്ങളിൽ മണ്ഡലത്തിലുള്ള ആയിരക്കണക്കിന് പ്രവാസികൾ നാട്ടിലേക്ക് വരാനാവാതെയാണ് വിദേശത്ത് കുടുങ്ങിക്കിടക്കുന്നതെന്നാണ് പ്രവാസി ലീഗ് മണ്ഡലം കമ്മറ്റി നടത്തിയ വിവരശേഖരണത്തിൽ നിന്ന് വ്യക്തമായത്. ഇക്കാര്യം മണ്ഡലം മുസ്ലിം ലീഗ് കമ്മറ്റിയുമായി ചർച്ച ചെയ്താണ് ക്വാറന്റൈൻ സൗകര്യം ഒരുക്കുന്നതിനുള്ള തീരുമാനമെടുത്തത്. പി.കെ കുഞ്ഞാലിക്കുട്ടി എം.പി, അബ്ദുൽ ഹമീദ് എം എൽ എ എന്നിവരുടെ നിർദ്ദേശമനുസരിച്ചായിരിക്കും പ്രവാസികൾക്കുള്ള സഹായം നടപ്പിലാക്കുക. മണ്ഡലത്തിലെ കോളെജുകൾ, അറബിക് കോളെജുകൾ, സ്കൂൾ, മദ്രസകൾ തുടങ്ങി സ്ഥാപനങ്ങളിൽ സൗകര്യമൊരുക്കുന്നതിനുള്ള നടപടികളാണ് കൈകൊള്ളുക. മണ്ഡലത്തിലുള്ള പ്രവാസികളെ മണ്ഡലത്തിൽ തന്നെ സൗകര്യമൊരുക്കുന്നതിനാണ് ഇത്തരമൊരു തീരുമാനമെടുത്തതെന്ന് ഭാരവാഹികൾ പറഞ്ഞു.

വിദേശത്തു നിന്ന് എത്തുന്നവർക്ക് സുരക്ഷാ പദ്ധതികൾ തയ്യാറാക്കും- പ്രവാസി ലീഗ്

തേഞ്ഞിപ്പലം: കടൽകടന്നെത്തുന്നവ ർക്ക് സുരക്ഷാ പദ്ധതികൾ തയ്യാക്കുന്നുപ്രവാസി ലീഗ്.കടലോളം പ്രതീക്ഷകളുമായി വിദേശത്ത് ജോലിക്ക് പോയി കോവിഡ് മഹാമാരിയുടെ രോഗവ്യാപനത്തിന്റെ സുരക്ഷാ ബന്ധനത്തിൽ കുടുങ്ങി നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് സുരക്ഷാ പദ്ധതിയൊരുക്കുമെന്ന് വള്ളിക്കുന്ന് മണ്ഡലം പ്രവാസി ലീഗ് കമ്മറ്റി വ്യക്തമാക്കി. കോവിഡ് കാലത്ത് സ്വന്തം നാട്ടിൽ കഴിയാനുള്ള മണ്ഡലത്തിലെ പ്രവാസികളുടെ ആഗ്രഹങ്ങൾക്ക് കൈത്താങ്ങാവുകയാണ് പ്രവാസിലീഗ്കമ്മറ്റി. വിദേശത്ത് നിന്ന് തിരിച്ചെത്തുന്നവരുടെ ആരോഗ്യ സുരക്ഷയടക്കമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനുള്ള പദ്ധതികൾക്കാണ് രൂപം നൽകിയതെന്ന് ഭാരവാഹികളായ പി. എംബാവ ,കെ .പി മൊയ്തീൻ കുട്ടി എന്ന ബാബു, കെ.ടി നൗഫൽ, മുസ്തഫ തേഞ്ഞിപ്പലം, ബഷീർ പള്ളിക്കൽ എന്നിവർ പറഞ്ഞു.മണ്ഡലത്തിലുള്ള പ്രവാസികളെ സ്വന്തം മണ്ഡലത്തിൽ തന്നെ ക്വാറന്റൈൻ സൗകര്യമൊരു ക്കുന്നതിന് സ്ഥാപനങ്ങൾ കണ്ടെത്താനുള്ള നടപടികൾ തുടങ്ങി.

അതിഥി തൊഴിലാളികളെ പാർപ്പിച്ച മാനാഞ്ചിറ ബി ഇ എം സ്കൂൾ അണുവിമുക്തമാക്കുന്ന ഫയർ ഫോഴ്സ് ഉദ്യോഗസ്ഥൻ

സ്ഥാപനങ്ങൾ വിട്ടു നൽകി

തിരൂരങ്ങാടി: കോവിഡ്-19 ന്റെ ഭാഗമായി പ്രയാസത്തിലായ പ്രവാസികളെ നാട്ടിലെത്തിച്ച് അവരെ ക്വാറന്റൈനിൽ താമസിപ്പിക്കുന്നതിന് കുണ്ടൂർ മർക്കസിന് കീഴിലെ എല്ലാ സ്ഥാപനങ്ങളും സർക്കാറിന് വിട്ടു നൽകി. കുണ്ടൂർ മർക്കസിന് കീഴിയിലെ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ആർട്സ് ആൻഡ് സയൻസ് കോളെജ്, പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ഹിഫ്ളു കോളെജ്, പാണക്കാട് സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ ഇസ്ലാമിക് ആർട്സ് ആന്റ് സയൻസ് കോളെജ്, അഹമ്മദ് മുസ്ലിയാർ മെമ്മൊറിയൽ യത്തീംഖാന, ഇസ്ലാമിക് വനിതാ കോളെജ്, എൽ.കെ.ജി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂൾ, 500-ലതികം വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ, കുണ്ടൂർ മർക്കസ് മസ്ജിദ് ഉൾപ്പെടെ ആയിരങ്ങൾക്ക് ഒരേ സമയം താമസിക്കാവുന്ന എല്ലാ സൗകര്യങ്ങളുമാണ് കുണ്ടൂർ മർക്കസ് കമ്മിറ്റി സർക്കാറിലേക്ക് വിട്ട് നൽകിയത്. ഇത് സംബന്ധിച്ച കത്ത് പഞ്ചായത്ത് പ്രസിഡന്റ് പനയത്തിൽ മുസ്തഫക്ക് മർക്കസ് സെക്രട്ടറി എൻ.പി ആലി ഹാജി കൈമാറി. മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റും സ്ഥാപനത്തിന്റെ പ്രസിഡന്റ് കൂടിയായ പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങളുടെ ആഹ്വാന പ്രകാരമാണ് കുണ്ടൂർ മർക്കസിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും വിട്ട് നൽകുന്നതെന്ന് മർക്കസ് ഭാരവാഹികൾ അറിയിച്ചു. ഇത് സംബന്ധിച്ച് വൈസ് പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങളുടെ നിർദേശ പ്രകാരമാണ് കെട്ടിടങ്ങൾ വിട്ട് നൽകിയത്. സമ്മതപത്രം കൈമാറ്റ ചടങ്ങിൽ കെ കുഞ്ഞിമരക്കാർ, എം.സി കുഞ്ഞുട്ടി, കെ റഹീം മാസ്റ്റർ, ഷമീർ പൊറ്റാണിക്കൽ, പഞ്ചായത്ത് അസി. സെക്രട്ടറി ജോളി ജോൺ, തൈരേങ്ങൽ ബീരാൻ എന്നിവരും സംബന്ധിച്ചു.

അവധി ദിനങ്ങളെ കുപ്പിയിലാക്കി പ്രവാസി യുവാവ്

കോഴിക്കോട്: വാകയാട് സ്വദേശി ജിബീഷ് മനോഹരമായ കഥകൾ എഴുതിയാണ് ഈ കൊറോണ കാലത്തെ നേരിടുന്നത്. പക്ഷേ ജിബീഷിന് കഥകൾ എഴുതാൻ പേനയും പേപ്പറും വേണ്ട. മറിച്ച് ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന കുപ്പികളും പെയിന്റും ഉപയോഗിച്ചാണ് ജിബീഷിന്റെ കഥയെഴുത്ത്. പുതിയ കാലത്ത് ട്രെൻഡ് ആയി മാറിയിരിക്കുന്ന കുപ്പിവരയുടെ തിരക്കിലാണ് പ്രവാസി കൂടിയായ ജിബീഷ്. സൗദി അറേബ്യയിൽ ജോലി ചെയ്യുകയായിരുന്ന ഇദ്ദേഹം മാസങ്ങൾക്ക് മുൻപാണ് നാട്ടിലെത്തിയത്. മെയ് 25ന് അവധി തീരുമെങ്കിലും തിരിച്ചു പോകാൻ ആവുമോ എന്ന് അറിയില്ല. എങ്കിലും കൊറോണ കാലത്തെ വിരസത മാറ്റാൻ ജിബീഷ് ആശ്രയിച്ചത് കുപ്പികളെയും പെയിന്റിനെയുമാണ്.കുപ്പിയിൽ നിർമ്മിച്ച വയലിൻ, കുപ്പിക്കുള്ളിലെ കപ്പൽ, തെയ്യം, ദൈവങ്ങളുടെ ചിത്രങ്ങൾ തുടങ്ങിയവയെല്ലാം ജിബിഷിന്റെ കരവിരുതിൽ വിരിഞ്ഞ ചിലത് മാത്രമാണ്. വാകയാട് രാമൻ പുഴയോരത്ത് ആളുകൾ വലിച്ചെറിയുന്ന കുപ്പികൾ ആണ് ജിബീഷ് വരക്കാനായി തെരഞ്ഞെടുക്കുന്നത്. അക്രിലിക് പെയിന്റ് ഉപയോഗിച്ചുള്ള ചിത്രം വര ആളുകൾ ശ്രദ്ധിച്ചു തുടങ്ങി എന്ന് ജിബീഷ് പറയുന്നു. ഇപ്പോൾ ആവശ്യക്കാർ നിരവധിയാണ്.അവധി ദിവസങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക മാത്രമായിരുന്നു ലക്ഷ്യം. ഇന്ന് അതൊരു ബിസിനസ് എന്ന രീതിയിലേക്ക് മാറി. കുപ്പി വരക്കു പുറമേ മ്യൂറൽ പെയിന്റിംഗിലും കേമനാണ് ജിബീഷ്. ചെറുപ്പം മുതൽ ചിത്രം വരയിൽ താല്പര്യം ഉണ്ടായിരുന്നെങ്കിലും അപ്രതീക്ഷിതമായി ലഭിച്ച അവധി ദിനങ്ങളിൽ ആണ് ജിബീഷ് തന്റെ കഴിവുകൾ പുറത്തെടുത്തത്. സാമൂഹ്യ മാധ്യമങ്ങൾ വഴി തന്റെ കുപ്പിവരകൾ ജിബീഷ് മറ്റുള്ളവർക്ക് ഇടയിലേക്ക് എത്തിക്കുന്നു.അച്ഛനും അമ്മയും അനിയനും അടങ്ങുന്ന കുടുംബമാണ് ജിബീഷിന്റേത്. ആവശ്യക്കാർ വരികയാണെങ്കിൽ കുപ്പി വരയിലേക്ക് കൂടുതൽ ശ്രദ്ധ നൽകാനാണ് ജിബീഷിന്റെ ശ്രമം.

സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ തിരക്കിലാണ്

തലശേരി : തിരുവങ്ങാട് ഗവ. ഹയർസെക്കഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ വളരെ തിരക്കിലാണ്. ലോക്ക് ഡൗൺ കാലത്ത് പുറത്ത് ഇറങ്ങാനാവാത്തതിനാൽ ഓൺലൈനായി കാര്യങ്ങൾ മനസിലാക്കി ചെയ്യുകയാണിവർ. എസ്പിസിയുടെ ജില്ലാ കേന്ദ്രത്തിൽ നിന്നും അധ്യാപകരിൽ നിന്നുള്ള നിർദേശങ്ങളും, അതേ പോലെ സ്വന്തം ആശങ്ങളും ഉപയോഗിച്ചാണ് ഇവർ കർമ്മ നിരതരാവുന്നത്. ചിത്രരചന, കരകൗശല വസ്തുക്കളുടെ നിർമാണം, പുസ്തക പാരായണം, ഭാഷാ പരിചയപ്പെടൽ, വ്യത്യസ്ത ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കൽ, വാന നിരീക്ഷണം, പ്രകൃതിയിലെ അപൂർവ ദൃശ്യങ്ങൾ പകർത്തൽ ഇങ്ങനെ തുടർന്ന് പോകുന്നു ഇവരുടെ പ്രവർത്തന മേഖല. ഓരോ ദിവസവും നിർദേശിച്ച ചുമതലകൾ പൂർത്തിയാക്കുന്ന മുറക്ക് ഓൺലൈനായി അയച്ച് അതിന്റെ വ്യക്തത ഉറപ്പാക്കണം. തലശേരിയിലെ വൃദ്ധ സദനങ്ങൾ സന്ദർശിക്കുകയും അവർക്കാശ്യമായ സഹായ സഹകരണങ്ങൾ ഇതിനകം തന്നെ നൽകുകയും ചെയ്തിയിരുന്നു.

അന്യസംസ്ഥാനത്തുള്ള മലയാളികളെ നാട്ടിലെത്തിക്കണം

തേഞ്ഞിപ്പലം: അന്യസംസ്ഥാനത്തുള്ള മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടി യെടുക്കണം - എം എൽ എ '- പി അബ്ദുൾ ഹമീദ് മാസ്റ്റർ. നാട്ടിലെത്തിയാൽ ക്വാറന്റയിനിൽ കഴിയാനുള്ള സൗകര്യം വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും സജ്ജമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന് കത്ത് നൽകിയതിനെ തുടർന്ന് ഡിജിപിക്കും പ്രിൻസിപ്പൽ സെക്രട്ടറി നോർക്ക സി.ഒ.ഇ ക്കും നടപടികൾക്കായുള്ള നിർദേശം നൽകിയതായി മുഖ്യമന്ത്രി അറിയിച്ചതായും എം എൽ എ വ്യക്തമാക്കി. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ താമസക്കാരായ 2000 ത്തിലധികം ആളുകൾ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര,ഡൽഹി, മറ്റു വിവിധ സംസ്ഥാനങ്ങളിൽ കുടുങ്ങി കിടക്കുകയാണെന്ന് കത്തിൽ മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് ഇതു സംബന്ധിച്ച് നേരത്തെ തന്നെ എംഎൽഎ മുഖ്യമന്ത്രിയെ അറിയിച്ചിരുന്നു. ഇനിയും അവിടെങ്ങളിൽ തുടരുക യെന്നെങ്കിൽ അവരുടെ ജീവനുതന്നെ ഭീഷണി യാണെന്നും മുഖ്യമന്ത്രിയെ ധരിപ്പിച്ചതായും എംഎൽഎ അറിയിച്ചു

സൗജന്യ റേഷനും കിറ്റും ലഭിക്കാത്ത വാടകക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കണം

തേഞ്ഞിപ്പലം: സൗജന്യ റേഷനും സൗജന്യ കിറ്റും ലഭിക്കാതെ വാടകക്ക് താമസിക്കുന്ന കുടുംബങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കണമെന്ന് വള്ളിക്കുന്ന് എംഎൽഎ പി. അബ്ദുൾ ഹമീദ് മാസ്റ്റർ ആവശ്യപ്പെട്ടു.നാട്ടിലും മറ്റും താമസിക്കുന്ന കൂലിപ്പണിക്കാവരും സ്വന്തമായ വീടോ സ്ഥലമോ ഇല്ലാത്തവരായ നിർധന കുടുംബങ്ങളും വാടക മുറികളിലും മറ്റും താമസിക്കുന്നവരുണ്ട്. കൂടാതെ സ്വന്തമായി വീട് വച്ചിട്ടു ണ്ടെങ്കിലും സ്വന്തമായി റേഷൻ കാർഡില്ലായവരും നമ്മുടെ നാട്ടിലുണ്ട്. അവരുടെ ജീവിതം വളരെ കഷ്ടപാടിലാണ്. ഇത്തരക്കാർക്ക് പലർക്കും സർക്കാർ പ്രഖ്യാപിച്ച സൗജന്യ റേഷൻ ലഭിക്കുന്നില്ല. സൗജന്യ കിറ്റും നിലവിൽ ലഭിക്കുന്നില്ല. സൗജന്യ റേഷനും സൗജന്യ കിറ്റും കിട്ടാതെ ഇത്തരത്തിലുള്ള നിരവധി കുടുംബങ്ങളാണ് പ്രയാപ്പെടുന്നത്. കൂട്ടു കുടുംബറേഷൻ കാർഡിൽ ഒരു കുടുംബാഗത്തിന്റെ പേർ ഉള്ളവരുണ്ടെങ്കിലും അവർ മറ്റൊരു വീടെടുത്ത് താമസം മാറിയിട്ടുണ്ടായിരിക്കും. എന്നാൽ അത്തരക്കാർക്ക് സൗജന്യ കിറ്റും ലഭിക്കുന്നില്ല. അതു സംബന്ധിച്ച നിരവധി പരാതികൾ ലഭിച്ചതായ് എംഎൽഎ വ്യക്തമാക്കി. വാടകമുറികളിലും മറ്റും താമസിക്കുന്ന സ്വന്തമായി വീടില്ലാത്തവർക്കുംവാടക വീട്ടിൽ താമസിക്കുന്നവർക്കും സ്വന്തമായി റേഷൻ കാർഡില്ലാത്തവർക്കും സൗജന്യ റേഷനും പലവ്യഞ്ജന കിറ്റും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് പി.അബ്ദുൽ ഹമീദ് എംഎൽഎ മുഖ്യമന്ത്രി പിണറായി വിജയനും ഭക്ഷ്യവകുപ്പ് മന്ത്രി പി.തിലോത്തമനും കത്ത് നൽകി

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 102 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com



എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്ന ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമികത്വം വഹിച്ച സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉത്ഥിതനായ ക്രിസ്തുവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിക്കുന്നു.

ഭയക്കരുത്, ഭയം ജനിപ്പിക്കരുത്: മാർപാപ്പ

വത്തിക്കാൻ സിറ്റി: ഭയന്നിരിക്കാനുള്ള സമയമല്ലെന്നും വിശ്വാസത്തിലൂന്നി പ്രവർത്തിക്കാനുള്ള സമയമാണെന്നും ഫ്രാൻസിസ് മാർപാപ്പ. ഈസ്റ്റർ ചടങ്ങുകൾക്കു മുന്നോടിയായി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ നടന്ന ശുശ്രൂഷകൾക്കിടയിലാണ് അദ്ദേഹം ഈ സന്ദേശം നൽകിയത്. വേദപുസ്തകത്തിലെ ക്രിസ്തുശിഷ്യന്മാരുടെ വചനങ്ങൾ ഉദ്ധരിച്ചായിരുന്നു മാർപാപ്പയുടെ സന്ദേശം.

"ഭയപ്പെടരുത്. ഞാൻ നിന്നോടു കൂടെയുണ്ട്"എന്നാണു യേശുനാഥൻ അരുളിച്ചെയ്തത്. കൊവിഡ് 19 പ്രതിസന്ധിയിൽ ലോകം അപ്പാടെ വീർപ്പുമുട്ടുമ്പോൾ ഈ ദൈവവചനമാണ് നമുക്ക് ബലം തരുന്നത്. ആരും ഭയപ്പെടരുത്. ഭയം ജനിപ്പിക്കുകയുമരുത്. നമ്മളെല്ലാം സഹോദരീ സഹോദരന്മാരാണ്. നമ്മൾ ഒരുമിച്ചു ജീവിതത്തിന്റെ സംഗീതം മടക്കിക്കൊണ്ടുവരും. ഇതു പ്രത്യാശയുടെ സന്ദേശമാണ്- ഫ്രാൻസിസ് മാർപാപ്പ ഓർമിപ്പിച്ചു.

ആയുധങ്ങൾ അനാവശ്യമാണ്. അതു കുറയ്ക്കണം. മരണത്തിന്റെ വിലാപങ്ങളെ നമുക്ക് നിശബ്ദമാക്കാം. ഇനിയൊരു യുദ്ധം വേണ്ട. ആയുധങ്ങളുടെ നിർമാണവും വിതരണവും വില്പനയും അവസാനിപ്പിക്കണം. നമുക്ക് വേണ്ടത് അപ്പമാണ്, തോക്കല്ല- വിവിധ രാജ്യങ്ങളുടെ യുദ്ധക്കൊതിയെ പരാമർശിച്ച് മാർപാപ്പ ഓർമിപ്പിച്ചു.

വിശുദ്ധവാരാചരണച്ചടങ്ങുകളുടെ സമാപനം കുറിച്ചുകൊണ്ടുള്ള ചടങ്ങിലാണ് മാർപാപ്പ പതിവു സന്ദേശം നൽകിയത്. എന്നാൽ അദ്ദേഹത്തെ കേൾക്കാൻ സെന്റ് പീറ്റേഴ്സ് ദേവാലയത്തിലോ ചത്വരത്തിലോ ആരുമുണ്ടായിരുന്നില്ല. പകരം തരുക്കർമങ്ങൾ വത്തിക്കാൻ ടെലിവിഷനിലൂടെയും ചില ഓൺലൈൻ മീഡിയകളിലൂടെയും ലോകത്തെമ്പാടുമുള്ള കത്തോലിക്കർ വീക്ഷിച്ചു. വിശുദ്ധവാരാചാരണത്തിന്റെ ഭാഗമായ കുരിശിന്റെ വഴി, ഓശാന ഞായർ, കാൽകഴുകൽ ശുശ്രൂഷ, വിശ്വാസികൾ പങ്കെടുത്ത വിശുദ്ധകുർബാന, ദിവ്യബലി തുടങ്ങിയ ചടങ്ങുകളെല്ലാം ഒഴിവാക്കി. ദേവാലയത്തിനുള്ളിൽ നടന്ന ചടങ്ങുകളിൽ ഏതാനും വൈദികരും സഹായികളും മാത്രമാണു പങ്കെടുത്തത്. ഈസ്റ്റർ ദിനമായ ഇന്നലെ പുലർച്ചെ അഞ്ചു മണിക്കു മാർപാപ്പ നടത്തിയ വിശുദ്ധ കുർബാന ലോകത്തെമ്പാടുമായി കോടിക്കണക്കിനു വിശ്വാസികൾ വിവിധ ചാനലുകളിലൂടെ വീക്ഷിച്ചു. വത്തിക്കാനിലും ഇറ്റലിയിലുമുള്ള മറ്റു ദേവാലയങ്ങളിലും ഈസ്റ്റർ ചടങ്ങുകളെല്ലാം നാമമാത്രമായിരുന്നു. ദേവാലയങ്ങളിൽ വിശ്വാസികളെ പ്രവേശിപ്പിച്ചില്ല. 2000 വർഷത്തെ ചരിത്രത്തിൽ ഇതാദ്യം.

വിശ്വാസികളില്ലാതെ പള്ളികളിൽ ഈസ്റ്റർ ദിനാചരണം

തിരുവനന്തപുരം: യേശുവിന്റെ ഉയിർപ്പിനെ അനുസ്മരിച്ച് ഈസ്റ്റർ ദിനാചരണം. കൊവിഡ് 19ന്റെ ഭാഗമായുള്ള ലോക് ഡൗൺ പശ്ചാത്തലത്തിൽ പള്ളികളിൽ പോകാതെയായിരുന്നു വിശ്വാസികളുടെ പ്രാർഥനയും ആഘോഷവും. ലോക് ഡൗൺ നിയന്ത്രണങ്ങൾ ഉള്ളതിനാൽ വിശ്വാസികളെ പങ്കെടുപ്പിക്കാതെയാണ് ദേവാലയങ്ങളിൽ തിരുകർമങ്ങൾ നടന്നത്.

ഒട്ടുമിക്ക പള്ളികളിലും മെത്രാന്മാരുടെയും വികാരിമാരുടെയും നേതത്വത്തിൽ ഒന്നോ രണ്ടോ പേരുടെ സാന്നിധ്യത്തിൽ മാത്രം ഈസ്റ്റർ ചടങ്ങുകൾ മാത്രം നടന്നു. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ ജാഗരണ ദിവ്യബലി വിശ്വാസികളുടെ പങ്കാളിത്തമില്ലാതെ നടന്നു. തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത ഡോ. എം. സൂസപാക്യം മുഖ്യകാർമികത്വം വഹിച്ചു. മോൺ. ഡോ. ടി. നിക്കോളസ്, ഫാ. ഡാനിയേൽ, ഫാ. ഷൈനീസ് ബോസ്കോ എന്നിവർ സഹകാർമികരായി. തിരുവനന്തപുരം പട്ടം മേജർ ആർച്ച് ബിഷപ്സ് ഹൗസ് ചാപ്പലിൽ നടന്ന ഉയിർപ്പ് തിരുന്നാൾ ശുശ്രൂഷകൾക്ക് കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. ശനിയാഴ്ച അർധരാത്രി മുതൽ വീടുകളിൽ പ്രത്യേക പ്രാർഥനകൾ നടന്നു.

കാസർഗോട്ട് അതിർത്തി കടക്കാം, പക്ഷേ ചികിത്സ ഉറപ്പില്ല

സ്വന്തം ലേഖകൻ

കാസർഗോഡ്: മെഡിക്കൽ സർട്ടിഫിക്കറ്റ് കാട്ടിയാൽ ഇപ്പോൾ കാസർഗോഡിന്റെ അതിർത്തി കടക്കാമെങ്കിലും കർണാടകത്തിൽ ചികിത്സ ലഭിക്കുമെന്ന് ഒരുറപ്പുമില്ല. സുപ്രീം കോടതി വിധിക്കു പിന്നാലെയും മംഗലാപുരത്തു മലയാളികൾക്ക് ചികിത്സ നിഷേധിക്കുന്നതായി വ്യാപകമായി പരാതിയുയർന്നു.

കടുത്ത നിബന്ധനകളോടെ ഇരു സംസ്ഥാനങ്ങളിലെയും മെഡിക്കൽ സംഘം പരിശോധിച്ച ശേഷം കടത്തിവിടുന്ന രോഗികൾക്കാണ് ചികിത്സ നിഷേധിക്കുന്നത്. ഇതോടെ നിരവധി രോഗികളാണ് ചികിത്സ ലഭിക്കാതെ തിരികെ നാട്ടിലേക്ക് മടങ്ങുന്നത്. വളരെ പ്രയാസപ്പെട്ട് അവിടെ എത്തുമ്പോൾ ചികിത്സ നിഷേധിച്ച് മടക്കിയയക്കുന്നത് പതിവുസംഭവം ആയിരിക്കുകയാണ്.

രോഗികൾക്കി അതിർത്തി അടയ്ക്കരുതെന്ന സുപ്രീം കോടതി വിധിക്കു പിന്നാലെ അടിയന്തര ചികിത്സ ആവശ്യമുള്ളവരെ ഇരുസംസ്ഥാനങ്ങളും ചേർന്നു പ്രത്യേകം തയാറാക്കിയ മാർഗരേഖ അനുസരിച്ച് വിദഗ്ധ മെഡിക്കൽ സംഘം പരിശോധിച്ച ശേഷം തലപ്പാടി വഴി കടത്തിവിട്ടിരുന്നു. എന്നാൽ ആശുപത്രി അധികൃതർ ചികിത്സ നിഷേധിച്ചതായി ആരോപിച്ച് കഴിഞ്ഞ ദിവസം മൂന്ന് രോഗികൾക്കാണ് മടങ്ങേണ്ടി വന്നത്.

വ്യക്തിപരമായി അവഹേളിക്കുന്നത് സിപിഎം സൈബർ ഗൂണ്ടകൾ: ചെന്നിത്തല

തിരുവനന്തപുരം: സിപിഎം തന്നെ വ്യക്തിപരമായി അവഹേളിക്കാൻ ആളെ ഏർപ്പാടാക്കിയിട്ടുണ്ടെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

സിപിഎം സൈബർ ഗൂണ്ടാ ടീമിനെ ഏർപ്പാടാക്കിയിരിക്കുകയാണെന്നാണ് ചെന്നിത്തലയുടെ വിമർശനം. ഇത് സംഘടിതമായ ശ്രമമാണ്. ഈ പ്രവണത ശരിയല്ല. നരേന്ദ്ര മോദിയെ വിമർശിച്ചാൽ രാജ്യദ്രോഹം. പിണറായി വിജയനെ വിമർശിച്ചാൽ കേരളത്തോടുള്ള അവഹേളനം എന്ന നിലപാട് ജനാധിപത്യ വിരുദ്ധമാണെന്നും ചെന്നിത്തല പ്രതികരിച്ചു. സിപിഎം വളരെ സംഘടിതമായി നടത്തുന്ന ഒരു പ്രവർത്തനമാണിത്. ആളുകളെ മോശക്കാരാക്കുക, വഷളാക്കുക, വ്യക്തിപരമായി അധിക്ഷേപിക്കുക തുടങ്ങിയവയ്ക്കായി ഒരു സൈബർ ഗുണ്ടാസംഘത്തെ തയ്യാറാക്കിവച്ചിട്ടുണ്ട്. തന്റെ പത്രസമ്മേളനം ആരംഭിക്കുമ്പോൾ തന്നെ ഇവർ സമൂഹ്യമാധ്യമങ്ങളിൽ ആക്രമണം തുടങ്ങും.

കുറവുകൾ ചൂണ്ടിക്കാട്ടുന്നത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്തമാണ്. കെ. സുരേന്ദ്രന്റെ വിമർശനം മറുപടി അർഹിക്കുന്നില്ലെന്നും ചെന്നിത്തല പ്രതികരിച്ചു.

ഇതരസംസ്ഥാനക്കാരുടെ വിവരശേഖരണം സഹായമെത്തിക്കൽ എളുപ്പമാക്കാൻ

തിരുവനന്തപുരം: സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ വിവരശേഖരണം നടത്തുന്നത് അവർക്കാവശ്യമായ ഭക്ഷണവും താമസസൗകര്യവും ലഭ്യമാക്കാനും കൂടി ലക്ഷ്യം വച്ചാണെന്നു സംസ്ഥാന തൊഴിൽ വകുപ്പ്. "സാമൂഹിക അകലം പാലിക്കാതെ തൊഴിൽ വകുപ്പിൽ സർവെയോട് സർവെ" എന്ന വാർത്ത പ്രചരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ലേബർ കമ്മിഷണർ പ്രണബ് ജ്യോതിനാഥ് ഈ വിശദീകരണം നൽകിയത്.

കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരമാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സർവെ നടത്തിയത്. കൊവിഡിന്റെ സാഹചര്യത്തിൽ തൊഴിൽ വകുപ്പ് കേരളത്തിലുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിരുന്നു. അതത് ജില്ലാ ഭരണ സംവിധാനങ്ങളുടെ സഹകരണത്തോടെയാണ് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഡേറ്റാ സമാഹരിച്ചത്. അവർക്കു സഹായമെത്തിക്കൽ എളുപ്പമാക്കുക എന്നതായിരുന്നു അതിന്റെ ഒരു ഉദ്ദേശ്യം.

സാനിറ്റൈസർ, മാസ്ക് ഉൾപ്പെടെയുള്ള സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചാണ് ലേബർ ഉദ്യോഗസ്ഥർ ഈ ജോലി നോക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കും സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. എന്നിട്ടും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സാമൂഹിക അകലം പാലിക്കുന്നില്ലെന്നും ജീവനക്കാർക്ക് അമിത ജോലി നൽകുന്നുവെന്നുമുള്ള വാർത്ത സത്യവിരുദ്ധമാണ്. വ്യാജ വാർത്ത പ്രചരിപ്പിക്കുകയും സർക്കാരിനെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന നടപടികളിൽ നിന്നും എല്ലാവരും ഒഴിവാകണമെന്ന് ലേബർ കമ്മിഷണർ ആവശ്യപ്പെട്ടു.

പ്രത്യേക ട്രെയ്നുകളുണ്ടെന്ന വ്യാജ വാർത്തകൾ വിശ്വസിക്കരുത്

തിരുവനന്തപുരം: സ്വന്തം നാടുകളിലേക്ക് മടങ്ങാൻ തീവണ്ടി സർവ്വീസ് ആരംഭിക്കുന്നുവെന്ന വ്യാജ വാർത്തകൾ വിശ്വസിക്കരുതെന്ന് ഇതര സംസ്ഥാന തൊഴിലാളികളോട് ലേബർ കമ്മിഷണർ പ്രണബ് ജ്യോതിനാഥ്. ഇന്നു മുതൽ ട്രെയ്ൻ സർവ്വീസ് ആരംഭിക്കുന്നുവെന്നാണ് വാർത്ത പ്രചരിക്കുന്നത്. ഇതു വിശ്വസിച്ച് ലോക്ക് ഡൗൺ ലംഘിച്ച് പുറത്തിറങ്ങരുതെന്നും തട്ടിപ്പിനിരയാകരുതെന്നും കമ്മിഷണർ ചൂണ്ടിക്കാട്ടി.

കാസർഗോഡിന് ആശ്വാസം

ദീപു മറ്റപ്പള്ളി

കാസർഗോഡ്: ഈസ്റ്റർ ദിനത്തിൽ കൊവിഡ് രോഗബാധിതർ ഏറ്റവും അധികമുണ്ടായിരുന്ന കാസർഗോഡ് ജില്ലയ്ക്ക് ആശ്വാസദിനം. ഏറെ ദിവസങ്ങൾക്ക് ശേഷം ജില്ലയിൽ ഇന്നലെ ആർക്കും കൊവിഡ് റിപ്പോർട്ട് ചെയ്തിട്ടില്ല. ജില്ലയിൽ നിലവിൽ ചികിത്സയിലുള്ളത് 97 പേരാണ്. 10,374 പേരാണ് ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത്. 10,126 പേർ വീടുകളിലും 288 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. ഇന്നലെ ഒൻപത് പേരെയാണ് ആശുപത്രിയിൽ നിരീക്ഷണത്തിലാക്കിയത്. കാസർഗോഡ് ജില്ലയിൽ ഇന്നലെ 28 പേരാണ് കൊവിഡ് രോഗമുക്തരായത്. തുടർപരിശോധനാ ഫലങ്ങൾ നെഗറ്റീവായ 28 പേരെയാണ് കാസർഗോഡ്, കണ്ണൂർ ആശുപത്രികളിൽ നിന്ന് വിട്ടയച്ചത് ജനറൽ ആശുപത്രിയിൽ കഴിയുന്ന ഇവരെ ഡിസ്ചാർജ് ചെയ്യാൻ മെഡിക്കൽ ബോർഡ് അനുമതി നൽകി. ഇതോടെ ജില്ലയിൽ കൊവിഡ് മുക്തരായവരുടെ എണ്ണം 60 ആയി.

കൊവിഡ്: രോഗികൾ കുറവ്, പക്ഷേ ആശ്വസിക്കാനാവാതെ സർക്കാർ

തിരുവനന്തപുരം: ഉയിർപ്പു ഞായർ കൊവിഡിന്റെ കാര്യത്തിൽ കേരളത്തിന് ആശ്വാസമായിരുന്നു. കൊവിഡ് രൂക്ഷമായതിനുശേഷം രോഗം സ്ഥിരീകരിക്കുന്നത് രണ്ടുപേരിലേക്കു ചുരുങ്ങിയത് ഇതാദ്യമാണ്. കഴിഞ്ഞ നാലഞ്ചുദിവസമായി രോഗം സ്ഥിരീകരിക്കുന്നതിനെക്കാൾ കൂടുതലാണ് രോഗം ഭേദമാവുന്നവർ. പക്ഷെ, ഇതുവച്ച് ആശ്വസിക്കാറായിട്ടില്ലെന്ന് ആരോഗ്യ പ്രവർത്തകർ മാത്രമല്ല, മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും ഒരേസ്വരത്തിൽ പറയുന്നു.

ഇന്നലെ, ലോക് ഡൗൺ ഇളവ് നൽകിയിരുന്ന മൊബൈൽ കടകളിലേയ്ക്ക് ആളുകൾ കുതിച്ചെത്തുകയായിരുന്നു. ഈസ്റ്റർ പ്രമാണിച്ച് ഇറച്ചിക്കടകളിലനുഭവപ്പെട്ട വലിയ തിരക്ക് അമ്പരപ്പിക്കുന്നതുമായി. ഇന്ന് വിഷുവിനുള്ള പർച്ചേസിനും ജനങ്ങൾ കൂട്ടത്തോടെ ഇറങ്ങിയേക്കുമെന്നാണ് ആശങ്ക. ഇതോടെ ഇനിയുള്ള ലോക് ഡൗൺ ഇളവുകൾ കൂടുതൽ ആലോചനകൾക്കു ശേഷമേ ഉണ്ടാവൂ എന്നാണ് വിവരം.

പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം തുടങ്ങി തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ലോക് ഡൗൺ കർശനമായി തുടരണമെന്ന അഭിപ്രായം ചുമതലപ്പെട്ട മന്ത്രിമാർക്കുമുണ്ട്. തമിഴ്നാട്ടിൽ കൊവിഡ് കേസുകൾ വൻതോതിൽ പെരുകുന്ന സാഹചര്യത്തിൽ അതിർത്തി പങ്കിടുന്ന ജില്ലകളിൽ നിയന്ത്രണം കർശനമായിത്തന്നെ തുടർന്നേക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നിങ്ങനെ 'ഹോട്ട് സ്പോട്ടി'ൽ തുടരുന്ന ജില്ലകളും കർശന ലോക്ഡൗണിൽ തന്നെ തുടരാനാണ് സാധ്യത.

കോട്ടയത്തു മാത്രമാണ് കൊവിഡ് ഇതുവരെയും റിപ്പോർട്ട് ചെയ്യാത്തത്. ആ നിലയ്ക്ക് അവിടെ ലോക്ഡൗണിൽ ഇളവുകൾ വേണമെന്ന ആവശ്യമുയർന്നിട്ടുണ്ട്. റബർ കർഷകർക്കാവശ്യമായ ഇളവുകൾ ഇതിനകം തന്നെ പ്രഖ്യാപിച്ച സാഹചര്യത്തിൽ അതുപോലുള്ള ഇളവുകൾ അത്യാവശ്യ സന്ദർഭത്തിൽ ആവാമെന്ന നിലപാടാണ് സർക്കാരിനുള്ളത്. ലോക് ഡൗണിൽ കർശന ഉപാധികളോടെ ഇളവുകൾ ഉണ്ടാവുമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് വ്യക്തമാക്കിയിട്ടുണ്ട്. പുറത്തിറങ്ങുന്നവർക്ക് മാസ്ക് നിർബന്ധമാക്കിയേക്കും.

ലോക് ഡൗൺ സംബന്ധിച്ച പ്രധാന മന്ത്രിയുടെ പ്രഖ്യാപനം കാക്കുകയാണ് സംസ്ഥാന സർക്കാർ. രണ്ടാഴ്ചത്തേയ്ക്കുകൂടി ലോക് ഡൗൺ നീട്ടിക്കൊണ്ടുള്ള പ്രഖ്യാപനമാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര തീരുമാനം എന്തായാലും അതു നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇന്ന് രാവിലെ 10 മണിക്കാണ് സംസ്ഥാന മന്ത്രിസഭാ യോഗം. ചൊവ്വാഴ്ച വിഷുവായതിനാൽ ബുധനാഴ്ചത്തെ മന്ത്രിസഭാ യോഗമാണ് ഇന്ന് നിശ്ചയിച്ചിട്ടുള്ളത്. തീരുമാനം സംബന്ധിച്ച അറിയിപ്പ് മുഖ്യമന്ത്രിയുടെ വൈകിട്ടത്തെ വാർത്താസമ്മേളനത്തിൽ ഉണ്ടാവും.

അഞ്ചു മക്കളെ അമ്മ ഗംഗയിലെറിഞ്ഞു, രണ്ടു മൃതദേഹങ്ങൾ കണ്ടെത്തി

ബദോയി: ഭർത്താവുമായി വഴക്കിട്ടതിനെത്തുടർന്ന് അഞ്ചു മക്കളെ അമ്മ ഗംഗയിൽ എറിഞ്ഞതായി പൊലീസ്. രണ്ടു കുട്ടികളുടെ മൃതദേഹങ്ങൾ മുങ്ങൽ വിദഗ്ധർ കണ്ടെടുത്തിട്ടുണ്ട്. മറ്റു മൂന്നു പേരെ കണ്ടെത്താൻ ശ്രമം തുടരുകയാണ്. ആരതി (12), സരസ്വതി (10) എന്നിവരുടെ മൃതദേഹങ്ങളാണു കിട്ടിയത്. മാതേശ്വരി, ശിവശങ്കർ, കേശവ് പ്രസാദ് എന്നിവരെയാണ് കണ്ടെത്താനുള്ളത്.

ഉത്തർപ്രദേശിൽ ഗോപിഗഞ്ച് പൊലീസ് സ്റ്റേഷൻ ഏരിയയിലെ ജഹാംഗിറാബാദ് ഗ്രാമത്തിലാണു സംഭവം. കുട്ടികളുടെ മാതാപിതാക്കളായ മഞ്ജു യാദവും മൃദുൽ യാദവും ഒരു വർഷമായി നിരന്തരം വഴക്കിടാറുണ്ടെന്ന് പൊലീസ്. ഇതുകൊണ്ടാണ് മക്കളെ നദിയിലെറിഞ്ഞു കൊല്ലാൻ തീരുമാനിച്ചതത്രേ. ശനിയാഴ്ച രാത്രി ഭർത്താവുമായി വഴക്കിട്ട ശേഷമാണ് മഞ്ജു ഈ ക്രൂരകൃത്യം ചെയ്തതെന്നും പറയുന്നു. കുട്ടികളെ വലിച്ചെറിഞ്ഞ ജഹാംഗീറാബാദ് ഘട്ടിൽ നദിക്ക് ഏറെ ആഴമുണ്ടെന്ന് എസ്പി റാം ബദൻ സിങ് പറഞ്ഞു. അതുകൊണ്ടു തന്നെ തെരച്ചിൽ ദുഷ്കരമാണ്.

നദിക്കരയിലേക്കു വന്നപ്പോൾ കുട്ടികൾ ഒച്ചവച്ചിരുന്നു. ഇതു കേട്ട മത്സ്യത്തൊഴിലാളികൾ ഭൂതമാണെന്നു കരുതി ഓടിപ്പോയെന്നാണ് പൊലീസ് പറയുന്നത്. നദിക്കരയിൽ തന്നെ നിന്ന അമ്മ ഇന്നലെ രാവിലെ നാട്ടുകാരോടു വിവരം പറയുകയായിരുന്നുവെന്നും പൊലീസ് പറഞ്ഞു.

എട്ടു ജില്ലകളിലെ തീരങ്ങളിൽ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യത

തിരുവനന്തപുരം: എട്ടു ജില്ലകളിൽ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. ഇന്നു രാത്രി 11.30 വരെയുള്ള സമയത്ത് വേലിയേറ്റം മൂലം തീരത്തോട് ചേർന്നുള്ള കടൽ മേഖല പ്രക്ഷുബ്ധമാകാനും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ തീരപ്രദേശങ്ങളിലെ താഴ്ന്ന ഇടങ്ങളിൽ വേലിയേറ്റ സമയങ്ങളിൽ വെള്ളം കയറാനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര പഠനകേന്ദ്രം അറിയിച്ചു.

തീരമേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും കെട്ടിയിട്ട് സംരക്ഷിക്കണം. കടലാക്രമണ ഭീഷണി നിലനിൽക്കുന്ന ഇടങ്ങളിലും താഴ്ന്നതും വെള്ളം കയറാൻ സാധ്യതയുള്ളതുമായ ഇടങ്ങളിലും താമസിക്കുന്നവർ അധികൃതരുടെ നിർദേശമനുസരിച്ച് മാറി താമസിക്കാൻ തയാറാവണം. കേരള തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് പഠനകേന്ദ്രം വ്യക്തമാക്കി.

ഗൾഫ് നാടുകളിൽ നോർക്കയുടെ പുതിയ ഹെൽപ്പ് ഡസ്കുകൾ

തിരുവനന്തപുരം: സൗദി അറേബ്യയിലെ ദമാം, റിയാദ് എന്നിവിടങ്ങളിൽ ഞായറാഴ്ച നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. യുഎഇയിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകളിൽ ഇന്ന് നിരവധി പുതിയ പ്രവർത്തകർ അണിചേർന്നു.ഖത്തർ, ഒമാൻ, ബഹ്റിൻ, കുവൈറ്റ് എന്നീ ഗൾഫ് നാടുകളിലെ ഹെൽപ്പ് ഡസ്കുകളിലും നിരവധി പുതിയ സന്നദ്ധ പ്രവർത്തകർ അണിചേർന്നിട്ടുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ പ്രവർത്തകർ വിവിധ ഹെൽപ്പ് ഡെസ്കുകളിൽ പ്രവർത്തിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അതത് രാജ്യങ്ങളുടെ നിയമത്തിന് വിധേയമായി പ്രവർത്തനം കൂടുതൽ സജീവമാക്കുമെന്നും നോർക്ക സിഇഒ അറിയിച്ചു.

യുഎസ് കമ്പനിയുടെ വിവരശേഖരണം: മുഖ്യമന്ത്രി പലതും മറയ്ക്കുന്നു- ചെന്നിത്തല

തിരുവനന്തപുരം: കൊവിഡിന്റെ മറവിൽ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ അമെരിക്കൻ കമ്പനിയായ സ്പിംഗളർക്ക് നൽകുന്നത് സംബന്ധിച്ച ഇടപാടിലെ സുപ്രധാന വിവരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ മറച്ചുവയ്ക്കുകയും ബോധപൂർവം തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുകയും ചെയ്യുന്നത് ദുരൂഹത വർധിപ്പിക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

ഈ കമ്പനി പബ്ലിക് റിലേഷൻസ് കമ്പനിയല്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്നാൽ തങ്ങൾ പിആർ സേവനവും നടത്തുന്നുണ്ടെന്നാണ് കമ്പനിയുടെ വെബ്സൈറ്റിൽ പറയുന്നത്. ഏതാണ് ശരി? സംസ്ഥാനത്ത് നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ ഇന്ത്യയിലെ സെർവറിൽ തന്നെയാണ് സൂക്ഷിക്കുന്നതെന്ന് പറയുന്നു. എന്നാൽ തങ്ങളുടെ പക്കലുള്ള എല്ലാ വിവരങ്ങളും സൂക്ഷിക്കുന്നത് അമെരിക്കയിലുള്ള കമ്പനി സെർവറിലാണെന്നാണ് കമ്പനി പറയുന്നുണ്ട്. സംസ്ഥാന സർക്കാരിന് കീഴിലുള്ള സിഡിറ്റിനോ ഐടി മിഷനോ ചെയ്യാൻ കഴിയുന്ന ജോലി അമേരിക്കൻ കമ്പനിയെ ഏല്പിച്ചത് എന്തിനാണ്. ഈ കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ? എങ്കിൽ എന്നാണ് ഒപ്പുവച്ചത്? ഇന്ത്യൻ പൗരനുമായാണോ കരാർ ഒപ്പുവച്ചതെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു.

യുഎഇയിലേക്ക് ഡോക്റ്റർമാർ:
പ്രചാരണം സർക്കാരിന്റെ അറിവോടെയല്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: കേരളത്തിൽ നിന്ന് യുഎഇയിലേക്ക് ഡോക്റ്റർമാരെയും ആരോഗ്യ പ്രവർത്തകരെയും പ്രത്യേക വിമാനത്തിൽ അയക്കുന്നു എന്ന പ്രചാരണം സംസ്ഥാന സർക്കാരിന്റെ അറിവോടെയല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഫാത്തിമ ഹെൽത്ത് കെയർ ഗ്രൂപ്പ് എംഡി ഡോ. കെ.പി. ഹുസൈൻ അങ്ങനെ വാഗ്ദാനം നൽകി ദുബായ് ഹെൽത്ത് അഥോറിറ്റിക്ക് കത്തയച്ച കാര്യം പുറത്തുവന്നിരുന്നു. ഇതു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് അഥോറിറ്റി ഡയറക്റ്റർ ജനറൽ ഹുമൈദ് അൽ ഖുദമിയെ മുഖ്യമന്ത്രി വസ്തുതകൾ അറിയിച്ചത്.

യുഎഇയിലേക്ക് മെഡിക്കൽ സംഘത്തെ അയയ്ക്കുമെന്ന ആ വാഗ്ദാനവുമായി സംസ്ഥാന ഗവൺമെന്റിന് ഒരു ബന്ധവുമില്ല. കത്തെഴുതിയ വ്യക്തിക്ക് സംസ്ഥാന സർക്കാരിനു വേണ്ടി സംസാരിക്കാനുള്ള ചുമതലയില്ല. ലോകം കൊവിഡ് വെല്ലുവിളി ചെറുക്കാനുള്ള കഠിന പ്രയത്നത്തിലാണ്. ഇതിൽ ഓരോ രാജ്യത്തിനും തങ്ങളുടേതായ മാർഗങ്ങൾ ഉണ്ട്. എല്ലാവരും ഒന്നിച്ചു നിൽക്കുമ്പോൾത്തന്നെ ആവശ്യമായ പ്രോട്ടോകോൾ പാലിക്കേണ്ടതുമുണ്ട്. അതിനിടെ ഇത്തരമൊരു നീക്കമുണ്ടാകുന്നത് ശരിയല്ല. ഇത്തരം രീതികളെ സംസ്ഥാന സർക്കാർ അംഗീകരിക്കുന്നില്ല.

യുഎഇയും ഇന്ത്യയും തമ്മിലുള്ള സവിശേഷ ബന്ധവും യുഎഇയിലെ മലയാളി സാന്നിധ്യവും കത്തിൽ മുഖ്യമന്ത്രി എടുത്തുപറഞ്ഞു. കൊവിഡ് പ്രതിസന്ധി ഘട്ടത്തിൽ യുഎഇ ഭരണാധികാരികൾ നടത്തുന്ന ഇടപെടൽ ശ്ലാഘനീയമാണ്. ഏതെങ്കിലും വിഷയത്തിൽ ബന്ധപ്പെടൽ വേണമെങ്കിൽ അത് ഔദ്യോഗിക സംവിധാനത്തിലൂടെയാണ് ഉണ്ടാവുക. സഹകരണം കൂടുതൽ ശക്തമായി തുടരുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

പഞ്ചായത്ത് വഴി നൽകിയത് 24 ലക്ഷം ഭക്ഷണപ്പൊതികൾ

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക് ഡൗൺ കാലയളവിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിച്ച് പഞ്ചായത്തുകൾ. വിവിധ വകുപ്പുകൾക്കൊപ്പം താഴേത്തട്ടിൽ പഞ്ചായത്ത് ജീവനക്കാരും ജനപ്രതിനിധികളും നടത്തിയ ഇടപെടൽ രോഗവ്യാപനം തടയാനും കുടിവെള്ളം, ഭക്ഷണം ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ജനങ്ങൾക്ക് എത്തിക്കാനും സഹായകമായെന്ന് പഞ്ചായത്ത് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ.

പൊതുഗതാഗതം നിലച്ചതിനാൽ ഇതര ജില്ലകളിലേതടക്കം രണ്ടായിരത്തിലധികം ജീവനക്കാർക്ക് താമസവും ഭക്ഷണവും നൽകിയാണ് പ്രവർത്തനങ്ങൾ നടത്തിയത്. ഗ്രാമപ്രദേശങ്ങളിൽ അർഹതയുള്ളവർക്കെല്ലാം ഭക്ഷണം ഉറപ്പുവരുത്താൻ 941 ഗ്രാമപഞ്ചായത്തുകളിലായി 1,031 സമൂഹ അടുക്കളകൾ പഞ്ചായത്തുകൾ സജ്ജമാക്കി. ഇവയിലൂടെ പ്രതിദിനം ശരാശരി 1,41,430 എന്ന കണക്കിൽ ഏകദേശം 24,04,310 ഭക്ഷണപ്പൊതികൾ ആവശ്യക്കാർക്ക് എത്തിച്ചു. ഇതിൽ 21,71,726 എണ്ണം സൗജന്യമായാണ് നൽകിയത്.

ഭൂരിഭാഗം അടുക്കളകൾക്കും വേണ്ട അവശ്യവസ്തുക്കൾ സന്നദ്ധ സഹായമായാണ് പഞ്ചായത്തുകൾ സമാഹരിക്കുന്നത്. ന്യായവിലയ്ക്ക് ഭക്ഷണം നൽകാൻ 134 ജനകീയ ഹോട്ടലുകളും ഗ്രാമപ്രദേശങ്ങളിൽ മാത്രം പ്രവർത്തനം ആരംഭിച്ചു. ഇവിടെ 20 രൂപയ്ക്കാണ് ഊണ് നൽകുന്നത്. 48,817 ടീം അംഗങ്ങളാണ് ഭക്ഷണപ്പൊതികളും മരുന്നും മറ്റ് അവശ്യസാധനങ്ങളും ജനങ്ങൾക്ക് എത്തിച്ചുനൽകുന്നത്.

ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വീടുകളിൽ ഐസൊലേഷനിൽ കഴിഞ്ഞുവരുന്ന രണ്ടു ലക്ഷത്തോളം പേർ പുറത്തിറങ്ങി സമൂഹവുമായി ഇടപെടുന്നില്ല എന്നുറപ്പാക്കാനും അവരെ നിരീക്ഷിക്കാനും 15,898 വാർഡ് തല നിരീക്ഷണ കമ്മിറ്റികളെയാണ് നിയോഗിച്ചത്.

ഞായറാഴ്ചകളിൽ മൊബൈൽ കടകളും ഫാൻ, ഫ്രിഡ്ജ് കടകളും തുറക്കാമെന്ന സർക്കാർ അറിയിപ്പിനെ തുടർന്ന് ഇന്നലെ രാവിലെ 10ന് തിരുവനന്തപുരത്ത് തകരപ്പറമ്പിൽ തുറന്ന കടയ്ക്കു മുന്നിൽ ഉപയോക്താക്കൾക്കായി നിശ്ചിത അകലം വരയ്ക്കുന്ന പൊലീസ് ഉദ്യോഗസ്ഥൻ.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 30 ശഅ്ബാൻ 19
2020 ഏപ്രിൽ 13 തിങ്കൾ

നുഴഞ്ഞുകയറ്റക്കാരെ കാത്തിരിക്കുന്നതു മരണം

ഇന്ത്യയുടെ ശ്രദ്ധ മാറുമ്പോൾ അവസരം ഉപയോഗപ്പെടുത്തുക എന്ന വക്രബുദ്ധിയോടെ അതിർത്തിയിൽ ആക്രമണത്തിനു തുനിഞ്ഞ പതിനഞ്ചു പാക് സൈനികരും എട്ട് ഭീകരരും സുരക്ഷാഭടന്മാരുടെ തോക്കിനിരയായിരിക്കുകയാണ്. കശ്മീർ അതിർത്തിയിൽ നിയന്ത്രണ രേഖയിൽ ഒന്നിലേറെ ഇടങ്ങളിൽ വെടിനിർത്തൽ കരാറുകൾ ലംഘിച്ചു ഭീകരാക്രമണ- സൈനിക സന്നാഹങ്ങൾ ഒരുക്കിയ പാക് സംഘത്തെയാണു നമ്മുടെ സൈനികർ തുരത്തിയോടിച്ചത്. ഇന്ത്യയടക്കം ഒട്ടെല്ലാ ലോകരാജ്യങ്ങളും കൊവിഡ് 19 ഭീഷണിയിലാണ്. പാക്കിസ്ഥാനും ഈ മഹാമാരിയുടെ ഇര തന്നെ. അതിനിടെ പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാനും രോഗം സ്ഥിരീകരിച്ചതായി റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ ഇതു പാക് അധികൃതർ നിഷേധിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്നുനാലു മാസമായി ലോകം മറ്റെല്ലാം മറന്നു കൊവിഡ് പ്രതിരോധത്തിലാണ്. ഒട്ടെല്ലാ ലോകരാജ്യങ്ങളും ശത്രുത മറന്നുപോലും ഈ പോരാട്ടത്തിൽ കൈകോർക്കുന്നു. എന്നാൽ ഇതൊന്നും തങ്ങൾക്കു ബാധകമല്ലെന്ന നിലപാടിലാണു പാക്ഭീകരരും അവർക്കു പിന്തുണ നല്കുന്ന പാക് സേനയും.

നിയന്ത്രണ രേഖയിലെ ദൂഥ്നിയാൽ, ഷർദ, ഷാകോട്ട് തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി ഭീകരർ അവസരം കാത്തു നിൽക്കുകയാണ്. ലഷ്കർ ഇ തോയിബ, ജയ്ഷെ മുഹമ്മദ്, ഹിസ്ബുൾ മുജാഹിദീൻ തുടങ്ങിയ ഭീകര പ്രസ്ഥാനങ്ങളാണു നിയന്ത്രണ രേഖയിൽ ഒളിയുദ്ധത്തിനു തയാറെടുത്തുവന്നത്. റോക്കറ്റ് ലോഞ്ചിങ് പാഡുകൾ അടക്കമുള്ള സന്നാഹങ്ങളുമായി കാത്തു നിന്ന എഴുപതിൽപ്പരം ഭീകരർ ഇവിടെ ഉണ്ടായിരുന്നു. ഇവർക്കു സംരക്ഷണ കവചമൊരുക്കി, പാക് സൈനികരും പരിശീലകരുമുണ്ടായിരുന്നു എന്നാണു രഹസ്യ വിവരം. കിഷൻഗംഗാ നദിക്കരയിൽ പലേടത്തും ഇന്ത്യയിലേക്കുള്ള നുഴഞ്ഞുകയറ്റത്തിനു ചിലർ തയാറെടുക്കുന്നതായുള്ള രഹസ്യ വിവരത്തെത്തുടർന്നായിരുന്നു ഏറ്റുമുട്ടൽ. ഈ മാസം അഞ്ചിന് സമാനമായൊരു ഏറ്റുമുട്ടലിൽ അഞ്ചു ഭീകരന്മാർ കൊല്ലപ്പെട്ടിരുന്നു. ഇവരിൽ രണ്ടുപേർ പാക് പരിശീലകരായ ജയ്ഷെ മുഹമ്മദ് തീവ്രവാദികളും മൂന്നു പേർ ജമ്മു കശ്മീരിൽ നിന്നുള്ള അനുയായികളുമായിരുന്നു എന്നാണു വിവരം. ദിവസങ്ങളായി ഇവർ ഇവിടെ പരിശീലനത്തിലായിരുന്നു എന്ന ഇന്റലിജൻസ് സന്ദേശത്തെത്തുടർന്നു സൈന്യം ഇവരെ നേരിടുകയായിരുന്നു.

ഏതു ദുരന്തസാഹചര്യത്തിലും മനുഷ്യത്വമല്ല, ആക്രമണം തന്നെയാണു തങ്ങളുടെ ലക്ഷ്യമെന്ന് ആവർത്തിച്ചു തെളിയിക്കുകയാണ് പാക് ഭീകരർ. പതിനഞ്ചു ചെറു രാജ്യങ്ങളൊഴികെ ഒട്ടെല്ലാ രാജ്യങ്ങളും കൊവിഡിന്റെ പിടിയിലാണ്. ഈ മാരക കീടത്തെ വരുതിയിലാക്കാനുള്ള ഔഷധം കണ്ടുപിടിച്ചു മാനവകുലത്തെ മരണത്തിൽ നിന്നു മോചിപ്പിക്കാനുള്ള ഭഗീരഥപ്രയത്നത്തിൽ ലോകത്തോടൊപ്പമുണ്ട് ഇന്ത്യയും. കൊവിഡ് പ്രതിരോധത്തിൽ മറ്റു വികസിത രാജ്യങ്ങളിൽ പലതും വൻപരാജയമായപ്പോൾ അതിജീവനത്തിന്റെ വിജയഗാഥയാണ് ഇന്ത്യ രചിക്കുന്നത്. രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും കൊവിഡ് പ്രതിരോധത്തിലേക്കു നീങ്ങുമ്പോൾ ഇതാണ് അവസരമെന്നു കരുതുന്ന ഭീകരരുടെ മനസിൽ മനുഷ്യത്വത്തിന്റെ കണികപോലും ബാക്കിയില്ല. അവരോടു സംസാരിക്കാൻ തോക്കിന്റെ ഭാഷ മാത്രമേയുള്ളൂ എന്ന ഇന്ത്യൻ സേനയുടെ മറുപടിക്കു സല്യൂട്ട് ചെയ്യാതിരിക്കാൻ കഴിയില്ല.

പുതിയ നിയമ നിർമാണത്തിലൂടെ ജമ്മു കശ്മീരിനെ ദേശീയ പൊതുധാരയിലെത്തിച്ചു വികസനത്തിന്റെ പുതിയ നേട്ടങ്ങളുണ്ടാക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങളെയാണു പാക്കിസ്ഥാൻ പേടിക്കുന്നത്. ജമ്മു കശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞ്, ഒരു ഇന്ത്യൻ സംസ്ഥാനവും ഒരു കേന്ദ്രഭരണ പ്രദേശവുമാക്കപ്പെട്ട ജമ്മു കശ്മീർ സാധാരണ നിലയിലേക്ക് വന്നു കഴിഞ്ഞു. അവിചാരിതവും ദൗർഭാഗ്യകരവുമായ കൊവിഡ് 19 കടന്നുവന്നില്ലായിരുന്നെങ്കിൽ രാജ്യത്തെ മികച്ച ടൂറിസം സ്പോട്ടുകളിലൊന്നായി ഈ 'തലസ്ഥാന സംസ്ഥാനം' മാറുമായിരുന്നു. അത് ഓരോ കശ്മീർവാസിയുടെയും ജീവിത നിലവാരം ഇന്നത്തെക്കാൾ വളരെയധികം ഉയർത്തുമായിരുന്നു. ഇതൊന്നും സഹിക്കാനുള്ള മനസാന്നിധ്യം ഭീകരർക്കില്ല. അവർക്കാവശ്യം ജനങ്ങൾക്കിടയിൽ ഭീതി പരത്തി, എല്ലാക്കാലത്തും അവരെ ചാവേറുകളാക്കി, തങ്ങളുടെ ഇഷ്ടത്തിനു ചലിക്കുന്ന പാവകളാക്കി നിർത്തുകയാണ്. ഈ ചെന്നായ്ക്കൂട്ടത്തെ ജനങ്ങൾ തന്നെ ആട്ടിപ്പായിക്കുന്നതാണു നിരപരാധികളെ കൊന്നൊടുക്കി, ഭീഷണിയിലൂടെ വരുതിയിലാക്കാനുള്ള ശ്രമങ്ങൾക്കു പിന്നിലെ മനഃശാസ്ത്രം. ഈ മനോരോഗത്തിന് വിദഗ്ധ ചികിത്സ നേടുക; അല്ലെങ്കിൽ മരിക്കാൻ തയാറാകുക എന്ന വ്യക്തമായ സന്ദേശമാണ് ഇന്ത്യൻ സേന കെറൻ സെക്റ്ററിൽ വ്യാഴാഴ്ച നൽകിയത്. അതിൽ നിന്നു പാഠം പഠിക്കാൻ പാക്കിസ്ഥാൻ തയാറാകണം.



മെട്രോ മെയിൽ

കോൾഡ് സ്റ്റോറേജുകളിലെ പരിശോധന

ലോക്ക് ഡൗൺ പ്രഖ്യാപിച്ചതുകൊണ്ടുമാത്രം കേരളത്തിൽ സജീവമായി നടക്കുന്ന ഒന്നായി കോൾഡ് സറ്റോറജിലെയും മത്സ്യ മാർക്കറ്റിലെയും പരിശോധന. ജനങ്ങളുടെ ആരോഷ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഏറ്റവും കൂടുതൽ കലരുന്നത് മത്സ്യത്തിലും മാംസത്തിലുമാണ്. തമിഴ്നാട്ടിലെ പച്ചക്കറിയെക്കാൾ ഭീകരമാണ് അവസ്ഥ. അതിനാൽ ഇതു കഴിഞ്ഞാലും പൊലീസും, ആരോഗ്യ വകുപ്പും, ഈ പരിശോധനകൾ തുടരണം. മതിയായ സൗകര്യങ്ങൾ ഇല്ലാതെ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയും വേണം.

അനിൽകുമാർ പി
പാക്കിൽ ഹൗസ്
കണിച്ചുകളങ്ങര

ചില സ്വയം സേവക, സന്നദ്ധ, സദാചാര വിചാരങ്ങൾ

ഫിംഗർ പ്രിന്റ്

സി.പി. രാജശേഖരൻ

സ്വയം സന്നദ്ധരാകുക, സ്വയം സേവകരാകുക തുടങ്ങിയ നാട്ടുനടപ്പാചാരങ്ങൾക്കു മുൻപൊരിക്കലുമില്ലാത്ത മാർക്കറ്റാണ് ഈ കൊറോണക്കാലത്തു കൈവന്നിരിക്കുന്നത്. ആർക്കും ആരെയും സേവിക്കാം എന്നതാണ് ഇതിനെ കാലികപ്രസക്തി. സേവനവും ഒരു ജോലിയാണെന്നതിനാൽ പ്രതിഫലം പറ്റുന്നതിൽ തെറ്റുപറയാനുമാവില്ല. അതുകൊണ്ട് കൊറോണക്കാലത്തെ മിക്കവാറും എല്ലാ സേവനസന്നദ്ധതകൾക്കും പ്രതിഫലം കിട്ടണമെന്നു വാശിപിടിക്കരുതെന്ന് ഒരപേക്ഷയുണ്ട്. സേവിക്കാനുള്ള മനസാണ് ആദ്യം പരുവപ്പെടുത്തേണ്ടത്. അങ്ങനെയൊരു മനസുണ്ടെങ്കിൽ ബാക്കിയൊക്കെ വഴിയേ വന്നുകൊള്ളും.

കൊറോണ നിയന്ത്രണത്തിനു കേരള സർക്കാർ കൈക്കൊണ്ട പല നടപടികളും ഇന്നു ലോകത്തെങ്ങും പാട്ടാണ്. മുഖ്യമന്ത്രി പിണറായി വിജയൻ ചെയ്യേണ്ടതൊക്കെ, ചെയ്യേണ്ട സമയത്ത്, ചെയ്യേണ്ട വിധത്തിൽത്തന്നെ ചെയ്യുന്നുണ്ട് എന്ന കാര്യത്തിൽ കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനൊഴികെ ആർക്കുമില്ല ഭിന്നാഭിപ്രായം. മുല്ലപ്പള്ളിയോളം കുടുംബ രാഷ്ട്രീയ പാരമ്പര്യം കുറവായതു കൊണ്ട്, മുഖ്യമന്ത്രി പിണറായി വിജയന് അല്ലറചില്ലറ കൈപ്പിഴവുകളൊക്കെ സംഭവിച്ചെന്നിരിക്കാം. അതിൽ അദ്ദേഹത്തെ ക്രൂശിക്കരുത്. കൊവിഡ് 19 എന്നാൽ മതിയായ ചികിത്സ കിട്ടുന്ന ഒരു രോഗമല്ല. ലോകത്താകെ എഴുപതിൽപ്പരം ലബോറട്ടറികളിൽ ആന്റി കൊവിഡ് വാക്സിൻ നിർമിക്കുന്ന തിരക്കിലാണ്. കുറഞ്ഞത് ആറു മാസമെങ്കിലുമെടുക്കും അതിൽ ആദ്യത്തേതു പുറത്തുവരാൻ. അതുവരെ ഇപ്പോൾ നടക്കുന്ന സ്വയം സേവന സന്നദ്ധപ്രവർത്തനങ്ങളെല്ലാം മുറപോലെ നടക്കും. തത്കാലം പ്രതിഫലമില്ലെങ്കിലും ആരും ഒന്നും വെറുതേ ചെയ്തു സമയം കളയേണ്ടതില്ലെന്ന മുൻവിധിയുമുണ്ട്.

രോഗികളുടെ എണ്ണം കൂട്ടാതെ, നിലവിലുള്ള രോഗികൾക്കു ശരിയായ പരിചരണം നൽകി കൊവിഡിനെ വരുതിയിലാക്കുകയാണ് മുന്നിലുള്ള ഏക വഴി. അതിന് മുന്നിട്ടിറങ്ങുന്നവരെയാണ് സന്നദ്ധരെന്നും സേവകരെന്നുമൊക്കെ വിളിക്കുന്നത്. അത്തരത്തിലൊരു കൂട്ടരെ തൃശൂർ ജില്ലാ സപ്ലൈ ഓഫിസർ ടി. അയ്യപ്പദാസ് കണ്ടുപിടിച്ചതാണ് കേരളത്തിലെ കൊറോണ പ്രതിരോധത്തിനിടയിലെ ശ്രദ്ധേയമായ സ്വയം സേവനം. ഇപ്പോൾ സേവനം, പിന്നീടു പ്രതിഫലം എന്നതാണു സപ്ലൈ ഓഫിസിന്റെ ലൈൻ. കൊവിഡ് പ്രതിരോധത്തിൽ റെക്കോഡ് വേഗം കൈവരിച്ച സംസ്ഥാനമാണു കേരളം. ആരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ സർക്കാർ തലത്തിൽ ഒരു വകുപ്പുണ്ടെന്നും ആ വകുപ്പിന് അർഥപൂർണമായ നേതൃത്വം നൽകാൻ ഒരു മന്ത്രിയുണ്ടെന്നും കഴിഞ്ഞ നിപ്പ വൈറസ് കാലം മുതൽക്കേ ജനത്തിനു മനസിലായതാണ്. ലോക്ക്ഡൗൺ പോലുള്ള കടുത്ത നടപടികൾ മൂലം മുഴുവൻ ജനങ്ങളെയും ഒരുമാസത്തിലേറെ വിട്ടിലിരുത്തുമ്പോൾ നടപ്പാക്കേണ്ട അനുബന്ധ ക്രമീകരണങ്ങളെക്കുറിച്ചു ബോധ്യവും ബോധവുമുള്ള ഒരു മുഖ്യമന്ത്രിയെയും കൊറോണക്കാലത്തു ജനങ്ങൾ കണ്ടു.

എന്നാൽ രാജാവിനെക്കാൾ വലിയ രാജഭക്തി കാണിക്കുന്ന ശിങ്കിടികളുണ്ടെന്നു തൃശൂർ ഡിഎസ്ഒ അർഥശങ്കയ്ക്കിടയില്ലാതെ അതു തെളിയിച്ചു. സിവിൽ സപ്ലൈസ് വകുപ്പു മുഖേന കാർഡ് ഉടമകൾക്കു വിതരണം ചെയ്യാൻ നിർദേശിച്ച പലവ്യഞ്ജന സാധനങ്ങൾ പായ്ക്ക് ചെയ്യാൻ ഡിഎസ്ഒ ജില്ലയിലെ ഇടതുപക്ഷ യുവജന സംഘടനാ പ്രവർത്തകരെ റിക്രൂട്ട് ചെയ്തതാണു പുലിവാലായത്. കാർഡ് ഉടമകൾക്കു വിതരണം ചെയ്യേണ്ട സൗജന്യ കിറ്റിൽ 17 ഇനം സാധനങ്ങളുണ്ട്. ജില്ലയിലെ രണ്ടു ലക്ഷത്തോളം കാർഡ് ഉടമകൾക്കു വിതരണം ചെയ്യാനുള്ള ഈ കിറ്റ് നിറയ്ക്കാനുള്ള ജീവനക്കാർ ജില്ലാ സപ്ലൈ ഓഫിസിലില്ല. ഈ കുറവു നികത്തുന്നതിന് ഡിവൈഎഫ്ഐ, എഐവൈഎഫ് എന്നീ ഇടതു യുവജന സംഘടനകളുടെ ഭാരവാഹികളെയാണു ജില്ലാ ഓഫിസർ നിയോഗിച്ചതെന്നാണു കോൺഗ്രസ്, ബിജെപി നേതാക്കൾ ആരോപിക്കുന്നത്. കൊവിഡ് കാലത്തു തിളങ്ങിനിൽക്കുന്ന സംസ്ഥാന സർക്കാരിനോട് കൂറിത്തിരി കൂടിപ്പോയെന്നു കരുതി ആരും കോപിക്കില്ലെന്നായിരുന്നു അയ്യപ്പദാസിന്റെ വിചാരം. ഇപ്പോൾ സ്വയം സേവനത്തിനിറങ്ങിയവരുടെ പട്ടിക തയാറാക്കി, പിന്നീട് ദിവസക്കൂലിക്ക് ഇവരെ നിയമിക്കാമെന്നും കണക്കുകൂട്ടി. പക്ഷേ, കോൺഗ്രസുകാരും ബിജെപിക്കാരും ചന്ദ്രഹാസമെടുത്തതോടെ അയ്യപ്പദാസ് ഉത്തരവ് പിൻവലിച്ചെന്നാണ് അശരീരി.

സന്നദ്ധ പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്ന് ഇടതുപക്ഷത്തെ കണ്ടു പഠിക്കണം. ആലപ്പുഴയിലെ ഒരു പറ്റം സ്ത്രീകളെ സംഘടിപ്പിച്ച് ഡോ. തോമസ് ഐസക്ക് രൂപം നൽകിയ സന്നദ്ധസംഘടനയാണ് കുടുംബശ്രീ മിഷൻ. ഇതിനു രാഷ്ട്രീയമില്ലെന്നു പുറംപൂച്ച് പറയുമെങ്കിലും കുടുംബശ്രീ എന്നാൽ സിപിഎമ്മും ഇടതുപക്ഷവുമാണെന്ന് അറിയാത്തവരില്ല. ഒരു പ്രതിഫലവുമില്ലാതെയാണ് ആദ്യമൊക്കെ ഇവരെ സന്നദ്ധ പ്രവർത്തനങ്ങൾക്കു നിയോഗിച്ചത്. പക്ഷേ, പിന്നീടതു പല തരത്തിലുമുള്ള പ്രതിഫലത്തോടെയായി. ഇടതുസഹയാത്രികരാണു കുടുംബശ്രീയിലെ മിക്കവരും. സ്ത്രീശാക്തീകരണത്തിന്റെ മറവിൽ ഇവർക്കു ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ അനവധിയാണ്. പക്ഷേ, ഇടതുപക്ഷ അനുഭാവികളല്ലാത്ത ആർക്കും അംഗത്വം കിട്ടുക എളുപ്പമല്ല.

ഈ തിരിച്ചറിവിൽ നിന്നാണു കോൺഗ്രസ് നേതാവ് എം.എം. ഹസൻ ജനശ്രീ എന്ന ബദൽ സേവകരെ രംഗത്തിറക്കിയത്. പക്ഷേ, കുടുംബശ്രീക്കു ലഭിച്ച പരിഗണനകൾ എൽഡിഎഫിന്റെ കാലത്തു മാത്രമല്ല, പിന്നീടു വന്ന യുഡിഎഫിന്റെ കാലത്തും ജനശ്രീക്കു കിട്ടിയില്ല. ഒടുവിൽ കുടുംശ്രീക്കു മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പാവം ജനശ്രീ അകാലത്ത് ഇല്ലാതായി. ഈ കൊവിഡ് കാലത്ത് കുടുംബശ്രീക്കാർക്ക് ഇരുപതിനായിരം രൂപ വരെ പലിശയില്ലാ വായ്പകൾ അനുവദിച്ചും മറ്റ് ഇളവുകളും ആനുകൂല്യങ്ങളും നൽകി ആദരിക്കപ്പെടുമ്പോൾ പഴയ ജനശ്രീക്കാരുടെ തരി പോലുമില്ല കണ്ടുപിടിക്കാൻ.

** **

കേരളത്തിൽ ബിജെപി ഭരണപക്ഷത്താണോ, പ്രതിപക്ഷത്താണോ എന്നൊരു സംശയം ഈ ദിവസങ്ങളിൽ വല്ലാതെ മഥിക്കുന്നു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിനെ നിരന്തരം വിമർശിക്കുന്ന "പ്രതിപക്ഷം" അതിൽ നിന്നു പിന്മാറണമെന്ന ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രന്റെ താക്കീതാണ് ഈ സംശയത്തിന് അടിസ്ഥാനം. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല വായ തുറക്കുന്നതു മുഖ്യമന്ത്രിയെ വിമർശിക്കാൻ മാത്രമാണത്രേ. എന്നു തന്നെയുമല്ല, ഒരുപടി കൂടി കടന്ന്, കേന്ദ്രത്തിൽ നരേന്ദ്ര മോദി സർക്കാരിനെതിരേ രാഹുൽ ഗാന്ധി നടത്തുന്ന വിമർശനങ്ങളുടെ അതേ പാതയിലാണു കേരള സർക്കാരിനെതിരേ ചെന്നിത്തലയുടെ വിമർശനമെന്നും സുരേന്ദ്രൻ പറയുന്നു. കൊവിഡ് പ്രതിരോധത്തിൽ സംസ്ഥാന സർക്കാർ ചെയ്യുന്നതെല്ലാം നല്ല കാര്യങ്ങളാണെന്ന കാര്യത്തിലും ബിജെപി നേതാവിനു സംശയമില്ല.

ബിജെപി അധ്യക്ഷനാകുന്നതിനു വളരെ മുൻപു മുതൽക്കേ സുരേന്ദ്രനു കോൺഗ്രസ് നേതാക്കളെക്കാൾ വിരോധം ഇടതു നേതാക്കളോടായിരുന്നു; പ്രത്യേകിച്ചും സിപിഎം നേതാക്കളോട്. 2018ലെ ശബരിമല തീർഥാടന കാലത്ത് ഈ വൈരം ഹിമാലയത്തോളം ഉയർന്നതുമാണ്. മുഖ്യമന്ത്രി പിണറായി വിജയനെ മൂക്ക് കൊണ്ട് 'ക്ഷ' വരപ്പിക്കുന്നതിലും സുരേന്ദ്രൻ വിജയിച്ചിരുന്നു. അന്നൊന്നും സിപിഎമ്മിനു വഴങ്ങാതിരുന്ന സുരേന്ദ്രൻ പെട്ടെന്ന് സർക്കാരിന്റെ സംരക്ഷകനായി വന്നതിനു പിന്നിൽ വടക്കു നിന്നുള്ള നിർദേശങ്ങളാണെന്നാണ് ഇന്ദിര ഭവനിലെ കുന്നായ്മ. കൊവിഡ് പ്രതിരോധത്തിലെന്നല്ല, ഭരണതലത്തിൽ എല്ലാ കാര്യങ്ങളിലും നരേന്ദ്ര മോദിയും പിണറായി വിജയനും തമ്മിൽ നിരവധി സമാനതകളുണ്ട്. ഭിന്നകക്ഷികൾ ഭരണത്തിലിരിക്കെ, കേന്ദ്ര സർക്കാരും സംസംഥാന സർക്കാരും തമ്മിൽ ഇത്രയധികം ഒത്തൊരുമ മുൻപൊരിക്കലും ഉണ്ടായിട്ടില്ല- പ്രത്യേകിച്ചും കൊവിഡ് കാലത്ത്. കേരളം ആവശ്യപ്പെടുന്നതെല്ലാം മിനിറ്റ് വച്ച് കേന്ദ്രം അംഗീകരിക്കുന്നു. ജിഎസ്ടി കുടിശിക, തൊഴിലുറപ്പ് പദ്ധതിയുടെ വേതനക്കുടിശിക, റേഷൻ വിഹിതം, എന്നുവേണ്ട, കടമെടുപ്പ് പരിധി ഉയർത്തിക്കൊടുക്കാനുള്ള അനുമതി വരെ നൽകാനൊരുങ്ങുകയാണു കേന്ദ്ര സർക്കാർ.

കൊവിഡ് പ്രതിരോധത്തിലടക്കം കേന്ദ്ര സർക്കാരിന്റെ നിർദേശങ്ങൾക്കു തെല്ലും അമാന്തം കാണിക്കുന്നില്ല, പിണറായി വിജയൻ. എല്ലാവരും ലൈറ്റുകളെല്ലാം അണച്ച് വീട്ടിൽ ടോർച്ച് തെളിക്കണമെന്ന പ്രധാനമന്ത്രി അടുത്തിടെ നടത്തിയ ആഹ്വാനം പോലും മുഖ്യമന്ത്രി അക്ഷരംപ്രതി പാലിച്ചു. ക്ലിഫ് ഹൗസിൽ അന്നു രാത്രി ഒൻപതു മണി മുതൽ ഒൻപതു മിനിറ്റ് സമയത്തേക്ക് ഒരൊറ്റ ലൈറ്റ് പോലും തെളിഞ്ഞില്ല. എന്നാൽ പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ അപ്പോഴും ലൈറ്റുകൾ പ്രകാശിച്ചുകൊണ്ടേയിരുന്നു. ഇതെല്ലാം കാണാനും അറിയാനുമുള്ള സംവിധാനങ്ങൾ മാരാർജി ഭവനിലില്ലെങ്കിലും 7 റെയ്സ്കോഴ്സിലുണ്ടെന്ന് കെ. സുരേന്ദ്രൻ മനസിലാക്കിയിട്ടുണ്ടാകും. വെറുതേയല്ല, മുഖ്യമന്ത്രി പിണറായി വിജയനെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല തൊട്ടപ്പോൾ ബിജെപി പ്രസിഡന്റ് കെ. സുരേന്ദ്രനു പൊള്ളിയത്. അതുകൊണ്ട് തത്കാലം നാക്ക് വായിലിട്ടു മിണ്ടാതിരിക്കുന്നതാണു രമേശ്ജിക്കും നല്ലത്.

സ്റ്റോപ് പ്രസ്:
തന്റെ വായടപ്പിക്കാൻ സിപിഎം സൈബർ ഗുണ്ടകളെ നിയോഗിച്ചിരിക്കുന്നു: രമേശ് ചെന്നിത്തല.
വായ തുറപ്പിക്കാൻ സംഘപരിവാർ ഒരുക്കുന്ന കെണിയിലും വീഴാതെ നോക്കണം.

പുള്ളിക്കാരൻ വെള്ളമടിച്ചാൽ



മുരളി തുമ്മാരുകുടി

1999 ലാണ് ഞാൻ ഒമാനിൽ ജോലിക്കെത്തുന്നത്. ബ്രൂണൈയിൽ എന്റെ ബോസായിരുന്ന ആൾ ഷെല്ലിന്റെ തന്നെ ഒമാനിലെ സ്ഥാപനമായ പെട്രോളിയം ഡെവലപ്പ്മെന്റ് ഒമാനിൽ എത്തി, കുറച്ചു നാൾ കഴിഞ്ഞപ്പോൾ എന്നേയും അങ്ങോട്ട് വിളിച്ചു, ഞാൻ എത്തി. ബോസിനെ കാണാൻ എല്ലാ രണ്ടു മാസവും കൂടുനമ്പോൾ ഒരാൾ വരും. ഓമനികളുടെ വേഷമാണ് ഇട്ടിരുന്നത്. ചിലപ്പോൾ അയാളുടെ കൂടെ ഒരു കുട്ടിയുണ്ടാകും. സാധാരണ ദേഷ്യം പിടിക്കാത്ത ബോസ് അയാളുമായി വഴക്കിടുന്നതു കാണാം, പിന്നെ രണ്ടു മാസത്തേക്ക് അയാളെ കാണില്ല.

ഒരിക്കൽ ഞാൻ ചോദിച്ചു 'അതാരാണ് ? അത് നമ്മുടെ ഒരു സ്റ്റാഫ് ആണ് ?

'എന്നിട്ട് സ്റ്റാഫ് മീറ്റിങ്ങിന് ഒന്നും കാണുന്നില്ലല്ലോ?.

അതാണ് പുള്ളിയുടെ പ്രശ്നം. ഫുൾ വെള്ളമടിയാണ്, രാവിലെ മുതൽ ക്ലബ്ബിൽ ഉണ്ടാകും, വൈകീട്ട് ആയാലേ പോകൂ. ഓഫിസിൽ വരില്ല. ഇവിടെ നിന്നും മാറ്റി മരുഭൂമിയുടെ ഉൾഭാഗത്ത് ഒരു ജോലി കൊടുത്തു, പക്ഷെ അവിടെയും അയാൾ പോകില്ല. കള്ളുകുടി തന്നെ. രണ്ടു മാസം കൂടുമ്പോൾ ഞാൻ സാലറി കട്ട് ചെയ്യും. അപ്പോൾ പരാതി പറയാൻ വരുന്നതാണ്. അൻപത് വയസ്സാകാത്തത് കൊണ്ട് കമ്പനി നിയമം അനുസരിച്ച് അയാളെ പിരിച്ചു വിടാനും പറ്റില്ല, അതിന് ആറുമാസം കൂടി കഴിയണം', ഇതാണ് പ്രശ്നം.

തത്കാലം നമുക്ക് അദ്ദേഹത്തെ അൽ മസ്കറ്റി എന്ന് വിളിക്കാം. ഞാൻ എന്റെ സഹപ്രവർത്തകരോട് അദ്ദേഹത്തെപ്പറ്റി ചോദിച്ചു. എല്ലാവർക്കും ഒരേ അഭിപ്രായമാണ്. കള്ളുകുടിയനാണ്, ഉഴപ്പനാണ്, യൂസ് ലെസ്സ് ആണ്. എനിക്കെന്തോ അദ്ദേഹത്തോട് ഒരു മമത തോന്നി. കാര്യം വെള്ളമടി ഒന്നുമില്ലെങ്കിലും എന്റെ അച്ഛൻ ഓഫിസിലൊന്നും പോകാതെ ഇരിക്കാറുള്ള ഒരാളാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് കൃത്യമായി സ്ഥിരം ഓഫീസിൽ പോകുന്നത് ഒരു വലിയ സംഭവമാണെന്നുള്ള ചിന്തയൊന്നും എനിക്കില്ല. ലോകത്തിലുള്ള എല്ലാവർക്കും എന്തെങ്കിലും കഴിവുകളും നന്മകളും ഉണ്ടാകുമെന്ന് എനിക്കൊരു വിശ്വാസവുമുണ്ട്. മദ്യപാനം മോശമാണെന്ന ചിന്ത അന്നുമില്ല, ഇന്നുമില്ല.

ഇയ്യാളിലും എന്തെങ്കിലും നന്മ കാണണം.

'ബോസ്, മസ്കറ്റിയെ എനിക്ക് അസിസ്റ്റന്റ് ആയി തരണം. ആറുമാസം ഞാൻ നോക്കട്ടെ, പറ്റിയില്ലെങ്കിൽ പിരിച്ചു വിടാമല്ലോ!'. അടുത്ത തവണ മസ്കറ്റി ഓഫീസിൽ എത്തിയപ്പോൾ ബോസ് എന്നെ വിളിച്ചു പരിചയപ്പെടുത്തി. ഞാൻ മസ്കറ്റിയേയും കൂട്ടി ക്ലബ്ബിലേക്ക് പോയി.

ക്ലബ്ബിലെ എല്ലാവർക്കും ബാർ മാൻ മുതൽ മാനേജർ വരെയുള്ളവർക്ക് മസ്കറ്റി പരിചിതനാണ്. എല്ലാവരും സ്നേഹത്തോടെയാണ് അദ്ദേഹത്തോട് പെരുമാറുന്നത്. ഞാൻ പുള്ളിയുടെ കൂടെ ഇരുന്നു സംസാരിച്ചു.

'രാവിലെ എത്ര മണിക്ക് ഇവിടെ വരും ?

'പന്ത്രണ്ട് മണിക്ക്?"

'വൈകീട്ട് എപ്പോൾ പോകും?"

'പതിനൊന്നു മണിയാകും'

'ഫുൾ ടൈം വെള്ളമടിയാണോ?"

'അല്ല, വൈകുന്നേരമായാൽ ചീട്ടും സ്നൂക്കറും കളിക്കും."

'അപ്പോൾ രാവിലെ പതിനൊന്ന് വരെ ഫ്രീ ആണ് അല്ലേ?'

'അതേ'

ഞങ്ങൾ അവിടെ ഇരിക്കുമ്പോൾ ഓരോരുത്തരായി വന്ന് ആളോട് ഹലോ പറയുന്നുണ്ട്, കെട്ടിപ്പിടിക്കുന്നുണ്ട്, മൂക്ക് മുട്ടിക്കുന്നുണ്ട്. പൊതുവെ ജോലിക്കാരുടെ ഇടയിൽ മാത്രമല്ല അവിടുത്തെ സ്ഥിരം ആളുകളുടെ ഇടയിലും മസ്കറ്റി പോപ്പുലർ ആണെന്ന് എനിക്ക് മനസിലായി.

'എനിക്ക് ഒരാളുടെ അത്യാവശ്യം ഉണ്ട്, ആഴ്ചയിൽ രണ്ടു ദിവസം ഇവിടുത്തെ പരിസ്ഥിതി മന്ത്രാലയത്തിൽ പോയി കുറച്ചു പേപ്പർ അവിടെ കൊടുക്കണം. അവിടുന്ന് എന്തെങ്കിലും ഉണ്ടങ്കിൽ തിരിച്ചു കൊണ്ടുവരണം. ബാക്കി സമയം മസ്കറ്റി എന്ത് ചെയ്യുമെന്ന് ഞാൻ അന്വേഷിക്കില്ല. സമ്മതിച്ചോ?"

'ശരി ബോസ്, പക്ഷെ എനിക്ക് ഒരു ഓഫീസ് കാർ വേണം, നല്ല കാറില്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥർ നമ്മളെ മൈൻഡ് ചെയ്യില്ല.'

'അതേറ്റു.'

അങ്ങനെ മസ്കറ്റി എന്റെ അസിസ്റ്റന്റ് ആയി. ഞാൻ പുള്ളിക്ക് ഒരു ഓഫീസ് കാർ സംഘടിപ്പിച്ചു കൊടുത്തു.

രണ്ടുമാസം കഴിഞ്ഞപ്പോൾ പുള്ളി എന്നെ വിളിച്ചു.

'ബോസ്, ഒരു പ്രശ്നമുണ്ട്. എന്റെ കാർ ഒന്ന് ഓഫീസിലേക്ക് കൊണ്ടുപോകണം.'

'എന്ത് പറ്റി രമണാ...'

'ഞാൻ ഇന്നലെ സ്മാൾ അടിച്ച് വണ്ടി ഓടിച്ചു, പൊലീസ് പിടിച്ചു. ഞാനിപ്പോൾ ജയിലിലാണ്, വണ്ടി ജയിൽ വളപ്പിലുണ്ട്, ഇന്നലെ ഞാൻ ഓഫിസിലെ കാറാണ് ഉപയോഗിച്ചത്. അത് ഇവിടെ കിടക്കുന്നത് മോശമല്ലേ?'

ഞാൻ പോയി വണ്ടിയെടുത്തു. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോൾ ജയിൽ വാസം കഴിഞ്ഞു മസ്കറ്റി ഓഫിസിലെത്തി. ഓഫീസ് സമയത്ത് വെള്ളമടിക്കരുതെന്നും വെള്ളമടിച്ചാൽ ഓഫീസ് വണ്ടിയെടുക്കരുതെന്നും ഞാൻ കരാറുണ്ടാക്കി.

ആദ്യമൊക്കെ ആഴ്ചയിൽ രണ്ടു ദിവസം മാത്രമേ പുള്ളിയെ കാണാറുള്ളൂ. പിന്നെ ഞാൻ എന്റെ തൊട്ടടുത്ത് പുള്ളിക്ക് ഒരു ടേബിൾ ഇട്ടു കൊടുത്തു. 'ഓഫിസിൽ വരികയൊന്നും വേണ്ട, പക്ഷെ വന്നാൽ ഇവിടെ ഇരിക്കാമല്ലോ.'

പതുക്കെ പതുക്കെ മസ്കറ്റി എല്ലാ ദിവസവും ഓഫിസിൽ വരാൻ തുടങ്ങി. രാവിലെ കുറച്ചു പത്രങ്ങളുമായി വരും, പതിനൊന്നു വരെ ഇരിക്കും, പണിയുണ്ടെങ്കിൽ പോകും, ഇല്ലെങ്കിൽ ക്ലബ്ബിൽ പോകും.

ഒരിക്കൽ ഓഫിസിലെത്തിയപ്പോൾ ആളുടെ മേശയിൽ ഒരു കംപ്യൂട്ടർ ഉണ്ട്.

'ഇതെന്താണ് ബോസ്?, എനിക്കിതൊന്നും അറിഞ്ഞുകൂട'

'ഓ, അതിനിപ്പോ അറിയാനൊന്നുമില്ല. പത്രം വായിക്കുന്നതിൽ കൂടുതൽ കാര്യങ്ങൾ ഇതിലുണ്ട്. പിന്നെ 'അതുക്കും മീതെ' ഉള്ള കാര്യങ്ങളും."

ഗൂഗിൾ പ്രചാരമായി വരുന്ന കാലമാണ്. ഞാൻ ആളെ സെർച്ചിങ്ങും കാര്യങ്ങളും പഠിപ്പിച്ചു,

മസ്കറ്റി ഉച്ചക്ക് ഊണ് വരെ ഓഫീസിൽ ഇരിക്കാൻ തുടങ്ങി. ഒരിക്കൽ സർക്കാർ ഉദ്യോഗസ്ഥരെയും കൂട്ടി എനിക്ക് ഒരു ഓയിൽ ഫീൽഡ് വിസിറ്റ് ചെയ്യേണ്ടി വന്നു. ഓരോ മാസവും ഉള്ളതാണ്. വലിയ ടെൻഷനുള്ള പണിയാണ്. അവരുടെ സ്ഥാനവും വലിപ്പവും നോക്കി പ്രോട്ടോക്കോൾ ശരിയാക്കണം, വാഹനങ്ങൾ അറേഞ്ച് ചെയ്യണം, ഫീൽഡിൽ താമസം ശരിയാക്കണം, ഫീൽഡ് വിസിറ്റിൽ എന്തെങ്കിലും കുഴപ്പം കണ്ടുപിടിച്ചാൽ പണി വേറെ.

'മസ്കറ്റി, അടുത്തയാഴ്ച എനിക്ക് ഒരു ഫീൽഡ് വിസിറ്റ് ഉണ്ട്. കുറച്ചു ഉദ്യോഗസ്ഥരും കൂടെക്കാണും. എന്നെ ഒന്ന് സഹായിക്കാമോ?'

അപ്പോഴേക്കും മസ്കറ്റിക്ക് എന്നെ കുറേശ്ശേ ഇഷ്ടമായി തുടങ്ങിയിരുന്നു. പോരാത്തതിന് സർക്കാർ ഉദ്യോഗസ്ഥരെ അപ്പോഴേക്കും പരിചയമായിക്കഴിഞ്ഞല്ലോ.

'ശരി ബോസ്."

ഞാൻ മസ്കറ്റിക്ക് ഗവൺമെന്റ് ലിയസോൺ ഓഫീസർ എന്ന വിസിറ്റിങ് കാർഡ് അടിച്ചു കൊടുത്തു. ജീവിതത്തിൽ ആദ്യമായിട്ടാണ് മസ്കറ്റിക്ക് ഒരു വിസിറ്റിങ് കാർഡ് കിട്ടുന്നത്.

ഫീൽഡ് വിസിറ്റിന് മസ്കറ്റിയുടെ കൂടെ പോയ എന്റെ കണ്ണ് തള്ളി.

ഞങ്ങളുടെ കമ്പനിക്ക് സ്വന്തമായി വിമാനങ്ങളും വിമാനത്താവളവും ഒക്കെയുണ്ട്. മസ്കറ്റിലെ എയർപോർട്ടിൽ അന്ന് ഞങ്ങൾക്ക് മാത്രമായി ഒരു ഭാഗമുണ്ട്. അവിടെ ഞാൻ എത്തുമ്പോൾ മസ്കറ്റി ഞങ്ങളുടെ എല്ലാവരുടെയും ബോർഡിങ് പാസും റെഡിയാക്കി സ്ഥലത്തുണ്ട്.

ഫീൽഡിൽ എത്തിയപ്പോൾ അവിടെ കാറുകൾ റെഡി, താമസിക്കുന്ന ക്യാംപിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് വിഐപിറൂം, റൂമിൽ പ്രത്യേകം പഴങ്ങളുടെ ഒരു ബാസ്ക്കറ്റ്.

'ഇതൊക്കെ എങ്ങനെ സാധിക്കുന്നെടേ?'

'ഇവരൊക്കെ എന്റെ കൂടെ കള്ളുകുടിക്കുന്നവരാണ് ബോസ്'

ഞങ്ങളുടെ കമ്പനിക്ക് അന്ന് മരുഭൂമിയിൽ എട്ട് വിമാനത്താവളങ്ങൾ ഉണ്ട്. പക്ഷെ എല്ലാത്തിലും എല്ലാ ദിവസവും വിമാനം ഇറങ്ങില്ല. ചില സ്ഥലത്ത് ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രം. അപ്പോൾ ആ ഓയിൽ ഫീൽഡ് വിസിറ്റ് ചെയ്യണമെങ്കിൽ ഒന്നുകിൽ ഒന്നോ രണ്ടോ ദിവസം മരുഭൂമിയിൽ താമസിക്കണം, അല്ലെങ്കിൽ വിസിറ്റ് കഴിഞ്ഞ് നൂറോ ഇരുന്നൂറോ കിലോമീറ്റർ മരുഭൂമിയിലെ ചൂടിൽ ഡ്രൈവ് ചെയ്യണം.

മസ്കറ്റി കൂടെ ഉണ്ടെങ്കിൽ അതൊന്നും പ്രശ്നമല്ല.

'ബോസ്, ഇന്ന് ഞാൻ വിമാനം ഈ വഴി തിരിച്ചു വിടാം'

അതൽപം ഓവറല്ലേ എന്ന് നിങ്ങൾക്ക് തോന്നാം, എനിക്കും തോന്നി.

'എങ്ങനെ ഫ്രണ്ട്?"

'ഈ പൈലറ്റുമാരൊക്കെ എന്റെ സ്നൂക്കർ ഫ്രണ്ട്സ് ആണ്, സർക്കാർ ഉദ്യോഗസ്ഥരുണ്ട് എന്ന് പറഞ്ഞാൽ വഴിമാറാൻ അവർക്ക് അധികാരമുണ്ട്.'

പിന്നീടുള്ള കാലം മസ്കറ്റിയുടെ ഉയർച്ചയുടെ കാലമായിരുന്നു. സർക്കാരുമായിട്ടുള്ള ബന്ധവും ഫീൽഡിലെ സന്ദർശനങ്ങളും അത്രയും നന്നായി നടന്ന കാലമില്ല. ഓരോ പ്രോജക്റ്റിലും പെർമിറ്റുകൾ സമയത്തിനും നേരെത്തെ എത്തി. ഒരാഴ്ച ഒരു റിഗ് വെറുതെ നിൽക്കേണ്ടി വന്നാൽ പതിനായിരക്കണക്കിന് ഡോളറിന്റെ ചിലവാണ്. പണ്ടൊക്കെ സർക്കാരിൽ നിന്നുള്ള ഇൻസ്പെക്ഷന് വേണ്ടി മൂന്നോ നാലോ ആഴ്ച വെയിറ്റ് ചെയ്യുന്നത് അസാധാരണമല്ലായിരുന്നു. മസ്കറ്റി ഫീൽഡിൽ എത്തിയതോടെ വിസിറ്റ് സമയത്തിന് നടന്നു, നടക്കാൻ വൈകിയാൽ പോലും പ്രോജക്റ്റ് സ്റ്റാർട്ട് ചെയ്യാൻ ഉദ്യോഗസ്ഥർ അനുവാദം നൽകി.

2001 ൽ സൗലിയ എന്ന എണ്ണപ്പാടത്ത് വലിയൊരു തീപിടുത്തമുണ്ടായി. അത് കമ്പനി കൈകാര്യം ചെയ്യുന്ന വിഷമകരമായ സമയത്ത് മുഴുവൻ സർക്കാർ ഉദ്യോഗസ്ഥർ കമ്പനിയോട് ഒപ്പം നിന്നു. അവരെ എല്ലാ കാര്യത്തിലും ഉൾപ്പെടുത്തി അൽ മസ്കറ്റി മുന്നിലുണ്ടായിരുന്നു. കമ്പനിക്ക് സാമ്പത്തികമായി മാത്രമല്ല സൽപ്പേരിലും ഗുണം അൽ മസ്കറ്റിയുടെ ഡിപ്ലോമസി കൊണ്ടുണ്ടായി.

ഡിപ്പാർട്ട്മെന്റിൽ മസ്കറ്റിക്ക് നല്ല പേരായി, ബെസ്റ്റ് എംപ്ലോയീ കാഷ് അവാർഡ് പല തവണ വാങ്ങി.

മസ്കറ്റിയെ പിരിച്ചുവിടുന്നതിനെപ്പറ്റി ആളുകൾക്ക് ചിന്തിക്കാൻ പോലും പറ്റാത്ത കാലം വന്നു.

2001 ൽ ഞാൻ കാലിഫോർണിയയിലെ പ്രശസ്തമായ ബെർക്കിലി യൂണിവേഴ്സിറ്റിയിൽ നേതൃത്വ പഠനത്തിനെത്തി. അവിടെ അവർ മാനെജമെന്റ് രംഗത്തെ പുതിയ രീതികളെപ്പറ്റി പറഞ്ഞു തുടങ്ങി.

വലിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ ഓരോ പുതിയ മേധാവി വരുമ്പോഴും ഇത്തരത്തിലുള്ള ഒരു പരിപാടിയുണ്ട്. ഇതിന് മുൻപിരുന്ന ആൾ ഒരു മണ്ടനായിരുന്നുമെന്നും (അല്ലെങ്കിൽ മണ്ടി), ഞാൻ 'ഇപ്പൊ ശരിയാക്കും' എന്നുമാണ് പുതിയതായി വരുന്ന ഓരോരുത്തരുടെയും ചിന്ത. ഇതിന് വേണ്ടി സ്ഥാപനത്തിലേക്ക് ചില ചേഞ്ച് മാനെജ്മെന്റ് സ്പെഷ്യലിസ്റ്റുകളെ അഴിച്ചു വിടും. അവർ ആ പ്രസ്ഥാനത്തിൽ എന്താണ് തെറ്റുള്ളത്, കുറവുള്ളത് എന്നൊക്കെ ഭൂതക്കണ്ണാടി വെച്ച് കണ്ടുപിടിക്കും. അത് പരിഹരിക്കാൻ ചില നിർദ്ദേശങ്ങൾ നൽകും, ഭാരിച്ച കൺസൽട്ടൻസി ഫീസ് മേടിച്ചിട്ട് പോകും. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ മേധാവി സ്ഥാപനത്തെ അഴിച്ചു പണിയും. പൊതുവെ അല്പം കൂടി കുളമാക്കും. അപ്പോഴേക്കും അയാളുടെ സമയം കഴിയും, പുതിയ ആൾ വരും, ചേഞ്ച് മാനെജ്മെന്റുമായി പുതിയ കൺസൾട്ടന്റുമാരും.

വ്യക്തി ജീവിതത്തിലും ഓഫീസിലും മറ്റുള്ളവരുമായി ബന്ധപ്പെടുന്ന ഏതൊരു സാഹചര്യത്തിലും ഓർക്കുക. നമ്മുടെ ചുറ്റിലുമുള്ള എല്ലാവരിലും എന്തെങ്കിലും കഴിവുകളും നന്മകളും ഉണ്ട്. കുറ്റങ്ങളും കുറവുകളും ഏറെ ഉണ്ടാകാം, കൂടുതൽ പോലും ഉണ്ടാകാം. പക്ഷെ ആ വ്യക്തിയെ നിങ്ങൾക്കോ സമൂഹത്തിനോ ഗുണമുള്ളതാക്കി മാറ്റണമെങ്കിൽ അയാളുടെ കുറവുകൾ പരിഹരിക്കുന്നതല്ല, ഉള്ള കഴിവുകൾ പോഷിപ്പിക്കുന്നതും അതിൽ അവർക്ക് ആത്മവിശ്വാസം ഉണ്ടാക്കുന്നതുമാണ് കൂടുതൽ എളുപ്പ വഴി.

ഇതൊക്കെ കൊണ്ട് മസ്കറ്റി ഡീസന്റായിപ്പോയി എന്ന തെറ്റിദ്ധാരണ നിങ്ങൾക്ക് വേണ്ട കേട്ടോ.

2003 ൽ ഞാൻ ഒമാനിൽ നിന്നും ജനീവയിലേക്ക് വന്നു. 2006 ൽ ലെബനിലെ യുദ്ധ കാലത്ത് ഞാൻ ബെയ്റൂട്ടിലായിരുന്നു. ഒരു ദിവസം എന്റെ ബോസ് എന്നെ വിളിച്ചു.

'ആരാണീ അൽ മസ്കറ്റി'' എന്റെ ഒരു അടുത്ത സുഹൃത്താണ്', 'എന്ത് പറ്റി'

'ഒന്നുമില്ല, പുള്ളിയുടെ എഴുത്തുണ്ടായിരുന്നു. അദ്ദേഹത്തിന് കുഴപ്പമൊന്നുമില്ല'.

തിരിച്ചു വന്നപ്പോഴാണ് ഞാൻ കഥയറിയുന്നത്.

ബെയ്റൂട്ടിലേക്ക് പോയ ഞാൻ എന്റെ ഓഫീസ് മെയിലിൽ ഒരു ഓട്ടോ റിപ്ലേ എഴുതിയിരുന്നു.

'I am on mission for extended period to a conflict location. I may not have access to email in this period. if you need anything urgent, please contact my supervisor Mr. ....'

ആ ദിവസങ്ങളിൽ ബോസിന് ഒരു മെയിൽ കിട്ടി.

'ഞാൻ മുരളിയുടെ ഫ്രണ്ട് ആണ്. എന്റെ കാർ ഒരു ലാംപ് പോസ്റ്റിൽ ഇടിച്ചു പോസ്റ്റ് ഒടിഞ്ഞു പോയി. പോലീസ് എന്റെ കാർ പിടിച്ചു വെച്ചിരിക്കയാണ്. ഇരുനൂറു റിയാൽ കൊടുത്താലേ കാർ തിരിച്ചു കിട്ടു. ഞാൻ മുരളിക്ക് എഴുതി, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ താങ്കൾക്ക് എഴുതാൻ മുരളി പറഞ്ഞിട്ടുണ്ട്'

എന്താണെങ്കിലും യുദ്ധരംഗത്തുള്ള എന്നെയും പോലീസ് സ്റേഷനിലിരിക്കുന്ന സുഹൃത്തിനെയും വിഷമിപ്പിക്കേണ്ട എന്ന് കരുതി ബോസ് അഞ്ഞൂറ് ഫ്രാങ്ക് അയച്ചു കൊടുത്ത് കാര്യം ശരിയാക്കി !

മസ്കറ്റിയുടെ വാഹനം നിഷ്കളങ്കമായി പോസ്റ്റിൽ ഇടിച്ചതല്ലെന്നും രാത്രി പതിനൊന്നു മണിക്ക് വീട്ടിൽ പോകാൻ ശ്രമിച്ച മസ്കറ്റിയെ പറ്റിക്കാൻ അന്ന് വരെ റോഡിന്റെ സൈഡിൽ നിന്ന പോസ്റ്റ് റോഡിന്റെ നാടുവിൽപോയി നിന്നതാണെന്നും ഞാൻ ബോസ്സിനോട് പറഞ്ഞില്ല. ബോസിന് അഞ്ഞൂറ് ഫ്രാങ്ക് കൊടുത്തു കാര്യം സെറ്റിൽമെന്റ് ആക്കി.

രോഗങ്ങളുടെ സുവിശേഷം

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

ദൈവത്തിന്റെ സഹായമില്ലാതെ തന്നെ മനുഷ്യൻ സ്വന്തം ചരിത്രം നിർമിക്കണമെന്ന് ജർമൻ ചിന്തകനായ ഫ്രഡറിക് നിഷേ പറഞ്ഞത് ആധുനികതയിൽ മാത്രമല്ല, ഈ ഉത്തര- ഉത്തരാധുനിക ശാസ്ത്ര, സാങ്കേതിക യുഗത്തിലും ഒരു വഴിത്തിരിവായ പ്രസ്താവമായി നിൽക്കുകയാണ്. നിഷേയാണ് സമൂഹമാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും സൈബർ കലയുടെയും എല്ലാം പ്രചോദന കേന്ദ്രം.

നിഷേ, അരിസ്റ്റോട്ടിലിനെപ്പോലെ ഒരു മൂല്യത്തിനു വേണ്ടി മാത്രമേ ജീവിക്കാവൂ എന്ന നിലപാടിൽ വിശ്വസിക്കുന്നില്ല. മനുഷ്യൻ സ്വതന്ത്രനാക്കപ്പെട്ടതു കൊണ്ട് അവൻ സ്വന്തം ജീവിതത്തെ രൂപപ്പെടുത്താൻ വിധിക്കപ്പെട്ടിരിക്കയാണ്. അവന്റെ മേൽ വന്നു പതിക്കുന്ന ദുരിതങ്ങൾ നേരത്തേ ആസൂത്രണം ചെയ്തതാണെന്ന കാഴ്ചപ്പാട് ഇവിടെയില്ല. അവനാണ് അത് നേരിടുന്നത്. ഒരു പനി വന്നാൽ അത് മാറ്റേണ്ടത് അവന്റെ ഉത്തരവാദിത്വമാണ്. ഏത് വേണം എന്നുള്ളത് അവന്റെ തിരഞ്ഞെടുപ്പാണ്. അതാണ് അവന്റെ ദുഃഖം. തിരഞ്ഞെടുപ്പിലൂടെ എന്തും സംഭവിക്കാം. എന്തായാലും അവൻ തന്നെ അനുഭവിക്കണം. മറ്റാരും പങ്കുവയ്ക്കാൻ ഉണ്ടാകില്ല. വിഷാദം പങ്കുവയ്ക്കാവുന്നതല്ലല്ലോ. അതു കൊണ്ട് വിഷാദത്തിൽ നിന്ന് അകന്നു നിൽക്കാനും രക്ഷപ്പെടാനുമുള്ള പാച്ചിൽ വിഷാദത്തിലേക്ക് തന്നെ എത്തിക്കുന്നു. ഇത് അകാരണമായ ഉത്ക്കണ്ഠകൾ സൃഷ്ടിക്കുന്നു. വികാരനിയന്ത്രണം വിട്ടുപോകാൻ ഇതിടയാക്കുന്നു.

ഉത്തര- ഉത്തരാധുനിക കാലഘട്ടം എന്നു പറയുന്നത് ഡിജിറ്റൽ, സൈബർ, ഇലക്ട്രോണിക്, കംപ്യൂട്ടർ ലോകത്തിന്റേതാണ്. ഉത്തരാധുനികത വരെ, ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ, ഒരു സ്ക്രിപ്റ്റുണ്ടായിരുന്നു. എന്നാൽ ലൈവ്, സമൂഹമാധ്യമങ്ങൾ തുടങ്ങിയ പ്രതിഭാസങ്ങൾ വന്നതോടെ സ്ക്രിപ്റ്റില്ലാത്ത ലോകത്തേക്ക് കലയും രംഗവേദിയും സ്റ്റുഡിയോയും എത്തിച്ചേർന്നിരിക്കുന്നു. ഒരു വാർത്ത എഴുതിത്തയാറാക്കി വായിക്കുന്നതിനു പകരം, സമൂഹമാധ്യമത്തിൽ പലർ ചർച്ച ചെയ്തും തർക്കിച്ചും ഷെയർ ചെയ്തുമാണ് അത് സൃഷ്ടിക്കുന്നത്. വാർത്തയല്ല, അതിനോടുള്ള സമീപനമാണ് മനുഷ്യന്റെ ബാധ്യതയാകുന്നത്. എല്ലാ വാർത്തകളോടും പ്രതികരിക്കാൻ നമ്മൾ ബാധ്യസ്ഥരാണെന്ന് പുതിയ നെറ്റ് യുഗം നമ്മോടു പറയുന്നു. ഇടവേളയോ, ഇടർച്ചയോ, അവധിയോ ഇല്ലാത്ത ലോകമാണിത്. നാം ഉറങ്ങിക്കിടക്കുമ്പോഴും നമുക്കുള്ള സ്മൈലികളും സ്റ്റിക്കറുകളും സന്ദേശങ്ങളും വന്നുകൊണ്ടിരിക്കുന്നു. നാം ഒരു നല്ല ഉപഭോഗവസ്തുവാണ്.

ശരീരമാണ് ഉത്തര- ഉത്തരാധുനികതയുടെ ഒരു ഉപഭോക്തൃ ഉല്പന്നം. ശരീരമില്ലെങ്കിൽ ഒന്നും തന്നെ സംഘടിപ്പിക്കാനാവില്ല. സമൂഹമാധ്യമങ്ങളിലും മറ്റും ശരീരമില്ലാതെ നമുക്ക് ജീവിക്കാമെങ്കിലും, അത് പ്രതീതിയാണ്. ശരീരമില്ലാതിരിക്കുന്നതാണ് അവിടെ സ്വയം ചിതറാനും ഒരു ഉത്തരവാദിത്വമോ കർത്തവ്യമോ ഇല്ലാതെ ഒഴുകി നടക്കാനും സഹായിക്കുന്നത്. ജീവിതത്തിലൊരിക്കലും പരസ്പരം കാണാതെ പ്രേമിക്കാനും വികാരങ്ങൾ കൈമാറാനും ഇന്റർനെറ്റ് ഉല്പന്നമായ സമൂഹമാധ്യമങ്ങൾ സഹായിക്കുന്നു. അവിടെ ശരീരം വേണ്ട. ഈ മാധ്യമങ്ങൾ ഉപകരണം പോലെയാണ്. അത് നമ്മെ അതീതരാക്കുന്നു; അശരീരിയാക്കുന്നു.

ഡോക്റ്ററുടെ കലാസൃഷ്ടി

ശരീരത്തിൽ നമുക്ക് എന്തും ചെയ്യാം. ഏതു വിധേനയും മാറ്റിമറിക്കാം. ഏത് രീതിയിലുമുള്ള തലമുടി വയ്ക്കാം. പുരികം മാറ്റാം. മൂക്ക് മാറ്റിവയ്ക്കാം. പച്ച കുത്താം. ടാറ്റൂ ചെയ്യാം. കണ്ണിലും കാതിലും അലങ്കാര വളയങ്ങൾ തൂക്കാം. മുടി ഏതു രീതിയിലും വെട്ടാം; താടിയിലും മീശയിലും എണ്ണമറ്റ രൂപമാറ്റങ്ങൾ വരുത്താം. അവയവം മാറ്റിവയ്ക്കാം. നമുക്ക് പ്രകൃത്യാ ലഭിച്ചിട്ടുള്ള രൂപത്തെ മാറ്റി മറ്റൊരു വ്യക്തിത്വം നേടാം. ലിംഗമാറ്റ ശസ്ത്രക്രിയ നടത്താം. ആണോ, പെണ്ണോ ഏതാണ് വേണ്ടത് എന്നത് ഇന്ന് പ്രകൃതിയുടെ മാത്രം തെരഞ്ഞെടുപ്പല്ല; വ്യക്തികളുടേതുമാണ്. വ്യക്തിക്ക് അവന്റെ ഇഷ്ടത്തിനൊത്ത് എത് ലിംഗം വേണമെങ്കിലും തിരഞ്ഞെടുക്കാം. സെക്സ് സമൂഹനിർമിതിയാണെന്ന കാഴ്ചപ്പാട് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നവർ തകർക്കുകയാണ്. അവർ ശരിക്കും കലാപകാരികളാണ്. സ്വന്തം ശരീരത്തിൽ നടത്തുന്ന കലാപത്തിലൂടെ സമൂഹത്തിന്റെ ലൈംഗിക മുൻവിധിയിലും ലൈംഗിക ഭാവനകളിലുമാണ് അവർ തീവയ്ക്കുന്നത്.

മനുഷ്യൻ അവന്റെ ചരിത്രം സൃഷ്ടിക്കണമെന്ന് നിഷേ പറഞ്ഞത് ഇവിടെ യാഥാർഥ്യമായിരിക്കുന്നു. ശരീരം ഒരു ഉപഭോഗവസ്തു മാത്രമല്ല, അത് അപ്രവചനാത്മകമായ പൊളിച്ചെഴുത്തുമായിത്തീരുന്നു. ശരീരം ഒരേസമയം കവിത പോലെ അയഥാർഥവും ഡോക്റ്ററുടെ, ബ്യൂട്ടീഷ്യന്റെ കലാസൃഷ്ടിയുമായിത്തീരുന്നു.

ഇന്നത്തെ മനുഷ്യന് ഈ ശരീരം ഒരു അബോധ ചിന്തയും ആധിയുമാണ്. ഓരോ ചുവടിലും അവനെ ഇത് അലട്ടുന്നു. അതുകൊണ്ട് അവൻ തന്റെ ശരീരത്തെ കണ്ടെത്താൻ ഡോക്റ്ററെ ഏൽപ്പിക്കുന്നു. ഡോക്റ്റർ നിർമിക്കുന്ന പരിപ്രേക്ഷ്യത്തിൽ, വീക്ഷണ വലയത്തിലാണ് മനുഷ്യശരീരമുള്ളത്. മനസ്സല്ല, ശരീരമാണ് ഇവിടെ യാഥാർഥ്യം. മനസ് പ്രതീതിയും ശരീരം യാഥാർഥ്യവുമായി.

ശരീരം മെഡിക്കൽ സയൻസിന്റെ ഒരു ഉത്തര- ഉത്തരാധുനിക ഉല്പന്നമാണിന്ന്. എല്ലാം മരുന്നുകളും സൂപ്പർ സ്പെഷ്യാലിറ്റികളുമാണ് തീരുമാനിക്കുന്നത്. അതുകൊണ്ട് സ്വന്തം ശരീരത്തിന്റെ ഉടമ എന്ന നിലയിൽ അവനവന് ആവശ്യമായ പ്രതിരോധം എങ്ങനെ നേടണമെന്നറിയില്ല. ഇതാണ് ഇറ്റലി, സ്പെയിൻ, അമെരിക്ക പോലുള്ള ഉത്തര- ഉത്തരാധുനിക രാജ്യങ്ങളിലെ ജനങ്ങൾ ഈ കൊറോണക്കാലത്ത് നേരിടുന്ന പ്രതിസന്ധി.

ഒരു വെളുത്തുള്ളി വായിലിട്ട ശേഷം ചവയ്ക്കാതെ, ഒരു കവിൾ വെള്ളത്തോടൊപ്പം ഇറക്കിയാൽ വയറിനും ഹൃദയത്തിനും ഗുണം ചെയ്യുമെന്ന് പറഞ്ഞു തരാൻ പ്രൊഫ. കളവങ്കോടം ബാലകൃഷ്ണനെപ്പോലുള്ള എഴുത്തുകാർ അമെരിക്കയിലില്ലല്ലോ. അവിടെയുള്ളത് ഡോൺ ഡെലീലോ, യാൻ മക്ഇവാൻ, ജോൺ ഇർവിങ് , ഓഷ്യൻ വുയോങ് തുടങ്ങിയ ഉത്തര- ഉത്തരാധുനിക എഴുത്തുകാരാണ്.

ഇത് നവോത്ഥാന ദർശനത്തിന് അതീതമായിട്ടുള്ളതാണ്. നവോത്ഥാന ദർശനം ശാസ്ത്രത്തെയും ഏകാത്മകതയെയുമാണ് ഊന്നിയത്. അത് ബൗദ്ധികമായ ക്ലിനിക്കൽ നിലവാരമാണ്. അവിടെ എല്ലാവരും ഒരുപോലെയാണ്.

അതുകൊണ്ട് എല്ലാവർക്കും ഒരു പോലെയുള്ളതു മാത്രമേ സ്വീകാര്യമായുള്ളു. അപ്പോൾ എല്ലാ വഴക്കങ്ങളെയും ലംഘിക്കുന്ന സാൽവദോർ ദാലിയുടെ ചിത്രങ്ങളെയും ബർഗ്മാന്റെ ചലച്ചിത്രങ്ങളെയും എങ്ങനെ സമീപിക്കും? ഇതാണ് നവോത്ഥാനത്തിന്റെ പ്രതിസന്ധി. അതായത് എന്തിനും ഏതിനും ഒരു യൂണിഫോം വേണമെന്ന നിലപാട്.



കൊറോണയും ശരീരവും



കൊറോണയുടെ കാലത്തും ശരീരമാണ് നമ്മെ ബന്ധനസ്ഥനാക്കുന്നത്. കൊറോണയുടെ യഥാർഥ ഉറവിടം മനുഷ്യനാണോ, മൃഗമാണോ? ഇത് ഇപ്പോഴും ഒരു ഫാന്റസിയായി തുടരുകയാണ്. അതെന്തുമാകട്ടെ; എന്നാൽ ഇത് അതിവേഗം പടരുന്നത് എന്തുകൊണ്ടാണ് ?ജനസംഖ്യാ വർധനയും നാഗരിക ജീവിതത്തിലെ അതിവേഗവുമാണ് കാരണങ്ങൾ. ഗ്രാമീണ ഏകാന്തത ഇന്നില്ലല്ലോ. അത് സാധ്യവുമല്ല. വേഗത, ലൈവ് ഇടപെടൽ, ഉപഭോഗ സംസ്കാരം, രുചികളുടെ ആഗോളവത്ക്കരണം, ചലനാത്മകത, നാഗരികത, അതിവേഗ ഭക്ഷണം, ജനക്കൂട്ട രാഷ്ട്രീയം, പ്രകൃതിയോടുള്ള ക്രൂരമായ ഏറ്റുമുട്ടൽ തുടങ്ങിയ പ്രശ്നങ്ങൾ കൊറോണയുടെ അതിവേഗ വ്യാപനത്തിന് ഇടയാക്കുന്നു.

ഈ നിർമിതബുദ്ധിയുടെ (ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്) കാലത്ത് എന്തുകൊണ്ടാണ് കൊറോണ പിടിപെട്ട രോഗികളെ നോക്കാൻ റോബോട്ടുകൾ ഇല്ലാതിരിക്കുന്നത് ? ഇരുപത്തിനാലു മണിക്കൂറും ഐസിയുവിൽ നിൽക്കാൻ ശിക്ഷണം ലഭിച്ച റോബോട്ടുകൾ അമെരിക്കയിലും ബ്രിട്ടനിലും ഇല്ല! ഇതല്ലേ പരാജയം? യുദ്ധസാങ്കേതികതയും ബഹിരാകാശ ഗവേഷണവും മാത്രമായാൽ വിജയമാകില്ല. കൊറോണയെ പ്രതിരോധിക്കാൻ ധരിക്കുന്ന വേഷം ആരോഗ്യ പ്രവർത്തകർക്ക് മറ്റ് എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കില്ല ?

കൊറോണാനന്തര കാലം തീർച്ചയായും ആരോഗ്യ സേവകരായ റോബോട്ടുകളെക്കുറിച്ച് ചിന്തിപ്പിക്കും. മനുഷ്യൻ സ്വന്തം ശരീരം കൊണ്ട് ആവശ്യമുള്ളിടത്ത് മാത്രം പോകുക എന്ന മന്ത്രം. അല്ലാത്തിടത്തെല്ലാം റോബോട്ടു ചെല്ലും. ആഗോളവത്ക്കരണത്തിന്റെ മെഡിക്കൽ ടൂറിസം ഇനി വേറൊരു പഥത്തിലാവും നീങ്ങുക. പാശ്ചാത്യ ജീവിതശൈലി, അതിസഞ്ചാര വ്യഗ്രത തുടങ്ങിയ തിന്മകൾ ചോദ്യം ചെയ്യപ്പെടും. പ്രകൃതി തിരിച്ചു വരുകയാണ്. കൃഷി വലിയൊരു ആവശ്യമായി മനസ്സിലാക്കപ്പെടാതിരിക്കില്ല. പത്ത് ലക്ഷം കർഷകർ ആത്മഹത്യ ചെയ്തിട്ടും അനങ്ങാതിരുന്ന ബഹുജന സംഘടനകളും സെലിബ്രിറ്റികളും കൊറോണ കാലത്ത് പുതിയൊരു ആത്മീയത വികസിപ്പിക്കാനുള്ള വ്യഗ്രതയിലാൺ. ദൈവത്തിൽ നിന്ന് താഴേക്ക് പതിച്ച മനുഷ്യൻ, നിഷേ പറഞ്ഞ പോലെ, പുതിയൊരു ചരിത്രം നിർമിക്കാനുള്ള ചുമതല ഏറ്റെടുക്കേണ്ടി വരും. ഇവിടെ ദൈവം കൈവിട്ടു എന്നു പറയുന്നത് വിശ്വാസത്തിനു എതിരായി വ്യാഖ്യാനിക്കേണ്ടതില്ല. മനുഷ്യൻ അവന്റെ സൂക്ഷ്മമായ വിവേകം യഥാസമയം ഉപയോഗിക്കാൻ ഉത്തരവാദപ്പെട്ടവനാണ് എന്ന് അറിയുകയാണ് വേണ്ടത്.

രോഗം ഒരു സുവിശേഷമാണ്. ബലിഷ്ഠമെന്ന് കരുതിയിരുന്ന ശരീരത്തിന്റെ മിഥ്യകൾ ഒന്നൊന്നായി താഴെ വീണുടയുന്നത് രോഗിക്ക് കേൾക്കാം. ശരീരത്തിന്റെ സൗന്ദര്യവൽക്കരണവും കവിതയും വെറും സ്വപ്നങ്ങളാണെന്ന് തിരിച്ചറിയാം. രോഗം വൈത്തെ സൃഷ്ടിക്കുന്നു. അതുവരെ കാണാത്ത ഒരു പ്രതീക്ഷ രോഗിയെ സ്വാധീനിക്കുന്നു. അയാൾ പ്രബുദ്ധനാണ്. ഡോക്റ്റർ അനുഭവിക്കാത്തത് അയാൾ അനുഭവിക്കുന്നു.

കവിത

കവി ശങ്കരൻ കോറോം കഴിഞ്ഞ ജനുവരിയിൽ പുറത്തിറങ്ങിയ 'പ്രഭാവം' മാസികയിൽ എഴുതിയ കവിത 'പിന്നെയും' ആശ്ചര്യകരമായി എന്നറിയിക്കട്ടെ. അദ്ദേഹം കൊറോണയുടെ ദുരിതം മുൻകൂട്ടി കണ്ടിരുന്നോ? കൊറോണയുടെ സൂചനയൊന്നുമില്ല കവിതയിൽ. എന്നാൽ കവിതയിലാകെ നിറയുന്നത് വീട്ടിലേക്ക് മടങ്ങണമെന്ന ആഗ്രഹമാണ്. കൊറോണക്കാലത്ത് ഭൂരിപക്ഷവും സ്വവസതിയിലോ, താത്കാലിക വസതിയിലോ കഴിയുകയാണല്ലോ. ആ നിലയ്ക്ക് ഈ കവിത ഏതോ കഷ്ടതയെ മുൻകൂട്ടി കണ്ടു എന്ന് അനുമാനിക്കാം. കവിത പൂർണമായി ഇവിടെ ഉദ്ധരിക്കുകയാണ്:

'പിന്നെയും
വീട്ടിലേക്കു തന്നെ മടങ്ങുന്നു.
പലനാടു ചുറ്റി,
പല വഴികളിലലഞ്ഞ്
പല കൂട്ടുചേർന്ന്
പല രുചികൾ നുകർന്ന്
പല കാഴ്ചകൾ കണ്ട്
പല വർണത്തിലലിഞ്ഞ്
പലയിടങ്ങളിലുറങ്ങി...
പിന്നെയും,
ഉറങ്ങിയും കഴിഞ്ഞ
പല ഉരു കയറിയിറങ്ങിയ
പുക പിടിച്ച് നിറം കെട്ട,
ഇടുങ്ങി, ഉയരം കുറഞ്ഞ
പഴയ
വീട്ടിലേക്ക് തന്നെ മടങ്ങുന്നു!'

എന്തായാലും, ഈ കവിത ഫലിച്ചു !

ഫിസിയോ തെറാപ്പിസ്റ്റായ കവി പി.കെ. ഗോപിയുടെ 'ഒച്ചുകളുടെ വഴിയമ്പലം' തീവ്രമായ നിരാശയും പതനചിന്തയുമാണ് പകരുന്നത്. കാലം ഒരു നിരാശ്രയ മനസിലേൽപ്പിക്കുന്ന ക്ഷതങ്ങൾ കവി പരിശോധിക്കുകയാണ്. ലോകത്തിന്റെ ദുരയുടെയും ക്രൂരതയുടെയും വേഗത്തിൽ മനം നൊന്ത് വേഗം കുറഞ്ഞുപോയ ഒരു ഒച്ചാണ് താനെന്ന് കവി പരിതപിക്കുന്നു. മലിനവസ്തുക്കളിലും ചിന്തകളിലും സ്വയം നഷ്ടപ്പെടുത്തി കളയാത്തവർക്ക് ഇന്നത്തെ സാംസ്കാരിക കാലാവസ്ഥയിൽ ഒച്ചാകാനേ നിർവാഹമുള്ളു. സാഹിത്യകലയിൽപ്പോലും സംസ്കാരമില്ലാത്തവരുടെ അതിവേഗ വ്യഗ്രതയും പദധാരാളിത്തവുമാണല്ലോ പ്രാധാന്യം നേടുന്നത്. കവിതയിലെ ഈ വരികൾ നോക്കൂ:

'ഒളിച്ചുവയ്ക്കാനൊന്നുമില്ലാത്ത
ദീർഘയാത്രയുടെ
സഹനപഥങ്ങളിൽ
പരാക്രമികളുടെ പല്ലക്കിനു
വഴിമാറിക്കൊടുക്കാൻ
യാതൊരു പ്രയാസവുമില്ല.
ചവിട്ടിയരയ്ക്കാതെ
വെറുതെ വിടുമെങ്കിൽ
സമാധാനത്തിന്റെ സംഗീതത്തെ
മണ്ണിനും മനുഷ്യർക്കും
സമർപ്പിച്ച്
കാണാമറയത്ത് പൊയ്ക്കൊള്ളാം.'

ഈ വരികളിൽ വേറെ ചില അർഥങ്ങളും ഞാൻ കാണുകയാണ്. പി.കെ. ഗോപിയെ ചില മാധ്യമങ്ങൾ തമസ്കരിക്കുന്നുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സ്കൂൾ കുട്ടികൾ വരെ എഴുതുന്നുണ്ട്. ഗോപിയോട് എന്തിനാണ് അയിത്തം? ഇങ്ങനെയുള്ള സങ്കുചിത സമീപനങ്ങൾ ഒരു വാരികയുടെ യശസ് തകർക്കുകയേയുള്ളു.

കഥ

കെ.പി. ഉണ്ണിയുടെ 'നിർവ്വാണത്തിന്റെ ഘനരൂപങ്ങൾ' (എഴുത്ത്) ഇന്നത്തെ കഥാസാഹിത്യ രംഗത്ത് ഉന്നതമായ ഒരു സംസ്കാരം സ്വായത്തമാക്കിയിരിക്കുന്നു. ബുദ്ധനെ കാണാൻ മഹാഗണിത ശാസ്ത്രജ്ഞനായ പൈതഗോറസ് ശ്രാവസ്തിയിൽ എത്തുകയാണ്. ഇങ്ങനെയൊരു വിഷയത്തെപ്പറ്റി ആലോചിക്കുന്നതു പോലും രോമാഞ്ചമുണ്ടാക്കും. സംഗീതചികിത്സ വശത്താക്കിയ പൈതഗോറസും ജീവിതയാഥാർഥ്യങ്ങളുടെ രഹസ്യം അഴിച്ചെടുത്ത ബുദ്ധനും ഒരുമിച്ചിരിക്കുന്നത് മാനവരാശിക്ക് പ്രയോജനമുള്ള കാര്യമാണ്. കെ.പി. ഉണ്ണി മലയാള കഥയെ അതിന്റെ ഗതകാല ഭംഗികളിലേക്ക് ആനയിച്ചിരിക്കുന്നു. ഈ കഥയുടെ ആഖ്യാനത്തിൽ കണ്ടെത്തിയ ഭാഷ അതീവ ഹൃദ്യമാണ്. പ്രകൃതിയുടെ ജ്യാമിതീയ രൂപങ്ങളിലേക്കും അതിന്റെ അനിഷേധ്യമായ ഗണിത സൂത്രങ്ങളിലേക്കും പൈതഗോറസ് മടങ്ങിയെന്ന് എഴുതുന്നത് ഒരു മഹിമയോടെയാണ്. ബുദ്ധൻ ഇങ്ങനെ പറയുന്നു:

'മരണം ജീവിതത്തിന്റെ അവസാനമല്ല, ഒഴുകുന്ന നദിയിലെ ഒരു വളവായി അതിനെ കാണാവുന്നതാണ്. അതുവരെ സമ്പാദിച്ച ഒഴുക്കിന്റെ ശക്തിയിൽ അത് വളവിനെ മറികടന്ന് മുന്നോട്ടു ഒഴുകുന്നു. ഒരു വിളക്കിൽ നിന്ന് മറ്റൊന്നിലേക്ക് വെളിച്ചം പകരുന്നതു പോലെ വേണമെങ്കിൽ മരണത്തെയും മരണശേഷത്തെയും കാണാം'.

ആത്മീയവിശുദ്ധി നല്കുന്ന കഥയാണിത്.

എന്നാൽ സന്തോഷ് ജെ.കെ.വി എഴുതിയ 'ഒരു പാലാക്കാരന്റെ എളിയ പ്രാർത്ഥന' (ഭാഷാപോഷിണി) ഏശിയില്ല. കഥയെ വളരെ ലാഘവത്തോടെ കാണുകയാണ് സന്തോഷ്. ഫ്രീസറിൽ കിടക്കുന്ന ഒരു പാലാക്കാരന്റെ വിചാരങ്ങളാണ് ഇതിലുള്ളത്. ഒരാൾക്ക് മരണാനന്തരം ഇത്രയും മണ്ടത്തരം തട്ടിവിടാനൊക്കുമോ? ഫ്രീസറിൽ കിടന്നുകൊണ്ട് മരണത്തെ കളിയാക്കുന്ന മലയാളിയെ ആദ്യം കാണുകയാണ്. പാലാക്കാരുടെ ഭാഷ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. പക്ഷേ, ഇതിൽ നിന്ന് കഥ എന്ന നിലയിൽ വായനക്കാരനു ഒന്നും കിട്ടാനില്ല. കഥാകാരൻ ഫലിതമെന്ന രീതിയിൽ പറയുന്ന കാര്യങ്ങൾ വായനക്കാരനെ മടുപ്പിക്കുകയാണ്. ഇതു പോലുള്ള കഥകളുടെ കാലം എന്നേ കഴിഞ്ഞതാണ്.

കൊടുങ്ങല്ലൂർ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാള സാഹിത്യത്തിലെ ഒരു മഹാപുരുഷനാണ്. അദേഹം 'മഹാഭാരതം' സമ്പൂർണമായി വൃത്താനുവൃത്തം പരിഭാഷപ്പെടുത്തിയതിനെക്കുറിച്ച് എം.ടി ആദരവോടെ ഇങ്ങനെ എഴുതുന്നു:

'എന്നെ അമ്പരിപ്പിച്ച കവിയാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. അദ്ദേഹത്തിന്റെ മഹാഭാരത പരിഭാഷ എന്തൊരു അത്ഭുതമാൺ! 1,24,000 ശ്ലോകങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥം 873 ദിവസം കൊണ്ട് ഒറ്റയ്ക്ക് പദാനുപദം, വൃത്താനുവൃത്തം പരിഭാഷപ്പെടുത്തുക ! മനുഷ്യ സാധ്യമല്ലാത്ത ആ പണിയാണ് തമ്പുരാൻ ചെയ്തത്. തെലുങ്കിൽ മൂന്ന് കവികൾ ചേർന്ന് പല കാലം കൊണ്ടാണ് ചെയ്തതത്രേ! തമ്പുരാന്റെ രചനയും നല്ലതാണ്.' (ഇന്ന്)

കൊടുങ്ങല്ലൂർ എന്ന സ്ഥലനാമത്തിനു നമ്മുടെ സാഹിത്യത്തിൽ നിത്യസ്മൃതി നല്കിയ തമ്പുരാൻ ഭാഷയോട് അങ്ങേയറ്റത്തെ ആത്മാർഥതയാണ് കാണിച്ചത്.

മൃത്യുവില്ല

ഭാരതീയമായ മൃത്യുസങ്കല്പത്തെപ്പറ്റി ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവൽക്യൻ ഇങ്ങനെ ഉത്തരം നല്കുന്നു: എല്ലാം മൃത്യുവിനു അന്നമാൺ. എന്നാൽ ഏത് ദേവതയ്ക്കാണോ മൃത്യു അന്നമായിട്ടുള്ളത് അത് ബ്രഹ്മമാൺ. ബ്രഹ്മാത്മൈക്യദർശനത്തിൽ മൃത്യുവിന്റെ മൃത്യു സംഭവിക്കുന്നു.

അഗ്നി സകലതിനെയും സ്പർശിക്കുന്നതുകൊണ്ട് അത് പ്രത്യക്ഷത്തിൽ മൃത്യു തന്നെയാണ്. ആ അഗ്നി അപ്പുകളാൽ (വെള്ളം) ഭക്ഷിക്കപ്പെടുന്നു. അതുകൊണ്ട് അത് മൃത്യുവാകുന്നു. അഗ്നിയെ അപ്പുകൾ ഭക്ഷിക്കുന്നു; അഗ്നി അതിന് അന്നമാണ്. എന്നാൽ മൃത്യുവും ഒരിടത്ത് നശിപ്പിക്കപ്പെടുന്നു. അത് ആത്മ, ബ്രഹ്മ സംയോജനത്തിലാൺ. പരംപൊരുളിന്റെ ഒരു അംശമാണ് തന്റെ ആത്മാവ് എന്ന് അറിയുന്നവനു പിന്നെ മൃത്യുവില്ല'.

ജീവിതത്തിലെ മൃത്യു മറ്റുള്ളവരുമായുള്ള കെട്ടുപാടിന്റെ പേരിലാണ് വലിയ വിഷയമാകുന്നത്. ജീവിതത്തേക്കാൾ വലുതാണ് മരണം എന്ന തലത്തിൽ അതിനു ഒരു ആലങ്കാരികത ലഭിക്കുന്നു. വാസ്തവത്തിൽ അങ്ങനെയൊന്നില്ല. സംവത്സരങ്ങളായി കോടാനുകോടി മനുഷ്യർ മരിച്ചു കഴിഞ്ഞു. സാമൂഹിക ബന്ധമുള്ള ഏതാനും പേർ ഒഴികെ , മറ്റെല്ലാവരും വിസ്മരിക്കപ്പെട്ടു. വിസ്മൃതിയാണ് മരണത്തെ നിസാരമാക്കി കാണിക്കുന്നത്. വിസ്മൃതി സ്വാഭാവിക പ്രകൃതിയാൺ. മനുഷ്യർ മാത്രമല്ല, എത്രയോ പുഴുക്കളും പക്ഷികളും മൃഗങ്ങളും നൂറ്റാണ്ടുകളായി ചത്തു മണ്ണടിഞ്ഞു. ആരുടെയും ഓർമകളിലില്ല. ഇവിടെയൊന്നും മൃത്യു ഒരു വലിയ പ്രതിച്ഛായയല്ല. ഈ വിസ്മൃതിയിൽ വിച്ഛേദമാണുള്ളത്. ഇത് മൃത്യുവിന്റെ മൃത്യുവാൺ. ജീവിച്ചിരുന്നിട്ടില്ല എന്നാണ് ഇവിടെ മൃത്യുവിന്റെ അർഥം. അതായത് ജീവിതവും മൃത്യുവും വേർപെടുത്താനാവാത്തതാണ്. മരിച്ചതിനു തെളിവില്ലാത്തതു കൊണ്ട് ജീവിതത്തിനും തെളിവില്ല

സഞ്ചാരം

സിനിമാ സംവിധായകനും എഴുത്തുകാരനുമായ ബാബു പെരളശേരി കൗതുകകരമായ ഒരു പഠനം നടത്തി. മലയാളികളിലെ അത്മഹത്യാവാസനയായിരുന്നു വിഷയം. മനുഷ്യസ്നേഹിയായതുകൊണ്ടു ബാബുവിന് ഇങ്ങനെ എന്തെങ്കിലും ചെയ്യാതിരിക്കാനാവില്ല. അത്മഹത്യ ചെയ്തവരുടെ ഫോട്ടോയും ബയോഡേറ്റയും ചേർത്ത് ഒരു ആൽബം തയാറാക്കായിരിക്കയാണ് ബാബു. വ്യത്യസ്തമായ സമീപനങ്ങൾ അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നു. സന്യാസിയാകാൻ പോയ ബാബുവിനെ നിത്യചൈതന്യ യതിയാണ് വിലക്കിയത്. ബാബുവിനോട് എഴുത്തിന്റെയും പുസ്തകങ്ങളുടെയും വഴിയെ പോകൂ എന്ന് അദ്ദേഹം ഉപദേശിച്ചു.

വാക്കുകൾ

ജീവിതത്തെക്കുറിച്ച് എഴുതുന്നതിന് നിങ്ങൾ അത് അനുഭവിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

- ഹെമിംഗ്‌വേ,
അമെരിക്കൻ കഥാകൃത്ത്.

എനിക്കു കഥാപാത്രത്തെക്കുറിച്ച് ഒരു അറിവുമുണ്ടായിരുന്നില്ല. എന്നാൽ വേഷം ധരിച്ച്, മേക്കപ്പ് ഇട്ടു നിന്നപ്പോൾ അതാരാണെന്നു തോന്നുമോ അയാളായി ഞാൻ മാറുകയായിരുന്നു. ഞാൻ അയാളെ അറിയാൻ തുടങ്ങി.

- ചാർളി ചാപ്ളിൻ,
ഇംഗ്ലീഷ് ചലച്ചിത്ര സംവിധായകൻ, നടൻ.

നാടകം ഒരു വെളിപ്പെടുത്തലാണ്. അത് നേരിടലാണ്; വിരുദ്ധതയാണ്. അത് വിശകലനത്തിലേക്ക് നയിക്കുന്നു. അത് നിർമാണവും തിരിച്ചറിവുമാണ്. അങ്ങനെ ബോധ്യത്തിലെത്തുകയാണ്.

- പീറ്റർ ബ്രൂക്ക്,
ഇംഗ്ലീഷ് നാടക സംവിധായകൻ.

ചിലയാളുകൾ വെറുതെ നോർമൽ ആയിരിക്കാൻ വേണ്ടി മാത്രം എത്രയോ ഊർജമാണ് ചെലവഴിക്കുന്നതെന്ന് ആർക്കുമറിയില്ല.

- ആൽബേർ കമ്യൂ,
ഫ്രഞ്ച് എഴുത്തുകാരൻ .

ഒരു ശരാശരി നായ നല്ലൊരു വ്യക്തിയാണ്, ഒരു ശരാശരി വ്യക്തിയേക്കാൾ.

- ആൻഡി റൂണി,
അമെരിക്കൻ ടെലിവിഷൻ വ്യക്തിത്വം.

കാലമുദ്രകൾ



എം.കെ. അർജുനൻ.

വരികളിൽ സംഗീതം പ്രവഹിപ്പിക്കുകയും അത് അനുവാചകന്റ രക്തത്തിലേക്ക് കടത്തിവിടുകയും ചെയ്യുന്നത് നവീന ഗാനശാഖയിൽ ഒരു മാജിക്കാണ്. അതറിയാവുന്ന സംഗീത സംവിധായകനായിരുന്നു അർജുനൻ മാസ്റ്റർ.

കലിംഗ ശശി.

ലിജോ ജോസ് പെല്ലിശ്ശേരിയുടെ 'ആമേൻ' എന്ന ചിത്രത്തിൽ ശശി ഇഫ്ക്റ്റുണ്ട്. ഏതാനും പ്രതിമകൾ വട്ടം കൂടിയിരിക്കുന്നിടത്തേക്ക് ശശി മദ്യവുമായി കടന്നു വന്ന് ഗ്ലാസ്സിൽ പകർന്നു കഴിക്കുന്ന രംഗം. ഒരു സിനിമാറ്റിക് പര്യവേക്ഷണമാണിത്. പ്രതിമകളോട് 'എടുത്തു കഴിക്കൂ' എന്ന് അദ്ദേഹം പറയുന്നത് പ്രേക്ഷകനെ തുളച്ചുകയറുന്ന ഒരസ്ത്രമായി മാറി.

എസ്.എൽ. പുരം സദാനന്ദൻ.

'ചെമ്മീൻ' സിനിമയുടെ തിരക്കഥ എഴുതിയ എസ്.എൽ. പുരം ആ ചിത്രത്തിന്റെ വിജയത്തിന്റെ സുപ്രധാന ഘടകമാണ്. എന്നാൽ പ്രേക്ഷകനും സിനിമാലോകവും അത് മറന്നുപോകുന്ന തരത്തിൽ, ആ തിരക്കഥയിൽ മാന്ത്രികമായി സ്വയം മറഞ്ഞിരിക്കുകയാണ് ഈ എഴുത്തുകാരൻ.

കാക്കനാടൻ.

ജാപ്പാണാ പുകയില, ശ്രീചക്രം, അശ്വത്ഥാമാവിന്റെ ചിരി തുടങ്ങിയ കഥകളിൽ കാക്കനാടൻ അവതരിപ്പിച്ച ഒരു നവീനശൈലി ആധുനികതയുടെ ആരവമാകുകയായിരുന്നു.



കേശവദേവ്.

കേശവദേവിന്റെ 'ഓടയിൽ നിന്ന്' എന്ന നോവലിലെ പപ്പു ആർക്കു വേണ്ടിയാണ് റിക്ഷ വലിച്ച് രോഗബാധിതനായത്? തന്റെ ആരുമല്ലാത്ത ഒരു സ്ത്രീക്കും മകൾക്കും വേണ്ടി. ആരെയെങ്കിലും സ്നേഹിച്ചുകൊണ്ടേ തനിക്കു ജീവിക്കാനൊക്കൂ എന്ന് വിളംബരം ചെയ്യുന്ന പപ്പു നമ്മുടെ ഇരുണ്ട കാലത്തിലെ ഒരു വെള്ളിനക്ഷത്രമാണ്.

ആനുകാലികം

ഓരോ കർമത്തിന്റെയും പിറകിൽ ഒരു ആത്മീയത വേണമെന്ന് മെട്രോ മാൻ ഇ. ശ്രീധരൻ (ഗുരുപ്രഭ) അഭിപ്രായപ്പെടുന്നു. "ഞാൻ വെറുമൊരു സിവിൽ എൻജിനീയറിങ് ഗ്രാജ്വേറ്റ് മാത്രമാണ്. ഹയർ സ്റ്റഡീസ് ചെയ്തിട്ടില്ല. മാനെജ്മെന്റ് സ്റ്റഡീസിനു പോയിട്ടില്ല. പക്ഷേ ചെയ്യുന്ന കർമങ്ങൾ എപ്പോഴും ആത്മാർഥതയോടെ ചെയ്യുക. ഫലം അന്വേഷിച്ച് ചെയ്യരുത്. നമുക്കെന്തെങ്കിലും പ്രത്യേകിച്ചൊരു റെകഗ്നിഷനോ, റിവാർഡോ, അപ്രീസിയേഷനോ പ്രതീക്ഷിച്ചു ചെയ്യരുത്".

മനസിൽ സമാധാനത്തിന് ഒരിടമുള്ളതുകൊണ്ടാണ് ശ്രീധരന് ഇങ്ങനെ പറയാൻ കഴിയുന്നത്. കർമത്തോടുള്ള നിസീമമായ ആത്മാർഥത ഉണ്ടാവുമ്പോൾ, ബാഹ്യമായ പ്രലോഭനങ്ങൾ തനിയെ ഇല്ലാതാകും. സ്വന്തം പ്രജ്ഞയോടാണ് മത്സരം ഉണ്ടാകേണ്ടത്. കൂടുതൽ സർഗശേഷി പുറത്തെടുക്കുന്നതിൽ ഒരു വിട്ടുവീഴ്ച ഉണ്ടാകരുത്. കർമം നമ്മുടെ തന്നെ ഒരു പ്രതിനിധാനമാകുമ്പോൾ, അത് വേറൊരു ഫലം കൊണ്ടുവരേണ്ടതില്ല. ആ കർമം തന്നെയാണ് പ്രതിഫലം. ജീവിക്കാനുള്ള വേതനം വേണ്ട എന്നല്ല അർഥം. കർമത്തിന് അതിന്റെ ഫലം അതിൽ നിന്നു തന്നെ ലഭിക്കേണ്ടതുണ്ട്. ഒരു ചിത്രം വരയ്ക്കുമ്പോൾ അതിന്റെ വിലയല്ല പ്രതിഫലം; ആ ചിത്രം സൗന്ദര്യാത്മകമായ തലത്തിൽ എത്രത്തോളം വിജയിക്കുന്നുണ്ടോ അതാണ് പ്രതിഫലം.

'അക്ഷരജാലക'ത്തിലെ വിമർശനം വ്യക്തികളെയല്ല ഉദ്ദേശിച്ചിട്ടുള്ളത്; അത് വ്യക്തികളുടെ മേലങ്കിയണിഞ്ഞു വരുന്ന ചിന്തകളെയാണ് നേരിടുന്നത്. വ്യക്തതയ്ക്കു വേണ്ടിയാണ് വ്യക്തികളെ പരാമർശിക്കുന്നത്. ഇക്കാര്യത്തിൽ സുഹൃദ്ബന്ധം നോക്കരുതെന്നാണ് പ്രമാണം. എന്നെ പ്രചോദിപ്പിക്കാത്ത ഒരു കഥയെക്കുറിച്ച് എനിക്കെഴുതാനാവില്ല. മൂന്നു കഥകൾ തുടർച്ചയായി നിരാശപ്പെടുത്തുകയാണെങ്കിൽ ഞാൻ മൂന്നു വർഷത്തേക്ക് ആ എഴുത്തുകാരന്റെ കഥകൾ വായിക്കാതിരിക്കും. വലിയ ബാനറുകൾ നോക്കാറേയില്ല. ചിലർ ആസൂത്രിതമായി കഥാകാരന്മാരെ സൃഷ്ടിക്കുകയും അവർ മാത്രം ഇനി എഴുതിയാൽ മതിയെന്ന് സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. ഇതിനോടു യോജിക്കാനാവില്ല.

ദർശനം

കാമം

സകലകാമങ്ങളും പ്രാപഞ്ചികമാണെങ്കിലും അതിനെ വ്യവച്ഛേദിച്ച് മാനുഷികമാക്കേണ്ടത് മനുഷ്യവ്യക്തിയുടെ നവസദാചാരമാണ്.

പെണ്ണ്

പ്രേമത്തിലും ജീവിതത്തിലും ഒരിക്കലെങ്കിലും, ഒരു നിമിഷമെങ്കിലും പെണ്ണ് അവളുടെ മനസ് തരാതിരിക്കില്ല.

ജീവിതം

ജീവിതം ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ വിഭജിക്കപ്പെട്ടത് വലിയൊരു ചതിയാണ്. ഒരു സ്ഫടിക ശില്പവ്യാപാര കേന്ദ്രത്തിൽ ചെല്ലുമ്പോൾ ഏതെടുക്കണം എന്ന് ശങ്കിക്കുന്ന പോലെയുള്ള ഒരവസ്ഥയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കയാണ് ഈ ത്രികാലങ്ങൾ.

കണ്ണുകൾ

ഒരു ശിശു കണ്ണുകൾ കൊണ്ട് പറയാൻ ശ്രമിക്കുന്നതും ഒരു വൃദ്ധന്റ കണ്ണുകളുടെ വർത്തമാനവും ഒരേ സജീവതയിലും വിവേകത്തിലുമാണുള്ളത്.

മനുഷ്യൻ

മനുഷ്യൻ ഒരു നേർരേഖയായി പോകുകയാണ്. ഒരിടത്തും സന്ധിക്കുകയോ മറ്റൊന്നാകുകയോ ചെയ്യാതെ അവൻ ശൂന്യതയെ ലക്ഷ്യം വച്ച് നടന്നുകൊണ്ടിരിക്കുന്നു .

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547



തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിലുള്ള മൂന്നാമത്തെ ജനകീയ ഹോട്ടൽ വള്ളക്കടവ് എൻഎസ് ഡിപ്പൊയിൽ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്യുന്നു.

കെ.ബി. ജയചന്ദ്രൻ

മൂന്നരവയസുകാരന് ഒട്ടകപ്പാൽ വേണം; ആവശ്യം സാധിച്ച് റെയ്ൽവേ

പശുവിൻപാൽ അലർജിയുള്ള കുട്ടിക്ക് പാൽ എത്തിച്ചത് രാജസ്ഥാനിൽ നിന്ന്

മുംബൈ: പശുവിൻപാൽ അലർജിയുള്ള മൂന്നര വയസുകാരന് രാജസ്ഥാനിൽ നിന്ന് 20 ലിറ്റർ ഒട്ടകപ്പാൽ എത്തിച്ച് ഇന്ത്യൻ റെയ്ൽവേ. മുംബൈ നഗരത്തിൽ താമസിക്കുന്ന കുട്ടിക്കാണ് രാജസ്ഥാനിലെ സാദ്രിയിൽ നിന്നു റെയ്ൽവേ പാൽ എത്തിച്ചത്. കുട്ടിയുടെ അമ്മ പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ടീറ്റിലൂടെ നടത്തിയ അഭ്യർഥനയെത്തുടർന്നായിരുന്നു റെയ്ൽവേയുടെ സഹായഹസ്തം.

ഓട്ടിസവും അലർജിയുമുള്ള മൂന്നര വയസുകാരന് ഒട്ടകപ്പാലും പയർവർഗങ്ങളും മാത്രമാണ് ജീവൻ നിലനിർത്താൻ ആശ്രയം. പശുവിന്റെയോ ആടിന്റെയോ എരുമയുടെയോ പാൽ കുടിച്ചാൽ ജീവൻ അപകടത്തിലാവുന്നത്ര ഗുരുതരമാണ് അലർജി. 21 ദിവസത്തേക്ക് അടച്ചിടൽ പ്രഖ്യാപിച്ചതോടെ മുംബൈ മാർക്കറ്റിൽ ഒട്ടകപ്പാൽ കിട്ടാതായി. ഇതോടെ കുട്ടിയുടെ അമ്മ പ്രധാനമന്ത്രിയോട് അഭ്യർഥന നടത്തുകയായിരുന്നു. ഒട്ടകപ്പാലോ ഒട്ടകപ്പാൽപ്പൊടിയോ വേണമെന്നായിരുന്നു അഭ്യർഥന. രാജസ്ഥാനിലെ സാദ്രിയിൽ നിന്നാണ് ഇവ മുംബൈ മാർക്കറ്റിലെത്തുന്നത്. കഴിഞ്ഞ നാലിനു നടത്തിയ അഭ്യർഥന പ്രധാനമന്ത്രിയുടെ ഓഫിസ് ഇന്ത്യൻ റെയ്ൽവേയെ അറിയിച്ചു. തുടർന്ന് രാജസ്ഥാനിൽ നിന്നു ചരക്കു കൊണ്ടുവരുന്ന ട്രെയ്നിൽ പാൽ എത്തിക്കുകയായിരുന്നെന്നും കുട്ടിക്കും സമാന സാഹചര്യത്തിൽ ജീവിക്കുന്ന മറ്റൊരു വ്യക്തിക്കും പാൽ കൊടുത്തെന്നും മുതിർന്ന ഐപിഎസ് ഓഫിസർ അരുൺ ബോത്ര അറിയിച്ചു. റെയ്ൽവേ ഉദ്യോഗസ്ഥൻ തരുൺ ജയിനും അദ്ദേഹം നന്ദി പറഞ്ഞു.

കശ്മീരിൽ ആരോഗ്യ പ്രവർത്തകയ്ക്കു നേരേ ആക്രമണം

ശ്രീനഗർ: ജമ്മു കശ്മീരിലെ അനന്ത്നാഗിൽ കൊവിഡ് 19 നിരീക്ഷണത്തിലുള്ള വ്യക്തിയിൽ നിന്നു സ്രവ സാംപ്ൾ ശേഖരിക്കാൻ ചെന്ന ആരോഗ്യ പ്രവർത്തകയ്ക്കു നേരേ ആക്രമണം. ആശ എന്ന യുവതിയെയാണ് അനന്ത് നാഗിലെ പ്രമുഖ കുടുംബം വളഞ്ഞിട്ടാക്രമിച്ചതെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വിദേശയാത്ര നടത്തിയ കുടുംബാംഗങ്ങൾ ദിവസങ്ങളായി നിരീക്ഷണത്തിലായിരുന്നു.

പഞ്ചാബിലെ പട്യാലയിൽ കർഫ്യൂ ലംഘിച്ചവരെ ചോദ്യം ചെയ്ത പൊലീസുകാരൻ ആക്രമിക്കപ്പെട്ടതിനു പിന്നാലെയാണ് കശ്മീരിൽ ആരോഗ്യ പ്രവർത്തക ആക്രമിക്കപ്പെട്ടത്. നേരത്തേ, ബദ്ഗാമിലെ ഷെയ്ഖ്പോരയിൽ കൊവിഡ് പരിശോധനക്കെത്തിയ ആരോഗ്യ പ്രവർത്തകരുടെ സംഘത്തെ വീട്ടുകാർ ബന്ദികളാക്കിയതു വലിയ സംഘർഷത്തിനിടയാക്കിയിരുന്നു. ഇവരെ മോചിപ്പിക്കാനെത്തിയ പൊലീസിനു നേരേ വീട്ടുകാർ കല്ലെറിഞ്ഞു. തുടർന്നു ലാത്തിച്ചാർജ് നടത്തിയാണു സംഘത്തെ മോചിപ്പിച്ചത്.

യുഎസിൽ കുടുങ്ങിയത് 2.5 ലക്ഷം വിദ്യാർഥികൾ

വാഷിങ്ടൺ ഡിസി: അടച്ചുപൂട്ടലിനെത്തുടർന്നു വിമാന സർവീസുകൾ നിലച്ചപ്പോൾ യുഎസിൽ കുടുങ്ങിയത് രണ്ടര ലക്ഷം ഇന്ത്യൻ വിദ്യാർഥികൾ. സർവകലാശാലകൾ അടച്ചതോടെ നാട്ടിലേക്കു മടങ്ങാനിരുന്ന വിദ്യാർഥികളാണ് ഹോസ്റ്റലുകളിലും ഹോട്ടലുകളിലുമായി കുടുങ്ങിയത്. ഇവരോട് മുറിയൊഴിയാൻ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ, എല്ലാവരും തത്കാലം നിലവിൽ താമസിക്കുന്നിടത്തുതന്നെ തുടരാൻ യുഎസിലെ ഇന്ത്യൻ സ്ഥാനപതി തരൺജീത് സിങ് സന്ധു നിർദേശിച്ചു. അന്താരാഷ്ട്ര വിമാന സർവീസുകൾ പുനരാരംഭിക്കുന്നതു വരെ ഇപ്പോൾ താമസിക്കുന്ന ഇടങ്ങളിൽ തുടരാനാണു നിർദേശം. ഇതേക്കുറിച്ചു യുഎസ് അധികൃതരുമായി ചർച്ചകൾ നടത്തിവരികയാണെന്ന് 500ഓളം ഇന്ത്യൻ വിദ്യാർഥികളുമായി ഇൻസ്റ്റഗ്രാമിലൂടെ നടത്തിയ കോൺഫറൻസിങ്ങിൽ അദ്ദേഹം പറഞ്ഞു.

വിദ്യാർഥികളുടെ വിസ നീട്ടുന്നതും യാത്രാ പുനഃക്രമീകരണവും സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണ്. തത്കാലം ആശങ്ക വേണ്ടെന്നും വിമാന സർവീസ് തുടങ്ങുമ്പോൾ യാത്രയ്ക്ക് സൗകര്യം ഏർപ്പെടുത്താമെന്നും സന്ധു അറിയിച്ചു.

ഓൺലൈൻ വിവാഹങ്ങൾക്ക് യുഎഇ

ദുബായ്: സഞ്ചാര നിയന്ത്രണത്തിന്റെ സാഹചര്യത്തിൽ വിവാഹങ്ങൾ ഓൺലൈനിലൂടെ നടത്തിക്കൊടുക്കാൻ യുഎഇ സംവിധാനമേർപ്പെടുത്തി. പുരോഹിതനുമായി വിഡിയോ ലിങ്കിലൂടെ ബന്ധപ്പെട്ടാണ് ഓൺലൈൻ വിവാഹച്ചടങ്ങ് നടത്തുക. വിവാഹിതരാകുന്നവർക്ക് ഇതിനുള്ള തീയതി മുൻകൂട്ടി നിശ്ചയിച്ചുവാങ്ങാം. ഇതിനുള്ള പേപ്പറുകൾ സമർപ്പിക്കേണ്ടതും അംഗീകരിക്കേണ്ടതും ഓൺ ലൈനിലൂടെ തന്നെ. ദമ്പതികളെയും സാക്ഷികളെയും പുരോഹിതൻ വ്യക്തമായി തിരിച്ചറിഞ്ഞിട്ടുണ്ടെന്നു ബോധ്യപ്പെട്ടാലേ വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കൂ. ടെക്സ്റ്റ് മെസേജ് വഴിയാണ് വിവാഹ സർട്ടിഫിക്കറ്റ് കൺഫർമേഷൻ ദമ്പതികൾക്കു ലഭിക്കുകയെന്നും ഔദ്യോഗിക വാർത്താ ഏജൻസി 'വാം' പറയുന്നു.

ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ വിവാഹങ്ങളും വിവാഹ മോചനങ്ങളും നടത്തിക്കൊടുക്കുന്നത് സസ്പെൻഡ് ചെയ്തതായി ദുബായ് നേരത്തേ പ്രഖ്യാപിച്ചിരുന്നു. വിവാഹത്തിന്റെ നടപടികൾ പൂർത്തിയായവർക്ക് ഏറ്റവും അടുത്ത ബന്ധുക്കളെ മാത്രം വച്ച് ചടങ്ങു നടത്താം. എന്നാൽ, വിവാഹസത്കാരങ്ങൾ നടത്താനാവില്ലെന്നും നീതിന്യായ വിഭാഗം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് യുഎഇ നീതിന്യായ മന്ത്രാലയം ഓൺലൈൻ വിവാഹത്തിന് സംവിധാനമൊരുക്കുന്നത്.

കൊറോണ വ്യാപനം തടയാൻ കടുത്ത നിയന്ത്രണങ്ങളാണ് യുഎഇയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ദുബായിൽ അവശ്യ സേവന മേഖലയിൽ ജോലിയെടുക്കുന്നവർക്കും ഭക്ഷണവും മരുന്നും പോലുള്ള അത്യാവശ്യ കാര്യങ്ങൾക്കും വേണ്ടി മാത്രമേ സഞ്ചാരം അനുവദിക്കൂ. 3,700ലേറെ കൊറോണ കേസുകളാണ് യുഎഇയിലുള്ളത്. ഇരുപതു പേർ മരിച്ചു.

മാസ്ക് ഉപയോഗിക്കുക, വിവേകത്തോടെ

തിരുവനന്തപുരം: കൊറോണ വൈറസ് വ്യാപനത്തെ പ്രതിരോധിക്കാൻ സഹായകമായ മാസ്ക് ഉപയോഗം വിവേകത്തോടെ ആയിരിക്കണമെന്നും അതിന്റെ അമിത ഉപയോഗം പാടില്ലെന്നും എച്ച്1എൻ1- കൊറോണ സംസ്ഥാന നോഡൽ ഓഫിസർ ഡോ. അമർ ഫെറ്റിൽ. അ ച്ചുപൂട്ടിയ സാഹചര്യങ്ങളിലും . ക്കു കട, ലിഫ്റ്റ്, തിരക്കേറിയ കെട്ടിടം തുടങ്ങി നിരവധി ആളുകളുള്ള പരിമിതമായ സ്ഥലത്തും മാസ്ക് ഉപയോഗിക്കാം. വിശാലമായ സ്ഥലത്ത് ഇതിന്റെ ആവശ്യമില്ല. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മതിയായ മുൻകരുതലുകൾ സ്വീകരിക്കാത്തവരാണ് ചുറ്റിലുമുള്ളതെങ്കിൽ മാസ്ക് ഉപയോഗിക്കണമെന്നും അദ്ദേഹം അറിയിച്ചു.

പനി, ശ്വാസതടസം എന്നിവയുള്ളവരും കൊവിഡ് ബാധിതരും സർജിക്കൽ മാസ്ക് ഉപയോഗിക്കണം. കൊവിഡ് പരിശോധനയ്ക്കായി പോകുമ്പോഴും, മാസ്ക് ധരിക്കാനാകാത്ത രോഗബാധിതരെ പരിചരിക്കുമ്പോഴും ഇത് ഉപയോഗിക്കാം. ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന സർജിക്കൽ മാസ്ക് കേടുപറ്റിയാൽ മാറ്റി പുതിയത് ഉപയോഗിക്കണം. രണ്ട്, മൂന്ന് അടുക്കുകളുള്ള ഇത്തരം മാസ്കുകൾ സ്പ്രേ, സ്പ്ലാഷസ്, സ്രവങ്ങൾ എന്നിവയിൽ നിന്നും പ്രതിരോധിക്കുന്നു. ധരിക്കുന്ന വ്യക്തിയിൽ നിന്നും അണുബാധ മറ്റുള്ളവരിലേക്കെത്തുന്നതിനേയും ഇത് തടയുന്നു. തുണി മാസ്കുകൾ വീട്ടിൽ തയാറാക്കാം. രോഗലക്ഷണങ്ങൾ പ്രകടമാക്കാത്തവർ സംസാരിക്കുമ്പോഴോ ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ വ്യാപിക്കുന്ന രോഗാണുവിനെ പ്രതിരോധിക്കുന്നതിന് ഇവ സഹായകമാണ്. മറ്റു മാസ്കുകൾ ഉപയോഗിക്കാത്ത സാഹചര്യത്തിൽ ഇവ നല്ലതാണ്.

സാമൂഹ്യ അകലം പാലിക്കാൻ പ്രയാസമുള്ള സന്ദർഭങ്ങളിൽ മാസ്ക് സുരക്ഷിതത്വം നൽകുന്നു. പ്രശ്നബാധിത പ്രദേശങ്ങളിലുള്ളവർക്ക് പലചരക്കു കട, മെഡിക്കൽ സ്റ്റോർ പോലുള്ള പൊതുയിടങ്ങളിൽ പോകേണ്ടിവരുന്ന സാഹചര്യത്തിൽ തുണി മാസ്കുകൾ സഹായകമാണ്. രണ്ടു വയസിനു താഴെയുള്ള കുഞ്ഞുങ്ങൾ, ശ്വാസംമുട്ടുള്ളവർ, അബോധാവസ്ഥയിലുള്ളവർ, സ്വന്തമായി മാസ്ക് അഴിച്ചെടുക്കാൻ കഴിയാത്തവർ എന്നിവർ തുണി മാസ്ക് ഉപയോഗിക്കരുത്- ഡോ. അമർ വ്യക്തമാക്കി.

സ്പ്രേ, സ്പ്ലാഷസ്, സ്രവങ്ങൾ തുടങ്ങിയവ പ്രതിരോധിക്കുന്നതിനു പുറമേ വൈറസ്, ബാക്റ്റീരിയ പോലുള്ള 95 ശതമാനം സൂക്ഷ്മ പദാർഥങ്ങളേയും തടയുവാൻ എൻ95 മാസ്കുകൾ സഹായകമാണ്. വളരെ ഇറുകിയ ഇത്തരം മാസ്കുകൾ പൊതുജനങ്ങളുടെ ഉപയോഗത്തിനു വേണ്ടിയുള്ളതല്ല. എന്നിരുന്നാലും അപൂർവംചിലർ ഇത് ഉപയോഗിക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇത് ആരോഗ്യപരിരക്ഷാ പ്രവർത്തകരും രോഗികളുമായി നേരിട്ട് സമ്പർക്കത്തിലുള്ളവരുമാണ് ഉപയോഗിക്കേണ്ടത്. ഇത് ചെലവേറിയതാണെന്നും അദ്ദേഹം പറഞ്ഞു.

അഹമ്മദാബാദിൽ മാസ്ക് ധരിച്ചില്ലെങ്കിൽ 5000 രൂപ പിഴ

അഹമ്മദാബാദ്: കൊവിഡ് രോഗികൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടിയെടുക്കാൻ അഹമ്മദാബാദ് മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം. പുറത്തിറങ്ങുന്നവർ മാസ്ക് ധരിച്ചില്ലെങ്കിൽ 5000 രൂപ പിഴയടക്കേണ്ടിവരും. അല്ലെങ്കിൽ മൂന്നു വർഷം ജയിൽ ശിക്ഷ. പകർച്ചവ്യാധി പ്രതിരോധ നിയമപ്രകാരമാണ് ഈ ശിക്ഷ നിശ്ചയിച്ചതെന്ന് മുനിസിപ്പൽ കമ്മിഷണർ വിജയ് നെഹ്റ പറഞ്ഞു.

ഇന്നു രാവിലെ ആറു മുതലാണ് നഗരത്തിൽ മാസ്ക് ധരിക്കണമെന്നതു നിർബന്ധമാക്കുന്നത്. വീടുകളിൽ നിർമിച്ച മാസ്കുകൾ ധരിക്കാം. അതും ലഭ്യമായില്ലെങ്കിൽ തൂവാല കൊണ്ട് മൂക്കും വായും മൂടുകയെങ്കിലും വേണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. ഗുജറാത്തിൽ ഏറ്റവും കൂടുതൽ രോഗബാധിതരുള്ളത് അഹമ്മദാബാദിലാണ്. ഇന്നലെ രോഗം സ്ഥിരീകരിച്ച 19 പേരടക്കം മൊത്തം 266 പേരാണ് നഗരപരിധിയിൽ. ഇതുവരെ 11 പേർ അഹമ്മദാബാദിൽ മരിച്ചു കഴിഞ്ഞു. രോഗവ്യാപനം തടയാനുള്ള കഠിന പരിശ്രമത്തിലാണു സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപന അധികൃതരും.

ഗുജറാത്തിലെ മൊത്തം കൊവിഡ് ബാധിതർ 493 ആയി ഉയർന്നിട്ടുണ്ട്. 23 പേർ മരിച്ചു. ഇന്നലെ 25 പേർക്കാണു രോഗം സ്ഥിരീകരിച്ചത്. അഹമ്മദാബാദ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രോഗബാധിതരുള്ളത് വഡോദരയിലാണ്- 95. സൂററ്റ് 28, ഭാവ്നഗർ 23, രാജ്കോട്ട് 18, പത്താൻ 14 എന്നിങ്ങനെയാണ് രോഗികൾ ഇരട്ടയക്കത്തിലെത്തിയ സ്ഥലങ്ങൾ. സംസ്ഥാനത്തു രോഗം ബാധിച്ചവരിൽ 33 പേർ മാത്രമേ വിദേശയാത്ര ചെയ്തവരായുള്ളൂ. 32 പേർ മറ്റു സംസ്ഥാനങ്ങളിൽ പോയവരാണ്.

ബാക്കി 428 പേർക്കും നാട്ടിലെ സമ്പർക്കത്തിൽ നിന്നു രോഗം വന്നു എന്നത് സമൂഹ വ്യാപനമെന്ന ആശങ്കയുണ്ടാക്കുന്നുണ്ട്. അഹമ്മദാബാദിൽ കർശനമായി രോഗം നിയന്ത്രിച്ചില്ലെങ്കിൽ വലിയ ആപത്താവുമെന്ന തിരിച്ചറിവിലാണ് അധികൃതർ. വ്യാപകമായ തോതിൽ കൊവിഡ് പരിശോധനകൾ നടത്തുന്നുണ്ട്.

വിമാന സർവീസ്: നിർദേശങ്ങളുമായി സിഐഎസ്എഫ്



കർശന സുരക്ഷാ സംവിധാനങ്ങൾ വേണം

സ്വന്തം ലേഖകൻ

മട്ടാഞ്ചേരി: കൊവിഡ് ലോകമാകെ നാശം വിതക്കുന്ന പശ്ചാത്തലത്തിൽ ലോക്ക് ഡൗണിന് ശേഷം വിമാന യാത്രക്കാർക്കായി ഒരുക്കേണ്ട സംവിധാനങ്ങളെ സംബന്ധിച്ച് കേന്ദ്ര വ്യവസായ സുരക്ഷാ സേന (സിഐഎസ്എഫ്) സുപ്രധാന നിർദേശങ്ങൾ നൽകി.

ലോക്ക് ഡൗണിന് ശേഷം വ്യോമ ഗതാഗതം പുനരാരംഭിച്ചാൽ വലിയ തിരക്കായിരിക്കും അനുഭവപ്പെടുക. അതിലൂടെ വൈറസ് വ്യാപനമുണ്ടാകാതിരിക്കാനാണ് ഈ നിർദേശങ്ങൾ. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനാണ് ഇത് സംബന്ധിച്ച നിർദേശങ്ങൾ സേന സമർപ്പിച്ചത്.

യാത്രക്കാർ കുറഞ്ഞത് രണ്ടു മണിക്കൂർ മുമ്പേ വിമാനത്താവളത്തിലെത്തി സുരക്ഷാ പരിശോധന നടത്തണം. യാത്രക്കാർക്ക് മാസ്ക്, കൈയുറകൾ, സാനിറ്റേസറുകൾ എന്നിവ വേണം. വിമാനത്താവള കവാടങ്ങളിൽ കൈകഴുകൽ സാനിറ്റേസറുകൾ സ്ഥാപിക്കണം. വിമാനങ്ങളിൽ യാത്രക്കാർക്ക് ഇരിക്കാൻ മതിയായ അകലം ഉറപ്പാക്കണം, സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുമ്പോൾത്തന്നെ വിശദമായ വിവര ശേഖരണം നടത്തണം തുടങ്ങിയവയാണ് സിഐഎസ്എഫ് നിർദേശങ്ങളെന്ന് ഡയറക്റ്റർ ജി.എ. ഗണപതിഅറിയിച്ചു.

സിവിൽ എവിയേഷൻ മന്ത്രാലയത്തിന് സമർപ്പിച്ച നിർദേശങ്ങളിൽ എവിയേഷൻ അഥോറിറ്റി ഒഫ് ഇന്ത്യ, ഡയറക്റ്റർ ജനറൽ ഒഫ് സിവിൽ എവിയേഷൻ എന്നിവരുമായി ചർച്ചകൾ നടത്തും. തുടർന്ന് വിമാന കമ്പനികൾക്കും നിർദേശങ്ങൾ നൽകും.

പഞ്ചാബിൽ പൊലീസ് ഉദ്യോഗസ്ഥന്റെ കൈവെട്ടി

ആക്രമികളെ ഗുരുദ്വാരയിൽ കയറി ഏറ്റുമുട്ടലിലൂടെ പിടിച്ചു

ചണ്ഡിഗഡ്: പച്ചക്കറി മാർക്കറ്റിൽ കർഫ്യൂ പാസ് കാണിക്കാൻ ആവശ്യപ്പെട്ടതിന് ഒരു സംഘം അക്രമികൾ പൊലീസ് ഉദ്യോഗസ്ഥന്റെ കൈവെട്ടി മാറ്റി. രണ്ടു പൊലീസുകാർക്ക് പരുക്കേറ്റിട്ടുമുണ്ട്. രക്ഷപെട്ട് ഗുരുദ്വാരയിൽ കയറിയ അക്രമികളുമായി പൊലീസിന് ഏറ്റുമുട്ടേണ്ടിവന്നു. മണിക്കൂറുകൾ നീണ്ട ശ്രമങ്ങൾക്കും പരസ്പരമുള്ള വെടിവയ്പ്പിനും ശേഷം അഞ്ച് അക്രമികളടക്കം ഏഴു പേരെ അറസ്റ്റു ചെയ്തു. നിരവധി ആയുധങ്ങളും ഗുരുദ്വാരയിൽ നിന്നു പിടിച്ചെടുത്തിട്ടുണ്ട്. അറസ്റ്റിലായ ഒരാൾക്ക് വെടികൊണ്ട പരുക്കുണ്ടെന്നും പൊലീസ്.

നിഹാംഗ മതവിഭാഗത്തിൽപ്പെട്ടവരാണ് അക്രമികളെന്നു പൊലീസ് പറഞ്ഞു. പട്യാല ജില്ലയിലെ സനോറിലാണു സംഭവം. ലോക്ഡൗൺ നിലനിൽക്കുന്നതിനാൽ മൊത്തവ്യാപാര മാർക്കറ്റ് വേലികെട്ടി തിരിച്ചിരുന്നു. കർഫ്യൂ പാസ് ഉള്ളവർക്കു മാത്രമാണു പ്രവേശനം. എസ് യുവിയിലെത്തിയ നിഹാംഗ സംഘത്തെ മാർക്കറ്റ് അധികൃതർ തടഞ്ഞു. പാസ് കാണിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഗേറ്റും വേലിയും ഇടിച്ചുതകർത്ത് അകത്തുകയറുകയായിരുന്നു. സംഭവസ്ഥലത്തുണ്ടായിരുന്ന പൊലീസിനു നേരേയും ഇവർ തിരിഞ്ഞു. എഎസ്ഐ ഹർജീത് സിങ്ങിന്റെ കൈ ഇവർ വാളുകൊണ്ട് വെട്ടിമാറ്റി. ഇരുചക്ര വാഹനത്തിലാണ് എഎസ്ഐയെ രജീന്ദ്ര ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് ശസ്ത്രക്രിയക്കായി ചണ്ഡിഗഡിലേക്കു മാറ്റി. രാവിലെ 6.15ഓടെയായിരുന്നു സംഭവം.

പട്യാലയിൽ നിന്ന് 25 കിലോമീറ്ററോളം അകലെ ബൽബേര ഗ്രാമത്തിലുള്ള നിഹാംഗകളുടെ ഗുരുദ്വാരയിലേക്കാണ് അക്രമികൾ രക്ഷപെട്ടത്. പട്യാല സോൺ ഐജി ജതീന്ദർ സിങ് ഔലാക്കിന്റെ നേതൃത്വത്തിലെത്തിയ വൻ പൊലീസ് സംഘം ഗുരുദ്വാര വളഞ്ഞു. ഒരു കിലോമീറ്റർ അകലെവച്ച് ജനങ്ങളെ തടഞ്ഞായിരുന്നു പൊലീസ് ഓപ്പറേഷൻ. മാധ്യമ പ്രവർത്തകരെയും ഗുരുദ്വാരയ്ക്കു സമീപത്തേക്കു കടത്തിയില്ല. പഞ്ചാബ് പൊലീസിലെ പ്രത്യേക ഓപ്പറേഷൻ ഗ്രൂപ്പാണ് അക്രമികളെ നേരിട്ടത്.

പെട്രോൾ ബോംബുകൾ, മൂന്നു പിസ്റ്റളുകൾ, വാളുകൾ, എൽപിജി സിലിണ്ടറുകൾ എന്നിവ ഗുരുദ്വാരയിൽ നിന്നു പിടിച്ചെടുത്തതായി പൊലീസ് പറഞ്ഞു. കീഴടങ്ങാൻ മൈക്കിലൂടെ ആവശ്യപ്പെട്ടെങ്കിലും അക്രമികൾ നിരസിക്കുകയായിരുന്നുവെന്ന് പഞ്ചാബ് ഡിജിപി ദിനകർ ഗുപ്ത പറഞ്ഞു. ഗ്രാമമുഖ്യൻ അടക്കം ഏതാനും നാട്ടുകാരും ഗുരുദ്വാരയിൽ കയറി അക്രമികളോടു കീഴടങ്ങാൻ ആവശ്യപ്പെട്ടു. പൊലീസ് അകത്തുകയറിയാൽ നിറയൊഴിച്ച് പാചക വാതക സിലിണ്ടറുകൾ പൊട്ടിക്കുമെന്ന് അക്രമികൾ ഭീഷണി മുഴക്കി. ഇതിനു ശേഷമാണ് പരസ്പരമുള്ള വെടിവയ്പ്പ് നടന്നതെന്ന് ഡിജിപി.

ഗുരുദ്വാരയിൽ കയറിയ പൊലീസ് അവിടെ മര്യാദ വിട്ട് ഒന്നും ചെയ്തിട്ടില്ലെന്ന് പഞ്ചാബ് സ്പെഷ്യൽ ചീഫ് സെക്രട്ടറി കെ.ബി.എസ്. സിദ്ദു പറഞ്ഞു. ഗുരുദ്വാരയ്ക്കുള്ളിൽ സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നു. അവരെല്ലാം സുരക്ഷിതരാണ്.

വയസ് 107; കൊറോണയെ തോൽപ്പിച്ച് കൊർണീലിയ ചിരിക്കുന്നു

ആംസ്റ്റർഡാം: വയോധികരിലാണു കൊവിഡ് 19 കൂടുതൽ മാരകമെന്നാണ് ഇതുവരെയുള്ള അനുഭവം. അറുപതു വയസിൽ താഴെയുള്ളവരിലും മരണം സംഭവിച്ചെങ്കിലും അവരുടെ സംഖ്യ വളരെ കുറവ്. എന്നാൽ, തുടക്കത്തിലേ ശരിയായ പരിചരണം ലഭിച്ചാൽ വയോധികരും രോഗത്തെ അതിജീവിക്കുമെന്നു തെളിയിക്കുകയാണു നെതർലൻഡ്സ്. 107 വയസുകാരി കൊർണീലിയ റാസാണ് പ്രായം കൊറോണയെ തോൽപ്പിക്കുന്നതിൽ ചെറിയൊരു ഘടകം മാത്രം എന്നതിന്റെ ഉദാഹരണം.

നെതർലൻഡ്സിലെ ഗോരീ ഓവർഫ്ളാക്കീയിലെ നഴ്സിങ് ഹോമിലായിരുന്നു കൊർണീലിയയുടെ താമസം. ഇവിടെയുള്ള 40 അന്തേവാസികൾക്കൊപ്പം പള്ളിയിൽ പ്രാർഥനയ്ക്കെത്തിയപ്പോഴാണു രോഗം പിടിപെട്ടത്.

100 ഡിഗ്രിക്കും മുകളിലായിരുന്നു പനി. കടുത്ത ചുമയും. പരിശോധിച്ചപ്പോൾ കൊറോണ പോസിറ്റിവ്. എന്നാൽ, ഈ സമയവും വലിയ ക്ഷീണമൊന്നും അനുഭവപ്പെട്ടിരുന്നില്ല കൊർണീലിയയ്ക്ക്. രണ്ടാഴ്ച പിന്നിടുമ്പോൾ ഒരു അസ്വാസ്ഥ്യവുമില്ലാതെ എഴുന്നേറ്റു നടക്കുന്നു അവർ. എല്ലാ ദിവസവും മുട്ടുകുട്ടി ദൈവത്തോടു പ്രാർഥിക്കുന്നു. ഇപ്പോൾ കാര്യമായ മരുന്നുകളുമില്ല.

രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുത്ത വില്യം ലാപ്ഷീസ് ഈ മാസം ആദ്യം രോഗമുക്തി നേടിയതു മാധ്യമശ്രദ്ധ നേടിയിരുന്നു. 104കാരനായ ഇദ്ദേഹം ബുധനാഴ്ച ഒറിഗോണിൽ തന്റെ പിറന്നാളാഘോഷിക്കുകയും ചെയ്തു. നേരത്തേ, ഇറാനിൽ 103കാരിയും യുകെയിൽ 99കാരിയും ഇറ്റലിയിൽ 95കാരിയും രോഗമുക്തി നേടിയിരുന്നു.

നേപ്പാളിൽ മൂന്ന് ഇന്ത്യക്കാർക്ക് കൊവിഡ്

കാഠ്മണ്ഡു: മതപരിപാടിക്ക് നേപ്പാളിലെത്തിയ മൂന്ന് ഇന്ത്യക്കാർക്ക് കൊവിഡ്. രാജ്യത്തിന്റെ തെക്കുഭാഗത്ത് ബിർഗുഞ്ച് നഗരത്തിൽ മുസ്ലിം പള്ളിയിൽ താമസിച്ചിരുന്നവർക്കാണു രോഗം സ്ഥിരീകരിച്ചതെന്ന് നേപ്പാൾ സർക്കാർ. മുപ്പത്തേഴും നാൽപ്പത്തിനാലും അമ്പത്തഞ്ചും വയസുള്ളവർക്കാണു രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇതോടെ നേപ്പാളിൽ രോഗബാധിതർ 12 ആയി ഉയർന്നു. ഏപ്രിൽ 15 വരെ ലോക്ഡൗണിലാണ് നേപ്പാൾ. പള്ളിയിൽ താമസിച്ചിരുന്ന 26 പേരെ ക്വാറന്റൈനിലാക്കിയിട്ടുണ്ട്.

നേപ്പാളിൽനിന്നും ഇന്ത്യയിൽ നിന്നുമായി നൂറുകണക്കിനാളുകൾ പങ്കെടുത്ത മാർച്ചിലെ ഒരു മതപരിപാടിയിൽ പങ്കെടുക്കാൻ എത്തിയവരാണ് മൂന്ന് ഇന്ത്യക്കാരുമെന്ന് ആരോഗ്യ മന്ത്രാലയ വൃത്തങ്ങൾ. സപ്താരി ജില്ലയിലായിരുന്നു ഈ പരിപാടി. നേപ്പാളിലെത്തുന്നതിനു

മുൻപ് ഇവർ നിസാമുദീൻ തബ് ലീഗ് സമ്മേളനത്തിലും പങ്കെടുത്തിരുന്നതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

കോവിഡ് കാലത്ത് വീട് മാലിന്യമുക്തമാക്കാം

ഹരിതകേരളം മിഷൻ ഫെയ്സ്ബുക്ക് ലൈവ് ഇന്ന് 3ന്

തിരുവനന്തപുരം: കൊവിഡ് ജാഗ്രതക്കാലത്ത് വീടുകൾ മാലിന്യമുക്തമാക്കുന്നതും പിന്തുരേണ്ട ശുചിത്വ മാർഗങ്ങളെക്കുറിച്ചും ഹരിതകേരളം മിഷൻ ഫെയ്സ്ബുക്ക് ലൈവ് സംഘടിപ്പിക്കുന്നു. ഇന്നു വൈകിട്ട് മൂന്നു മണി മുതൽ നാലര വരെയാണ് പരിപാടി. ഉറവിട മാലിന്യ സംസ്കരണം, വ്യക്തിശുചിത്വം, പൊതുശുചിത്വം, ശുചിത്വം സംബന്ധിച്ച പുതിയ മനോഭാവവും ശീലങ്ങളും തുടങ്ങിയ വിഷയങ്ങളിൽ വിശദമായ സംശയ നിവാരണം ഹരിതകേരളം മിഷനിലെയും ശുചിത്വ മിഷനിലെയും വിദഗ്ധർ നൽകും.

facebook.com/harithakeralamission പേജ് സന്ദർശിച്ച് ലൈവ് കാണാം.

ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ശുചിത്വമാലിന്യ സംസ്കരണ ഉപമിഷനിലെ കൺസൾട്ടന്റ് എൻ. ജഗജീവൻ, ടെക്നിക്കൽ ഓഫിസർ പി. അജയകുമാർ, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ അമീർഷ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

കൊവിഡ് വ്യാപനത്തെത്തുടർന്ന് വീടുകളിൽ നിന്നുള്ള മാലിന്യശേഖരണം ഭാഗികമായി നിലച്ചിരിക്കുന്ന സാഹചര്യത്തിൽ ഉപയോഗിച്ച മാസ്കുകൾ, കൈയുറകൾ, അഴുകുന്ന പാഴ്വസ്തുക്കൾ, പ്ലാസ്റ്റിക് പോലെ അഴുകാത്ത പാഴ്വസ്തുക്കൾ എന്നിവ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംശയനിവാരണത്തിനുള്ള നിരവധി അന്വേഷണങ്ങൾ ഫോണിലൂടെ ലഭിക്കുന്നുണ്ട്. ഇതേതുടർന്നാണ് ലൈവ് സംഘടിപ്പിക്കാൻ തീരുമാനിച്ചതെന്ന് ഡോ. ടി.എൻ. സീമ അറിയിച്ചു. കൊവിഡിനെത്തുടർന്ന് ഇതര പകർച്ച വ്യാധികൾ ഉണ്ടാകുന്നത് തടയാൻ വീടും പരിസരവും മാലിന്യമുക്തമാക്കണം. ഇതിനുള്ള ബോധവത്കരണം കൂടിയാണ് ഹരിതകേരളം മിഷന്റെ പരിപാടി.

കോയമ്പത്തൂരിൽ മരിച്ച പാലക്കാട് സ്വദേശിയുടെ റൂട്ട് മാപ്പ് പുറത്തുവിട്ടു

പാലക്കാട്: കഴിഞ്ഞ ദിവസം കോയമ്പത്തൂർ ജനറൽ ആശുപത്രിയിൽ കൊവിഡ് ബാധിച്ച് മരിച്ച പാലക്കാട് സ്വദേശിയുടെ റൂട്ട് മാപ്പ് പുറത്തു വിട്ടു. കഴിഞ്ഞ മാസം 25ന് വയറുവേദനയും ഛർദ്ദിയും ഉൾപ്പെടെയുള്ള ലക്ഷണങ്ങൾ കണ്ടതിനാൽ ഇയാൾ മകനോടൊപ്പം കാറിൽ സഞ്ചരിച്ച് പാലക്കാട് ലക്ഷ്മി ഹോസ്പിറ്റലിൽ ചികിത്സ തേടി. 27ന് പാലക്കാട് ഡയബറ്റിക് സെന്ററിലെ ഗ്യാസ്ട്രോഎൻട്രോളജിയിൽ. ഈ മാസം ഒന്നിന് കണ്ണുകൾക്ക് വേദനയും അസ്വസ്ഥതയും. രണ്ടിന് കോയമ്പത്തൂർ ഗ്യാസ്ട്രോ കെയർ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

അഞ്ചിന് ഉച്ചയോടെ നെഞ്ചുവേദന അനുഭവപ്പെട്ട് കോയമ്പത്തൂരിലെ ചെന്നൈ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച് വെന്റിലേറ്ററിൽ.

കേരള പൊലീസിനെ അഭിനന്ദിച്ച് കമൽഹാസൻ

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ കർമനിരതരാകുന്ന കേരള പൊലീസിന്റെ സേവനങ്ങളെക്കുറിച്ചു കൊച്ചി സിറ്റി പൊലീസ് തയാറാക്കിയ 'നിർഭയം' എന്ന ഗാന വിഡിയോയെ അഭിനന്ദിച്ച് പ്രമുഖ നടൻ കമൽഹാസന്റെ സന്ദേശം. മുഖ്യമന്ത്രി പിണറായി വിജയന് അയച്ച സന്ദേശത്തിലൂടെയാണു കമലിന്റെ പ്രതികരണം.

കൊവിഡ് എന്ന മഹാമാരിക്കെതിരെ മുന്നണിപ്പോരാളികളായി പൊരുതുന്ന ആരോഗ്യ പ്രവർത്തകരുടെയും പൊലീസുകാരുടെയും ശുചീകരണ തൊഴിലാളികളുടെയും സേവനം ശ്ലാഘനീയമാണ്. അവർക്ക് പ്രചോദനമാകുന്ന തരത്തിലുള്ള ഗാനം ഏറെ അനിവാര്യമാണ്. കേരള പൊലീസ് തയാറാക്കിയ ഗാനം അർഥപൂർണമാണ്. ഗാനം ആലപിച്ച പൊലീസ് ഉദ്യോഗസ്ഥനാണെന്നതും ഗാനത്തിന്റെ സവിശേഷതയാണ്. ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച പൊലീസ് അധികാരികളെയും അവരുടെ ഉന്നതമായ ചിന്തയെയും പ്രത്യേകം അഭിനന്ദിക്കുന്നു- കമൽഹാസൻ സന്ദേശത്തിൽ പറഞ്ഞു.

സ്പെയ്നിൽ മരണസംഖ്യ വീണ്ടും ഉയരുന്നു

മാഡ്രിഡ്: അഞ്ചു ദിവസം തുടർച്ചയായി കുറഞ്ഞുവന്ന മരണസംഖ്യ വീണ്ടും ഉയരാൻ തുടങ്ങിയത് സ്പെയ്നിൽ ആശങ്ക ഉയർത്തി. ഇന്നലെ അവസാനിച്ച 24 മണിക്കൂറുകൾക്കുള്ളിൽ മരിച്ചവർ 619. മരണ നിരക്ക് 3.7 ശതമാനമായി ഉയർന്നു. മൊത്തം മരണസംഖ്യ 16,972. അതേ സമയം, സ്പെയ്നിൽ രോഗവ്യാപ്തി കുറഞ്ഞുവരുന്നതായി വിദഗ്ധർ വിലയിരുത്തി. ഈ മാസം 30 വരെ രാജ്യത്ത് ലോക്ക് ഡൗൺ. ജപ്പാനിലും രോഗികളുടെ എണ്ണം കൂടുകയാണ്. ഇന്നലെ 714 പേർക്കു രോഗം സ്ഥിരീകരിച്ചു. രാജ്യത്തു നിയന്ത്രണ കാലാവധി 30 വരെ നീട്ടി.

ചൈന-റഷ്യ അതിർത്തി അടച്ചു

ബീജിങ്: ചൈനയിൽ ഇന്നലെ പുതുതായി 99 പേർക്കു രോഗം സ്ഥിരീകരിച്ചു. ഇവരിൽ 77 പേരും വിദേശത്തു നിന്നു വന്നവരാണ്. മൊത്തം രോഗികൾ 82,052. മരണസംഖ്യ 3339. രണ്ടു ദിവസമായി മരണം റിപ്പോർട്ട് ചെയ്യുന്നില്ല. വുഹാനിലടക്കം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ചൈനയിൽ ജനജീവിതം സാധാരണ നിലയിലേക്കു മടങ്ങിവരുന്നുണ്ടെങ്കിലും റഷ്യയുമായുള്ള അതിർത്തികൾ അടച്ചു. അതിർത്തി പട്ടണമായ സുയ്ഫിൻഹെ ഇന്നലെയാണ് അടച്ചത്.

ക്യാനഡയിൽ 75% വേതന സബ്സിഡി

ഒട്ടാവ:ക്യാനഡയിൽ ലോക്ക് ഡൗൺ കാലത്ത് ജീവനക്കാരെ നിലനിർത്തുന്ന കമ്പനികൾക്കു ശമ്പളവിഹിതത്തിന്റെ 75% സർക്കാർ സബ്സിഡി നൽകും. ഇതിനായി 5000 കോടി യുഎസ് ഡോളർ സർക്കാർ സഹായമായി നൽകുമെന്ന് പ്രധാനമന്ത്രി ജസ്റ്റിൻ കേഡോ. രാജ്യത്തെ 90 ശതമാനം കമ്പനികൾക്കും ഈ ആനുകൂല്യം ലഭിക്കും. ഇന്നലെ പ്രതിപക്ഷത്തെ അംഗ ങ്ങളുമായി കൂടിയാലോചിച്ചാണു പ്രധാനമന്ത്രി ഇതുസംബന്ധിച്ച തീരുമാനമെടുത്തത്.

സൗദിയിൽ ലോക്ക് ഡൗൺ തുടരും

റിയാദ്: സൗദി അറേബ്യയിൽ നിലനിൽക്കുന്ന ലോക്ക് ഡൗൺ ഇനി ഒരറിയിപ്പുണ്ടാകുന്നതു വരെ നീട്ടിയതായി സൗദി ഭരണാധികാരികളെ ഉദ്ധരിച്ച് സൗദി പ്രസ് ഏജൻസി അറിയിച്ചു. സൗദിയിൽ രോഗികളുടെ എണ്ണം കൂടുകയാണ്. പുതുതായി മരണം റിപ്പോർട്ട് ചെയ്തില്ല.

പിടിച്ചെടുത്ത വാഹനങ്ങൾ തിരിച്ചുനൽകും

തിരുവന്തപുരം: ലോക്ക് ഡൗൺ ലംഘനവുമായി ബന്ധപ്പെട്ടു പിടിച്ചെടുത്ത വാഹനങ്ങൾ താത്കാലികമായി വിട്ടുനൽകാൻ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പൊലീസ് മേധാവിമാർക്കും നിർദേശം നൽകി. ആവശ്യപ്പെടുമ്പോൾ വാഹനം ഹാജരാക്കാമെന്ന് എഴുതിവാങ്ങിയ ശേഷമാകും വിട്ടുനൽകുക.

ആദ്യം പിടിച്ചെടുത്ത വാഹനങ്ങൾ ആദ്യം എന്ന ക്രമത്തിലായിരിക്കും മടക്കിനൽകുന്നത്. വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കുന്നതു സംബന്ധിച്ച് അഡ്വക്കറ്റ് ജനറലിൽ നിന്ന് നിയമോപദേശം ലഭിച്ച ശേഷം തീരുമാനമെടുക്കുമെന്ന് സംസ്ഥാന പൊലീസ് മേധാവി അറിയിച്ചു.

ജലന്ധറിൽ നിന്ന് നോക്കുമ്പോൾ 250 കിലോമീറ്റർ അകലെ കാണുന്ന ഹിമാലയ പർവത നിര. അൻഷുൽ ചോപ്ര

കൊവിഡ് ശുദ്ധീകരിക്കുന്ന ലോകം..!

വിജയ് ചൗക്ക്

സുധീർ നാഥ്

തെളിഞ്ഞ ആകാശവും മാലിന്യമില്ലാത്ത ഭൂമിയും ഓരോരുത്തരും സ്വന്തം കടമയായി തിരിച്ചറിഞ്ഞിരിക്കുന്നു.

കൊവിഡ് കാലം ലോകത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ പോകുന്നു. കൊവിഡ് രോഗഭീതി മൂലം പല രാജ്യങ്ങളും, ഇന്ത്യ ഉൾപ്പടെ, ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ ജനങ്ങൾ വീടിനുള്ളിലേക്കു സ്വയം വലിഞ്ഞു. ലോക് ഡൗൺ രണ്ടാഴ്ച കൂടി വീണ്ടും നീട്ടുകയാണ്. അത് വീണ്ടും നീണ്ടുകൂടായ്കയില്ല. പൊതുഗതാഗതം രാജ്യത്ത് സജീവമാകാൻ ഇനിയും കാത്തിരിക്കേണ്ടി വരും. എല്ലാ വഴികളും വിജനമായി. ഫാക്റ്ററികൾ അടച്ചു. നിർമാണ മേഖല നിലച്ചു. തൊഴിൽ നഷ്ടപ്പെട്ട ദിവസക്കൂലിക്കാർ സ്വന്തം ഗ്രാമം ലക്ഷ്യമാക്കി നടന്നു. രാജ്യത്തിന്റെ എല്ലാ ഭാഗത്തും പാലായനം കണ്ടു.

കൊറോണ വൈറസ് പടർന്ന കാലത്ത് മനുഷ്യർ പലതും പഠിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഉള്ളിൽ ഒളിഞ്ഞുകിടന്ന പല നന്മകളും കൊവിഡ് കാലത്ത് പുറത്തുവന്നതായി കാണാം. കൊവിഡ് കാലത്ത് ലോകത്താകമാനം വന്ന മാറ്റങ്ങൾ ജനങ്ങൾ നേരിൽ കണ്ടു. ഇന്ത്യയിൽ തന്നെ എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത്.

കിളികൾ ചിലയ്ക്കുന്ന ശബ്ദം കേൾക്കുന്നു. ഇന്നലെ വൈകിട്ടു ഡൽഹിയിൽ ചെറിയൊരു ഭൂമികുലുക്കമുണ്ടായപ്പോൾ പക്ഷികളും മൃഗങ്ങളും കൂട്ടത്തോടെ ഒച്ചയിടുന്ന ശബ്ദം നിശബ്ദതയെ ഭേദിച്ചു. ഈ നാട്ടുകാർക്ക് അത് ആദ്യാനുഭവവുമായി. മൃഗങ്ങൾ ഭയമില്ലാതെ ജനവാസ കേന്ദ്രങ്ങളിൽ എത്തുന്നു. ഡൽഹിയിലെ റോഡുകളിൽ നീൽഗായുകളെയും മാനുകളെയും കാണാം. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും കാട്ടുമൃഗങ്ങൾ റോഡുകളിലെത്തുന്ന കാഴ്ച്ചകൾ സാമൂഹ്യമാധ്യമങ്ങളിൽ ജനങ്ങൾ കൗതുകത്തോടെ കാണുന്നു. മൃഗങ്ങളുടെ മുഖത്ത് ഒരുപക്ഷെ ചിരിയും ആശ്വാസവും ഉണ്ടായിരിക്കും. ഭൂമിയുടെ മേൽ മനുഷ്യൻ മാത്രമല്ല അവകാശികൾ എന്ന തിരിച്ചറിവ് എടുത്തുപറയേണ്ട ഒന്നാണ്.

ലോക് ഡൗൺ പ്രഖ്യാപനത്തിൽ രാജ്യത്തെ ആരാധനാലയങ്ങൾ ജാതിമത വ്യത്യാസം കൂടാതെ വിശക്കുന്നവന് ഭക്ഷണം വിതരണം ചെയ്യുന്നു. ആരാധനാലയങ്ങളിൽ ഭക്തർക്ക് പ്രവേശനമില്ലാതായിരിക്കുന്നു. ആരോഗ്യ പ്രവർത്തകരെ ഈശ്വരതുല്യരായി ജനങ്ങൾ അംഗീകരിക്കുന്ന കാഴ്ച. മാനവ സേവയാണ് മാധവ സേവ എന്ന വാക്യത്തിന്റെ അർഥം ജനങ്ങൾ മനസിലാക്കിയിരിക്കുന്നു. മനുഷ്യർ പരസ്പരംതിരിച്ചറിഞ്ഞിരിക്കുന്നു എന്നതാണ് ഏറെ ശ്രദ്ധേയം. ആവശ്യത്തിന് മാത്രം ഭക്ഷണം കഴിക്കാൻ പലരും ശീലിച്ചിരിക്കുന്നു. ഭക്ഷണത്തിന്റെ വില തിരിച്ചറിഞ്ഞിരിക്കുന്നു. ആവശ്യത്തിനുള്ള ഭക്ഷണം മാത്രം തയാറാക്കുന്നു, ഭക്ഷണം പാഴാക്കുന്നത് ഒഴിവാക്കുന്നു.

രാജ്യത്തിന്റെ വടക്ക് തലയുയർത്തി നിൽക്കുന്ന ഹിമാലയ പർവതനിരകളെ ഇപ്പോൾ 250 കിലോമീറ്റർ ദൂരത്തു നിന്ന് നഗ്നനേത്രങ്ങൾ കൊണ്ട് കാണാം. അന്തരീക്ഷ മാലിന്യങ്ങൾ കുറഞ്ഞതാണ് ആ മനോഹര ദൃശ്യസാഫല്യത്തിന് വഴിയൊരുക്കിയത്. ഡൽഹിയുടെ ആകാശക്കാഴ്ച്ചകൾക്ക് നല്ല അഴകു വന്നിരിക്കുന്നു. ഡൽഹിയിലൂടെ കാളകൂടെ പോലെ ഒഴുകിയിരുന്നന്ന യമുനയിൽ തെളിനീരാണിപ്പോൾ. യമുനയിലെ ജലത്തിന് ആകാശത്തിന്റെ നീലനിറമായി എന്നത്, എത്രയോ നാൾ ഗോപ്യമായിരുന്ന നദീസൗന്ദര്യത്തിന്റെ പ്രകാശപ്പെടലാണ്. കമ്പനികൾ അടച്ചതും, ജനങ്ങൾ മാലിന്യം യമുനയിൽ തള്ളാനെത്താത്തതും അതിന് കാരണമായിരിക്കാം. മാലിന്യങ്ങളെല്ലാം നീങ്ങി എന്നല്ല അതിനർഥം. മാലിന്യങ്ങൾ ആഴങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്നു എന്നതാണ് സത്യം.

പുരാതന നഗരത്തിന്റെ ജനവാസത്തിന് ഭീഷണിയായ വായു മലിനീകരണമാണ് മറ്റൊരു വിഷയം. വാഹനങ്ങൾ നിരത്തുകളിൽ നിന്ന് ഒഴിഞ്ഞതോടെ വായു മലിനീകരണം ഗണ്യമായി കുറഞ്ഞു. വായു മലിനമാക്കുന്ന ചെറുകിട ഫാക്റ്ററികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നവംബർ, ഡിസംബർ മാസങ്ങളിൽ വയലുകളിൽ കർഷകർ തീയിട്ടതോടെ ഡൽഹി ശ്വാസം മുട്ടലിന്റെ വക്കിലായി. ചുരുക്കം ചിലർ ഈ സമയങ്ങളിൽ രക്ഷനേടാൻ മാസ്ക്കുകൾ വച്ച് നടന്നിരുന്നു. കൊവിഡ് പടർന്നതോടെ ഭൂരിപക്ഷം ആളുകളും മാസ്ക് ധരിക്കാൻ തുടങ്ങി. ചിലർ തൂവാലയും ഷാളും കൊണ്ട് മൂക്കും വായയും മൂടി നടക്കുന്നു.

കൊവിഡ് കാലം കഴിഞ്ഞാൽ ജനങ്ങളുടെ ജീവിത ശൈലികൾക്ക് വലിയ മാറ്റങ്ങൾ സംഭവിക്കാൻ പോകുകയാണ്. ശുചിത്വത്തിനു പ്രഥമ പരിഗണന കൽപ്പിക്കാൻ ജനങ്ങൾ തയാറാകും. ഏറെ പരിശീലിപ്പിക്കപ്പെട്ട കൈകൾ കഴുകുന്ന ശീലം ഉപേക്ഷിക്കില്ല. പൊതുസ്ഥലങ്ങളിൽ മാസ്ക്കുകൾ ഉപയോഗിക്കുന്ന ശീലം ഉണ്ടാകും. സാമൂഹിക അകലവും, ശാരീരിക അകലവും സൂക്ഷിക്കുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരാകും. പരസ്യമായി തുപ്പുന്ന ശീലം കുറയും. പട്ടണങ്ങളിൽ പരസ്യമായി തുപ്പുന്നതും മറ്റും വലിയ ശിക്ഷയുള്ള കുറ്റമായി മാറാൻ പോവുകയാണ്. പരസ്യമായി തുപ്പുന്നത് പരസ്യമായി മലമൂത്ര വിസർജനം നടത്തുന്നത് പോലെയുള്ള ദുഃശീലമായി ജനങ്ങൾ കരുതുന്ന കാലമാണ് വരുന്നത്. മദ്യാസക്തിയും മാംസാഹാര ശീലവും പലരും ഉപേക്ഷിക്കും എന്നാണ് ഒരു പഠനം പറയുന്നത്.

കൊവിഡിന് മുൻപ് എപ്പോഴും ചുറ്റാൻ പോയിരുന്ന ഒരു കൂട്ടർ നമുക്കിടയിലുണ്ടായിരുന്നു. ഇതര സംസ്ഥാനങ്ങളും മറ്റു രാജ്യങ്ങളും ലക്ഷ്യംവച്ചുള്ള യാത്രകൾ ഇനി കഴിവതും കുറയ്ക്കും. സ്വന്തം നാട്ടിലെ കാഴ്ചകൾക്ക് സമയം കൂടുതൽ ചെലവഴിക്കും. നാട്ടിലെ തനത് കലാ പ്രകടനങ്ങൾ എത്രയോ മികച്ചതായിരുന്നു എന്ന് തിരിച്ചറിയാൻ പോകുന്നു. ടൂറിസം വ്യവസായം തകർന്നു എന്നത് താത്കാലികം മാത്രമാകും. വിദേശത്ത് വിനോദസഞ്ചാരത്തിന് പോയിരുന്ന വലിയൊരു സമൂഹം സ്വദേശത്തു തന്നെ ആനന്ദം കാണും. തീർഥയാത്രകൾക്ക് കൂടുതൽ പ്രാധാന്യം ഉണ്ടാകും. ജാതിയും മതവും ലിംഗവും ചോദിച്ചുള്ള തടസങ്ങൾ ആരാധനാലയങ്ങൾ ഉപേക്ഷിക്കും.

സ്വന്തം കാര്യം ചെയ്യാൻ മിക്ക ജനങ്ങളും പഠിച്ചിരിക്കുന്നു. മറ്റൊരാളുടെ സഹായം കൂടാതെ ജീവിക്കാൻ സാധിക്കുമെന്ന് നല്ലൊരു ശതമാനം ജനങ്ങൾ തിരിച്ചറിഞ്ഞത് ഈ ലോക് ഡൗൺ കാലത്താണ്. വീട് സ്വയം വൃത്തിയാക്കിയും മാലിന്യങ്ങൾ നീക്കം ചെയ്തും സ്വയംപര്യാപ്തതയിലേക്ക് ജനങ്ങൾ എത്തി. വരുംദിനങ്ങളിൽ സഹായി ഇല്ലാതെ ജീവിക്കാമെന്ന് നല്ലൊരു ശതമാനം ജനങ്ങളും തീരുമാനിക്കും.

കേരളത്തിലെ ആരോഗ്യരംഗത്തെ പുകഴ്ത്തുന്ന കാലം വരാനിരിക്കുന്നു. കൊറോണ വ്യാപക നാശം വിതറിയ അമെരിക്കയിലേയും ഇറ്റലിയിലേയും ആശുപത്രികളിലെ നഴ്സുമാർ എത്ര ആത്മാർഥതയോടെയാണ് കൊവിഡ് കാലത്ത് പ്രവർത്തിച്ചത് എന്ന് തിരിച്ചറിയപ്പെട്ടിരിക്കുന്നു. കേരളത്തിൽ നിന്നുള്ള നഴ്സിങ് സ്റ്റാഫിന് ലോക രാജ്യങ്ങളിൽ വൻ ഡിമാൻഡാണ് ഉണ്ടാകാൻ പോകുന്നത്. തൊഴിലില്ലായ്മ വരുന്നു എന്ന് ഭയപ്പെടുന്നതോടൊപ്പം തൊഴിലവസരങ്ങൾ പുതിയ പല മേഖലയിലും കൂടുതൽ ഉണ്ടാകും എന്നാണ് മനസിലാക്കേണ്ടത്. ഡോക്റ്റർമാരോടൊപ്പം നിൽക്കുന്ന ശമ്പളമായിരിക്കും നഴ്സിങ് സ്റ്റാഫിനും ഇനി ലഭിക്കാൻ പോകുന്നത്.

രാജ്യത്ത് ഒട്ടേറെ പുതിയ നിർമാണ പ്രവർത്തനങ്ങൾക്ക് കോടികളാണ് മാറ്റിവച്ചിരിക്കുന്നത്. പുതിയ പാർലമെന്റ് സമുച്ചയങ്ങളും പ്രതിമകളും സ്മാരകങ്ങളും നിർമിക്കുന്നത് തത്കാലം ഉപേക്ഷിച്ചാൽ തന്നെ ചുരുങ്ങിയത് 30,000 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാരിന് കൊവിഡ് പ്രതിരോധത്തിനും ജനക്ഷേമത്തിനും ഉപയോഗിക്കാം. 20,000 കോടി രൂപയാണ് പാർലമെന്റിന്റെ പുതിയ കെട്ടിട സമുച്ചയത്തിനായി മാത്രം മാറ്റിവച്ചിരിക്കുന്നത്. അതിസമ്പന്ന രാജ്യങ്ങളിലെ മരണക്കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നത് ആയുധ സംഭരണത്തെക്കാൾ കൂടുതൽ ഗവേഷണ രംഗങ്ങളിലാണ് പണം ചെലവഴിക്കേണ്ടതെന്നാണ്. സംഹാര സാമഗ്രികൾ ഒരിക്കലും ജീവൻരക്ഷാ ഔഷധങ്ങൾക്ക് പകരമാകില്ല എന്ന സത്യം മുന്നിൽ കണ്ടുകഴിഞ്ഞു.

രാജ്യം ഇപ്പോൾ കൂടുതലായി ആശ്രയിക്കുന്നത് ഡിജിറ്റൽ മേഖലയെയാണ്. ജനങ്ങൾ കൂടുതൽ സുരക്ഷിതരാണെന്ന് സ്വയം വിലയിരുത്തുന്നത് അവിടെയാണ്. വാർത്താമാധ്യമങ്ങളും സാഹിത്യ- രാഷ്ട്രീയ ആനുകാലികങ്ങളും സ്വന്തം വിരൽത്തുമ്പിലെ മൊബൈലിൽ വായിച്ച് തൃപ്തിയടഞ്ഞത് കുറെപ്പേരെങ്കിലും തുടരുമായിരിക്കും. അച്ചടി മേഖലയെ അതു കാര്യമായി ബാധിക്കാൻ സാധ്യതയുണ്ട്. പൊതുയോഗങ്ങളും, പ്രതിഷേധങ്ങളും, മീറ്റിങ്ങുകളും വിഡിയോ കോൺഫറൻസ് വഴിയാകും എന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്. തെളിഞ്ഞ ആകാശവും മാലിന്യമില്ലാത്ത ഭൂമിയും ഓരോരുത്തരും സ്വന്തം കടമയായി തിരിച്ചറിഞ്ഞിരിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കേണ്ടത് മനുഷ്യരുടെ കടമയാണെന്ന തിരിച്ചറിവാണ് ഏറ്റവും ശ്രദ്ധേയം.

മരണസംഖ്യയിൽ യുഎസ് തന്നെ

കൊവിഡ് ബാധിതരുടെ എണ്ണം

5,30,006

ആകെ മരണസംഖ്യ

20,6008

വാഷിങ്ടൺ: കൊവിഡ് 19 മരണസംഖ്യയിൽ ശനിയാഴ്ച രാത്രി ഇറ്റലിയെ കടത്തിവെട്ടിയ യുഎസ് കുതിപ്പ് തുടരുന്നു. ഇന്നലെ മാത്രം 2,006 പേർ മരിച്ചു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി മരണസംഖ്യ ദിനംപ്രതി രണ്ടായിരത്തിലധികമാണു രേഖപ്പെടുത്തുന്നത്. ആകെ മരണസംഖ്യയിൽ ശനിയാഴ്ച വരെ ഒന്നാം സ്ഥാനത്ത് ഇറ്റലിയായിരുന്നു. ഇവരേക്കാൾ 1140 പേർ കൂടുതലാണ് ഇപ്പോൾ യുഎസിലെ മരണസംഖ്യ. ന്യൂജഴ്സിയിലെ രോഗികളുടെ മാത്രം എണ്ണം ലോകത്തെ മറ്റേതു രാജ്യത്തെക്കാളും കൂടുതലാണ്. ആകെയുള്ള അൻപതു സംസ്ഥാനങ്ങളിൽ വ്യോമിങ്ങിൽ മാത്രമാണു മരണം റിപ്പോർട്ട് ചെയ്തിട്ടില്ലാത്തത്. ആകെയുള്ള 50 സംസ്ഥാനങ്ങളിൽ 42ഉം ലോക്ക്ഡൗണിലാണ്.

അതിനിടെ, രോഗവ്യാപനം തടയുന്നതിൽ ട്രംപ് ഭരണകൂടം വൻപരാജയമാണെന്ന ആരോപണം യുഎസിൽ ശക്തമാകുകയാണ്. ട്രംപിന്റെ അധികാരക്കൊതിയും സാമ്പത്തിക അതിമോഹവുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണമെന്ന് പ്രതിപക്ഷങ്ങളും മാധ്യമങ്ങളും വിമർശിക്കുന്നു. സാമ്പത്തിക മാന്ദ്യം മുന്നിൽകണ്ടാണു ലോക്ക് ഡൗൺ പ്രഖ്യാപനം ട്രംപ് വൈകിപ്പിച്ചത്. എന്നാൽ ഇപ്പോൾ ഏകദേശം 20 ദശലക്ഷം പേർക്കെങ്കിലും തൊഴിൽ നഷ്ടമായി. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ വേനൽ പിന്നിടുമ്പോഴേക്കും യുഎസിൽ കൊവിഡ് മൂലമുള്ള മരണസംഖ്യ രണ്ടു ലക്ഷം കവിയുമെന്ന് ആരോഗ്യ രംഗത്തെ വിദഗ്ധർ പറയുന്നു. അതുകൊണ്ടു തന്നെ നിയന്ത്രണങ്ങൾ കൂടുതൽ കടുപ്പിക്കണമെന്നാണ് ഇവരുടെ ശുപാർശ. പ്രസിഡന്റ് ട്രംപ് ഇത് അംഗീകരിക്കുന്ന സാഹചര്യമാണുള്ളത്. ഈ മാസം 30 വരെ പ്രഖ്യാപിച്ചിട്ടുള്ള നിയന്ത്രണങ്ങൾ അതിനു ശേഷവും തുടർന്നേക്കും.

യുഎസ് സാധാരണ നിലയിലെത്താൻ നവംബർ അവസാനം വരെ കാത്തിരിക്കേണ്ടി വരുമെന്നാണ് പകർച്ച വ്യാധി പ്രതിരോധ മേധാവി ഡോ. ആന്റണി ഫൗസി പറയുന്നത്. അതിനിടെ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്ത ഹൈഡ്രോക്സിക്ലോറോകിൻ എന്ന ഗുളികയ്ക്കെതിരേയും യുഎസിൽ വിമർശനമുണ്ട്. ഇതിനെക്കാൾ ഫലപ്രാപ്തിയുള്ള ഔഷധം ലഭ്യമാണെങ്കിലും അവയ്ക്ക് അനുമതി നല്കുന്നില്ലെന്നാണ് ആക്ഷേപം.

ബോറിസ് ജോൺസൺ ആശുപത്രി വിട്ടു

ലണ്ടൻ: കൊവിഡ് രോഗവിമുക്തനായ ബ്രിട്ടിഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ആശുപത്രി വിട്ടു. തന്റെ ജീവൻ രക്ഷിക്കാൻ കഠിനാധ്വാനം ചെയ്ത ആരോഗ്യ പ്രവർത്തകർക്ക് നന്ദി പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് തിരിച്ചത്. ഔദ്യോഗിക വസതിയിൽ അദ്ദേഹത്തിനു ചികിത്സ തുടരുമെന്നും ഉടൻ ഓഫിസിൽ എത്തില്ലെന്നും റിപ്പോർട്ടുകൾ.

ആരോഗ്യ നില അതീവ ഗുരുതരമായതിനെത്തുടർന്ന് ലണ്ടനിലെ സെന്റ് തോമസ് ആശുപത്രിയിൽ ഐസിയുവിലായിരുന്നു ബോറിസ് ജോൺസൺ. അവരോടു നന്ദി പറയാൻ എനിക്കു വാക്കുകൾ പോരാ. എന്റെ ജീവിതം അവർക്കു കടപ്പെട്ടിരിക്കുന്നു- ജോൺസൺ പറഞ്ഞു. പ്രധാനമന്ത്രിക്ക് ഇനിയും വിശ്രമം ആവശ്യമാണെന്ന് ബ്രിട്ടിഷ് ആഭ്യന്തര സെക്രട്ടറി പ്രീതി പട്ടേൽ വ്യക്തമാക്കി.

കപിലിനു പണമുണ്ടാകും, ഇന്ത്യക്കാർ അങ്ങനെയല്ല: അക്തർ

ഇസ്‌ലാമാബാദ്: കൊറോണ വൈറസ് വ്യാപനത്തിനിടെ ഇന്ത്യ പാക്കിസ്ഥാൻ ക്രിക്കറ്റ്പരമ്പര നടത്താമെന്ന നിർദ്ദേശവുമായി രംഗത്തെത്തിയ പാക്കിസ്ഥാൻ ക്രിക്കറ്റ് താരം ഷോയ്ബ് അക്തറിനെ വിമർശിച്ച കപിൽ ദേവിനെതിരേ വീണ്ടും അക്തർ. കൊറോണ വൈറസ് വ്യാപനത്തെ ചെറുക്കുന്നതിന് ഫണ്ട് കണ്ടെത്താൻ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ മൂന്നു മത്സരങ്ങളടങ്ങിയ പരമ്പര സംഘടിപ്പിക്കാമെന്ന് പറഞ്ഞ അക്തറിനെതിരെ രൂക്ഷവിമർശനവുമായി മുൻ ഇന്ത്യൻ താരം കപിൽ ദേവ്, ഐപിഎൽ ചെയർമാൻ രാജീവ് ശുക്ല തുടങ്ങിയവർ രംഗത്തെത്തിയിരുന്നു. 'ഞാൻ എന്താണ് പറയാൻ ശ്രമിച്ചതെന്ന് കപിൽ ഭായിക്ക് മനസ്സിലായിട്ടുണ്ടെന്ന് തോന്നുന്നില്ല. കൊറോണ വൈറസ് തീർത്ത പ്രതിസന്ധി നിമിത്തം ലോകവ്യാപകമായി എല്ലാവരും കനത്ത സാമ്പത്തിക അരക്ഷിതാവസ്ഥയാണ് നേരിടാൻ പോകുന്നത്. അതുകൊണ്ടുതന്നെ തോളോടുതോൾ ചേർന്നുനിന്ന് പണം കണ്ടെത്തേണ്ട സമയമാണിത്. വളരെ വിശാലമായ അർഥത്തിലാണ് ഞാൻ ഇതു പറയുന്നത്. ഒരുതരത്തിൽ പറഞ്ഞാൽ ഒരു സാമ്പത്തിക പരിഷ്കാരം തന്നെ' അക്തർ വിശദീകരിച്ചു.

ഇപ്പോഴത്തെ സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകർ ഈ മത്സരത്തെ വളരെ താൽപര്യത്തോടെയാകും കാണുക. സ്വാഭാവികമായും നല്ല വരുമാനവും കിട്ടും. അദ്ദേഹത്തിന് പണം ആവശ്യമില്ലെന്നാണ് കപിൽ പറഞ്ഞത്. അത് ശരിയാണ്. അദ്ദേഹത്തിന് പണത്തിന്റെ ആവശ്യമുണ്ടാകില്ല. പക്ഷേ, മറ്റുള്ളവരുടെ കാര്യം അങ്ങനെയാണോ? എന്റെ നിർദ്ദേശം ഉടൻ തന്നെ എല്ലാവരും ഗൗരവത്തോടെ കാണുമെന്നാണ് വിശ്വാസം' അക്തർ പറഞ്ഞു. പാക്കിസ്ഥാന്റെ ഇപ്പോഴത്തെ പ്രധാനമന്ത്രിയേക്കാൾ കൂടുതലായി ഇന്ത്യയെയും ഇന്ത്യക്കാരെയും മനസ്സിലാക്കിയ വ്യക്തിയാണ് താനെന്നും അക്തർ പറഞ്ഞു. ഇരു രാജ്യങ്ങളിലെയും പട്ടിണിപ്പാവങ്ങളുടെ ദുരവസ്ഥയും കണ്ടിട്ടുണ്ട്.

ഒരു മനുഷ്യനെന്ന നിലയിൽ ഇവർക്കെല്ലാം സഹായമെത്തിക്കാനുള്ള കടമ തനിക്കുണ്ടെന്നാണ് കരുതുന്നതെന്നും അക്തർ വിശദീകരിച്ചു.ഇമ്രാൻ ഖാനു പോലും അറിയാവുന്നതിനേക്കാൾ കൂടുതലായി ഇന്ത്യയെ എനിക്ക് അറിയാമെന്ന് ഞാൻ മുൻപേ പറഞ്ഞിട്ടുണ്ട്. പാക്കിസ്ഥാൻ കഴിഞ്ഞാൽ എനിക്കേറ്റവും കൂടുതൽ സ്നേഹവും പരിഗണനയും ലഭിച്ചിട്ടുള്ളത് ഇന്ത്യയിൽനിന്നാണ്.-അക്തർ പറഞ്ഞു.

ബ്രസീലിന്റെ രുചിയറിഞ്ഞ്

സി.കെ. രാജേഷ്കുമാർ

ജൈവവൈവിധ്യങ്ങളുടെയും സാംസ്കാരിക വൈവിധ്യങ്ങളുടെയും നാടാണ് ബ്രസീൽ. അതുപോലെതന്നെയാണ് രുചിവൈവിധ്യവും. ഇന്ത്യയിലേതുപോലെതന്നെ ഓരോ സ്ഥലത്തും ഓരോതരം ഭക്ഷണപദാർഥങ്ങൾ, ഓരോ രുചികൾ, ഓരോ രീതികൾ. ഈ രുചിക്കൂട്ടുകളുടെ മേന്മയന്വേഷിച്ചിറങ്ങുകയാണ ഇന്ന്. ഇവിടെ ലഭ്യമായ വ്യത്യസ്തങ്ങളായ എല്ലാ ഭക്ഷണങ്ങളും ഒരു പ്രാവശ്യമെങ്കിലും കഴിക്കണമെങ്കിൽ ഒരു മാസം തികയാതെവരും.

എങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടതു കഴിക്കുവാൻ ഭാഗ്യം ലഭിച്ചു. സാവോളോയിലെ പ്രശസ്തമായ ഒരു ഹോട്ടലാണ് ഫിയാറ്റിയാഡോ പങ്കേക്ക. ബ്രസീലിയൻ നാടൻ ഭക്ഷണങ്ങളുടെ കേദാരമാണിവിടം. ഒരു ദിവസം ഉച്ചയോടെ ഇവിടെയെത്തി. ഭക്ഷണവിഭവങ്ങളുടെ സൂപ്പർ മാർക്കറ്റ് എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. ഹോട്ടലിൽ കയറുമ്പോഴേ നമുക്കൊരു കാർഡ് തരും. ഇതിൽ ബാർകോഡ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉച്ചയായതിലാൽ ബൊഫെയ്ക്കായിരുന്നു പ്രാധാന്യം. നിരവധി വിഭവങ്ങൾ മേശയിൽ നിരത്തിവച്ചിരിക്കുന്നു. ഏതാണ്ട് നൂറോളം വ്യത്യസ്ത കറികൾ. ഇതിൽ പച്ചക്കറി വിഭവങ്ങളും നോൺവെജിറ്റേറിയൻ വിഭവങ്ങളുമുണ്ട്. നോൺവെജിറ്റേറിയനുതന്നെ മുൻതൂക്കം. വെജിറ്റേറിയൻ എന്നു പറയുന്നത് എന്തിന്റെയൊക്കെയോ കുറേ ഇലകളും കിഴങ്ങുകളും കായ്കളും ഒക്കെ വെട്ടിക്കണ്ടിച്ചിട്ടിരിക്കുന്ന വിഭവങ്ങളാണ്.

നോക്കിയപ്പോൾ നാട്ടിൽ ലഭിക്കുന്ന ഭക്ഷണങ്ങളൊന്നും കാണുന്നില്ല. ഓരോന്നിന്റെയും പേരുകളാകട്ടെ, പോർച്ചുഗീസിലുള്ളതും. കണ്ണുകൾ പലേടത്തും പരതിയപ്പോൾ ദാ ആശ്വാസമായി; ചോറ് ബസുമതി അരികൊണ്ടുണ്ടാക്കിയ ചോറിൽനിന്നു ചൂടുപൊങ്ങുന്നു. കൂടെ പയറുകറിയും ഇരിപ്പുണ്ട്. അടുത്തുചെന്നു. പയറുകറി തന്നെ. എന്നാൽ, അതിൽ ഇറച്ചിക്കഷണങ്ങളും മറ്റും പൊങ്ങിക്കിടക്കുന്നു. ശ്ശെടാ..കഴിച്ചാൽ കുഴപ്പമാകുമോ? കൂടെയുണ്ടായിരുന്നയാളോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു യാതൊരു കുഴപ്പവുമില്ല. മാത്രവുമല്ല, ഇവിടെവരുന്നവരാരും ഈ പയർ കറി കൂട്ടായെ ഇറങ്ങിപ്പോകാൻ പാടില്ലത്രേ. അത് ആ വിഭവത്തോടു ചെയ്യുന്ന അനാദരവാകുമത്രേ. അതെന്താപ്പാ..അങ്ങനെയൊരു ചട്ടം. ബ്രസീലിലെ ഏറ്റവും പാരമ്പര്യമുള്ള വിഭവമാണ് ഇത്. പേര് പയറുകറി എന്നല്ല. ഫേയ്ഷുവാദ. മലയാളീകരിച്ചുപറഞ്ഞാൽ പയർ ബിരിയാണി. കറുത്തതും വെളുത്തതുമായ വലിയ പയറുമണികളാണ് ഫേയ്ഷുവാദയിലെ പ്രധാന ചേരുവ. പയർ എന്നതിനു ഫേയ്ഷാം എന്നാണ് പോർച്ചുഗീസ് നാമം. പോർച്ചുഗീസുകാർ ബ്രസീലിലെത്തിയപ്പോൾ ഇവിടെയെത്തിച്ച അടിമകൾക്കു കൊടുത്ത വിഭവമായിരുന്നത്രേ ഫേയ്ഷുവാദ.

മൃഗങ്ങളുടെ നല്ല ഇറച്ചിലഭിക്കുന്ന ഭാഗങ്ങൾ മുഴുവൻ പോർച്ചുഗീസുകാർ കഴിക്കുമ്പോൾ അടിമകൾക്ക് നൽകിയിരുന്നത് മൃഗങ്ങളുടെ ചങ്കും കുടലും ചെവിയും കഴുത്തുമൊക്കെയായിരുന്നു. അവയെല്ലാംകൂടി എടുത്ത് പയറിനൊപ്പം ചേർത്ത് വേവിച്ചു നൽകി. ഇത് പിൽക്കാലത്ത് ബ്രസീലിലെ പ്രധാന വിഭവമായി മാറി. ഇപ്പോൾ ചെവിയും കുടലും ഒന്നുമല്ല പയറിനൊപ്പം ഉപയോഗിക്കുന്നതെന്നു മാത്രം. മറിച്ച് നല്ല ഇറച്ചിയാണ് ഉപയോഗിക്കുന്നത്.ചോറിന് അഹോസ് എന്നാണ് പോർച്ചുഗീസ് പേര്. അഹോസിനൊപ്പം ഫേയ്ഷുവാദയും ഒഴിച്ചു. ചുറ്റും വിവിധ തരത്തിലുള്ള ഇറച്ചിക്കറികളും ഇറച്ചിവറത്തതും മീൻ ഫ്രൈയുമൊക്കെ ഇരിപ്പുണ്ട്. മൂരിയിറച്ചിയാണ് ബ്രസീലിലെ മറ്റൊരു പ്രധാന ആഹാരം. കാർണി ജി ബോയി എന്നാണ് മൂരിയിറച്ചിക്ക് പോർച്ചുഗീസിൽ പറയുന്നത്. മൂരിയിറച്ചികൊണ്ടുണ്ടാക്കുന്ന പർമേഷിയാനയാണ് മറ്റൊരു പ്രധാന ആഹാരം. ഇറച്ചി വളരെ ചെറുതായി അരിഞ്ഞ് ടൊമാറ്റോ സോസും ചീസും ചേർത്ത് ഗ്രിൽഡാക്കി എടുത്ത ഭക്ഷണം അതാണ് പർമേഷിയാന.

ബ്രസീലിലെ പരമ്പരാഗത ഭക്ഷണമായ ഫേയ്ഷുവാദ.

മൂരിയിറച്ചിക്ക് വലിയ പ്രാധാന്യം ബ്രസീലിൽ ഉള്ളതിനാൽ പ്രധാന കൃഷി മൂരിവളർത്തലാണ്. ഒരു കിലോ മൂരിയിറച്ചിക്ക് ഇവിടെ 18 റിയാൽ വിലവരുമത്രേ. ഏതാണ്ട് 540 രൂപ. പല ക്വാളിറ്റിയിലുള്ള മൂരിയിറച്ചിയുണ്ട്. ഇടുപ്പിനോടു ചേർന്നുള്ള ഭാഗത്തിനാണ് ഏറ്റവും കൂടുതൽ വില.തൊട്ടടുത്ത് പങ്കേക്ക എന്നൊരു വിഭവമിരിക്കുന്നു. കോഴിയിറച്ചി അരച്ച് ഗോതമ്പുദോശയ്ക്കു നടുവിൽവച്ച് ഉരുട്ടിയെടുത്ത് വറുത്തുണ്ടാക്കുന്ന ഇനമാണിത്. പന്നിയിറച്ചി വറുത്തെടുക്കുന്നതാണ് മറ്റൊരു പ്രധാന വിഭവം. ഇളം പന്നികളുടെ ഇറച്ചിയേ ഇവർ ഉപയോഗിക്കൂ. ലെയ്തോവ എന്നു പേര്.

കൊഷീഞ്ഞ എന്നൊരു ഐറ്റവുമുണ്ട്. കിഴങ്ങും കോഴിയിറച്ചിയും അരച്ച് ഉരുട്ടി എണ്ണയ്ക്കകത്തിട്ട് വറുത്തെടുക്കുന്നതാണ് കൊഷീഞ്ഞ. ഇറ്റാലിൻ ഭക്ഷണമായ മക്കറോണിയും ഇവിടെ പ്രചാരത്തിലുണ്ട്. അരച്ച മൂരിയിറച്ചിക്കൊപ്പം ചെറിയ തോതിൽ എരിവൊക്കെ ചേർത്തുണ്ടാക്കുന്ന വിഭവമാണിത്. ആവശ്യമുള്ള സാധനങ്ങൾ എടുത്തു കഴിച്ചു. രുചിവൈവിധ്യത്തിന്റെ ഉജ്വല മാതൃകയാണ് ബ്രസീലിയൻ ഭക്ഷണങ്ങൾ. ഓരോന്നും ഒന്നിനൊന്നു മെച്ചം. വളരെ ശുചിയായും വൃത്തിയായും മാത്രമേ അവർ ഭക്ഷണം പാകം ചെയ്യൂ.

വൃത്തിഹീനമായ പാകംചെയ്താൽ വലിയ ശിക്ഷയായിരിക്കും ലഭിക്കുന്നത്. ഒടുവിൽ ഭക്ഷണമെല്ലാമെടുത്തതിനുശേഷം അതെത്രയെന്നു തൂക്കിയാണ് വില നിശ്ചയിക്കുന്നത്. നമ്മുടെ ഐഡന്റിറ്റിക്കാണ് ആദ്യം ഒരു കാർഡ് നൽകുന്നത്. ഈ കാർഡ് കൊടുത്താൽ നാം എത്രത്തോളം കഴിച്ചുവെന്ന് കൗണ്ടറിലിരിക്കുന്നയാൾക്ക് മനസിലാകും. മലയാളത്തിന്റെ വിഭവങ്ങളും സുലഭം.കേരളത്തിൽ നാം പ്രിയമോടെ കഴിക്കുന്ന പല ഭക്ഷണവും ഇവിടെയുമുണ്ട്. കപ്പയുടെ(മരച്ചീനി) ജന്മനാടുതന്നെ ബ്രസീലാണ്. മഞ്ചിയോക്ക എന്നാണ് കപ്പയ്ക്ക് ഇവിടത്തുകാർ പറയുന്നത്. കൂടാതെ കപ്ലങ്ങ അഥവാ പപ്പായ(മമ്മാവു), മാങ്ങ- മാങ്ക, തേങ്ങ- കോക്കു എന്നിവയും ഇവിടെ ലഭിക്കും. വെളിച്ചെണ്ണയ്ക്കു പകരം കൊളസ്ട്രോൾ രഹിത സോജ ഓയിലാണ് ഇവിടത്തുകാർ ഉപയോഗിക്കുന്നത്. ഒലിവെണ്ണ(അസെയ്ച്ചീ)യും ധാരാളമായി ഉപയോഗിക്കുന്നു. ബ്രസീൽ കാപ്പിയാണ് ഏറ്റവും രുചികരം. നമ്മുടെ നാട്ടിൽക്കിട്ടുന്ന കാപ്പിയുമായി രുചിയിൽ അടിമുടി വ്യത്യാസമുണ്ട്. നല്ല കടുപ്പമാണ്. കാപ്പിപ്പൊടിക്കകത്തേക്ക് ചൂടുവെള്ളമൊഴിച്ചാണ് കാപ്പി ഉണ്ടാക്കുന്നത്. കഫേ എന്നു പേരും. പാലൊഴിച്ച കാപ്പിക്ക് ലെയിച്ചി കഫേ എന്നു പറയും.

പഞ്ചസാരയ്ക്ക് അസൂക്കർ ന്നും ചായക്ക് ഷാ എന്നുമാണ് പേര്. കുടിക്കാനുള്ള വെള്ളത്തിനാടക്കെ ആഗ്വയെന്നും. ബ്രസീലുകാരുടെ മറ്റൊരു പ്രധാനപ്പെട്ട പാനീയമാണ് ബിയർ. കൊച്ചുകുട്ടികൾ മുതൽ സ്ത്രീകൾ വരെ ഇതുപയോഗിക്കുന്നു. ആൽക്കഹോൾ ഇല്ലാത്തതും ഉള്ളതുമായ ബിയറുകൾ ലഭ്യമാണ്. സർവേഷ എന്നാണ് ബിയറിന്റെ പേര്. ബ്രസീലിൽ ആഹാരത്തിന്റെ ഭാഗമാണ് മദ്യവും. പട്ടച്ചാരായം മുതൽ വിസ്കിവരെ അവർ ഉപയോഗിക്കുന്നു. നമ്മുടെ നാട്ടിൽ പാരമ്പര്യ മദ്യം കള്ളെങ്കിൽ ഇവിടെ കൈപ്പരീഞ്ഞയാണ്.

കശുവണ്ടി വാറ്റിയുണ്ടാക്കന്ന മദ്യമാണ് കൈപ്പരീഞ്ഞ. ബ്രസീലിൽനിന്നു മടങ്ങുമ്പോഴും ഈ രുചിക്കൂട്ടുകൾ നാവിലുണ്ടായിരുന്നു.

ഈ വർഷം ഐപിഎൽ മറന്നേക്കുക: സൗരവ് ഗാംഗുലി

മനുഷ്യന് ജീവിക്കാൻ നിർവാഹമില്ല, പിന്നെന്തു ക്രിക്കറ്റ്? ഐപിഎൽ റദ്ദാക്കിയേക്കും

കോൽക്കത്ത: കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് നീട്ടിവച്ച ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) 13ാം പതിപ്പ് പുനഃരാരംഭിക്കാനുള്ള സാധ്യതകളെക്കുറിച്ച് ചോദിക്കുന്നവർക്ക് ഉചിതമായ മറുപടിയുമായി ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി. മനുഷ്യർക്ക് ജീവിക്കാൻ പോലും നിർവാഹമില്ലാത്ത ഈ സാഹചര്യത്തിൽ കായികമത്സരങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളതെന്ന് ഗാംഗുലി ചോദിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ ലോകത്ത് ഒരു വിധത്തിലുമുള്ള കായിക മത്സരങ്ങൾക്ക് പ്രസക്തിയില്ലെന്ന് മനസ്സിലാക്കാൻ സാമാന്യ ബോധം മതി.

തൽക്കാലം ഐപിഎൽ മറന്നുകളയുക' -ഗാംഗുലി പറഞ്ഞു. ഇതോടെ ഈ വർഷം ഐപിഎൽ നടക്കാനുള്ള സാധ്യതകളില്ലെന്ന് ഏതാണ്ട് ഉറപ്പിക്കാം. ഈ വർഷം മാർച്ച് 29ന് ആരംഭിക്കേണ്ടിയിരുന്ന ഐപിഎൽ, കൊറോണ ഭീതിയെ തുടർന്ന് ഏപ്രിൽ 15ലേക്ക് നീട്ടിയിരുന്നു. എന്നാൽ, ഉടൻ തന്നെ ഈ വർഷത്തെ ഐപിഎൽ റദ്ദാക്കിയെന്ന് പ്രഖ്യാപനമാകും വരും ദിവസങ്ങളിൽ വരിക എന്നാണ് ലഭിക്കുന്ന സൂചന.'ഞങ്ങൾ സാഹചര്യങ്ങൾ വിലയിരുത്തി വരികയാണ്. ഇപ്പോഴത്തെ അവസ്ഥയിൽ ഒന്നും പറയാനാകില്ല. അല്ലെങ്കിലും എന്തു പറയാനാണ്? വിമാനത്താവളങ്ങൾ ഇപ്പോഴും അടഞ്ഞു കിടക്കുന്നു, ആളുകൾ വീടുകളിൽനിന്ന് പുറത്തിറങ്ങുന്നില്ല, ഓഫിസുകളും അടച്ചുപൂട്ടിയിട്ടിരിക്കുന്നു, ആളുകൾക്ക് ഒരിടത്തേക്കും പോകാൻ നിർവാഹമില്ല. ഇതെല്ലാം കുറഞ്ഞത് മേയ് പകുതിവരെയെങ്കിലും ഇങ്ങനെ തുടരാനാണ് സാധ്യത- ' ഗാംഗുലി ചൂണ്ടിക്കാട്ടി. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു വിധത്തിലുമുള്ള കായികമത്സരങ്ങൾക്ക് പ്രസക്തിയില്ലെന്ന് ഗാംഗുലി ചൂണ്ടിക്കാട്ടി. 'ഈ അവസ്ഥയിൽ എവിടെനിന്നാണ് കളിക്കാൻ താരങ്ങളെ കിട്ടുക? കളിക്കാർ സന്നദ്ധരാണെങ്കിൽ തന്നെ അവരെങ്ങനെ യാത്ര ചെയ്യും? ഗാംഗുലി പറഞ്ഞു.'എന്തായാലും ഐപിഎൽ 13ാം പതിപ്പിന്റെ ഭാവിയേക്കുറിച്ച് മറ്റ് ബിസിസിഐ ഭാരവാഹികളുമായിക്കൂടി സംസാരിച്ചിട്ട് കൂടുതൽ വിവരങ്ങൾ അറിയിക്കാം. എങ്കിലും പ്രായോഗികമായി ചിന്തിച്ചാൽ ഇപ്പോഴത്തെ സാഹചര്യങ്ങൾ മനുഷ്യർക്ക് ജീവിക്കാൻ പോലും നിർവാഹമില്ലാത്തപ്പോൾ കായികമത്സരങ്ങൾക്ക് എന്ത് ഭാവി?' ഗാംഗുലി ചോദിച്ചു.

ധോണി മടങ്ങിവരും!

ചെന്നൈ: മുൻ ഇന്ത്യൻ നായകൻ മഹേന്ദ്രസിങ് ധോണിയുടെ അന്താരാഷ്ട്ര ക്രിക്കറ്റിലേക്കുള്ള മടങ്ങിവരവിനെക്കുറിച്ച് ഐപിഎല്ലിൽ അദ്ദേഹത്തിന്റെ ടീമായ ചെന്നൈ സൂപ്പർ കിങ്സ് ഫിസിയോതെറാപ്പിസ്റ്റിന്റെ നിർണായക വെളിപ്പെടുത്തൽ. ധോണി തികഞ്ഞ ആത്മവിശ്വാസത്തിലാണ് ഐപിഎല്ലിനു തയ്യാറെടുത്തത്. ടി20 ലോകകപ്പിൽ ഇന്ത്യക്കായി കളിക്കണമെന്ന ദൃഢനിശ്ചയത്തിലായിരുന്നു അദ്ദേഹം. ലോകകപ്പിനുള്ള ഇന്ത്യൻ സംഘത്തിൽ ധോണി ഇടം പിടിക്കുമെന്നാണ് താൻ പ്രതീക്ഷിക്കുന്നതെന്നും സിഎസ്കെ ഫിസിയോ തെറാപ്പിസ്റ്റ് ടോമി സിംസെക്ക് വ്യക്തമാക്കി. ഐപിഎല്ലിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി മാർച്ചിലാണ് സിഎസ്കെയുടെ പരിശീലന ക്യാംപ് തുടങ്ങിയത്. ആദ്യത്തെ ആഴ്ച തന്നെ ധോണി ക്യാംപിനൊപ്പം ചേരുകയും ചെയ്തിരുന്നു. എന്നാൽ കൊറോണ വൈറസ് രാജ്യത്തു പടർന്നു പിടിച്ചതോടെ ക്യാംപ് നിർത്തി വയ്ക്കുകയായിരുന്നു. ഐപിഎല്ലിന്റെ പുതിയ സീസണിനു മുന്നോടിയായി ആരംഭിച്ച പരിശീലന ക്യാംപിലെ പ്രാക്ടീസ് സെഷനിൽ ധോണി ഏറെ നേരം വിക്കറ്റ് കാക്കുന്നത് താൻ കണ്ടിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ആദ്യമായാണ് ധോണി പ്രാക്ടീസ് സെഷനിൽ ഇങ്ങനെ ചെയ്യുന്നത്. ദേശീയ ടീമിൽ മടങ്ങിയെത്തണമെന്ന ദൃഢനിശ്ചയമാണ് ധോണിക്കുള്ളതെന്നു ഇതോടെ തനിക്കു ബോധ്യമാവുകയും ചെയ്തതായി സിഎസ്കെ ഫിസിയോ തെറാപ്പിസ്റ്റ് സിംസെക്ക് പറഞ്ഞു.

500 രൂപകൊണ്ട് ലോകം കീഴടക്കിയ മെഡിമിക്സ്

പി.വി. ബാലു

ബിസിനസ് Cafe

ഇന്ന് 50 വർഷങ്ങൾക്കിപ്പുറം ഉത്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ചുവടുപിടിച്ച് മേഖലയിലെ ഒന്നാം നമ്പർ സാന്നിധ്യമായി മാറിയിരിക്കുകയാണ്. യന്ത്രവത്കരണത്തിന്റെ കാലഘട്ടത്തിലും കൈകൊണ്ട് നിർമിക്കുന്ന സോപ്പുകളുമായി ഈ മേഖലയിൽ മുൻനിരയിൽ തുടരുവാൻ മെഡിമിക്സ് എന്ന ബ്രാൻഡിന് കഴിയുന്നു എന്നത് മാനെജ്മെന്റിന്റെ വിജയമാണ്.

'വിപ്രതി' എന്ന എണ്ണയിൽനിന്ന് ഡോ. വി.പി. സിദ്ധൻ ആരംഭിച്ച പരീക്ഷണത്തിൽ നിന്നുള്ള ശുഭകരമായ തുടക്കം. ത്വക്ക് രോഗങ്ങൾക്ക് പ്രതിവിധിയായി 'ചോലയിൽ' കുടുംബക്കാർ ഉപയോഗിച്ചിരുന്ന 'വിപ്രതി'യുടെ ചേരുവകൾ ചേർത്തുള്ള സോപ്പ് എന്ന ആശയത്തിൽ നിന്നാണ് മെഡിമിക്സിന്റെ പിറവി. ചെന്നൈയിലെ അയനാവരത്തെ വീട്ടിൽ സിദ്ധനും ഏതാനും സഹായികളും ചേർന്നാണ് ചെറിയതോതിൽ സോപ്പുനിർമാണം തുടങ്ങുന്നത്.

ഇന്ന് 50 വർഷങ്ങൾക്കിപ്പുറം ഉത്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ചുവടുപിടിച്ച് മേഖലയിലെ ഒന്നാം നമ്പർ സാന്നിധ്യമായി മാറിയിരിക്കുകയാണ്.

യന്ത്രവത്കരണത്തിന്റെ കാലഘട്ടത്തിലും കൈകൊണ്ട് നിർമിക്കുന്ന സോപ്പുകളുമായി ഈ മേഖലയിൽ മുൻനിരയിൽ തുടരുവാൻ മെഡിമിക്സ് എന്ന ബ്രാൻഡിന് കഴിയുന്നു എന്നത് മാനെജ്മെന്റിന്റെ വിജയമാണ്.

തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും ഒരേ പോലെ വിപണിയുള്ള മെഡിമിക്സിന്റെ തെക്കേ ഇന്ത്യൻ വിപണിക്ക് നേതൃത്വം നൽകുന്നത് എവിഎ ഗ്രൂപ്പും വടക്കേ ഇന്ത്യൻ വിപണിക് നേതൃത്വം നൽകുന്നത് ചോളയിൽ ഗ്രൂപ്പുമാണ്.

ദക്ഷിണേന്ത്യൻ വിപണി എവിഎ ഗ്രൂപ്പ് സാരഥി എ.വി. അനൂപിന്റെ ഉടമസ്ഥതയിലാണ്. ആയുർവേദ ചികിത്സയ്ക്കും ആരോഗ്യകരമായ ഭക്ഷണത്തിനും പ്രശസ്തമായ 'സഞ്ജീവനം' ബ്രാൻഡും എവിഎമ്മിന്റേതാണ്.

വൈവിധ്യവത്കരണം

മെഡിമിക്സ് ക്ലാസിക് എന്ന ഒരൊറ്റ ഉത്പന്നമാണ് ദീർഘകാലം വിപണിയിൽ എത്തിച്ചിരുന്നത്. തുടർന്നു, 1990 കളിലാണ് സോപ്പിന്റെ വിവിധ വൈവിധ്യങ്ങൾ വിപണിയിൽ എത്തിച്ചു തുടങ്ങിയത്. ഇപ്പോൾ മെഡിമിക്സ് ക്ലാസിക്കിന് പുറമെ, മെഡിമിക്സ് ഗ്ലിസറിൻ, മെഡിമിക്സ് സാൻഡൽ, മെഡിമിക്സ് ഹാൻഡ് വാഷ് എന്നീ ഉത്പന്നങ്ങളും വിപണിയിലെത്തുന്നുണ്ട്. മെഡിമിക്സിന് തെക്കേ ഇന്ത്യയിൽ മാത്രമായി ആറ് പ്ലാന്റുകളാണ് ഉള്ളത്. ഓരോ പ്ലാന്റിലും ഏകദേശം 100,000 സോപ്പുകൾ പ്രതിദിനം നിർമിക്കുന്നു.

തെക്കേ ഇന്ത്യയിൽ മാത്രം പ്രതിമാസം 850 ടൺ സോപ്പിന്റെ ഉത്പാദനമാണ് നടക്കുന്നത്. ഭക്ഷ്യവ്യവസായ മേഖലയിൽ ചുവടുറപ്പിക്കാൻ പ്രമുഖ കറിപൗഡർ ബ്രാൻഡായ 'മേളം' ഏറ്റെടുത്തു. 'കേത്ര'യിലൂടെ 'ഹെയർ കെയർ' ഉത്പന്ന വിപണിയിലേക്കും എവിഎ. ഗ്രൂപ്പ് ചുവടുവെച്ചു. ചലച്ചിത്ര നിർമാണ രംഗത്തും സജീവം.

ആശയങ്ങൾ തൊഴിലാളികളിൽ നിന്ന്

തൊഴിലാളികളുടെ നേതൃത്വത്തിൽ പോകുന്ന ഒരു സ്ഥാപനമായതിനാൽ, തൊഴിലാളികൾ മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ, കണ്ടുപിടുത്തങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകി വരുന്നു. മെഡിമിക്സിന്റെ ഏറെ പ്രചാരത്തിലുള്ള മിനി സോപ്പ് ഇത്തരത്തിൽ ഒരാശയമായിരുന്നു. മെഡിമിക്സ് സോപ്പിന്റെ ബാറുൾ 75 ഗ്രാം ഭാരത്തിലുള്ള സോപ്പുകളായി മുറിക്കുമ്പോൾ കുറേയേറെ ചെറിയ സോപ്പ് കഷണങ്ങൾ ബാക്കി വരുമായിരുന്നു. ഇതുകൊണ്ട് എന്ത് ചെയ്യും എന്ന ചിന്തയിൽ നിന്നുമാണ് മിനി സോപ്പ് എന്ന ആശയം ജനിക്കുന്നത്.

മിനി സോപ്പ് എവിടെ വിൽക്കും? വെറുതെ സാംപ്ലിങ്ങിന് മാത്രമായി വിനിയോഗിക്കാതെ അതിൽ നിന്നും പുതിയൊരു വിപണി കൂടി കണ്ടെത്താൻ ശ്രമിച്ചതായിരുന്നു ആ ബ്രാൻഡിന്റെ വിജയം. മെഡിമിക്സ് മിനി സോപ്പിന് മാത്രമായി ചെറിയൊരു മാർക്കറ്റിങ് ടീമിനെ നിയോഗിച്ചു. 1990കളുടെ ആദ്യ വർഷങ്ങളിലായിരുന്നു അത്. 100 ഹോട്ടലുകളുകളായിരുന്നു സ്ഥാപനത്തിന്റെ ലക്ഷ്യം. ഇന്ന് 6000ത്തിലധികം ഹോട്ടലുകളിൽ മെഡിമിക്സ് മിനി ഇപയോഗിച്ചു വരുന്നു.

ആയുർവേദം

തലമുറകൾ പിന്നിട്ട ആയുർവേദ പാരമ്പര്യമുണ്ട്. കൊച്ചിയിൽ 40 കോടി മുതൽമുടക്കിൽ അത്യാധുനിക സൗകര്യങ്ങളോടെ 70 കിടക്കകളോടെ 'സഞ്ജീവനം' ആയുർവേദ ആശുപത്രി പ്രവർത്തനം ആരംഭിച്ചു. ജീവിതശൈലിക്ക് അനുയോജ്യമായ സൗകര്യങ്ങൾ സഞ്ജീവനത്തിൽ നൽകുന്നു. സാധാരണ ആയുർവേദ ആശുപത്രികളിൽ കാണാത്ത ഓപ്പറേഷൻ തിയേറ്റർ, മിനി തിയേറ്റർ, ബിസിനസുകാർക്ക് വീഡിയോ കോൺഫറൻസിങ് സൗകര്യം, ഗെയിം റൂം, യോഗ റൂം, ഹെൽത്ത് സെന്റർ, റെസ്റ്റോറന്റുകൾ തുടങ്ങിയവ ഇവിടെയുണ്ട്. ചികിത്സയ്ക്ക് പൂർണമായും പരമ്പരാഗത ആയുർവേദ രീതികളാണ് അവലംബിക്കുന്നതെങ്കിലും അലോപ്പതി ഡോക്റ്റർമാരുടെ സേവനവും ലഭ്യമാണ്.

രോഗനിർണയത്തിന് രക്തപരിശോധനയും എക്സ്റേയും സ്കാനിങ്ങും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നു. ചെന്നൈയിൽ സഞ്ജീവനത്തിന് മൂന്ന് കേന്ദ്രങ്ങളുണ്ട്.

സിനിമ

മലയാളം, തമിഴ് ഭാഷകളിലായി 25 ചിത്രങ്ങൾ ഇതിനകം നിർമിച്ചു. 'യുഗപുരുഷൻ', 'പാലേരി മാണിക്യം', 'ക്രിസ്ത്യൻ ബ്രദേഴ്സ്', 'ഗപ്പി', 'ഗോദ', 'ഇഷ്ക്', 'അമ്പിളി' എന്നിവ ഈ ബാനറിൽ നിർമിച്ച ചിത്രങ്ങളിൽ ചിലതാണ്. മൂന്ന് വർഷമായി 'ഇ-4' എന്റർടെയിൻമെന്റുമായി സഹകരിച്ചാണ് പ്രവർത്തനം.

2007-ലാണ് നിർമാണരംഗത്തിറങ്ങിയത്. 51 മണിക്കൂർകൊണ്ട് രചന മുതൽ റിലീസ് വരെ പൂർത്തിയാക്കിയ 'വിശ്വഗുരു' എന്ന ചിത്രത്തിലൂടെ ഗിന്നസിൽ ഇടംപിടിക്കാനായി. സിനിമയും നാടകവും ജീവിതത്തിന്റെ ഭാഗമായി കാണുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് കല്യാൺ സിൽക്സ് ജീവനക്കാർ

കൊച്ചി: കല്യാൺ സിൽക്സ് മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു കോടി രൂപ സംഭാവന ചെയ്തതിന് പിന്നാലെ കല്യാൺ സിൽക്സ് ഗ്രൂപ്പിന്റെ ജീവനക്കാരും സംസ്ഥാന സർക്കാരിന് സഹായവുമായ് എത്തി.

കല്യാൺ സിൽക്സ്, കല്യാൺ ഹൈപ്പർ മാർക്കറ്റ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന 5000-ത്തിലേറെ ജീവനക്കാരാണ് 17.25 ലക്ഷം രൂപ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയത്. 'തൊഴിൽ മേഖല ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഈ സമയത്ത് ഇത്തരമൊരു സദ്പ്രവർത്തിക്കായ് മുൻകൈ എടുത്ത ജീവനക്കാരുടെ കൂട്ടായ്മ തീർച്ചയായും പ്രശംസ അർഹിക്കുന്നു', കല്യാൺ സിൽക്സിന്റെ ചെയർമാനും മാനെജിങ്ങ് ഡയറക്റ്ററുമായ ടി.എസ്. പട്ടാഭിരാമൻ പറഞ്ഞു.

കേരളം മഹാപ്രളയത്തെ നേരിട്ടപ്പോഴും കല്യാൺ സിൽക്സ് ഗ്രൂപ്പിന്റെ ജീവനക്കാർ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായ് ഉദാരമായ് സംഭാവന ചെയ്തിരുന്നു.

സൂക്ഷിക്കണം ഇ ഫയലിങ്

ന്യൂഡൽഹി: ആദായനികുതി ഇ-ഫയലിങ് അക്കൗണ്ടിൽ ശ്രദ്ധാലുവായിരിക്കണമെന്നും മറ്റാരെങ്കിലും അക്കൗണ്ട് ദുരുപയോഗം ചെയ്താൽ റിപ്പോർട്ട് ചെയ്യണമെന്നും ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടു. സൈബർ കുറ്റകൃത്യ പരാതികൾ ഓൺലൈനിൽ റിപ്പോർട്ട് ചെയ്യാൻ പരാതിക്കാരെ സഹായിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിന്റെ https://cybercrime.gov.in/ എന്ന സൈറ്റ് തയാറാക്കിയിട്ടുണ്ട്. ആർക്കും ഈ സൈറ്റ് സന്ദർശിച്ച് പരാതി ഫയൽ ചെയ്യാൻ കഴിയുന്നതാണ്.

ലോഗിൻ ക്രെഡൻഷ്യലുകളോ മറ്റ് തന്ത്രപ്രധാന വിവരങ്ങളോ പങ്കിടരുത് എന്നും ആദായനികുതി വകുപ്പ് മുന്നറിയിപ്പ് നൽകി. വകുപ്പിന്റെ വെബ് പോർട്ടലിലേക്ക് ലോഗിൻ ചെയ്തുകൊണ്ട് ഒരു വ്യക്തിയുടെയോ എന്റിറ്റിയുടെയോ ഇ-ഫയലിങ് അക്കൗണ്ടിലേക്ക് പ്രവേശിക്കാവുന്നതാണ്. കൂടാതെ നികുതിദായകർ അവരുടെ ആദായനികുതി റിട്ടേണുകൾ (ഐടിആർ) ഫയൽ ചെയ്യാനും ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്.

കോവിഡ് -19 കാരണം കൂടുതൽ ഓൺലൈൻ സംവിധാനങ്ങൾ ആളുകൾ ആശ്രയിക്കും എന്നിരിക്കെ, ഓൺലൈൻ സിസ്റ്റങ്ങൾക്കെതിരായ ആക്രമണവും വർധിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. അതിനാൽ ഒരു മുൻകരുതലെന്ന നിലയിലാണ് ഈ നിർദേശങ്ങൾ വച്ചതെന്നും ഒരു മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.

വൻ തൊഴിൽ നഷ്ടം ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി എഫ്ഐഇഒ

ന്യൂഡൽഹി: കൊറോണ വൈറസ് പകർച്ചവ്യാധി മൂലം ഇന്ത്യയുടെ കയറ്റുമതി മേഖലയിൽ 15 ദശലക്ഷം തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ (എഫ്ഐഇഒ). ഓർഡറുകൾ റദ്ദാക്കിയത് മൂലം സമ്മർദ്ദം നേരിടുന്നതിനാൽ സാമ്പത്തിക പാക്കെജ് പുറത്തിറക്കണമെന്ന് എഫ്ഐഇഒ സർക്കാരിനോട് ആവശ്യപ്പെട്ടു. കയറ്റുമതി ഓർഡറുകളുടെ 50 ശതമാനം റദ്ദാക്കിയതോടെ നിഷ്ക്രിയ ആസ്തികളുടെ (എൻപിഎ) വർധനയും ഈ മേഖല പ്രതീക്ഷിക്കുന്നുണ്ടെന്ന് എഫ്ഐഇഒ പ്രസിഡന്റ് ശരദ് കുമാർ സറഫ് പറഞ്ഞു.

വേതനം, വാടക, യൂട്ടിലിറ്റികൾ എന്നിവയുടെ ചെലവ് നികത്തുന്നതിനായി കയറ്റുമതിക്കാർക്ക് കൊവിഡ് -19 നെ തുടർന്ന് പലിശരഹിത പ്രവർത്തന മൂലധന വായ്പ നൽകാൻ സർക്കാർ തയാറാകണമെന്ന് ഓർഗനൈസേഷൻ കൂട്ടിച്ചേർത്തു. വിവിധ ഓർഡറുകളുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിൻ ഉൽപാദന യൂണിറ്റുകളെ പരിമിതമായ തോതിൽ പ്രവർത്തിക്കാൻ അനുവദിക്കണം, അല്ലാത്തപക്ഷം പല യൂണിറ്റുകളും വരും ദിവസങ്ങളിൽ നികത്താനാവാത്ത നഷ്ടം നേരിട്ടേക്കാമെന്ന് എഫ്ഐഒഒ കൂട്ടിച്ചേർത്തു.

2020 ൽ ആഗോള വ്യാപാരം 13 ശതമാനം മുതൽ 31 ശതമാനം വരെ ഇടിവ് നേരിടുമെന്ന് വേൾഡ് ട്രേഡ് ഓർഗനൈസേഷൻ അഭിപ്രായപ്പെട്ടിരുന്നു. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ), എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ തുടങ്ങിയ ഫണ്ടുകളിലേക്ക് മാർച്ച് മുതൽ മെയ് വരെ മൂന്ന് മാസത്തേക്കുള്ള അടവുകളിൽ എഫ്ഐഇഒ സർക്കാരിനോട് ആവശ്യപ്പെട്ടു.

മുഹമ്മ രമണൻ അന്തരിച്ചു

മുഹമ്മ (ആലപ്പുഴ): കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവും പ്രശസ്ത ബാലസാഹിത്യകാരനുമായ മുഹമ്മ അനീഷ് കോട്ടേജിൽ (വേലിക്കകത്തുചിറയിൽ) കെ. ചിദംബരൻ (മുഹമ്മ രമണൻ - 78) അന്തരിച്ചു. റിട്ട. വില്ലേജ് ഓഫീസറായിരുന്നു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്നാണ് മരണം .നിരവധി ബാല സാഹിത്യ കൃതികളുടെ രചയി താവാണ്.

കള്ളൻ കുഞ്ഞപ്പൻ, മണിയൻ പൂച്ചയ്ക്ക് മണി കെട്ടി, അനുവും കുട്ടിച്ചാത്തനും, ഉണ്ണിമോനും കുരുവികളും, കോമുണ്ണിയുടെ ദു:ഖം, മരം സഞ്ചരിക്കുന്ന മന്ത്രം, കിളിയുടെ സ്വപ്നം, സ്വാതന്ത്ര്യം ജന്മാവകാശം, മുത്തശനെ മറക്കരുത് തുടങ്ങി നാൽപ്പതോളം കൃതികൾ രചിച്ചിട്ടുണ്ട്.

കണ്ണൻ കാക്കയുടെ കൗശലങ്ങൾ എന്ന നോവലിന് മികച്ച ബാല സാഹിത്യ കൃതിയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് (1989), ചൂണ്ട എന്ന നോവലിന് ഉറൂബ് അവാർഡ് (1990), അനുവും കുട്ടിച്ചാത്തനും എന്ന കൃതിക്ക് ബീമിലെ പി. നരേന്ദ്രനാഥ് സ്മാരക പുരസ്ക്കാരം (1993), പുസ്തകം വളർത്തിയ കുട്ടി എന്ന കൃതിക്ക് 1996 ൽ ഭീമ ബാലസാഹിത്യ അവാർഡ് തുടങ്ങി നിരവധി പുരസ്ക്കാരങ്ങളും നേടിയിട്ടുണ്ട്. പി. കൃഷ്ണപിള്ളയുടെ ജീവിതം കുട്ടികളുടെ സഖാവ് എന്ന പേരിൽ നോവലായി പ്രസിദ്ധീകരിച്ചു.

അടിയന്തരാവസ്ഥ കാലത്ത് ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ പ്രവർത്തകനായി. യൂണിറ്റ് യോഗങ്ങളിൽ കഥയും കവിതയും അവതരിപ്പിക്കുമായിരുന്നു. ദേശാഭിമാനി വാരികയിലൂടെയാണ് ഇദ്ദേഹം സാഹിത്യ ലോകത്ത് അറിയപ്പെട്ടത്. മുഹമ്മ എസ്ഡി ഗ്രന്ഥാലത്തിൽ ദീർകാലം സെക്രട്ടറിയായും സിപിഎം അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ശൈലജ .മക്കൾ: അഡ്വ.അനീഷ്, അഭിലാഷ്, അതുല്യ. മരുമക്കൾ: രാധിക, റജി ശങ്കർ.

എൻ.രമേശൻ

ഏനാത്ത്:ഇളംഗമങ്ങലം ലക്ഷം വീട്ടിൽ എൻ.രമേശൻ (54) അന്തരിച്ചു സംസ്കാരം നടത്തി. ഭാര്യ: ബേബി ലത. മക്കൾ: ആർ.അഖിൽ, ആർ.അമൽ.

ടി.ഒ സാമുവൽ

തിരുവല്ല: ചുമത്ര താമരവേലിൽ ടി.ഒ സാമുവൽ (കുഞ്ഞുമോൻ-83) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: കല്ലിശേരി പാറയിൽ ചെറുവള്ളേത്ത് ആച്ചിയമ്മ. മക്കൾ: ഡെന്നി. ഡെറി (ഇരുവരും കുവൈത്ത്), ഡിനു.

ഇബ്രാഹിം ഹാജി

എടത്തിരുത്തി: ചുല്ലൂർ മഹല്ലിലെ പല്ല പൈനൂരിൽ താമസിക്കുന്ന ശാന്തിപുരത്ത് പരേതനായ ഹൈദ്രോസ് മകൻ ഇബ്രാഹിം ഹാജി (78) അന്തരിച്ചു. ഖബറടകം ഇന്ന് രാവിലെ 9 മണിക്ക് ചൂലൂർ ജുമുഅ മസ്ജിദിൽ വെച്ച് നടക്കും. ഭാര്യ: ഐഷാബി. മക്കൾ: പരേതനായ നാസർ, ഇസ്മായിൽ, യൂസഫലി, ബഷീർ (കുവൈറ്റ്), സലാഹുദ്ധീൻ (ലുലു ദുബായ്), മുംതാസ്. മരുമക്കൾ: ജമാൽ, ഷക്കീല, ജാസ്മിൻ, അസ്മ, മുംതാസ്, ജംഷിത. സഹോദരങ്ങൾ: മുഹമ്മദ് ഹാജി, ബീവിക്കുഞ്ഞി, നബീസ, പരേതരായ അബ്ദുല്ലഹാജി, അബ്ദുറഹ്മാൻ ഹാജി, കൊച്ചുണ്ണി ഹാജി, മുഹമ്മദലി ഹാജി, ഫാത്തിമ, ഐഷാബി.

സൈമൺ

പൊങ്ങണം കാട് : പുളിക്കൻ പരേതനായ ദേവസി മകൻ സൈമൺ (64) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് പൊങ്ങണം കാട് സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിൽ നടക്കും. ഭാര്യ: മിനി. മക്കൾ: സിമി, സിബി. മരുമകൻ: ബ്ലെസൻ.

മധുസൂദനൻ

മലയിൻകീഴ് : മണപ്പുറം കുരുവിൻമുകൾ മഹേഷ് ഭവനിൽ മധുസൂദനൻ (56) അന്തരിച്ചു. ഭാര്യ: ഒ.മോളി. മക്കൾ: മഹേഷ്, മനോജ്.

ജോർജ്

വൈപ്പിൻ: മുനമ്പം കടപ്പുറം പള്ളിപ്പറമ്പിൽ ജോർജ് (72) അന്തരിച്ചു. ഭാര്യ: കർമലി. മക്കൾ: പി.ജി. ആന്റണി (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ), ലിൻസി, ആൻസി. മരുമക്കൾ: എലിസബത്ത്, ജേക്കബ്, ജിസ്.

ആമിന

കിഴുപ്പിള്ളിക്കര: പുതിയവീട്ടിൽ പരേതനായ കുഞ്ഞിമോൻ ഭാര്യ ആമിന (82) അന്തരിച്ചു. കബറടക്കം ഇന്ന് രാവിലെ ഏഴിന് കിഴുപ്പിള്ളിക്കര ജുമാത്ത് പള്ളിയിൽ. മക്കൾ: മുഹമ്മദ്, ലൈല, ഇബ്രാഹിം, ഷാജിത, ഷാഹുൽ ഹമീദ്, ഷൈന. മരുമക്കൾ: അബ്ദുൾ കാദർ, കബീർ, റഷീദ്, നസീറ, നൂർജഹാൻ, ഹനീഷ.

എം.എൻ. രവീന്ദ്രൻ

ചോറ്റാനിക്കര: ആശുപത്രിപ്പടി മണ്ണാത്തറയിൽ എം.എൻ. രവീന്ദ്രൻ (66) അന്തരിച്ചു. സംസ്കാരം നടത്തി. ആലുവ വിദ്യാഭ്യാസ സബ് ജില്ലയില കങ്ങരപ്പടി എസ്എൻഡിപി യുപി സ്കൂൾ സംസ്കൃത അധ്യാപകനായിരുന്നു. ഭാര്യ: അംബിക. മകൾ: കീർത്തി. മരുമകൻ: ടോണി.



ദമയന്തി

തേഞ്ഞിപ്പലം: കൊളത്തോട് പരേതനായ പാറോൽ കാരിക്കുട്ടിയുടെ ഭാര്യ ദമയന്തി (88) അന്തരിച്ചു. മക്കൾ: ബാലകൃഷ്ണൻ, വിജയൻ, കൃഷ്ണൻ, അജയൻ, തങ്കമ്മു, അമ്മിണി കാർത്യായനി. മരുമക്കൾ: ഷൈലജ, ഗീത, ഷീജ, സജിനി, ബാലൻ, രവി, മോഹനൻ.

റോസിലി

മണലൂർ: പാലമുറ്റം ജോസ് ഭാര്യ റോസിലി (63) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: റോജോ, റൊണാൾഡ്.

സെലീന

വൈപ്പിൻ: പള്ളിപ്പുറം പള്ളിപ്പറമ്പിൽ വീട്ടിൽ പരേതനായ ഫിലിപ്പ് ഭാര്യ സെലീന (91) അന്തരിച്ചു. സംസ്കാരം പള്ളിപ്പുറം മഞ്ഞുമാത ബസലിക്ക സെമിത്തേരിയിൽ നടത്തി. മക്കൾ : ജയമ്മ, അലക്സ്, അനിൽ, മരുമക്കൾ: മത്തായി, സീന, ഷെല്ലി.

അന്നക്കുട്ടി

കൊക്കാത്തോട്:അപ്പൂപ്പൻതോട് കൂടപ്പാട്ട് വീട്ടിൽ പരേതനായ വർഗീസ് ദേവസ്യയുടെ ഭാര്യ അന്നക്കുട്ടി (80) അന്തരിച്ചു. മക്കൾ: ജോർജുകുട്ടി, തോമസ്, ആലീസ്, എൽസമ്മ, മിനി.

മാളുക്കുട്ടി. സി.

മാസ്കോർണർ: ചാലിൽപറമ്പ് പരേതനായ രാജന്റെ ഭാര്യ മാളുക്കുട്ടി സി (80) അന്തരിച്ചു. മക്കൾ: സന്തോഷ് കുമാർ.സി, മിനി. സി. മരുമക്കൾ: നിഷ, രാമരാജൻ.

ഇണൂലി

മണലൂർ: ചിറയത്ത് വേലാണ്ടി ഭാര്യ ഇണൂലി (95) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: കേശവൻ, തങ്കമണി, വൈദേഹി, വാസന്തി, കോമള, പരേതരായ സുരേന്ദ്രൻ, തിലകൻ, സുജാത, വനജ. മരുമക്കൾ: ശോഭന, രേണുക, ലത, അശോകൻ, പരേതരായ പ്രഭാകരൻ, കാർത്തികേയൻ, മോഹനൻ.

സജിത്ത്

കുന്നത്തങ്ങാടി: വെളുത്തൂർ സനൽ നഗറിൽ പടിഞ്ഞാറെ പാലിശ്ശേരി ശശികുമാറിന്റെ മകൻ സജിത്ത് (24) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30 ന് വീട്ടുവളപ്പിൽ. അമ്മ: രാധ. സഹോദരൻ: ശരത്ത്.

ഇ.കെ. ശിഖിദാസ്

പറവൂർ : കോട്ടുവള്ളിക്കാവ് ഈരേഴത്ത് ഇ.കെ. ശിഖിദാസ് (70) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മീര, മക്കൾ ഷിമ്മി (സതർലാന്റ്), റിയ (ഓസ്ട്രേലിയ), ദൃശ്യ (ബാംഗ്ളൂർ). മരുമക്കൾ: ദേവാനന്ദ്, അമിൻ, ഗോപൻ.

കെ.എസ്. സക്കറിയ

വെണ്ണിക്കുളം:കിഴക്കേ ചിരട്ടോലിക്കൽ കെ.എസ്. സക്കറിയ (തമ്പാൻ-86) അന്തരിച്ചു. ഭാര്യ: പുളിക്കീഴ് കരിയിലടിയിൽ പരേതയായ ചിന്നമ്മ. മക്കൾ: രാജു, മോളി, അജി, തോമസ്, ബിജു, ബിന്ദു, ബീന. മരുമക്കൾ: സജി, ലീലാമ്മ, മാത്തുക്കുട്ടി, കിങ്ങ്സ്‌ലി, ജിൻസി, സോജു, ഷിന്റോ.

ജാനകി

വടക്കാഞ്ചേരി. പാർളിക്കാട്ടുകുപ്പത്തിൽ പരേതനായ ഗോവിന്ദന്റെ ഭാര്യ ജാനകി (80) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: വൽസൻ, നന്ദകുമാർ, പരേതനായ ഉണ്ണികൃഷ്ണൻ. മരുമക്കൾ: കുമാരി, രജനി, പ്രേമ.



ചന്ദ്രബാലൻ

പഴുവിൽ വെസ്റ്റ്: കൈമാപ്പറമ്പിൽ ചന്ദ്രബാലൻ (67) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് വീട്ടുവളപ്പിൽ. ഭാര്യ: ശ്രീമതി. മക്കൾ: നിമിഷ, നിജിൽ. മരുമക്കൾ: ഇസുദ്ദീൻ, ചിപ്പി.

കബീർ

പഴുവിൽ: അത്തിക്കോട്ട് വളപ്പിൽ മുഹമ്മദ് മകൻ കബീർ (42) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: റെജീന. മക്കൾ: മുഹമ്മദ് റിഷാൽ, ഇബിൻ, മുഹമ്മദ് റയ്ഹാൻ.



ചെറിയാൻ

പട്ടിക്കാട്: പൂവ്വൻചിറ പുത്തയത്ത് ചെറിയാൻ (70) അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ച കഴിഞ്ഞ് ചുവന്നമണ്ണ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ. മക്കൾ: ജെയ്മോൻ, അജി. മരുമക്കൾ: ഷാനറ്റ്, വിൻസി.

സൈനബ

ചെലവൂർ: വെളുത്തേടത്ത് മൊയ്തീൻകോയയുടെ ഭാര്യ തലാനൂർ സൈനബ (64) അന്തരിച്ചു. മക്കൾ: അഷ്റഫ് (ജിദ്ദ), ഫിറോസ്, റംല. മരുമക്കൾ: സീതി പെരുമണ്ണ, റഹ്മത്ത്, ജസീന.

ബാബുരാജൻ

കാര്യാട്ടുകര: കാര്യാട്ടുകര നെല്ലിപ്പറമ്പിൽ പരേതനായ വേലായുധൻ മാസ്റ്റർ മകൻ ബാബുരാജൻ (71) അന്തരിച്ചു. സംസ്ക്കാരം നടത്തി. സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥനായിരുന്നു. തൃശൂർ എലൈറ്റ് മിഷൻ ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്ററായും ജോലി ചെയ്തിട്ടുണ്ട്. ഭാര്യ: ഐഷ ബാബുരാജൻ (റിട്ട. ടീച്ചർ). മക്കൾ: ഡോ.അജിത്ത് ബാബുരാജൻ (റിനൈ മെഡിസിറ്റി, എറണാകുളം), സുജിത്ത് ബാബുരാജൻ (വെൽസ്ഫാർഗോ, ബാംഗ്ലൂർ), മരുമക്കൾ: ഡോ. രമ്യ അജിത്ത്, സൗമ്യ സുജിത്ത് (ടിസിഎസ് തിരുവനന്തപുരം). സഹോദരങ്ങൾ: രാമകൃഷ്ണൻ, ബാലകൃഷ്ണൻ, ജനാർദ്ദനൻ, അനന്തൻ, പീതാംബരൻ, മേഴ്സി, മല്ലിക, രമണി, സുഷമ, ഗീത.

ദേവയാനി

വൈപ്പിൻ : ഞാറക്കൽ കാരോളിൽ പരേതനായ പരമുവിന്റെ ഭാര്യ ദേവയാനി (87) അന്തരിച്ചു. മക്കൾ : പരേതനായ സദാശിവൻ, ജയപാലൻ, സോമജ, സൽരാജൻ, പ്രസന്നൻ, സന്തോഷ്, രഞ്ജിത് റോയി, കമൽദാസ്. മരുമക്കൾ: ഭാനുമതി, ലത, ബാബു, അജിത, സന്ധ്യ, സന്ധ്യ, ബിൻസി, നിഷ.



സി.എസ്. രാഘവൻ

മാവേലിക്കര: പൊതുമരാമത്ത് റിട്ട. സ്റ്റാഫ് കണ്ടിയൂർ തുണ്ടിൽ വീട്ടിൽ സി.എസ്. രാഘവൻ (97) അന്തരിച്ചു. സംസ്കാരം ഇന്ന് 10.30 ന് കണ്ടിയൂർ ശ്മശാനത്തിൽ. ഭാര്യ: പരേതയായ എൻ.സുമതി. മക്കൾ: രാധാദേവി, കമലംദേവി, തുളസിദേവി, വത്സലാദേവി, ഉമാശങ്കൾ, ജയരാമദാസ്, ശ്രീനിവാസൻ. മരുമക്കൾ: കൃഷ്ണൻകുട്ടി, സി.എൻ. സദാശിവൻ, വാസുദേവൻ, രത്നമ്മ, ഷീല, സീമാരാജ്, പരേതനായ ഉത്തമൻ.

ഒ.ലക്ഷ്മി

മാവേലിക്കര: പുന്നമൂട് കൊയ്പ്പള്ളിൽ പടീറ്റതിൽ വി.രാഘവന്റെ സഹോദരി ഒ.ലക്ഷ്മി (77) അന്തരിച്ചു. സംസ്കാരം നടത്തി.

സുരേഷ്കുമാർ പി.എസ്

ഊരുട്ടമ്പലം: ഊരുട്ടമ്പലം ശക്തിഭവനിൽ പരേതനായ പ്രഭാകരൻ നായരുടെ മകൻ സുരേഷ്കുമാർ പി.എസ് (52) അന്തരിച്ചു. അമ്മ ശകുന്തള (റി: അഗ്രികൾച്ചർ കോളെജ്). ഭാര്യ: ശ്രീലേഖ (പങ്കജ കസ്തൂരി). മകൻ: എസ്.എസ്. അഭിഷേക്. സഹോദരങ്ങൾ: സതീഷ് കുമാർ പി എസ് (ഒമാൻ), ശ്രീലത, സന്തോഷ് കുമാർ പി. എസ് (ജനയുഗം).

ശാന്ത

മണലൂർ: വിയ്യത്ത് ബാലൻ ഭാര്യ ശാന്ത (72) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജിഗീഷ്, അനീഷ്, പരേതനായ ത്യദീഷ്. മരുമക്കൾ: ഷനിത, ലിജ, ഹിത.

ഇന്ദിരാഅമ്മ

മലയിൻകീഴ്: തച്ചോട്ടുകാവ് മച്ചിനാട് മകയിരത്തിൽ ഇന്ദിരാഅമ്മ (75) അന്തരിച്ചു. മകൾ: ലതാകുമാരി (ചടയമംഗലം ഗ്രാമ പഞ്ചായത്ത്). മരുമകൻ: പരേതനായ പ്രസന്നസെൻ (കേരള പൊലീസ്).

പി.പി.ബാബുരാജ്

മുഹമ്മ: കണ്ണങ്കര പൊൻകുന്നം സ്പെഷൽ സബ് ജയിൽ സൂപ്രണ്ട് തണ്ണീർമുക്കം10-ാം വാർഡ് പുത്തൻതോപ്പിൽ പി.പി. ബാബുരാജ് (53) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സിന്ധു (ഫാർമസിസ്റ്റ്, എക്സറേ ഹോസ്പിറ്റൽ ചേർത്തല). മക്കൾ: അമൃത (ജനറൽ മോട്ടേഴ്സ്, ബംഗളൂരു), അഖിൽ.

ഖദീജക്കുട്ടി

കരുനാഗപ്പള്ളി:ആദിനാട് തെക്ക് തോപ്പിൽ വീട്ടിൽ പരേതനായ ഹൈദ്രോസ്കുഞ്ഞിന്റെ ഭാര്യ ഖദീജക്കുട്ടി (87) അന്തരിച്ചു. മക്കൾ: ആയിഷ ബീവി, ലൈല ബീവി, അബ്ദുൽ സലാം. മരുമക്കൾ: മുഹമ്മദ്കുഞ്ഞ്, ഷംസുദീൻ, തസ്നി.

ആസിക്ക് കെ.പി

വെള്ളിമാട്കുന്നു: കെപിഎച്ച്മെഡിക്കൽസ്ഉടമ വിരുപ്പിൽ ഹാവൻ ഹോംസ് വില്ലയിൽ ആസിക്ക് കെ.പി (53) അന്തരിച്ചു. ഭാര്യ: റുക്കിയ. മക്കൾ: ഹിബ ആഷിക്ക് (എംബിബിഎസ് വിദ്യാർത്ഥിനി), ഹിഷാം ആഷിക്ക് (പ്ലസ് ടു വിദ്യാർത്ഥി).

എൻ.എൻ. രവീന്ദ്രൻ

പറവൂർ: മംഗലത്ത് റോഡ് നെല്ലിപറമ്പത്ത് പരേതനായ നീലകണ്ഠൻ മകൻ എൻ.എൻ. രവീന്ദ്രൻ (82) അന്തരിച്ചു. വിമുക്ത ഭടനായിരുന്നു. ഭാര്യ: സരസു. മകൾ: സ്മിത എൻ.ആർ. മരുമകൻ: അനിൽകുമാർ. സംസ്ക്കാരം ഇന്ന് രാവിലെ 9 ന് തോന്നിയക്കാവ് ശ്മശാനത്തിൽ.

മേരി

അങ്കമാലി: അയിരൂർ ചക്യത്ത് വീട്ടിൽ പരേതനായ അന്തോണിയുടെ ഭാര്യ മേരി (82) അന്തരിച്ചു. സംസ്കാരം നടത്തി. എളവൂർ ചക്യത്ത് കുടുംബാംഗമാണ്. മക്കൾ : തോമസ് (ബഹ്റൈൻ),സെബാസ്റ്റ്യൻ (ഇറ്റലി) ,സോഫി ,സോളി. മരുമക്കൾ :മേഴ്സി, സിജി , ഔസേഫ്, ജോസഫ്.

പൊടിയമ്മ

കുടശനാട്:മുളമൂട്ടിൽ പരേതനായ എം.കെ. വർഗീസിന്റെ ഭാര്യ പൊടിയമ്മ (79) അന്തരിച്ചു. സംസ്കാരം പിന്നീട്.

പി.കെ. കുഞ്ഞിമൊയ്തീൻ ഹാജി

മൂന്നിയൂർ: വെളിമുക്ക് പാലക്കലെ പൗരപ്രമുഖനും മഹല്ല് കാരണവരുമായിരുന്ന ചെമ്പകശ്ശേരി പി.കെ. കുഞ്ഞിമൊയ്തീൻ ഹാജി (90)അന്തരിച്ചു. ഭാര്യ: പരേതമായ കുന്നുമ്മൽ ഖദിയമ്മു. മക്കൾ: അബ്ദുൽ അസീസ്, റഷീദ് (കോയമ്പത്തൂർ), പരേതയായ സഫിയ, സുബൈദ, ഖദീജ, റംല. മരുമക്കൾ: ഉമ്മർചേറൂർ, അബ്ദുറസാഖ് കൂഫ, സൈദ് വി.കെ.പടി, ഹസൈനാർ ആലുങ്ങൽ, റാബിയ, സലീന. സഹോദരങ്ങൾ: മൊയ്തീൻ കുട്ടി ഹാജി, രായിൻ കുട്ടിഹാജി, മുഹമ്മദ് കുട്ടി ഹാജി.

സുഭദ്ര

വെമ്പായം: ഈന്തിവിള കീഴേവിള വീട്ടിൽ എസ്. ദാമോദരന്റെ ഭാര്യ സുഭദ്ര. എ (80) അന്തരിച്ചു. മക്കൾ: കുശല എസ്, ഗീതാകുമാരി എസ്, ലത എസ്. മരുമക്കൾ: പരേതനായ വി ചന്ദ്രൻ, സഹദേവൻ എസ്, മോഹനൻ കെ.

ഗീത

ചേർത്തല: കഞ്ഞിക്കുഴി പഞ്ചായത്ത് 18-ാം വാർഡ് കേശവാലയത്തിൽ മഹീധരന്റെ ഭാര്യ ഗീത (48) അന്തരിച്ചു. മക്കൾ: ദിവ്യ, ദീപ്തി.

സത്യഭാമഅമ്മ

അയ്യന്തോൾ: പുതൂർക്കര വൈലത്തൂർ പരേതനായ കെ.സി.ബാലൻ നായരുടെ ഭാര്യ പുഴുക്കിൽ സത്യഭാമ അമ്മ (86) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 മണിക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ. മക്കൾ: ലീല, ശ്രീദേവി, പി. ബാലചന്ദ്രൻ (റിട്ട. അസി. വൈസ് പ്രസിഡന്റ് ഹബീബ് ബാങ്ക് എ.ജി. സൂറിച്ച്, അബുദാബി), അഡ്വ.പി. സതീഷ്കുമാർ, രാജലക്ഷ്മി. മരുമക്കൾ: പരേതനായ മുകുന്ദൻ (ഇൻകം ടാക്സ് പ്രാക്ടീഷ്ണർ), പത്മനാഭ മേനോൻ (മുൻ പഞ്ചായത്ത് പ്രസിഡന്റ്, മുള്ളൂർക്കര), കൃഷ്ണൻ സുകുമാരൻ (റിട്ട.എജിഎം സ്റ്റീൽ അഥോറിറ്റി ഓഫ് ഇന്ത്യ, റാഞ്ചി), മീര, സായിവേണി.

ശ്യാമളാദേവി

ചേർത്തല: കെ.എസ്.ഇ.ബി. റിട്ട. അക്കൗണ്ട്സ് ഓഫീസർ, ചേർത്തല കാളികുളം ലക്ഷ്മിപറമ്പിൽ അപ്പുക്കുട്ടൻനായരുടെ ഭാര്യ ശ്യാമളാദേവി (83) അന്തരിച്ചു. മക്കൾ: എ.ബിന്ദുകുമാരി, എ.ബിജുകുമാർ (ബി.ഡി.ഒ. തൈക്കാട്ടുശ്ശേരി), എ. ബീനാകുമാരി (ഹെഡ്മിസ്ട്രസ്, എൻ.എസ്.എസ്. ഹൈസ്കൂൾ, മാഞ്ഞൂർ). മരുമക്കൾ: പി.വേണുഗോപൻ (റിട്ട. ഉദ്യോഗസ്ഥൻ, മാക്ഡവൽ എപ്ലോയീസ് സഹകരണ സംഘം, വാരനാട്), സുജ യു.നായർ (അധ്യാപിക, എസ്.സി.എച്ച്.എസ്.എസ്.വളമംഗലം). കെ.ജി.വേണുഗോപാൽ (ഡെപ്യൂട്ടി ഡയറക്ടർ, ഇ.എസ്.ഐ.കോർപ്പറേഷൻ ഓഫ് ഇൻഡ്യ, എറണാകുളം). സംസ്ക്കാരം ഇന്ന് രണ്ടിന് വീട്ടുവളപ്പിൽ.

വാഹനാപകടത്തിൽ പരുക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

അഖിൽ

ചേർത്തല: വാഹന അപകടത്തിൽ പരുക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. നഗരസഭ ആറാം വാർഡിൽ കരിയിൽ അശോകന്റെ മകൻ അഖിൽ (അപ്പു - 23) ആണ് മരിച്ചത്. 8 ന് രാത്രി കലവൂർ ബർണാഡ് ജംഗ്ഷനിലായിരുന്നു അപകടം.

അതീവ ഗുരുതരമായി പരുക്കേറ്റ അഖിൽ വണ്ടാനം മെഡിക്കൽ കോളേജിലെ തീവ്രപരിചരണ വിഭാഗത്തിലായിരുന്നു. കെ.എസ്.ഡി.പി യിലെ താൽക്കാലിക ജീവനക്കാരനാണ്. മാതാവ് : ബേബി, സഹോദരി:അശ്വതി.

പുഴയിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു



അക്ബർ ഷാ

മൂവാറ്റുപുഴ: പുഴയിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങി മരിച്ചു. മൂവാറ്റുപുഴ ആശ്രമത്താഴത്ത് കോഞ്ഞിരവേലിൽ മജീതിന്റെ മകൻ അക്ബർ ഷാ (18) ആണ് മരിച്ചത്. ഞായറാഴ്ച വൈകിട്ട് 5.30 ഓടെ മൂവാറ്റുപുഴയാറ്റിലെ പുത്തൻപുര കടവിലാണ് സംഭവം. കുളിക്കാനിറങ്ങിയ യുവാവ് ഒഴുക്കിൽപ്പെട്ടു പോകുകയായിരുന്നു. സംഭവം കണ്ട നാട്ടുകാർ അറിയിച്ചതനുസരിച്ച് എത്തിയ ഫയർഫോഴ്സ് സംഘം യുവാവിനെ പുറത്തെടുത്തങ്കിലും മരിച്ചിരുന്നു. നിർമലാ കോളെജിലെ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിയായിരുന്നു. മാതാവ്: സനൂജ. സഹോദരങ്ങൾ: മഹിൻ ഷാ, അൽഷ. മൃതദേഹം ജനറൽ ആശുപത്രി മോർച്ചറിയിൽ.

തെങ്ങിൽനിന്നു വീണുമരിച്ചു

കോടശ്ശേരി: കരിക്ക് ഇടാൻ കയറിയ ആൾ തെങ്ങിൽ നിന്നു വീണ് മരിച്ചു. ചെമ്പൻകുന്നു തേമാലിപറമ്പിൽ വിജയൻ (55) ആണ് മരിച്ചത്. ശനിയാഴ്ച രാവിലെ എട്ടരയോടെയാണ് സംഭവം. അപകടം സംഭവിച്ച ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: വള്ളി.

പാമ്പ് കടിയേറ്റ് ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു

കാർത്ത്യായനി

വെങ്കിടങ്ങ്: പാമ്പ് കടിയേറ്റ് ചികിത്സയിലായിരുന്ന കരുവന്തല മേലേപുരയ്ക്കൽ വേലായുധൻ ഭാര്യ കാർത്ത്യായനി (54) ആണ് മരിച്ചത്. കഴിഞ്ഞ ദിവസം വീട്ടുപണിക്ക് പോകുന്ന വഴിയിൽ വെച്ചായിരുന്നു പാമ്പ് കടിയേറ്റത്. ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഞായറാഴ്ച രാവിലെ മരിച്ചു. സംസ്കാരം നടത്തി. മക്കൾ: രതീഷ്, രാജേഷ്, രമ്യ. മരുമകൾ: സജിനി.

ജനറൽ വാർത്തകൾ

സംസ്ഥാന അതിർത്തി കടന്നു വരാൻ നിബന്ധനകൾ കർശനമാക്കി

പാലക്കാട് : സംസ്ഥാന അതിർത്തി കടന്നു വരാൻ നിബന്ധനകൾ കർശനമാക്കി. എംഎച്ച്എ മാനദണ്ഡപ്രകാരം സർക്കാർ നിർദേശിക്കുന്ന അടിയന്തിര ആവശ്യങ്ങൾ മാത്രമുള്ള ആളുകൾക്കേ കേരളത്തിലേക്ക് വരാൻ കഴിയുകയുള്ളൂവെന്നും എന്നാൽ ചരക്ക് വാഹനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി കടത്തിവിടുമെന്നും ജില്ലാ കലക്റ്റർ അറിയിച്ചു.

സർക്കാർ നിർദേശങ്ങൾ ഈ മാസം 11മുതൽ ചെക്ക്പോസ്റ്റുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നിയോഗിച്ചിട്ടുള്ള എക്സിക്യൂട്ടീവ് മജിസ്രേറ്റുമാർ, പൊലീസ് ഉദ്യോഗസ്ഥർക്കും ജില്ലാ കലക്റ്റർ നിർദേശം നൽകി. മരിച്ച ആളുടെ അടുത്ത ബന്ധുകൾ, ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്നവരുടെ അടുത്ത ബന്ധുക്കൾ, (മറ്റു സംസ്ഥാനത്തു നിന്ന് എത്തുന്ന അടുത്ത ബന്ധുക്കൾ ചെക്ക് പോസ്റ്റിൽ നിന്നും പൊലീസ് എസ്കോർട്ടോടുകൂടി രോഗിയുടെ അടുത്ത് ചെല്ലേണ്ടതും രോഗിയെ കണ്ടതിനു ശേഷം സർക്കാർ ക്വാറന്റൈനിൽ കഴിയേണ്ടതുമാണ്). ഇവർക്ക് ഹോം ക്വാറന്റൈൻ അനുവദിക്കില്ല.

അത്യാവശ്യ ചികിത്സകൾ നിലവിൽ താമസിക്കുന്ന സംസ്ഥാനത്ത് ചെയ്യണം . അതിനുള്ള സൗകര്യമില്ലാത്ത സാഹചര്യത്തിൽ അതിർത്തി ജില്ലയിലെ ആശുപത്രിയിൽ സൗകര്യം അനുവദിക്കും. വിദേശത്തു നിന്നും വരുന്നവർക്ക് ക്വാറന്റൈൻ കാലാവധി പൂർത്തിയാക്കി കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ലഭ്യമായാൽ എം.എച്ച്.എ. മാനദണ്ഡപ്രകാരം യാത്ര പാസ് അനുവദിക്കാം. ഇത്തരം കാര്യങ്ങൾക്കല്ലാതെ മറ്റൊരാവശ്യത്തിനും യാത്രക്കാരെ സംസ്ഥാന അതിർത്തി കടക്കാൻ അനുവദിക്കുന്നതല്ലെന്നും ജില്ലാ കലക്റ്റർ അറിയിച്ചു.

ഓപ്പറേഷൻ സാഗർ റാണി

എട്ടു ദിവസത്തിനിടെ പിടികൂടിയത് ഒരു ലക്ഷം കിലോ മത്സ്യം

ഇന്നലെ പിടികൂടിയത് 2128 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം

തിരുവനന്തപുരം: മായം ചേർത്ത മത്സ്യം വിൽക്കുന്നതിനെതിരേ ഭക്ഷ്യ സുരക്ഷ വകുപ്പ് ആവിഷ്ക്കരിച്ച ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി നടന്ന എട്ടു ദിവസത്തെ പരിശോധനകളിൽ 1,00,508 കിലോ ഉപയോഗ ശൂന്യമായ മത്സ്യം പിടികൂടി നശിപ്പിച്ചതായി ആരോഗ്യ വകുപ്പ്.

ഈസ്റ്റർ ദിവസത്തിൽ സംസ്ഥാനത്താകെ 117 കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്. നാല് വ്യക്തികൾക്ക് നോട്ടീസ് നൽകി. ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്ത് കൊണ്ടുവരുന്നതും സംഭരിക്കുന്നതും വിൽക്കുന്നതും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കുറ്റകരമാണ്. മത്സ്യം കേടാകാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല. ഇത്തരക്കാർക്കെതിരെ കർശന നടപടിയെടുക്കാൻ അതത് ജില്ലകളിലെ അസി. ഭക്ഷ്യസുരക്ഷ കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുന്ന ഈ ലോക്ഡൗൺ കാലത്ത് അവരുടെ ആരോഗ്യത്തെ പോലും ഗുരുതരമായി ബാധിക്കുന്നതാണ് ഇത്തരം മത്സ്യങ്ങൾ. അതിനാലാണ് ഓപ്പറേഷൻ സാഗർ റാണി വീണ്ടും ശക്തിപ്പെടുത്തിയതെന്നും മന്ത്രി കെ.കെ. ശൈലജ വ്യക്തമാക്കി.

ഇതോടെ ഓപ്പറേഷൻ സാഗർ റാണിയിലൂടെ ഈ സീസണിൽ 1,00,508 കിലോ മത്സ്യമാണ് പിടികൂടിയത്.

തിരുവനന്തപുരം 13, കൊല്ലം 12, പത്തനംതിട്ട 4, ആലപ്പുഴ 12, കോട്ടയം 3, എറണാകുളം 12, തൃശൂർ 10, മലപ്പുറം 14, കോഴിക്കോട് 8, വയനാട് 2, കണ്ണൂർ 14 എന്നിങ്ങനെയാണ് വിവിധ ജില്ലകളിൽ പരിശോധനകൾ നടത്തിയത്.

കൊല്ലം ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നടന്ന പരിശോധനയിൽ 2043 കിലോ കേടായ ചൂര, കേര മത്സ്യവും എറണാകുളത്ത് നിന്നും 67 കിലോഗ്രാം കേടായ മത്സ്യവും മലപ്പുറത്ത് നിന്നും 18 കിലോ കേടായ മത്സ്യവുമാണ് പിടിച്ചെടുത്തത്.





കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യയെ ഇനി എന്തുചെയ്യും?

തത്കാലം നഗരത്തിൽ കണ്ട ദിനോസറിന്റെ പേരിൽ ഒരു പാവം പൊറോട്ടയടിക്കാരൻ തങ്കപ്പൻ അറസ്റ്റിലായെങ്കിലും കാര്യങ്ങൾ അവിടം കൊണ്ട് അവസാനിക്കില്ല എന്ന് കുഞ്ഞാപ്പുവിനു മനസിലായി.

പുറത്തെ കോലാഹലമൊന്നും തന്നെ സംബന്ധിക്കുന്നതല്ല എന്ന മട്ടിൽ ടോമയ്യ മുറിക്കുള്ളിൽ വളരെ സുഖിമാനായി കഴിയുകയാണ്.

അതേസമയം ഇനി എന്താണൊരു പോംവഴി എന്ന ആലോചനയിലാണ് കുഞ്ഞാപ്പു.

പല സാധ്യതകളെക്കുറിച്ച് വളരെ യുക്തിഭദ്രമായിത്തന്നെ ആലോചിച്ചു.

അതിൽ ഒന്ന്, അച്ഛനെയും മറ്റും വിവരം ധരിപ്പിക്കുക.

രണ്ടാമത്തെ കാര്യം, ഏതെങ്കിലും സൂത്രം പ്രയോഗിച്ച് ടോമയ്യയെ മുറിയിൽ നിന്ന് പുറത്തിറക്കി എവിടെയെങ്കിലും കൊണ്ടുപോയ ശേഷം അങ്ങ് ഒഴിവാക്കുക.

ചേട്ടൻ ആളൊരു കംപ്യൂട്ടർ ജീവിയാണെങ്കിലും ഇങ്ങനെയൊരു സാഹചര്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തിയാൽ ഒരു പോംവഴി പറഞ്ഞുതരാതിരിക്കില്ല.

കുഞ്ഞാപ്പു ചേട്ടന്റെ മുറിയിൽ ചെന്നു. പുള്ളിക്കാരൻ കംപ്യൂട്ടറിൽ എന്തൊക്കെയോ പണി നടത്തുകയാണ്.

"ചേട്ടാ ഒരു കാര്യം ചോദിച്ചാൽ സഹായിക്കുമോ?"

"നീ ചോദിക്ക്, കേട്ട ശേഷം പറയാം സഹായിക്കണോ വേണ്ടയോ എന്ന്."

കുഞ്ഞാപ്പു ഒരു നിമിഷം ഒന്നു പരുങ്ങി, എന്നിട്ട് ചോദിച്ചു - "ഇന്നലെ ടിവിയിലും മറ്റും കണ്ട ദിനോസറിന്റെ കാര്യം യഥാർഥത്തിൽ ഉള്ളതാണോ?"

"അത് ഏതോ ഒരാളെ പിടികൂടിയില്ലേ".

"അതല്ല യഥാർഥത്തിൽ ഈ ദിനോസർ വരാൻ സാധ്യതയുണ്ടോ?"

"ഏയ് ഒരു സാധ്യതയുമില്ല. ദിനോസർ എന്നൊക്കെ പറഞ്ഞാൽ ഏതോ കാലത്തുണ്ടായിരുന്നെന്നു പറയുന്നതല്ലേ? ചില ഫോസിലുകളാണ് ഇപ്പോൾ കണ്ടെത്തിയത്. അതല്ലാതെ ജീവനോടെ ഒരെണ്ണം വരിക എന്നത് അസാധ്യം".

സംഗതി എങ്ങനെ അവതരിപ്പിക്കണമെന്ന കാര്യത്തിൽ കുഞ്ഞാപ്പുവിന് ഒരു വഴിയും തുറന്നു കിട്ടുന്നില്ല എന്നാണ് വാസ്തവം.

ചേച്ചിയുടെ മുറിയിൽ ചെന്നു. കാര്യം സിനിമാ വിഷയത്തിൽ മാത്രമാണ് താത്പര്യമെങ്കിലും ഇത്തരം സന്ദർഭങ്ങളിൽ ചിലപ്പോൾ ബുദ്ധി ഉപദേശിക്കുന്നത് ഗുണം ചെയ്യും. ഏതെങ്കിലും കൊറിയൻ സിനിമയിൽ നിന്ന് കിട്ടിയ ഐഡിയ ആയിരിക്കും.

"ചേച്ചീ.. ഈ ദിനോസർ ഇപ്പോൾ നമ്മുടെ നാട്ടിൽ വന്നു എന്നു പറയുന്നുണ്ടല്ലോ. അത് നമ്മുടെ വീട്ടിലെങ്ങാനും വന്നാൽ ചേച്ചി എന്തു ചെയ്യും?"

"ഹായ്! അങ്ങനെ വരുമോടാ... എങ്കിൽ പിന്നെ അടിപൊളിയായിരിക്കും".

ഈശ്വരാ... ചേച്ചി ഏതാണ്ട് ലൈനിൽ വരുന്നുണ്ട്.

"അല്ല നമ്മുടെ വീട്ടിൽ വന്നൂന്ന് വിചാരിക്കുക... നമുക്കെന്തു ചെയ്യാൻ കഴിയും?"

"എന്തു ചെയ്യാൻ, നീ സേവ് ദി ഗ്രീൻ പ്ലാനറ്റ് എന്ന സിനിമ കണ്ടിട്ടുണ്ടോ? ഫുൾ കോമഡിയാണ്. ഒരു അന്യഗ്രഹ ജീവിയുമൊത്തു നടത്തുന്ന ചില തമാശകളാണ്".

ചേച്ചിയുടെ ഐഡിയ കലക്കി. ആ സിനിമയിലുള്ളത് ഒന്നു പരീക്ഷിച്ചാലോ? -കുഞ്ഞാപ്പു മനസിലോർത്തു.

വൈകിട്ടത്തെ ടിവി ന്യൂസ് കേട്ടതോടെ കുഞ്ഞാപ്പു ഒന്നു പരുങ്ങി. പൊലീസ് നായ അന്വേഷണത്തിന് വരുന്നു!

പല കേസും തെളിയിച്ചിട്ടുള്ള ജിം കോർബ് എന്ന നായയെയാണ് പൊലീസ് കൊണ്ടുവരുന്നത്.

(നാളെ: അന്വേഷണ വഴികളിൽ ജിം കോർബ്)

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്തത് -

Madhav R. Shankar.
9th Std,
Campion School,
Edappally.

ചോദ്യം ഇതായിരുന്നു -

ദിനോസർ എന്ന പേര് എങ്ങനെ കിട്ടി? ആരാണ് ഈ പേര് ആദ്യം വിളിച്ചത്?

ഉത്തരം: ഭീമൻ പല്ലി എന്നാണ് ദിനോസർ എന്ന വാക്കിന്റെ അർഥം. ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ റിച്ചാർഡ് ഓവനാണ് ദിനോസറിന് ആ പേരിട്ടത്.

ഇന്നത്തെ ചോദ്യം:
ഏറ്റവും അവസാനം ദിനോസറിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത് ഏതു രാജ്യത്ത്?
ഉത്തരം അയക്കേണ്ട
വാട്ട്സ് ആപ് നമ്പർ:
7304041234

ഹോം കുക്കിങ്

ബിനിത ദേവസി

ഗോതമ്പ് ഐസ്ക്രീം

വേണ്ടത്

പഞ്ചസാര - 1 കപ്പ്
പാൽ - 1 കപ്പ്
ഗോതമ്പ്പൊടി - 3 ടേബിൾസ്പൂൺ
വെണ്ണ - ടേബിൾസ്പൂൺ

തയാറാക്കേണ്ടത്

ഫ്രൈ പാൻ ചൂടാക്കി അതിലേക്ക് 1 കപ്പ് പഞ്ചസാരയും 1 കപ്പ് പാലും ചേർത്ത് തിളപ്പിക്കുക. ഒരു പാത്രത്തിൽ 3 ടേബിൾസ്പൂൺ ഗോതമ്പ്പൊടി ഇട്ട് കുറച്ചു പാൽ ചേർത്ത് ഇളക്കി കുഴമ്പുരൂപത്തിലാക്കുക. ശേഷം അത് തിളപ്പിക്കാൻ വച്ചിരിക്കുന്ന പാലിലേക്ക് ഒഴിച്ച് നന്നായി ഇളക്കികൊണ്ടിരിക്കുക. 3 മിനിറ്റോളം തീ കുറച്ചിട്ട് ഇളക്കണം. ശേഷം ചൂടാറാൻ വേണ്ടി മറ്റൊരു പാത്രത്തിലേക്ക് മാറ്റിവയ്ക്കുക. ശേഷം 2 ടേബിൾസ്പൂൺ വെണ്ണയും 1 ടീസ്പൂൺ പഞ്ചസാരയും ചേർത്ത് മിക്സിയിൽ അടിച്ചെടുക്കുക. അതിലേക്ക് നേരത്തെ തയാറാക്കി വച്ചിരിക്കുന്ന ഗോതമ്പിന്റെ കൂട്ട് ഇട്ട് അടിച്ചെടുക്കുക. ശേഷം അടപ്പുള്ള പാത്രത്തിലേക്ക് മാറ്റി 3 മണിക്കൂറോളം ഫ്രീസറിൽ വയ്ക്കാം.

ഇതാ, ഒരു കൊവിഡ്കാല ഷഷ്ഠിപൂർത്തി ആഘോഷം

രമ രാജയുടെ ഇ-ഷഷ്ഠിപൂർത്തിക്ക് 10 രാജ്യങ്ങളിൽനിന്ന് 200ഓളം പേർ

സി.കെ. രാജേഷ്കുമാർ

കൊച്ചി: മലയാളി എന്നും അങ്ങിനെയാണ്, അന്നും ഇന്നും എന്നും. ഏതൊരു പ്രതികൂല സാഹചര്യങ്ങളിലും മറ്റുള്ളവർ ചിന്തിക്കുന്നതിൽ നിന്നും പ്രവർത്തിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കും. അതിനൊരു ഉദാഹരണമിതാ. കടന്നമണ്ണ കൊവിലകത്തെ കെ.സി. രമ രാജയുടെ ഷഷ്ടിപൂർത്തി ആഘോഷിച്ചത് കാലത്തിന്റെ കളമറിഞ്ഞായിരുന്നു, സൂം ആപ്പിലൂടെ എല്ലാവരെയും വിളിച്ചുചേർത്ത് വ്യത്യസ്തമായ ആഘോഷം..!

ഏപ്രിൽ എട്ടിന് ഷഷ്ടിപൂർത്തി ഗുരുവായൂരിൽ ആഘോഷിക്കാൻ പദ്ധതിയിട്ടതായിരുന്നു. രമ ഡിസംബർ അവസാനത്തോടെ നൈതർലൻഡ്സിലുള്ള മകന്റെയടുത്തേക്ക് പോയി. മാർച്ച് ആദ്യവാരം നാട്ടിലേക്കു മടങ്ങാമെന്നായിരുന്നു വിശ്വാസം. അപ്പൊഴേക്ക് ലോകമെമ്പാടും കൊവിഡിന്റെ പടപ്പുറപ്പാട്. വിസ കാലാവധി തീരുന്ന



സാഹചര്യത്തിൽ മാർച്ച് രണ്ടാംവാരത്തോടെ ഏറെ കഷ്ടതകൾ സഹിച്ച് രമ നാട്ടിലേക്കു മടങ്ങി. വിമാനമിറങ്ങിയ പാടെ വീട്ടിലെത്തി സ്വയം ക്വാറന്റീനിൽ പ്രവേശിച്ചു. ഷഷ്ടിപൂർത്തിയിൽ പങ്കെടുക്കാൻ നാട്ടിലേക്കുള്ള യാത്ര രമയുടെ മക്കൾക്കും സഹോദരിക്കും റദ്ദാക്കേണ്ടിവന്നു. തുടർന്നു വന്ന ലോക് ഡൗണോടെ വിപുലമായി ആഘോഷം നടത്താനുള്ള കുടുംബാംഗങ്ങളുടെ സകലപദ്ധതികളും വിഷമത്തോടെയെങ്കിലും ഉപേക്ഷിച്ചു.

അപ്പോഴാണ് ആധുനിക സാങ്കേതിക വിദ്യയുടെ സഹായം തേടിയാലോ എന്ന ചിന്ത ഉദിച്ചത്. ഈ കോവിലകത്തെ തന്നെ അംഗമായ ഐടി വിദഗ്ധ ഡോ. ആശ വർമ്മ തിരുവനന്തപുരത്ത് നാഷണൽ ഇൻഫോർമാറ്റിക് സെന്ററിൽ സീനിയർ സീനിയർ സയന്റിസ്റ്റാണ്. അവരുടെ ഭർത്താവ് അമരൻ രാജ സ്വന്തമായി 'ഇൻ ആപ്പ്' എന്ന സോഫ്റ്റ്‌വെയർ സ്ഥാപനവും നടത്തുന്നു. ഇപ്പോൾ വിഡിയോ കോൺഫറൻസിങ്ങിനു മുഖ്യമായി ഉപയോഗിക്കുന്ന 'സൂം' ആപ്ലിക്കേഷന്റെ സാധ്യതകൾ അവർ അവതരിപ്പിച്ചു. അന്നേദിവസം എല്ലാ കുടുംബാംഗങ്ങളെയും ചേർത്ത് ഒരു 'വെർച്യുൽ കുടുംബ കൂട്ടായ്മ' സംഘടിപ്പിക്കാൻ ഇത് ഉപയോഗിക്കാമെന്നും പറഞ്ഞു. അതോടെ ഐടി മേഖലയിൽ പ്രവർത്തിച്ചുവരുന്ന കെ.സി. അരുൺകുമാർ, കെ.സി. ഹരി രാജ, കെ.സി. ബീന തുടങ്ങിയവർ ആ ദൗത്യം ഏറ്റെടുത്തു. വിവിധ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന കോവിലകത്തെ മറ്റംഗങ്ങൾ പിന്തുണ നൽകിയപ്പോൾ, പിന്നെ എല്ലാം പെട്ടെന്നായിരുന്നു. രമയ്ക്ക് സർപ്രൈസ് സമ്മാനമെന്ന നിലയ്ക്കാണ് അന്നേദിവസം രാവിലെ 'ഇ- കുടുംബ കൂട്ടായ്മ' സംഘടിപ്പിച്ചത്.

കെ.സി. രമ

86 വയസുള്ള വള്ളുവക്കോനാതിരി കടന്നമണ്ണ കൊവിലകത്തെ ജനാർദ്ദനൻ രാജ, കോഴിക്കോട് സാമൂതിരി കോവിലകത്തെ സ്ഥാനി 92 വയസുള്ള അമ്പാടി കോവിലകം കെ.സി. അനുജത്തി തമ്പുരാട്ടി, നീലേശ്വരം അള്ളട സ്വരൂപം വലിയ തമ്പുരാൻ 87 വയസുള്ള കെ.സി. രാമവർമ്മ രാജ, അള്ളട സ്വരൂപം മൂത്തമ്മ തമ്പുരാൻ കെ.സി. തങ്കമണി രാജ തുടങ്ങിയ മുതിർന്നവർ തൊട്ട് രമയുടെ എട്ടു മാസം മാത്രം പ്രായമുള്ള പേരക്കുട്ടി വാമിക അടക്കം നൂറോളം കുടുംബാംഗങ്ങളും മറ്റു ബന്ധുക്കളും രമയ്ക്ക് ആശംസകളും അനുഗ്രഹവും ആശീർവാദങ്ങളും അർപ്പിക്കാനായി തങ്ങളുടെ മൊബൈലിലും കംപ്യൂട്ടറിലുമായി ഈ സംഗമത്തിൽ പങ്കാളികളായി. 40 വിവിധ സ്ഥലങ്ങളിൽ നിന്നായി 10 രാജ്യങ്ങളിലുള്ള ബന്ധുക്കൾ തത്സമയം ഇ- കൂട്ടായ്മയിൽ പങ്കെടുത്തു.

രണ്ടു മണിക്കൂർ നീണ്ടുനിന്ന ഈ 'ഇ-ഷഷ്ടിപൂർത്തി കുടുംബ സംഗമം' കൊവിഡ് കാലത്തു പുതുമയായി. അവസാനം എല്ലാവരും അവരവരുടെ വീടുകളിലുണ്ടാക്കിയ സദ്യയുമുണ്ടാണ് വിഡിയോ ആഘോഷം അവസാനിപ്പിച്ചത്.



ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്ത് പാർവതി നായർ

ദുരിതാശ്വാസനിധികളിലേക്ക് സഹായധനവും അരിയും നൽകി തെന്നിന്ത്യൻ നടി പാർവതി നായർ. പിഎം കെയേർസ് ഫണ്ടിലേക്ക് ഒരു ലക്ഷം രൂപയും തമിഴ്നാട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു ലക്ഷം രൂപയുമാണ് നടി നൽകിയിരിക്കുന്നത്.

കൂടാതെ ഫിലിം എംപ്ലോയീസ് ഫെഡറേഷൻ ഓഫ് സൗത്ത് ഇന്ത്യയിലേക്ക് (ഫെഫ്സി) 1500 കിലോ അരിയും ഫിലിം റിപ്പോർട്ടേർസ് യൂണിയന് 1000 കിലോ അരിയുമാണ് താരം വിതരണം ചെയ്തിരിക്കുന്നത്. യെന്നൈ അരിന്താൽ, ഉത്തമ വില്ലൻ, നീരാളി തുടങ്ങിയ സിനിമകളിൽ അഭിനയിച്ച നടിയാണ് പാർവതി നായർ. മലയാളത്തിൽ വി കെ പ്രകാശ് ചിത്രം പോപ്പിൻസിലൂടെയാണ് അരങ്ങേറ്റം. നിരവധി മലയാളം, തമിഴ്, കന്നഡ സിനിമകളിൽ പാർവതി അഭിനയിച്ചിട്ടുണ്ട്.

മാളവികയുടെ യാത്രാ അനുഭവങ്ങൾ

ആരാധകർക്കായി തന്റെ വിയറ്റ്നാം യാത്ര അനുഭവം പങ്കുവെച്ചിരിക്കുകയാണ് മാളവിക മോഹനൻ. ദുൽഖർ ചിത്രം പട്ടംപോലെ എന്ന സിനിമയിലൂടെയാണ് മാളവിക മോഹനൻ സിനിമയിലേക്ക് എത്തുന്നത്. അഭിനയം കഴിഞ്ഞാൽ താരത്തിന് ഏറ്റവും ഇഷ്ടം യാത്രകളോടാണ്. തന്റെ യാത്രകളും ഫോട്ടോകളും താരം ഇൻസ്റ്റയിൽ ആരാധകർക്കായി പങ്കുവെക്കാറുണ്ട്. ഷൂട്ടിങ് ഇടവേളകളിൽ കിട്ടുന്ന എല്ലാ സമയവും താരം യാത്രക്കായി മാറ്റിവെക്കാറുണ്ട്. അത് പോലെ തന്റെ യാത്ര കുറിപ്പികളും താരം ആരാധകർക്കായി പങ്കുവെക്കാറുണ്ട്. കോവിഡ് 19 തടയുന്നതിനായി കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കുവാനും സുരക്ഷിതരായി വീട്ടിലിരിക്കുവാനും താരം പറയുന്ന ഇൻസ്റ്റ പോസ്റ്റാണ് ഇപ്പോൾ ചർച്ചയാകുന്നത്. സാനിറ്റൈസർ പിടിച്ച് മാളവിക നിൽക്കുന്ന ചിത്രമാണ് താരം ഇൻസ്റ്റയിൽ പങ്കുവെച്ചിരിക്കുന്നത്. നീല ഷോട്ട് അണിഞ്ഞ് തെരുവ് വിളക്കിന്റെ വെളിച്ചത്തിൽ നിൽക്കുന്ന താരത്തിന്റെ ചിത്രങ്ങളാണ് പങ്കുവെച്ചിരിക്കുന്നത്. ലോകം മുഴുവൻ കൊറോണ വൈറസിന്റെ ആശങ്കയിലാണ്. സിനിമാ ഷൂട്ടിങ് ഷോകൾ എല്ലാം നിർത്തി വെച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ വൈറസിനെ ചെറുക്കാൻ മുൻകരുതൽ സ്വീകരിക്കാനും താരം ആരാധകർക്ക് നിർദേശം നൽകുന്നുണ്ട്.

കൂടാതെ തന്റെ ആരാധകർക്കായി വിയറ്റ്നാം യാത്ര അനുഭവം പങ്കുവെച്ചിരിക്കുകയാണ് മാളവിക മോഹനൻ. യാത്രയിൽ തനിക്ക് ഇഷ്ടപ്പെട്ട എട്ടുകാര്യങ്ങളും താരം ഇൻസ്റ്റയിൽ കുറിച്ചിട്ടുണ്ട്.. തന്റെ വിയറ്റ്നാം യാത്ര മറക്കാൻ ആവാത്ത ഒന്നായിരുന്നുവെന്നും, എന്നും ഓർക്കുന്ന തന്റെ യാത്രകളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു യാത്ര അനുഭവം തന്നെയായിരിക്കും ഇതെന്നും താരം ഇൻസ്റ്റയിൽ കുറിച്ചു. ഹാനോയിലെ ട്രെയിൻ സ്ട്രീറ്റിലെ റെയിൽവേ ട്രാക്കിലുള്ള മേക്ഷിഫ്റ്റ് കഫേയെ കുറിച്ച് താരം പോസ്റ്റിൽ പറയുന്നു. ട്രെയിൻ വരുന്നതിന് തൊട്ടു മുൻപ് ട്രാക്കിൽ നിന്ന് മേശകളും കസേരകളും എടുത്തു മാറ്റുന്നു ആദ്യം അൽപ്പം ബുദ്ധിമുട്ടായി തോന്നിയെങ്കിലും മികച്ച ഒരു അനുഭവം ആയിരുന്നു. വിയറ്റ്നാംകാരുടെ സ്പെഷ്യലായ എഗ്ഗ് കോഫി കുടിച്ച കാര്യവും താരം പറയുന്നു. ദ്രവരൂപത്തിൽ കേക്ക് പോലെയുള്ള ഈ കോഫി ആദ്യം ഇഷ്ടപ്പെട്ടില്ലെന്നും പിന്നെ രുചി ഇഷ്ടമായെന്നും താരം പറയുന്നു.

ലാന്റേൺ സിറ്റി' എന്നറിയപ്പെടുന്ന ഹോയ് ആൻ ആണ് പിന്നീട് തന്നെ ആകർഷിച്ച മറ്റൊരു കാര്യം. നൂറുകണക്കിന് പ്രകാശം ചൊരിയുന്ന ലൈറ്റുകൾ ഇവിടെ കാണാം. വിയറ്റ്നാമിൽ ഇതുവരെ സന്ദർശിച്ചതിൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഈ നഗരമാണെന്നു താരം ഇൻസ്റ്റയിൽ കുറിക്കുന്നു.

'ഹോയി ആൻ' ലെ തിരക്കേറിയതും വർണ്ണാഭവുമായ റെസ്റ്റോറന്റാണ് തനിക്ക് മറക്കാൻ കഴിയാത്ത മറ്റൊരു അനുഭവം. ലോകത്തിലെ ഏറ്റവും ക്യൂട്ടായ നായക്കുട്ടികളെ കണ്ടതും ഈ യാത്രയിൽ ആണെന്ന് താരം പറയുന്നു. ഏതെങ്കിലും വെള്ളച്ചാട്ടത്തിനരികിലെ ഉച്ചമയക്കം എന്നതാണ് അടുത്ത യാത്രയിലെ സ്വപ്നമെന്നും നീണ്ട നടത്തത്തിന് ശേഷമുള്ള കോഫി ബ്രേക്കുകൾ യാത്രയിലെ മറക്കാനാവാത്ത അനുഭവമാണെന്നും താരം ഇൻസ്റ്റയിൽ കുറിച്ചു.

ലോക്ക്ഡൗണിൽ സാനിയ

സോഷ്യൽ മീഡിയയിൽ ഏറെ സജീവമായ നടിയാണ് സാനിയ ഇയ്യപ്പൻ. ഇപ്പോഴിതാ താരത്തിന്റെ വർക്കൗട്ട് ചിത്രങ്ങളും വിഡിയോയുമാണ് ഇൻസ്റ്റഗ്രാം ആരാധകരെ അമ്പരപ്പിക്കുന്നത്. ഏറെ ശരീരവഴക്കത്തോടെയുള്ള സാനിയയുടെ യോഗയാണ് ഈ അമ്പരപ്പിന് കാരണം. യോഗയ്ക്ക് പുറമേ ബോളിവുഡ് നടി സണ്ണി ലിയോണിയുടെ ടീ ഷർട്ട് ചലഞ്ചും സാനിയ നിഷ്പ്രയാസം പൂർത്തിയാക്കിയിരുന്നു. തലകീഴായി നിന്ന് കാലുകൾ തറയിൽ തൊടാതെ ടീഷർട്ട് ധരിക്കുകയാണ് താരം. സ്റ്റാറ്റസിലാണ് ചലഞ്ച് പൂർത്തിയാക്കുന്ന വിഡിയോ സാനിയ പങ്കുവച്ചത്. പശുവിൻ പാലിനു പകരും റബ്ബർ പാലൊഴിച്ച ചായ ആണോ കുടിക്കുന്നത് എന്നാണ് താരത്തോടുള്ള ആരാധകരുടെ ചോദ്യം. ചിലരാകട്ടെ യോഗ ട്യൂട്ടോറിയൽ തുടങ്ങാനും ആവശ്യപ്പെട്ടിട്ടുണ്ട്. ക്വീൻ എന്ന ചിത്രത്തിൽ നായികയായി എത്തിയ സാനിയ പ്രേതം 2, ലൂസിഫർ തുടങ്ങിയ ചിത്രങ്ങളിലൂടെയാണ് ശ്രദ്ധേയയായത്. മോഡലിംഗ് രംഗത്തും താരം സജീവമാണ്.

ശ്രീകണ്ഠേശ്വരം 544-ാം നമ്പർ ശാഖ മാതൃകയാകുന്നു

പൂച്ചാക്കൽ: കാരുണ്യ പ്രവർത്തനങ്ങൾക്ക് ചേർത്തല എസ്എൻഡിപി യൂണിയനിലെ പൂച്ചാക്കൽ ശ്രീകണ്ഠേശ്വരം 544-ാം നമ്പർ ശാഖ മാതൃകയാകുന്നു.

യോഗം ജനറൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ശാഖാ ഗംങ്ങളുടെ മുഴുവൻ ഭവനങ്ങളിലും ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകാൻ തീരുമാനിച്ചതായിശാഖാ ചെയർമാനും സ്കൂൾ മാനേജരുമായ കെ എൽ അശോകൻ അറിയിച്ചു ഈ കഴിഞ്ഞ ദിവസം തിരഞ്ഞെടുക്കപ്പെട്ട 118 അംഗങ്ങൾക്ക്യൂണിറ്റ് കൺവീനർമാർ വഴി ശാഖാവക പെൻഷൻ ഭവനങ്ങളിലെത്തിക്കുകയുണ്ടായി കൂടാതെ സാമ്പത്തീകമായി പിന്നാക്കം നിൽക്കുന്ന സ്ഥിരം കിടപ്പ് രോഗികൾ 'വാർദ്ധക്യ സഹജമായ അസുഖബാധിതർ 'അം ഗ പരിമിതർ എന്നിവർക്ക് അപേക്ഷ അനുസരിച്ച് ലോക്ക് ഡൗൺ കാലയളവിൽ ഡോക്ടറുടെ ചീട്ട് അനുസരിച്ച് മരുന്നുകൾ അപേക്ഷകരുടെ വീട്ടിലെത്തിക്കുമെന്ന് അറിയിച്ചു .ഡയറക്ടർ ബോർഡ് മെമ്പർ വി.ശശികുമാർ യൂണീ റ്റ് കൺവീനർമാർ തുടങ്ങിയവർപരിപാടിയിൽ പങ്കെടുക്കും

മിനിമം ബാലൻസ് നിർദ്ദേശം പിൻവലിക്കണം:രാജു അപ്സര

ആലപ്പുഴ: ലോക്ക് ഡൗൺ മൂലം ബുദ്ധിമുട്ട്അനുഭവിക്കുന്നവർക്ക് ആശ്വാസകരമാവുന്ന രീതിയിൽ എല്ലാ ബാങ്ക് അക്കൗണ്ട് കളിലെയും നിശ്ചിത തുക മിനിമം ബാലൻസ് വേണം എന്ന നിർദ്ദേശം പിൻവലിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി രാജു അപ്സര ആവശ്യപ്പെട്ടു. നാളിത് വരെ ബാങ്കുകൾ നിർദ്ദേശിക്കുന്ന എല്ലാ വിധ പലിശയും ബാങ്ക് ചാർജുകളും നൽകി അക്കൗണ്ട് നിലനിർത്തി വരുന്ന ഉപഭോക്താക്കൾക്ക് ഒരടിയന്തിരസ്ഥിതി സംജാതമാകുമ്പോൾ അവരെ സഹായിക്കാനുള്ള ബാദ്ധ്യത ബാങ്കുകൾ സ്വീകരിക്കണമെന്ന് രാജു അപ്സര പറഞ്ഞു.

ധനസഹായം നൽകി

ചേർത്തല: ഉഴുവ കിഴക്ക് എൻ.എസ്.എസ്. കരയോഗത്തിന്റെ നേതൃത്വത്തിൽ 26 കുടുംബങ്ങൾക്ക് 1000 രൂപ വീതം ധനസഹായം നൽകി. കരയോഗം പ്രസിഡന്റ് ടി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി മോഹനൻ നായർ, സന്തോഷ് കുമാർ, പത്മകുമാർ, വിനോദ് കുമാർ, രാമദാസ്, മുരളീധരൻ എന്നിവർ നേതൃത്വം നൽകി.

ചേർത്തല: മായിത്തറ എൻ. എസ്.എസ്. കരയോഗാംഗങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകളും സാമ്പത്തിക സഹായവും വിതരണം ചെയ്തു. കരയോഗം പ്രസിഡന്റ്എ.എൻ. രാജപ്പൻ പിള്ള, സെക്രട്ടറി കെ.സി.വേണുഗോപാൽ എന്നിവർ നേതൃത്വം നൽകി.

നന്മ ജനകീയ ഭക്ഷണ ശാല തുറന്നു

തുറവൂർ : സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം 'സുഭിക്ഷ പദ്ധതി 'യുടെ ഭാഗമായിട്ടുള്ള വിശപ്പുരഹിത പട്ടണക്കാടിന്റെ 'നന്മ ജനകീയ ഭക്ഷണശാല'യുടെ ഉത്ഘാടനം പട്ടണക്കാട് ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് കെ.ആർ. പ്രമോദ് നിർവ്വഹിച്ചു.

പട്ടണക്കാട് പഞ്ചായത്ത് ഓഫിസിന് എതിർവശമാണ് നന്മ ജനകീയ ഭക്ഷണശാല.പട്ടണക്കാട് പഞ്ചായത്തിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്യുവാൻ കഴിയാത്തവർ ഇനി ഒരിക്കലും പട്ടിണി കിടക്കില്ല.അവർക്ക് ഇനി എല്ലായ്പ്പോഴും സൗജന്യമായി ഭക്ഷണം ഗ്രാമ പഞ്ചായത്ത് വീട്ടിൽ എത്തിക്കും. ഭക്ഷണം അവശ്യമുള്ളവർക്കു 20 രൂപ നിരക്കിൽ നൽകും. കുടുംബശ്രീയാണ് ഭക്ഷണം തയ്യാറാക്കുന്നത്.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് മഞ്ജു ബേബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലത. എ. മേനോൻ, യു ഡി എഫ് പാർലമെന്ററി പാർട്ടി ലീഡർ ആർ. ഡി. രാധാകൃഷ്ണൻ, ആരോഗ്യം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം. പി. മനോജ്, പഞ്ചായത്ത് അംഗങ്ങളായ എം. എസ്. സുമേഷ്, പത്മ സതീഷ്, വി. എം. ധർമജൻ, സിഡി എസ്ചെയർപേഴ്സൺ പൊന്നമ്മ തങ്കപ്പൻഎന്നിവർ പങ്കെടുത്തു

മേജർരവി കിറ്റുകൾ നൽകി

ചേർത്തല: ലോക്ക്ഡൗൺകാലത്തെ ബിജെപിയുടെ പ്രവർത്തനങ്ങൾക്ക്അഭിനന്ദനവുമായി സിനിമാ സംവിധായകൻ മേജർ രവി. തൈക്കാട്ടുശേരി പഞ്ചായത്തിൽ ബിജെപിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർ ത്തനങ്ങ ളാണ് അദ്ദേഹത്തെ ആകർഷിച്ചത്. കഴിഞ്ഞ 14 ദിവസമായി 1000 ത്തിൽ അധികം അരി പച്ചക്കറി പലവ്യഞ്ജന കിറ്റുകളാണ് പ്രവർത്തകർ പഞ്ചായത്തിൽ വിതരണം ചെയ്തത്. പ്രവർത്തകരെ അഭിനന്ദിച്ചതൊടൊപ്പം പഞ്ചായത്തിലെ കോളനികളിലെ പാവപ്പെട്ടവർക്ക് നൽകാനായി നൂറ് ഭക്ഷ്യധാന്യക്കിറ്റുകളും അദ്ദേഹം നൽകി.

കുട്ടികളോട് അവരുടെ ഭാഷയിൽ സംവദിച്ച മുഹമ്മ രമണൻ ഇനി ഓർമ...

സഹജൻ മുഹമ്മ .

മുഹമ്മ: കുട്ടികൾക്കായി അതിലളിതവും മനോഹരവുമായ ഭാഷയിലൂടെ രസച്ചരടു മുറിയാതെ ഉൾക്കാമ്പുള്ള കഥകൾ രചിച്ച മുഹമ്മ രമണൻ ഇനി ഓർമ. ക്ലേശം നിറഞ്ഞ ബാല്യകാലത്തോടു പടവെട്ടിയാണ് മുഹമ്മ രമണൻ എന്ന തൂലികാനാമത്തിൽ സാഹിത്യത്തിലും ഔദ്യോഗിക ജീവിതത്തിൽ കെചിദംബരനായും പ്രശോഭിച്ചത്. ബാലസാഹിത്യമായും നോവലായും മനശാസ്ത്ര പുസ്തകമായും നാല്പതോളം രചനകൾ അദ്ദേഹം നിർവ്വഹിച്ചു. ബാല പംക്തികളിലൂടെയാണ് അദ്ദേഹം എഴുതി തുടങ്ങിയത് . പല പ്രധാന ആനുകാലികങ്ങളിലെയും അദ്ദേഹത്തിന്റെ രചനകൾക്ക് നല്ല വായനക്കാരും ഉണ്ടായിരുന്നു. രമണൻ എന്നത് അദ്ദേഹത്തിന്റെ അനുജന്റെ പേരായിരുന്നു. ബാലപംക്തിയിലേയ്ക്ക് രചനകൾ അയക്കാൻ അദ്ദേഹത്തിന് പ്രായം കൂടുതലായിരുന്നു .അതുകൊണ്ട് മാതൃഭൂമി നടത്തിയ സാഹിത്യ മത്സരത്തിൽ അനുജന്റെ പേരിലാണ് മാമ്പഴം എന്ന കഥ അയച്ചത്.അതിന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായി. അന്നു മുതലാണ് രമണൻ എന്ന പേര് തൂലികാനാമമായി സ്വീകരിച്ചത്.

പൊതു ചടങ്ങിൽ സംസാരിക്കുന്ന മുഹമ്മരമണൻ(ഫയൽചിത്രം)

മുഹമ്മയുടെ കഥാകാരനായ മുഹമ്മ രമണൻ 1942 ലാണ് മുഹമ്മ സിഎംഎസ് എൽ പി സ്കൂളിനു സമീപം വേലിക്കകത്ത് ചിറയിൽ വീട്ടിൽ ജനിച്ചത്. കുഞ്ഞിക്കുട്ടന്റെയും കാളിക്കുട്ടിയുടെ മകനായാണ് ജനനം. ബാല്യത്തിലെ ദുരിതപർവ്വം താണ്ടിയാണ് അദ്ദേഹം വളർന്നത്. മുഹമ്മ സിഎംഎസ് എൽപി സ്കൂൾ ,മുഹമ്മആര്യക്കര മിഡിൽ സ്കൂൾ ,കണിച്ചുകുളങ്ങര ഹൈസ്കൂൾ, ആലപ്പുഴ എസ് ഡി കോളജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തീകരിച്ചു. കുട്ടിക്കാലം മുതൽ വായനയും പഠനവും എഴുത്തും ഒരു ലഹരിയായിരുന്നു മുഹമ്മ രമണന് . പഠിക്കുന്ന കാലത്തു തന്നെ ബാലസാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

നിർധന കുടുംബത്തിൽ ജനിച്ച മുഹമ്മ രമണൻ പഠിക്കുമ്പോൾ തന്നെ മറ്റു കുട്ടികൾക്ക്ട്യൂഷനെടുത്താണ് തന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. സെക്രട്ടറിയേറ്റിൽ ലാസ്റ്റ് ഗ്രേഡു ജീവനക്കാരനായാണ് ജീവിതം തുടങ്ങിയത്. പിന്നിട് വില്ലേജ് അസിസ്റ്റന്റായി ജോലി കിട്ടി പിന്നീട് തണ്ണീർമുക്കം തെക്ക് വില്ലേജാഫീസറായി ഔദ്യോഗിക ജീവിതത്തിൽ നിന്നു പിരിഞ്ഞു.

ഔദ്യോഗിക ജോലിത്തിരക്കുകൾക്കിടയിലും സാഹിത്യ പ്രവർത്തനത്തിലും അദ്ദേഹം വ്യാപൃതനായിരുന്നു. കള്ളൻ കുഞ്ഞപ്പൻ ,മണിയൻ പൂച്ചയ്ക്ക് മണി കെട്ടി ,കണ്ണൻ കാക്കയുടെ കൗശലങ്ങൾ ഭാഗം 1,2, 3 .അഷ്ടാവക്രൻ ,അഭിയുടെ കുറ്റാന്വേഷണം 4 ഭാഗം ,മണ്ടൻ മൈതീൻ ,പുസ്തകം വളർത്തിയ കൂടി ,കുട്ടികളുടെ സഖാവ് ,കുട്ടികളെ എങ്ങനെ സൽസ്വഭാവികളായി വളർത്താം തുടങ്ങി നാല്പതോളം പുസ്തകങ്ങൾ അദ്ദേഹത്തിന്റെ തൂലിക തുമ്പിൽ പിറവിയെടുത്തു.

കണ്ണൻ കാക്കയുടെ കൗശലങ്ങൾ എന്ന നോവലിന് മികച്ച ബാലസാഹിത്യ കൃതിയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് (1989) ,ചൂണ്ട എന്ന നോവലിന് ഉറൂബ് അവാർഡ് (1990) ,അനുവും കുട്ടിച്ചാത്തനും എന്ന കൃതിക്ക് ബീമിന്റെ പി നരേന്ദ്ര നാഥ് സ്മാരക പുരസ്ക്കാരം (1993) ,ഭീമ അവാർഡ് ,ഇവ ലഭിച്ചിട്ടുണ്ട്.

മലയാള സാഹിത്യത്തിനും സംസ്ക്കാരത്തിനും ഒട്ടേറെ സംഭാവനകൾ നൽകിയ മുഹമ്മ രമണൻ വാർദ്ധ്യക്യത്തിന്റെ രോഗാവസ്ഥകളിൽ രണ്ടു വർഷം കഴിഞ്ഞതിനു ശേഷമാണ് യാത്രയാകുന്നത്. രോഗം തളർത്തിയിരുന്നില്ലെങ്കിൽ ആ തൂലികയിൽ മലയാള ഭാഷയ്ക്ക് ഒട്ടേറെ സംഭാവനകൾ ഉണ്ടാകുമായിരുന്നു.

കാർ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന സാഗി സാബുവിന്റെ കുടുംബത്തിന് സ്കൂൾ മാനേജർ കെ.എൽ. അശോകൻ ഭാക്ഷ്യധാന്യ കിറ്റ് കൈമാറുന്നു

പരിക്കേറ്റ സ്കൂൾ വിദ്യാർത്ഥിനികളുടെ വീട്ടിൽ ഭക്ഷ്യധാന്യകിറ്റെത്തിച്ചു

ചേർത്തല: കാർ പകടത്തിൽ പരിക്കേറ്റ് ചികിത്സ കഴിയുന്നപൂച്ചാക്കൽ ശ്രീകൺഠേശ്വരം സ്കൂളിലെ വിദ്യാർത്ഥിനികളായ സാഗി സാബു, അനഘ, ചന്ദന എന്നിവരുടെ വീട്ടിൽ സ്കൂൾ മാനേജരും ശാഖ ചെർമാനുമായ കെ.എൽ.അശോകൻ വിഷുകൈനീട്ടവും ഭാക്ഷ്യധാന്യകിറ്റും മായി എത്തി. അപകടത്തിൽ പരിക്കേറ്റവർക്ക് സഹായമെത്തിക്കണമെന്ന യോഗം ജനറൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമായിരുന്നു സഹായം എത്തിച്ചത്.

മാർച്ച് 10ന് ആദ്യ ദിവസത്തെ പ്ലസ്ടു പരീക്ഷ കഴിഞ്ഞ് വീട്ടിലേക്ക്മടങ്ങുകയായിരുന്ന വിദ്യാർത്ഥിനികളെയാണ് പൂച്ചാക്കൽ പള്ളി വെളി കവലയ്കു കിഴക്കു വശം വച്ച് അമിത വേഗത്തിൽ വന്ന കാറിടിച്ച് തെറിപ്പിച്ചത്.മൃതപ്രായരായ ഇവർ ഇപ്പോഴും കിടക്കയിലാണ്. അപകട ദിവസം തന്നെ സ്കൂളിന്റെ വകയായി പ്രാഥമിക ആവശ്യങ്ങൾക്കുള്ള സഹായം ആശുപത്രിയിലെത്തി മാനേജർ നൽകിയിരുന്നു.

വെൺമണിയിൽ വാറ്റുചാരായവും കോടയും പിടികൂടി; പ്രതികൾ ഓടി രക്ഷപെട്ടു

ചെങ്ങന്നൂർ:വെൺമണിയിൽ എക്സൈസ് റെയ്ഡിൽവാറ്റുചാരായവും കോടയും പിടികൂടി; പ്രതികൾ ഓടി രക്ഷപെട്ടു.വെൺമണിയിലെ ചാങ്ങമലയിൽനിന്നുമാണ് ഞായറാഴ്ച പുലർച്ചെ 2-ന് എക്സൈസ് ഇന്റലിജൻസിനു കിട്ടിയ രഹസ്യവിവരമനുസരിച്ച് നടന്ന റെയ്ഡിൽ 5ലിറ്റർ ചാരായവും 70ലിറ്റർ കോടയും, വാറ്റുപകരണങ്ങളും സംഘം പിടിച്ചെടുത്തത്. പ്രതി സി പി എം രാഷ്ട്രീയ ബന്ധമുള്ളയാളാണെന്ന് പറയപ്പെടുന്നു.പ്രതിയും കൂട്ടരും ഓടി രക്ഷപെടുകയായിരുന്നു എന്ന് എക്സൈസ് ഓഫീസർമാർ പറഞ്ഞു.

ലോക്ക് ഡൗണിൻ്റെ മറവിൽ പ്രദേശത്ത് വ്യാപകമായ വ്യാജവാറ്റ് സജീവമായിട്ടുണ്ട് എന്ന വിവരത്തിൻ്റെ അടിസ്ഥാനത്തിൽ എക്സൈസ് സംഘം റെയ്ഡിനെത്തിയത്.

സി.ഐ ഏ.ജി പ്രകാശ്, പ്രിവന്റീവ് ആഫീസർ മാരായ രമേശൻ ,, ഇന്റലിജൻസ് പ്രിവന്റീവ് ആപ്പീസർ ഷിഹാബ്, സിവിൽ ആഫീസർമാരായ മുഹമ്മദ് മുസ്തപ്പ, പി.കെ.രതീഷ്, സിജു.പി.ശശി, അശോകൻ എന്നിവർ റെയ്ഡിൽ പങ്കെടുത്തു എക്സൈസ് കേസ് രജിസ്റ്റർ ചെയ്തു. വരും ദിവസങ്ങളിൽ റെയ്ഡ് തുടരുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ചേർത്തല മായിത്തറ മർച്ചന്റ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം അസ്സോസിയേഷൻ പ്രസിഡന്റ് എ.കെ. ഉണ്ണി നിർവ്വഹിക്കുന്നു

ഡൽഹിയിൽ നിന്നും മാവേലിക്കരയിലെത്തിച്ച റെയിൽവേ ജീവനക്കാരെ തിരികെ പോകാൻ അനുവദിച്ചു

മാവേലിക്കര : ഡൽഹിയിൽ നിന്നു ട്രെയിനിൽ മാവേലിക്കരയിലെത്തിച്ച റെയിൽവേ ജീവനക്കാരെനിരീക്ഷണ കാലം കഴിഞ്ഞതിനാൽ വീട്ടിൽ പോകാൻ അനുവദിച്ചു. കെഎസ്ആർടിസി ബസുകൾ ക്രമീകരിച്ചു 33പേരെയും മാവേലിക്കര റെയിൽവേ സ്റ്റേഷനിലെത്തിച്ചു.തുടർന്നു എറണാകുളത്തു നിന്നെത്തിയ പ്രത്യേക ട്രെയിനിൽഎല്ലാവരേയും തിരുവനന്തപുരത്തിനു കൊണ്ടുപോയി.

തങ്ങളുടെ വീട്ടിൽ പോകാൻ അനുവദിച്ചില്ലെങ്കിൽ നിരാഹാരം തുടങ്ങുമെന്നു മാവേലിക്കര നഗരത്തിലെ ലോഡ്ജിൽ താമസിപ്പിച്ചിരുന്ന റെയിൽവേ ജീവനക്കാർ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥനു വാട്സാപ് സന്ദേശം അയച്ചിരുന്നു.നഗരത്തിലെ ലോഡ്ജിൽ നിരീക്ഷണത്തിലുള്ള പട്ടാളക്കാരനായ റാന്നി സ്വദേശിയേയും ചങ്ങനാശേരി സ്വദേശിയേയും വീട്ടിൽ എത്തിക്കുന്നതിനു ക്രമീകരണം ഒരുക്കുമെന്നു തഹസിൽദാർ എസ്.സന്തോഷ്കുമാർ പറഞ്ഞു.

തണ്ണീർമുക്കം സേവാഭാരതിയുടെ ആഭിമുഖ്യത്തിൽ മരുന്നുകിറ്റുകൾ വിതരണം ചെയ്യുന്നു

മരുന്ന് കിറ്റുകൾ നൽകി

ചേർത്തല: സേവാഭാരതിയുടെ ആഭിമുഖ്യത്തിൽ തണ്ണീർമുക്കം പഞ്ചായത്ത് ഒന്നാം വാർഡിലെ നൂറോളം കുടുംബങ്ങൾക്ക് മരുന്ന്കിറ്റുകൾ നൽകി. അമൃതാരിഷ്ടം, മുറിവെണ്ണ ഉൾപ്പെടെ അഞ്ചോളം ആയുർവേദ മരുന്നുകളാണ് നൽകിയത്.പഞ്ചായത്ത് അംഗം എം. മധു ഉദ്ഘാടനം ചെയ്തു. സുനിൽ, മനോജ്, ബാബു, ദേവരാജൻ നേതൃത്വം നൽകി.

പ്രവാസികളുടെ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം: എസ് വൈ എസ്

പത്തനംതിട്ട: കോവിഡ് ബാധിച്ചും രോഗബാധ ഭയപ്പെട്ടും ഗൾഫ് നാടുകളിൽ കഴിയുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ പ്രവാസികളുടെ കാര്യത്തിൽ അവരുടെ സുരക്ഷക്കായി കേന്ദ്രസംസ്ഥാന സർക്കാറുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന്എസ്വൈഎസ് ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു,

ഗൾഫുനാടുകളിൽ കുടുങ്ങി കിടക്കുന്നവരെയും വരാൻ ആഗ്രഹിക്കുന്ന മലയാളികളെയും ഉടൻ നാട്ടിൽ എത്തിക്കാനും ക്വാറന്റൈൻ ചെയ്യാനും യുദ്ധകാലാടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാറുകൾ സംവിധാനമൊരുക്കാനും നയതന്ത്ര ഇടപെടൽ നടത്താനും വേഗം നടപടി സ്വീകരിക്കണം.പ്രവാസികൾക്ക് ക്വാറന്റൈൻ പാലിക്കുന്നതിനും വേണ്ടിവന്നാൽ ഐസൊലേറ്റ് ചെയ്യുന്നതിനും കേരളത്തിന് അകത്തും പുറത്തുമുള്ളമർകസ്സ്ഥാപനങ്ങളും സുന്നി സ്ഥാപന സമുച്ചയങ്ങളും വിട്ട് നൽകുമെന്നും എസ് വൈ എസ് സാന്ത്വനം വളണ്ടിയർമാരെയും വിട്ട്നൽകുമെന്ന് എസ് വൈ എസ് ജില്ലാ സെക്രട്ടറിയേറ്റ് പറഞ്ഞു ,ജില്ലാ പ്രസിഡന്റ് സലാഹുദ്ദീൻമദനിയുടെ അധ്യക്ഷതയിൽ കൂടിയ ഓൺലൈൻമീറ്റിംഗിൽ, അഷ്റഫ് ഹാജി അലങ്കാർ, മുഹമ്മദ് ഷിയാഖ് ജൗഹരി, അനസ് പൂവാലം പറമ്പിൽ, സയ്യിദ് ഫഖ്റുദ്ദീൻ ബുഖാരി,സുധീർ വഴിമുക്ക്, അബ്ദുൽ സലാം സഖാഫി,സുനീർ അലി സഖാഫി, നിസാർ നിരണം,മുഹമ്മദ് ഷംനാദ് അസ്ഹരി,മാഹീൻ എം, അജിഖാൻ രിഫാഇ, സംബന്ധിച്ചു,

ആവണി ഉൽസവത്തിന് മുൻപ് നടത്താൻ തീരുമാനം

ഹരിഗീതപുരത്ത് ഇക്കുറി ചിത്തിര ഉത്സവമില്ല

അദ്വൈത് ഹരിപ്പാട്

ഹരിപ്പാട്: പത്തു ദിനരാത്രങ്ങളിലായി നഗരത്തിൻ്റെ രാപകലുകളെ കലയുടെ നൂപുര ധ്വനികളുയർത്തി സമ്പന്നമാക്കിയിരുന്ന ഉത്സവദിനങ്ങൾക്ക് ഇക്കുറി വിട. പ്രസിദ്ധമായ ഹരിപ്പാട് സുബ്രഹ്മണ്യ സ്വാമി മഹാക്ഷേത്രത്തിൽ നാളെ ചിത്തിര ഉത്സവത്തിന് കൊടിയേറില്ല.

പകരം ആവണി ഉത്സവത്തിനു മുൻപ് നടത്താനാണ് ഇപ്പോഴത്തെ തീരുമാനം. വിഷുവിന് പുലർച്ചെ കണി കണ്ട് കൊടിയേറുന്ന പ്രസിദ്ധമായ ചിത്തിര ഉത്സവമാണ് കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മാറ്റിവെക്കുന്നത്.വർഷത്തിൽ മൂന്ന് ഉത്സവങ്ങളാണ് ക്ഷേത്രത്തിൽ നടക്കുന്നത്.മേട വിഷുവിന് കൊടിയേറി പത്താമുദയത്തിന് ആറാട്ടോടെ സമാപിക്കുന്ന ചിത്തിര ഉത്സവവും,ചിങ്ങമാസത്തിലെ അത്തത്തിനു കൊടിയേറി തിരുവോണത്തിനു ആറാട്ടോടെ നടക്കുന്ന ആവണി ഉത്സവവും,ധനുവിലെ ചതയം നാളിൽ കൊടിയേറി തിരുവാതിരയ്ക്ക് ആറാട്ട് നടത്തുന്ന മാർകഴി ഉത്സവവും,ചിത്തിര ഉത്സവം ഒഴികെയുള്ള രണ്ട് ഉത്സവങ്ങൾക്കും ക്ഷേത്ര ചടങ്ങുകൾ മാത്രമാണ് ഉണ്ടാവുക.എന്നാൽ ചിത്തിര ഉത്സവം നൂറ്റാണ്ടുകളായി അതിവിപുലമായ രീതിയിലാണ് കൊണ്ടാടുന്നത്. സംസ്ഥാനത്തിനകത്തും പുറത്തു നിന്നുമായി അതിപ്രശസ്തരായ നിരവധി കലാകാരന്മാരാണ് ഈ ദിവസങ്ങളിൽ ക്ഷേത്രത്തിലെത്തിയിരുന്നത്.

ചിത്തിര ഉൽസവത്തിന്റെ കഴിഞ്ഞ വർഷത്തെ കൊടിയേറ്റ് (ഫയൽചിത്രം)

ഓണാ ട്ടുകര അപ്പർ കുട്ടനാടുമായി അതിരിടുന്ന പ്രദേശമാണ് ഹരിപ്പാട്.ആവണി ഉത്സവത്തിന് ദേവൻ ആറാടുന്നത് ക്ഷേത്രത്തിനോട് ചേർന്നുള്ള വിസ്തൃതമായ പെരുംകുളത്തിലും മാർകഴി ഉത്സവത്തിന് അടുത്തു തന്നെയുള്ള നഗരി ക്ഷേത്രത്തിലുമാണ് ആറാട്ട്.എന്നാൽ ചിത്തിര ഉത്സവത്തിന് ആറാട്ടിനെത്തുന്നത് ഏഴ് കിലോമീറ്റർ താണ്ടി കരുവാറ്റാ കുളങ്ങര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലാണ്.ക്ഷേത്രത്തിലെ ചിത്തിര ഉത്സവത്തിന് പതിനായിരങ്ങളാണ് എത്തിയിരുന്നത്.അതേപോലെ തലപ്പൊക്കമുള്ള ഗജരാജന്മാർ അണിനിരക്കുന്ന ഉത്സവബലിയും വലിയകാണിക്കയും ആറാട്ടുമെല്ലാം ആയിരങ്ങളെ ഹഠാതാകർഷിച്ചിരുന്ന ചടങ്ങളുകളാണ്.ഉത്സവത്തിന് ദിവസങ്ങൾക്കു മുൻപ് തന്നെ നഗരമാകെ കച്ചവടക്കാർ കൈയടക്കുമായിരുന്നു.

എന്നാൽ ഇപ്പോൾ നഗരത്തിൽ ഉത്സവത്തിനുള്ള യാതൊരു ഒരുക്ക ങ്ങളുമില്ല.എങ്ങും മാസ്ക് ധരിച്ച് അതീവ ശ്രദ്ധയോടെ നടന്നു നീങ്ങുന്ന അപൂർവ്വം ചിലർ മാത്രം.തങ്ങളുടെ ഓർമ്മയിൽ ആദ്യമായാണ് ഉത്സവം മാറ്റിവെയ്ക്കുന്നതെന്നു പഴമക്കാ രുടെ സാക്ഷ്യം.ചിത്തിര ഉത്സവത്തിനു കൊടിയേ റുന്നതിനു മുന്നായി ക്ഷേത്രത്തിലെത്തിയിരുന്ന പ്രധാന ചടങ്ങായിരുന്നു കരുവാറ്റാ കളരിക്കൽ ശ്രീ മുഹൂർത്തി ക്ഷേത്രത്തിൽ നിന്നും തട്ടുപുരയ്ക്കൽ കുടുംബ മൂപ്പൻ്റെ നേതൃത്വത്തിൽ വാദ്യമേളങ്ങളുടെ അകമ്പടിയോടെ എത്തിയിരുന്ന 'കൊട്ടകാഴ്ച' ഗൃഹാതുരത്വത്തിൻ്റെ ഓർമ്മകളുണർത്തുന്ന ഇത്തരം ചടങ്ങുകളെല്ലാം നഷ്ടമാവും.

പോലീസ് ഓഫീസർമാർക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടനം ആലപ്പുഴ ഡിവൈഎസ്പി എൻ ആർ ജയരാജ് റെഡ്ക്രോസ് ഭാരവാഹികളിൽ നിന്ന് ഏറ്റുവാങ്ങിക്കൊണ്ട് നിർവ്വഹിക്കുന്നു

പോലിസുകാർക്ക് കുടിവെള്ള വിതരണം നടത്തി

ആലപ്പുഴ: ആലപ്പുഴ ജില്ലാ റെഡ് ക്രോസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ടൗണിൽ ഡ്യൂട്ടി നോക്കുന്ന പോലീസ് ഓഫീസർമാർക്ക് കുടിക്കുവാനായി കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിൻ്റെ ഔദ്യോഗിക ഉദ്ഘാടനം ആലപ്പുഴ ഡിവൈഎസ്പി എൻ ആർ ജയരാജ് റെഡ്ക്രോസ് ഭാരവാഹികളിൽ നിന്ന് ഏറ്റുവാങ്ങിക്കൊണ്ട് നിർവ്വഹിച്ചു.

ആലപ്പുഴ ജില്ലാ സെക്രട്ടറി പി കെ എം ഇഖ്ബാൽ, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ ടിം അംഗം ഐ ആർ മുഹമ്മദ് റാഫി, ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് മെമ്പർമാരായ അനീഷ് ബഷീർ, അഡ്വ: ഇറഫീഖ്, മെമ്പർമാരായ രതീഷ് തകഴി.മുഹമ്മദ് സാലി, സുനിത, മഹേഷ്, ഷാജി കോയാപറമ്പിൽ,അനിൽ പങ്കെടുത്തു

സി പി എം നേതൃത്വത്തിൽ ആരംഭിച്ച വിഷു വിപണി ജില്ലാ സെക്രട്ടറി ആർ നാസർ ഉദ്ഘാടനം ചെയ്യുന്നു

വിഷു വിപണിക്ക് കഞ്ഞിക്കുഴി ഏരിയായിൽ തുടക്കമായി

മുഹമ്മ : വിഷ രഹിത പച്ചക്കറികളുടെ വിഷു വിപണിയുമായി ജില്ലയിൽ സി.പി. എം. ജില്ലാ ജൈവകർഷിക സമിതിയുടെ ആഭിമുഖ്യത്തിൽ നാടൻ പച്ചക്കറികളുടെ വിഷു വിപണിക്ക് കഞ്ഞിക്കുഴി ഏരിയായിൽതുടക്കമായിസി.പി. എം ജില്ലാ സെക്രട്ടറി ആർ.നാസർ പച്ചക്കറി വിപണനം ഉദ്ഘാടനം ചെയ്തു.എസ്.രാധാകൃഷ്ണൻ ആദ്യ വിൽപ്പന നടത്തി.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുണ്ടായ ലോക്ഡൗണിൽ പച്ചക്കറി വിപണനം സാദ്ധ്യമാകാതെ വന്ന കർഷകർക്കും വാങ്ങാൻ എത്തുന്നവർക്കും സഹായമാകുന്ന തരത്തിലാണ് വിഷു വിപണി ഒരുക്കിയിരിക്കുന്നത്. കണിയൊരുക്കുന്നതിനാവശ്യമായ കണിവെള്ളരിയും ചക്കയും മാങ്ങയും കണിക്കൊന്നയും വിപണിയിൽ നിന്ന് ലഭിക്കും. കൃഷ്ണ വിഗ്രഹവും ആവശ്യക്കാർക്ക് ലഭ്യമാക്കുന്ന സംവിധാനമൊരുക്കിയിട്ടുണ്ടെന്ന് ഏരിയാ സെക്രട്ടറി എസ്.രാധാകൃഷ്ണനും അഡ്കോസ് സെക്രട്ടറി അഡ്വ.എം.സന്തോഷ് കുമാറും പറഞ്ഞു.

ജില്ലയിൽ സഹകരണ പ്രസ്ഥാനങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പാർട്ടിയുടേയുംനേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ വിഷു വിപണി ആരംഭിച്ചിട്ടുണ്ടെന്നും ,കർഷകർ നേരിട്ട് പച്ചക്കറികൾ ഓൺലൈനിലൂടെ വിൽക്കുന്ന സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും വിപണി ഉദ്ഘാടനം ചെയ്തു കൊണ്ട്ജില്ലാ സെക്രട്ടറി ആർ. നാസർ പറഞ്ഞു..

ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്കിനു കീഴിലും തണ്ണീർമുക്കം പഞ്ചായത്തിനു കീഴിലും വിഷുവിപണി നടക്കുന്നുണ്ട്.സി.പി. എം അരീപറമ്പ് ലോക്കൽ കമ്മറ്റിക്കു കീഴിലും കർഷകരുടെ നാടൻ പച്ചക്കറികൾ വിൽക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സംസ്ഥാന ജൈവകൃഷി കാമ്പയിൻ കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം ജൈവ പച്ചക്കറിയുടെ ജില്ലാതല നടീൽ ഉദ്ഘാടനം ചെയ്ത കഞ്ഞിക്കുഴിയിലെ പച്ചക്കറി തോട്ടത്തിൽ ധനകാര്യ വകുപ്പു മന്ത്രി ഡോ. റ്റി.എം തോമസ് ഐസക്ക് കഴിഞ്ഞ ദിവസംവിളവെടുപ്പ് നടത്തിയിരുന്നു.

കഞ്ഞിക്കുഴി സി.പി.ഐ എം ഏരിയാ കമ്മറ്റി ഓഫീസിനു സമീപം നടന്ന ജില്ലാതല വിഷു വിപണി ഉദ്ഘാടന ചടങ്ങിൽ ഏരിയാ സെക്രട്ടറി എസ്.രാധാകൃഷ്ണൻ ,അഡ്വ. പി.എസ്.ഷാജി, ബി.സലിം ,അഡ് കോസ് ജില്ലാ സെക്രട്ടറി അഡ്വ.എം.സന്തോഷ് കുമാർ എന്നിവർ പങ്കെടുത്തു.

പിടിച്ചെടുത്തത് ഇരുപത് കിലോ ഇറച്ചി

പഴകിയ ഇറച്ചി വ്യാപാരം: ആരോഗ്യ വകുപ്പ് പിടികൂടി

ചെങ്ങന്നൂർ: പാണ്ടനാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു സമീപത്തു നിന്നും കഴിഞ്ഞ ദിവസമാണ്പഴകിയ ഇറച്ചി വ്യാപാരം നടത്തിയ ആളെ ആരോഗ്യ വകുപ്പ് അധികൃതർ പിടികൂടി.

ഏകദേശം 20 കിലോ തൂക്കം വരുന്ന മനുഷ്യ ആരോഗ്യത്തിന് ഹാനികരമായ ഇറച്ചിയാണ് ഇവിടെ കച്ചവടം നടത്തിയതെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തി.ഇത് ഉടൻ തന്നെ മറവ് ചെയ്തു. കച്ചവടക്കാരന്റെ ത്രാസും ,മറ്റു സാധനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

ഈസ്റ്ററിന് വില്പനക്കെത്തിച്ചതാവാമിതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

അതേ സമയം പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് ഇറച്ചിക്കട ഇവിടെ പ്രവർത്തിക്കുന്നതെന്ന് ആക്ഷേപം ഉയരുന്നു.ഞായറാഴ്ചകളിൽ മാത്രമാണ് ഇവിടെ ഇറച്ചി വില്പന നടത്താറുള്ളതെന്ന് നാട്ടുകാർ പറയുന്നു.

ഇന്നലെ വൈകുന്നേരംമിത്രമഠം പാലത്തിനു സമീപം ആട്ടോറിക്ഷയിൽ കയറ്റി വില്പനക്കെത്തിച്ച അഴുകിയ മീൻ ആരോഗ്യ വകുപ്പ് പിടികൂടി നശിപ്പിച്ചു. വില്പനക്കാരന് താക്കീത് നല്കി വിട്ടയച്ചു.

പാണ്ടനാട് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോജി പാലങ്ങാട്ടിലിന്റെ നേതൃത്വത്തിൽ ഹെൽത്ത് സൂപ്പർവൈസർ കെ.ആറു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സുധീഷ്, ബിജു താഹ എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 111 .RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

കോട പിടികൂടി

തൃപ്പൂണിത്തുറ: ഉദയംപേരൂർ കൊച്ചുപള്ളി മുട്ടത്ത് വെളി കോളനിയിലെ വീട്ടിൽ വാറ്റ് ചാരായം നിർമിക്കുന്നതിനിടെ 4 യുവാക്കളെ പൊലീസ് പിടികൂടി. മുട്ടത്ത് വെളിയിൽ എം.ആർ. രതീഷ്(28), പി.എച്ച്. അനന്തു(24), വടക്കേവെളിയിൽ വി.എ. അഭിലാഷ്(33), കൊലാട്ട് വീട്ടിൽ കെ.എം. ശ്രീകാന്ത്(30) എന്നിവരെയാണ് പിടികൂടിയത്. ഇവരിൽ നിന്ന് 2 ലിറ്റർ വാറ്റും ഏകദേശം 8 ലിറ്ററോളം വാഷും പിടികൂടി. വാറ്റ് നടക്കുന്നതായി ലഭിച്ച വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ഇവരെ പിടികൂടിയത്. ഇൻസ്പെക്റ്റർ കെ.ബാലൻ, എസ്ഐമാരായ ബാബു മാത്യു, പി.ബി.മധു, എഎസ്ഐ ദിലീപ് കുമാർ, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ സി.ബി. ജോസ്, ജി. ഗിരീഷ് കുമാർ, ജയശങ്കർ ടിറ്റോ തോമസ്, സജിമോൻ, ബിനിൽ സെബാസ്റ്റ്യൻ എന്നിവർ ചേർന്നാണ് പിടികൂടിയത്.

ഉത്സവം മാറ്റി

തൃപ്പൂണിത്തുറ: ലോക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ തിരുവാങ്കുളം മുരിയമംഗലം നരസിംഹസ്വാമി, ശ്രീ ധർമശാസ്താ ക്ഷേത്രത്തിൽ 13 മുതൽ 18 വരെ നടത്താനിരുന്ന വിഷുവിളക്ക് ഉൽസവ പരിപാടികൾ മാറ്റിവച്ചു. നിലവിലുള്ള സാഹചര്യം മാറുന്ന മുറയ്ക്ക് തന്ത്രിയുടെ നിർദേശപ്രകാരം ഈ വർഷം തന്നെ മറ്റൊരു മാസത്തിൽ ഉൽസവം നടത്തുന്നതാണെന്നും ഭാരവാഹികൾ അറിയിച്ചു.

ഖാദി ഉത്പാദന കേന്ദ്രം

പറവൂർ: നന്ത്യാട്ടു കുന്നംഗാന്ധി സ്മാരക ഗ്രാമ സേവ കേന്ദ്രം റെഡിമേഡ് യൂണിറ്റ് തയ്യാറാക്കിയ ഖാദി മാസ്ക് ജില്ലാ കലക്റ്റർ എസ്.സുഹാസിന് കൈമാറി. ഗാന്ധി സ്മാരക ഗ്രാമ സേവ കേന്ദ്രം പ്രസിഡന്റ് ശിവകുമാർ, സെക്രട്ടറി കെ.കെ.ബാലകൃഷ്ണൻ, സേവ് ലൂം ഡയറക്റ്റർ രമേശ മേനോൻ എന്നിവർ ചേർന്നാണ് മാസ്ക്ക് നല്കിയത്.

അഗതിമന്ദിരങ്ങളിലേക്ക് മരുന്നെത്തിച്ചു

പറവൂർ: അഗതിമന്ദിരങ്ങളിലെ രോഗികൾക്ക് മരുന്നുമായി പുനർജനി പ്രവർത്തകർ. പറവൂരിൽ വി.ഡി.സതീശൻ എംഎൽഎയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പുനർജനി പദ്ധതിയുടെ ഭാഗമായി പുത്തൻവേലിക്കരയിലെയും ചേന്ദമംഗലത്തെയും അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ഒരു മാസത്തേക്ക് ആവശ്യമായ മരുന്നുകളെത്തിച്ചു. പുത്തൻവേലിക്കരയിൽ വി.ഡി.സതീശൻ എംഎൽഎ മരുന്നുകൾ കൈമാറി. പഞ്ചായത്ത് പ്രസിഡന്റ് പി.വി.ലാജു, പി.കെ.ഉല്ലാസ് തുടങ്ങിയവർ പങ്കെടുത്തു.

പൊലീസ് മർദ്ദിച്ചതായി പരാതി

മട്ടാഞ്ചേരി: വീടിന്റെ ടെറസിൽ ഇരുന്നവരെ പൊലിസ് മർദിച്ചതായി പരാതി.ഫോർട്ട് കൊച്ചി തുരുത്തിയിൽ കെ.ബി നിയാസാണ് അസി.കമ്മീഷ്ണർക്ക് പരാതി നൽകിയത്.വ്യാഴം രാത്രി ഒമ്പതരക്ക് ഫോർട്ട് കൊച്ചി എസ്ഐയും പൊലീസുകാരും മർദിച്ചതായാണ് പരാതി. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സംഘം ചേർന്നിരിക്കരുതെന്ന് ഇവർക്ക് താക്കീത് നൽകിയിരുന്നെന്നും ഇത് അംഗീകരിക്കാൻ തയ്യാറാകാതിരുന്നതിനെ തുടർന്ന് ശാസിക്കുക മാത്രമാണുണ്ടായതെന്നും പൊലിസ് പറഞ്ഞു.

രോഗികൾക്ക് കൂപ്പണുകൾ നൽകി

കളമശേരി: മാരക രോഗത്തിന് ദീർഘകാല ചികിത്സയിലുള്ള രോഗികൾക്ക് മരുന്ന് വാങ്ങാൻ തൃക്കാക്കര സർവീസ് സഹകരണ ബാങ്ക് കൂപ്പൺ നൽകി. ബാങ്ക് നടത്തുന്ന കങ്ങരപ്പടിയിലെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും കൂപ്പൺ ഉപയോഗിച്ച് മരുന്ന് വാങ്ങാവുന്നതാണ്. ബാങ്ക് പരിധിയിലുള്ളവർക്കാണു 1000, 500 രൂപ കൂപ്പണുകൾ ബോർഡ് മെമ്പർമാർ വഴി നൽകിയത്. മുന്നൂറിലേറെ പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കി. പദ്ധതി വൃക്കമാറ്റൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ തിരക്കഥാകൃത്ത് ഷാനി ഖാദറിന് കൂപ്പൺ നൽകി ബാങ്ക് പ്രസിഡന്റ് പി.കെ. രാജൻ ഉദ്ഘാടനം ചെയ്തു.

പച്ചക്കറിവിത്തുമായി റെ. അസോസിയേഷൻ

കൂത്താട്ടുകുളം: കൊവിഡിനെ തുടർന്നു ദുരിതത്തിലായ പൈനാപ്പിൾ കർഷകരെ സഹായിക്കുവാൻ കൃഷി വകുപ്പ് രൂപം നൽകിയ പൈനാപ്പിൾ ചലഞ്ച് ഏറ്റെടുത്ത് കൂത്താട്ടുകുളം കേര റെസിഡൻസ് അസോസിയേഷൻ. കൃഷി ഭവൻ നൽകുന്ന സൗജന്യ പച്ചക്കറി വിത്ത് പായ്ക്കറ്റിനൊപ്പം എല്ലാ കുടുംബത്തിനും പൈനാപ്പിൾ നൽകുന്നതു കേര റസിഡൻസ് അസോസിയേഷനാണ്.

കൊച്ചിയിൽ ഇറച്ചി വില തോന്നിയ പോലെ

മട്ടാഞ്ചേരി: കൊച്ചിയിൽ മാട്ടിറച്ചിക്ക് വില തോന്നിയ പോലെ.ഓരോ മേഖലയിലും അവരവർക്ക് തോന്നിയ പോലെ വില ഈടാക്കുന്നതായാണ് പരാതി. ലോക്ക് ഡൗൺ കാലം പലരും ചൂഷണത്തിനുപയോഗിക്കുകയാണെന്നാണ് ഉപഭോക്താക്കളുടെ പരാതി. എത്ര വില ഈടാക്കിയാലും ജനം വാങ്ങുമെന്ന കണക്ക് കൂട്ടലിലാണിവർ.അതേസമയം സമയം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഒരു വിഭാഗം കച്ചവടക്കാർ എതിരാണെന്നതും ശ്രദ്ധേയമാണ്.അവർ ലോക്ക് ഡൗണിന് മുമ്പുള്ള വിലയിൽ തന്നെയാണ് ഇപ്പോഴും ഇറച്ചി വിൽപന നടത്തുന്നത്.ചില കടകൾ ഇറച്ചിക്ക് മുന്നൂറ് രൂപ ഈടാക്കിയപ്പോൾ ചിലർ മുന്നൂറ്റി മുപ്പത് മുതൽ മുന്നൂറ്റിയമ്പത് രൂപ വരെ ഈടാക്കുന്നുണ്ട്.ഇതിനിടെ ലോക്ക് ഡൗൺ നിയമങ്ങൾ ലംഘിച്ചാണ് പല കടകളിലും ഇറച്ചി വിൽപനയെന്നാക്ഷേപമുണ്ട്. ഇന്നലെ രാവിലെ മുതൽ കൊച്ചി നഗരത്തിലെ ഇറച്ചിക്കടകളിൽ തിരക്ക് അനിയന്ത്രിതമായി. ഈസ്റ്ററിനോടനുബന്ധിച്ചുള്ള ഭക്ഷണവിഭവങ്ങളിൽ ഏറ്റവുംപ്രിയപ്പെട്ട ബീഫ് വാങ്ങാനായാണ് നാട്ടുകാർ കൂട്ടത്തോടെയെത്തിയത്. കൊച്ചിയിലെ പോളക്കണ്ടം, തോപ്പുംപടി, പള്ളുരുത്തി, കുമ്പളങ്ങി ഇവിടങ്ങളിലെ ഇറച്ചിക്കടകൾക്കു മുന്നിൽ തിരക്ക് നിയന്ത്രിക്കാൻ കഴിയാതായതോടെ പൊലീസിന് ഇടപെടേണ്ടി വന്നു. കുമ്പളങ്ങിയിൽ തിരക്കൊഴിവാക്കാൻ ചെറിയതോതിൽ പൊലിസിന് ചൂരൽപ്രയോഗം നടത്തേണ്ടിവന്നു.

കൊവിഡിന്റെ പശ്ചാത്തലത്തിൽ കടുത്ത നിയന്ത്രണം നിലനിൽക്കുമ്പോഴാണ് ഇതൊന്നും വകവെക്കാതെ നാട്ടുകാർ ഇറച്ചിക്കടകൾക്കു മുമ്പിലേക്ക് കൂട്ടത്തോടെ എത്തിയത്. നിശ്ചിത അകലം പാലിക്കാൻ പല തവണ പൊലീസ് ആവശ്യപ്പെട്ടെങ്കിലും ഇതൊന്നും അനുസരിക്കാൻ ജനംകൂട്ടാക്കിയില്ല. മുഖാവരണം ധരിക്കാതെയാണ് ഭൂരിഭാഗം ആളുകളും ഇന്നലെ പുറത്തിറങ്ങിയത്.

പെരുമ്പടപ്പിലെ ഇറച്ചിക്കടക്ക് മുന്നിൽ തിരക്ക് നിയന്ത്രിക്കാൻ പൊലീസിനെ ഡ്യൂട്ടിക്കായി നിയോഗിക്കേണ്ടി വന്നു.അന്യസംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ എത്തിക്കാൻ കഴിയാതായതോടെ സംസ്ഥാനത്തിനകത്തെ മാടുകളെയാണ് ഇപ്പോൾ വിൽപനക്കായി കശാപ്പ് ചെയ്യുന്നത്.

പോളക്കണ്ടം മാർക്കറ്റിൽ ഇറച്ചി വാങ്ങാൻ നിൽക്കുന്നവർ.

കൊവിഡ്: 40 പരിശോധനാ ഫലങ്ങളും നെഗറ്റീവ്

കൊച്ചി സുരക്ഷിത മേഖലയിലേക്ക്

കൊച്ചി: കൊവിഡ് രോഗ വ്യാപന ആശങ്കകൾ അകന്നു ജില്ല. ഇന്നലെ വന്ന 40 സാംപിൾ പരിശോധനാ ഫലങ്ങളും നെഗറ്റീവ്. പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ 33 പേരെ മാത്രമാണ് നിരീക്ഷണത്തിലാക്കിയത്. ഇതിൽ 24 പേർ വീടുകളിലും ബാക്കി ഒൻപത് പേർ ആശുപത്രികളിലുമാണ് നിരീക്ഷണത്തിൽ കഴിയുന്നത്. ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 2101 ആയി കുറഞ്ഞു.

വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ ആകെ എണ്ണം 2074 ആണ്. ഇതിൽ 2060 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും, 14 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലും ആണ്.

കളമശേരി മെഡിക്കൽ കോളെജിൽ ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്നഅഞ്ച് പേരെയും ആലുവ ജില്ലാ ആശുപത്രിയിൽ നിന്ന് ഒരാളെയും ഡിസ്ചാർജ് ചെയ്തു.

നിലവിൽ ആശുപത്രികളിൽ ഐസൊലേഷനിൽ ഉള്ളവരിൽ ഏഴ് പേരാണ് കൊവിഡ് പോസിറ്റീവ് ആയി ജില്ലയിൽ ചികിത്സയിൽ തുടരുന്നത്. ഇവരുടെയെല്ലാം ആരോഗ്യ നില തൃപ്തികരമാണ്. 146 സാംപളുകളുടെ ഫലം ലഭിക്കാനുണ്ട്. ഇന്നലെ 42 സാംപിളുകൾ കൂടി പരിശോധനക്ക് അയച്ചു.

പുതിയതായി ഐസൊലേഷനിൽ പ്രവേശിപ്പിച്ച ഓൻപത് പേരിൽ മൂന്ന് പേർ കളമശേരി മെഡിക്കൽ കോളെജിലും ആറ് പേർ സ്വകാര്യ ആശുപത്രിയിലുമാണ്. നിലവിൽ 27 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്.

ഇതിൽ 12 പേർ കളമശേരി മെഡിക്കൽ കോളജിലും ഒരാൾ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും മൂന്ന് പേർ ആലുവ ജില്ലാ ആശുപത്രിയിലും രണ്ട് പേർ കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലും, ഒൻപത് പേർ സ്വകാര്യ ആശുപത്രിയിലും ആണുള്ളത്.

ലോക് ഡൗണിൽ ഇളവ് ലഭിച്ചപ്രകാരം എറണാകുളം പെന്റാമേനകയിലെ മൊബൈൽ കടകൾ ഇന്നലെ തുറന്ന് പ്രവർത്തിച്ചപ്പോൾ.

കോൾ സെന്ററിൽ താരമായി താരം

കൊച്ചി: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ കോൾ സെന്ററിൽ വോളന്റിയറായി ചലച്ചിത്ര നടി നിഖില വിമൽ. അവശ്യസാധനങ്ങൾ വീടുകളിലെത്തിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിലാണ് വോളന്റിയറായി തളിപ്പറമ്പ് സ്വദേശിയായ താരമെത്തിയത്. അവശ്യ സാധനങ്ങൾക്കായി വിളിക്കുന്നവരുടെ കോളുകൾ അറ്റന്റ് ചെയ്യലും അവരുമായി കുശലം പറയലുമൊക്കെയായി ഏറെ നേരം നടി കോൾ സെന്ററിൽ ചെലവഴിച്ചു. ലോക്ഡൗൺ കാലത്ത് ആളുകൾ പുറത്തിറങ്ങുന്നത് ഒഴിവാക്കുന്നതിൽ ഇത്തരം കോൾ സെന്ററുകളും ഹോം ഡെലിവറിയുമെല്ലാം വലിയ പങ്കാണ് വഹിക്കുന്നതെന്നും ഇതിന്റെ ഭാഗമാവാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും നിഖില പറഞ്ഞു. ചലച്ചിത്ര താരങ്ങളും മറ്റു പ്രമുഖരുമുൾപ്പടെയുള്ളവർ വിവിധ ദിവസങ്ങളിലായി കോൾ സെന്ററിന്റെ ഭാഗമാകുന്നുണ്ട്. അരവിന്ദെ അതിഥികൾ, മേരാ നാം ഷാജി, ഞാൻ പ്രകാശൻ,അഞ്ചാം പാതിര തുടങ്ങിയ സിനിമകളിലൂടെ പ്രശസ്തയായ താരമാണ് നിഖില.

മൂവാറ്റുപുഴയിലും ആലുവയിലും വ്യാജമദ്യവുമായി വാറ്റുകാർ അറസ്റ്റിൽ

മൂവാറ്റുപുഴ/ആലുവ: പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളുപയോഗിച്ചു വ്യാജമദ്യം നിർമിക്കുന്ന സംഘത്തിൽപ്പെട്ടവർ ആലുവയിലും മൂവാറ്റുപുഴയിലും അറസ്റ്റിൽ. ആലുവയിൽ മുപ്പത് ലിറ്റർ വാഷും വാറ്റുപകരണങ്ങളുമായി മൂന്നു പേരും മൂവാറ്റുപുഴയിൽ ഒരാളുമാണ് പിടിയിലായത്. കാനഡയിൽ നിന്ന് അവധിക്കെത്തിയ സൺ ജോർജ്, സുഹൃത്തുക്കളായ ഷാലജ്, വിപിൻ എന്നിവരാണ് അലുവ വെസ്റ്റ് പൊലീസിന്റെ പിടിയിലായത്. വയലക്കാട് വാഹന പരിശോധനക്കിടയിൽ വിപിന്റെ വാഹനത്തിൽ നിന്ന് വാറ്റ് ഉപകരണങ്ങൾ പൊലീസ് കണ്ടെത്തിയിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് സൺ ജോർജിന്റ വീട്ടിൽ ചാരായ നിർമാണം കണ്ടെത്തിയത്. പൊലീസ് അന്വേഷണം ആരംഭിച്ചു.

ആരക്കുഴ മാരിയിൽ വീട്ടിൽ അനീഷ് (48) ആണ് മൂവാറ്റുപുഴ എക്സൈസിന്റെ പിടിയിലായത്. സ്വന്തം വീട്ടിൽ വച്ചാണ് ഇയാൾ വ്യാജമദ്യം നിർമിച്ചു വിൽപ്പന നടത്തുന്നത്. നാലു ലിറ്റർ വ്യാജമദ്യവും മദ്യം നിർമിക്കാനുപയോഗിച്ച വസ്തുക്കളും എക്സൈസ് കസ്റ്റഡിയിലെടുത്തു. ഈസ്റ്റർ തലേന്ന് രാത്രിയിൽ മുവാറ്റുപുഴ റേഞ്ച് എക്സൈസ് ഇൻസ്പെക്റ്റർ പി.കെ.സതീഷിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണു വ്യാജമദ്യം പിടിച്ചത്. കുറഞ്ഞ വിലക്ക് ലഭ്യമായ പദാർത്ഥങ്ങളുപയോഗിച്ചാണ് അനീഷ് മദ്യം നിർമ്മിച്ചിരുന്നത്. വർഷങ്ങൾക്കുമുമ്പ് ബാംഗ്ലൂരിലെ ഡിസ്റ്റിലറിയിൽ പ്രവർത്തിച്ചതിന്റെയും പിന്നീട് മുവാറ്റുപുഴയിലെ ഒരു സ്കൂളിൽ ലാബ് അസിസ്റ്റന്റായി താൽക്കാലികമായി പ്രവർത്തിച്ചതിന്റെയും പരിചയത്തിലാണു പ്രതി സ്വയം മദ്യ നിർമാണം തുടങ്ങിയത്.

എടക്കുന്ന് സെന്റ് ആന്റണീസ് ഇടവകയിലെ സെന്റ് മാർട്ടിൻ കുടുംബ യൂണിറ്റിലെ ഒരേ കുടുംബാംഗങ്ങളായ അഞ്ചു യുവാക്കൾ ഒരുക്കിയ പീഡാനുഭവ നിഴൽ ദൃശ്യാവിഷ്കാരം.

പുതുമയും വിസ്മയവുമായി പീഡാനുഭവ നിഴൽ ദൃശ്യാവിഷ്കാരം

സാജു ഏനായി

അങ്കമാലി: കൊവിഡ് മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിൽക്കവേ യേശു ക്രിസ്തുവിന്റെ പീഡാനുഭവ സ്മരണ പുതുക്കാൻ ദേവാലയങ്ങളിൽ പോകാനാകാതെ വന്ന സാഹചര്യത്തിൽ ഒരേ കുടുംബത്തിലെ അഞ്ച് യുവാക്കൾ ഒരുക്കിയ പീഡാനുഭവ നിഴൽ ദൃശ്യങ്ങൾ പുതുമയും വിസ്മയവുമായി. കറുകുറ്റി ഫൊറോനായിലെ എടക്കുന്ന് സെന്റ് ആന്റണീസ് ഇടവകയിലാണ് ഈ പുതുമയാർന്ന പീഡാനുഭവ ദൃശ്യാവിഷ്കാരം അരങ്ങേറിയത്. സാധാരണ ദുഃഖ വെള്ളിയാഴ്ച പള്ളിയിൽ നിന്നുള്ള പരിഹാര പ്രദക്ഷിണത്തിൽ വിവിധ കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ ദൃശ്യാവിഷ്കാരങ്ങൾ അരങ്ങേറുക പതിവായിരുന്നു. ഇത്തവണ കോവിഡ് ലോക് ഡൗൺ കാരണം ഇതൊന്നും നടത്താനായില്ല.

ഇതേ തുടർന്നാണു പരിഹാര പ്രദക്ഷിണത്തിൽ പതിവായി ദൃശ്യാവിഷ്കാരം നടത്താറുള്ള സെന്റ് മാർട്ടിൻ കുടുംബ യൂണിറ്റിലെ ഒരേ കുടുംബാംഗങ്ങളായ യുവാക്കൾ നൂതനദൃശ്യം സാക്ഷാത്കരിച്ചത്. ചക്യത്ത് വീട്ടിൽ നിക്സൺ തോമസിന്റെ നേതൃത്വത്തിൽ ഫ്രാങ്കോ ജോർജ്, ജോസൺ ജോസ്, ചാക്സൺ ജോർജ്, തോംസൺ ജോർജ് എന്നിവർ കുടുംബാംഗങ്ങളുടെ സഹായത്തോടെയാണ് 5 മിനിറ്റ് ദൈർഘ്യമുള്ള പീഡാനുഭവ നിഴൽ ദൃശ്യം ചിത്രീകരിച്ചത്.

പ്രതിരോധ ക്യാംപെയിൻ ഇന്നു മുതൽ

കോതമംഗലം: വാരപ്പെട്ടി പഞ്ചായത്തിൽ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തു വരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണർവ് 2020 എന്ന പേരിൽ വാരപ്പെട്ടി പഞ്ചായത്തിൽ സമഗ്ര പകർച്ചവ്യാധി നിയന്ത്രണ ക്യാംപയിന് തുടക്കം കുറിയ്ക്കുമെന്ന് ആന്റണി ജോൺ എംഎൽഎ അറിയിച്ചു.

ഓൺലൈൻ പഠന കൂട്ടായ്മയൊരുക്കി കൂത്താട്ടുകുളം ഗവ.സ്കൂൾ

കൂത്താട്ടുകുളം: ലോക് ഡൗൺ കാലത്ത് ഓൺലൈൻ പഠന കൂട്ടായ്മയിൽ വിസ്മയമൊരുക്കി കൂത്താട്ടുകുളം ഗവ.യുപി. സ്കൂൾ വിദ്യാർത്ഥികൾ ഈസ്റ്റർ, വിഷു ആശംസ കാർഡുകളുടെ പണിപ്പുരയിലാണു കുട്ടികൾഎല്ലാ ദിവസവും കുട്ടികളുടെ പ്രവർത്തന തെളിവുകൾ അധ്യാപകർ ഓൺലൈൻ വിലയിരുത്തൽ നടത്തി, സ്കൂൾ യു ട്യൂബ്, സ്കൂൾ ബ്ലോഗ് ,സമൂഹമാധ്യമങ്ങൾ വഴി ദിവസവും പ്രകാശനം നടത്തുന്നു. കുട്ടികളുടെ രചനകൾ അധ്യാപകർ രക്ഷിതാക്കളുടെ ഫോൺ, വാട്സാപ്പ് വഴി പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തും. സ്കൂൾ ഡിജിറ്റലൈസേഷന്റെ ഭാഗമായി എൽകെജി മുതൽ 7 ക്ലാസുവരെയുള്ള 32 ഡിവിഷനുകളിലായി തുടങ്ങിയ പഠിക്കുന്ന കുട്ടികളുടെ 800 ലേറെ രക്ഷിതാക്കളുമായുള്ള ഓൺലൈൻ കൂട്ടായ്മ പദ്ധതി നിർവഹണം എളുപ്പമാക്കി.10 ദിവസം കൊണ്ട് നാനൂറോളം സൃഷ്ടികൾ പ്രകാശനം ചെയ്തു. രക്ഷിതാക്കൾ വഴി കുട്ടികളുമായി സംസാരിക്കുക,

ചിത്രരചന,കളറിങ്ങ് ,ക്രാഫ്റ്റ്, പാചകം, കൃഷി, വായന, എഴുത്ത് എന്നിവയെ മുന്നോട്ടു കൊണ്ടുപോകാൻ പറ്റുന്ന പ്രവർത്തനങ്ങൾ നൽകി പുരോഗതി വിലയിരുത്തി വരുന്നു.പഴയ ബുക്കുകളുടെ പേപ്പറുകൾ തുന്നിച്ചേർത്തോ, പഴയ ബുക്കുകളിൽ എഴുതിയും വരച്ചും, വീട്ടിൽ ലഭ്യമായവ വച്ചു മാത്രം പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശം.

ഭക്ഷണം, വൈദ്യസഹായം ഉൾപ്പെടെ എന്തെങ്കിലും കാര്യത്തിൽ സഹായം വേണമെങ്കിൽ മറക്കാതെ നിങ്ങളുടെ ടീച്ചർമാരെ വിളിച്ചാൽ ആരോഗ്യ പ്രവർത്തകരും അധികൃതരുമായി ബന്ധപ്പെട്ട് വേണ്ട കാര്യങ്ങൾ ചെയ്യുമെന്നും സ്കൂൾ പിടിഎ ഉറപ്പു നൽകുന്നുണ്ട്. ഓൺലൈൻ പഠന കൂട്ടായ്മയൊരുക്കി കൂത്താട്ടുകുളം ഗവ.സ്കൂൾ.

കൂത്താട്ടുകുളം ഗവ.യുപി സ്കൂൾ കുട്ടികൾ വീടുകളിലിരുന്ന് ഈസ്റ്റർ വിഷു ആശംസാ കാർഡുകൾ തയ്യാറാക്കുന്നു.

പുതിയ മത്സ്യം നൽകി ലാബ് സർട്ടിഫിക്കറ്റ്; വിൽക്കുന്നത് പഴയ മീൻ!...

കെ.ബി.സലാം

മട്ടാഞ്ചേരി: സംസ്ഥാന സർക്കാർ വിപണിയിൽ മോശം മത്സ്യം വിൽക്കുന്നവർക്കെതിരേ നടപടി സ്വീകരിച്ച് മുന്നോട്ട് പോകുമ്പോൾ ഇതിൽ നിന്നെല്ലാം രക്ഷ നേടി ഒരു വിഭാഗം തട്ടിപ്പ് നടത്തുന്നതിനായി ആക്ഷേപം. ചില മത്സ്യ സംസ്കരണ ശാലകളിൽ നിന്നാണ് ഇത്തരം തട്ടിപ്പുകൾ ഉണ്ടാകുന്നത്. ഒമാനിൽ നിന്നുള്ള പഴകിയ ചാള വരെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടു. കാൻസറിന് വരെ കാരണമായേക്കാവുന്ന ഇത്തരം മത്സ്യങ്ങൾ വിൽപന നടത്തുന്നത് നല്ല മത്സ്യം ലാബിൽ നൽകി സർട്ടിഫിക്കറ്റ് വാങ്ങിയാണെന്നാണ് പറയുന്നത്. അരൂർ, പള്ളിപ്പുറം തുടങ്ങിയിടങ്ങൾ കേന്ദ്രീകരിച്ചുള്ള ചില സീഫുഡ് കമ്പനികളാണ് ഇതിന് പിന്നിലെന്ന് ഈ മേഖലയിലുള്ളവർ തന്നെ പറയുന്നു. കൊച്ചിയിലെ ചില ഏജന്റുമാർ മുഖേനയാണ് ഇത്തരത്തിലുള്ള വിൽപന നടക്കുന്നതെന്നും പറയുന്നു. നിരത്തുകളിലും മാർക്കറ്റുകളിലും എത്തുന്ന ഇത്തരം മത്സ്യം വിൽപന നടത്തി വൻ ലാഭമാണിവർ ഉണ്ടാക്കുന്നത്. മറ്റ് രാജ്യങ്ങളിൽ കൊവിഡ് ബാധ വ്യാപകമാകുകയും രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ഹാർബറുകളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച മത്സ്യങ്ങൾ കയറ്റി അയക്കാനാകാതെ സ്റ്റോർ ചെയ്ത് വെച്ചിരിക്കുകയാണ്. ഇത്തരം മത്സ്യങ്ങളാണ് ഇവർ മൊത്ത കച്ചവടക്കാർക്ക് നൽകുകയും ഇവർ വഴി നിരത്തുകളിലും മാർക്കറ്റുകളിലും മറ്റും എത്തുന്നതും. ലോക് ഡൗണിനെ തുടർന്ന് മത്സ്യബന്ധനം നിലച്ചതോടെ പഴകിയ മീനുകൾ വ്യാപകമായാണ് ഉപഭോക്താക്കളെ തേടിയെത്തിയത്. അധികൃതർ വൻകിട മാർക്കറ്റുകളിൽ എത്തുന്ന ഇത്തരം മത്സ്യങ്ങൾ പിടിച്ചെടുക്കുന്നുണ്ടെങ്കിലും ചെറുകിട ചന്തകളിലും നിരത്തുകളിലും വിൽപന നടക്കുന്നുണ്ട്. ഇത്തരം മത്സ്യങ്ങൾക്കും പൊള്ളുന്ന വിലയാണ് ഈടാക്കുന്നത്. അധികൃതർ പരിശോധന കൂടുതൽ ശക്തമാക്കണമെന്നാണ് ആവശ്യം.

കർഷക വിപണന കേന്ദ്രങ്ങൾ തുറന്നു

മുളന്തുരുത്തി: ഈസ്റ്റർ -വിഷു ആഘോഷങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ന്യായവിലയിൽ സുരക്ഷിത പച്ചക്കറികളും പഴവർഗങ്ങളും ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ് തുടക്കമിട്ട ജീവനി - സഞ്ജീവനി കർഷകവിപണന കേന്ദ്രങ്ങളുടെ ജില്ലാതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിച്ചു. മുളന്തുരുത്തി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ മുളന്തുരുത്തി മാർക്കറ്റിൽ ആരംഭിച്ച കർഷക വിപണന കേന്ദ്രത്തിൽ കണയന്നൂർ താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് സി.കെ. റെജി മന്ത്രിയിൽ നിന്നും പച്ചക്കറികൾ ഏറ്റുവാങ്ങി.

പഴം പച്ചക്കറി സംഭരണ വിപണന കേന്ദ്രം

മൂവാറ്റുപുഴ: കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും അഗ്രോ സർവീസ് സെന്ററിന്റെയും സഹകരണത്തോടെ മൂവാറ്റുപുഴ ഇഇസി മാർക്കറ്റിൽ പഴം പച്ചക്കറി സംഭരണ വിപണന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. എൽദോ എബ്രാഹം എംഎൽഎ ഉദ്ഘാടനം ചെയ്തു. കൃഷിവകുപ്പ് നടപ്പിലാക്കുന്ന നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം ജീവനി സഞ്ജീവനി പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ ബ്ലോക്കിലെ കൃഷി ഉദ്യോഗസ്ഥരാണ് സംഭരണവും വിപണനവും ഏറ്റെടുത്തിരിക്കുന്നത്. കൊവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്താൻ കഴിയാത്ത സാഹ്യചര്യത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് മൂവാറ്റുപുഴ ബ്ലോക്കിലെ വിവിധ കൃഷി ഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിപണനകേന്ദ്രം ആരംഭിച്ചത്. പഞ്ചായത്തുകളിൽ നിന്നായി മുൻകൂട്ടി രജിസ്റ്റർ ചെയ്ത കർഷകർ അവരുടെ ഉൽപ്പന്നങ്ങൾ രാവിലെ മുതൽ എത്തിച്ചിരുന്നു. വെള്ളരി, പടവലം, സാലഡ് കുക്കുമ്പർ, മത്തൻ, കോവക്ക, പച്ചമുളക്, പാവയ്ക്ക, ഏത്തക്കായ, പൈനാപ്പിൾ, ഇഞ്ചി, വഴുതന, വെണ്ട, കുമ്പളം, മത്തൻ,പയർ, തുടങ്ങി 40-ൽ പരം ഇനങ്ങൾ വിൽപ്പനയ്ക്കെത്തി. മാർക്കറ്റ് വിലയിൽ നിന്നു 5 രൂപ മുതൽ 15 രൂപ വരെ വിലക്കുറവിലാണു വിൽപ്പന. കർഷകർക്ക് പരമാവധി ഉയർന്ന വില ലഭ്യമാക്കും. ഞായറാഴ്ചയുൾപ്പെടെ തുടർന്നുള്ള എല്ലാ ദിവസങ്ങളിലും സംഭരണ വിപണന കേന്ദ്രം പ്രവർത്തിക്കുമെന്ന് മൂവാറ്റുപുഴ കൃഷി അസി. ഡയറക്റ്റർ ടാനി തോമസ് അറിയിച്ചു.

നാവികസേനയൊരുക്കിയ അടിയന്തിര ഘട്ടത്തിലെ രോഗി രക്ഷാ സംവിധാനം.

രോഗികളെ നീക്കാനുള്ള പരിശീലനമൊരുക്കി നാവികസേന

മട്ടാഞ്ചേരി: കൊവിഡ് ബാധിതരടക്കം അടിയന്തിര ഘട്ടങ്ങളിൽ ദ്വീപ് സമൂഹത്തിലും കപ്പലുകളിൽ നിന്നും രോഗികളെ നീക്കുന്നതിന് നാവികസേനസംഘം പരിശീലനം പൂർത്തിയാക്കി. ആധുനിക സംവിധാനത്തിലും രോഗ പകർച്ചയില്ലാതെയും നീക്കം ചെയ്യാവുന്ന രീതിയിലാണ് പരിശീലനം. ഹെലിക്കോപ്റ്ററിൽ ഐസലേഷൻ ക്യാംപും പ്രത്യേക ക്യാംപിനും അടിയന്തിര സംവിധാനവുമൊരുക്കിയതോടൊപ്പം ഹെലിക്കോപ്റ്റർ പൈലറ്റിന് രോഗപ്രതിരോധ വസ്ത്രവുമൊരുക്കിയാണ് പുതിയ പരിശീലന സംവിധാനം പുർത്തിയാക്കിയത്.

ചെമ്മീൻക്കെട്ടിൽ നിന്നും വാഷും ചാരായവും പിടികൂടി

വൈപ്പിൻ: ഈസ്റ്റർ ദിനത്തിൽ ഞാറക്കൽ എക്സൈസ് അധികൃതർ മഞ്ഞനക്കാട് ബോട്ട് ജെട്ടിക്ക് സമീപത്തെ ചെമ്മീൻക്കെട്ടിൽ ഒളിപ്പിച്ചുവച്ചിരുന്ന ചാരായവും കോടയും പിടികൂടി. രഹസ്യ സന്ദേശം ലഭിച്ചതിനെ തുടർന്ന് ഇൻപെക്റ്റർ സി.എസ്.സുനിൽകുമാറും സംഘവും ചേർന്ന് കിഴക്കേ മഞ്ഞനക്കാട് തുരുത്തിൽ കെട്ടിൽ നടത്തിയ പരിശോധനയിലാണ് ചിറയിൽ ഒളിപ്പിച്ചുവച്ചിരുന്ന 200 മില്ലിലിറ്റർ ചാരായവും 110 ലിറ്റർ വാഷും (കോടയും) കണ്ടെടുത്തത്. അന്വേഷണ സംഘം രണ്ട് വഞ്ചികളായാണ് എത്തിയത്. ഈസ്റ്റർ വിഷു കാലത്തെ വിൽപ്പന ഉദ്ദേശിച്ചാണ് ഇവ സൂക്ഷിച്ചിരുന്നതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. വ്യാജവാറ്റുകൾ സംബന്ധിച്ച് വിവരം ലഭിക്കുന്നവർ ഞാറക്കലിലെ ഓഫിസുമായി ബന്ധപ്പെടണമെന്നും അധികൃതർ അറിയിച്ചു. ഫോൺ (0484) 2499297, 94000 69568.

വാഹനപരിശോധനയ്ക്കിടെ കഞ്ചാവ് പിടികൂടി

കൊച്ചി: ലോക്ഡൗണിന്റെ ഭാഗമായി കൊച്ചി സിറ്റി പൊലീസ് നടത്തിയ വാഹന പരിശോധനയിൽ കഞ്ചാവ് കടത്തിയ ആൾ പിടിയിൽ. ഇൻഫോപാർക്ക് പൊലീസ് സ്റ്റേഷൻ പരിധിയിൽ നടത്തിയ വാഹന പരിശോധനയ്ക്കിടെയാണ് വാഴക്കാല സ്വദേശി അഞ്ചുമുറി വീട്ടിൽ അൻസാരിയെ പൊലീസ് അറസ്റ്റ് ചെയ്തത്. സിറ്റി പൊലീസ് പരിധിയിൽ നടത്തിയ പരിശോധനയിൽ 28 മറ്റ് കേസുകൾ കൂടി രജിസ്ട്രർ ചെയ്തു. നിയമലംഘനങ്ങൾ നടത്തിയ 31 പേരെ അറസ്റ്റ് ചെയ്തു. അനാവശ്യമായി പുറത്തിറങ്ങിയെന്ന് കണ്ടെത്തിയതിനെ തുടർന്ന് 15 വാഹനങ്ങൾ പിടിച്ചെടുത്തു.

ശ്രീചിത്തിരയിലെ അണുനാശിനി കവാടം എച്ച്എംടി നിർമിക്കും

കളമശേരി: ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി വികസിപ്പിച്ച അണുനാശിനി കവാടം കളമശേരി എച്ച്എംടി കമ്പനി നിർമിക്കും. നിലവിലുള്ള മാതൃകയിൽ നിന്ന് വ്യത്യസ്തമാണിത്. തൃശൂരിൽ സ്ഥാപിച്ച അണുനാശിനി കവാടത്തിൽ സ്പ്രേയാണ് ഉപയോഗിക്കുന്നത്. പുതിയ സംവിധാനത്തിൽ ആൾ കവാടത്തിനകത്തെത്തുമ്പോൾ അണനാശിനി പുക രൂപപ്പെടും. സെക്കന്റുകൾക്കുള്ളിൽ അണുവിമുക്തമാക്കും. ആൾ പുറത്തെത്തുമ്പോൾ അൾട്രാ വയലറ്റ് കിരണങ്ങൾ പ്രവർത്തിച്ച് ചേമ്പറിനകം അണുമുക്തമാക്കും.പ്രവർത്തനം പൂർണമായും ഓട്ടോമാറ്റിക് സംവിധാനം വഴിയായിരിക്കും.

ആശുപത്രികൾ, മാളുകൾ, സിനിമാശാലകൾ തുടങ്ങി ജനങ്ങൾ കൂടുതലായി എത്തുന്നിടത്തൊക്കെ ഉപയോഗിക്കാം. ചേമ്പറിന്റെ പ്രവർത്തനം കമ്പനിയിൽ പുരോഗമിക്കുകയാണ്. ചില ഭാഗങ്ങൾ ചെന്നൈയിൽ നിന്നും തിങ്കളാഴ്ചയോടെ എത്തും. പണി പൂർത്തിയാക്കുന്ന ചേമ്പർ 15ന് ശ്രീചിത്തിര തിരുനാൾ ആശുപത്രിയിലെ വിദഗ്ധരെത്തി പരിശോധിക്കും.കമ്പനി നിർമിക്കുന്ന ആദ്യത്തെ നൂതന അണുനാശിനി ചേമ്പർ എറണാകുളം ഗവ.മെഡിക്കൽ കോളെജിൽ സ്ഥാപിക്കുമെന്ന് എച്ച്എംടി ജനറൽ മാനെജർ എസ് ബാലമുരുകേശൻ പറഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനമെന്ന നിലയിൽ ലാഭമെടുക്കാതെയാകും കമ്പനി തുടർന്ന് നിർമിക്കുന്ന ചേമ്പറുകൾ നൽകുകയെന്നും അദ്ദേഹം പറഞ്ഞു.

ഫോർട്ടു കൊച്ചി സാന്റാ ക്രൂസ് ബസലിക്കാ പള്ളിയിൽ നടന്ന സമർപ്പണ പ്രാർഥന.

നാടിനെ പുനഃസമർപ്പണം നടത്തി കൊച്ചി രൂപത

മട്ടാഞ്ചേരി: കൊവിഡിന്റെ പശ്ചാത്തലത്തിൽ നാടിനേയും നഗരത്തേയും ഭാരതത്തേയും പുനഃസമർപ്പണം നടത്തി ജനരഹിത ഉയർപ്പ് തിരുനാൾ ആഘോഷിച്ചു. ഫോർട്ടുകൊച്ചി സാന്റാ ക്രൂസ് ബസലിക്കാ പള്ളിയിൽ വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പിനു മുന്നിൽ ഈസ്റ്റർ രാവിൽ ബിഷപ്പ് ഡോ. ജോസഫ് കരിയിലിന്റെ മുഖ്യ കാർമികത്വത്തിലാണ് സമർപ്പണ പ്രാർഥിന നടത്തിയത്. 1557 ൽ സ്ഥാപിതമായ രൂപതയുടെ ചരിത്രത്തിൽ അപൂർവമായിട്ടാണ് ഇത്തരം പുനഃസമർപ്പണ കൂദാശ നടത്താറുള്ളത്. ഈ സമയം രുപതയിലെ ഇടവകകളിലെ ഭവനങ്ങളിൽ കുടുംബാംഗങ്ങൾ കത്തിച്ച തിരികളുമായി 'പൊന്നൊളിയിൽ കല്ലറ മിന്നുന്ന' എന്ന ഈരടികൾ ഏറ്റുപാടിയാണ് ഉയർപ്പ് തിരുനാളിനെ എതിരേറ്റത്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.00 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

ഭക്ഷണം നൽകി

ചാലക്കുടി: ഈസ്റ്റർ ദിനത്തിൽ കൊരട്ടി പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം നൽകി യൂത്ത് കോൺഗ്രസ് കൊരട്ടി മണ്ഡലം കമ്മിറ്റി. ലോക്ക് ഡൗൺ സമയത്ത് കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഭക്ഷണം കഴിക്കുന്നവർ, ആരോഗ്യ വകുപ്പ്, പൊലീസ് സേനാംഗങ്ങൾ, പഞ്ചായത്ത് ജീവനക്കാർ എന്നിവർക്കാണ് ഭക്ഷണം തയ്യാറാക്കി നൽകിയത്. പ്രത്യേകം പായ്ക്കുകളിൽ തയ്യാറാക്കിയ ചിക്കൻ ബിരിയാണി മുൻ നിയോജകമണ്ഡലം പ്രസിഡന്റ് ആൽബിൻ പാലോസ് പഞ്ചായത്ത് പ്രസിഡന്റ് കുമാരി ബാലന് കൈമാറി. മുൻ പഞ്ചായത്ത് പ്രസിഡന്റ് മനേഷ് സെബാസ്റ്റ്യൻ, പ്രകാശ്, സനൽ സുബ്രൻ, ജോമി തോമസ്, കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി ഡേവിസ് മാസ്റ്റർ, മെമ്പർമാരായ, ഗ്രേസി ബാബു, ജോബി മാനുവൽ, സൗമ്യ രാജേഷ്, ലിജോയ് ചാമക്കാല, ജോഷി വല്ലൂരാൻ, ജയൻ കട്ടപ്പുറം എന്നിവർ നേതൃത്വം നൽകി.

കിറ്റുകൾ വിതരണം ചെയ്തു

വടക്കാഞ്ചേരി :കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ അടച്ചു പൂട്ടലിനെ തുടർന്ന് തൊഴിലില്ലാതെ ദുരിതത്തിലായ തൊഴിലാളികൾക്ക് സഹായഹസ്തവുമായി ജീവകാരുണ്യ പ്രവർത്തകൻ ഡോ ഐശ്വര്യ സുരേഷ്. പാർളിക്കാട് പത്താംകല്ല് പ്രദേശത്തെ 57 ഓട്ടോ തൊഴിലാളികൾക്കും ചുമട്ടു തൊഴിലാളികൾക്കും പത്തു കിലോ അരിയും പല വ്യഞ്ജനങ്ങളും പച്ചക്കറികളും അടക്കുന്ന കിറ്റുകൾ നൽകി. ആയിരം രൂപ വിലവരുന്ന 57 കിറ്റുകളാണ് വിതരണം ചെയ്തത്. വടക്കാഞ്ചേരി പൊലീസ് സർക്കിൾ ഇൻസ്പെക്ടർ കെ മാധവൻകുട്ടി ഉദ്ഘാടനം ചെയ്തു. സിഐടിയു ഏരിയാ പ്രസിഡന്റ് കെ. എം. മൊയ്തു, നഗരസഭ കൗൺസിലർ പി.ആർ. അരവിന്ദാക്ഷൻ എന്നിവർ പങ്കെടുത്തു.

വിഭവങ്ങൾ നൽകി

വടക്കാഞ്ചേരി: ഈസ്റ്റർ ദിനത്തിൽ നഗരസഭയുടെ കമ്മ്യൂണിറ്റി കിച്ചണിൽ വിഭവങ്ങൾ നൽകി. വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന പള്ളിയിലെ വിൻസെന്റ് ഡിപോൾ സൊസൈറ്റി പ്രവർത്തകരാണ് കിച്ചണിൽ ഭക്ഷണം തയ്യാറാക്കുന്നതിനായി മത്സ്യ-മാംസ മടക്കമുള്ള ഭക്ഷ്യവസ്തുക്കൾ നൽകിയത്. ഫാ. ഫ്രാൻസിസ് തരകൻ, അസി. വികാരി ഫാ. ആൻസൺ നീലങ്കാവിൽ, സൊസൈറ്റി പ്രസിഡന്റ് ജിജി എടക്കളത്തൂർ, തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഭക്ഷ്യവസ്തുക്കൾ കൈമാറിയത്. ഇതുപയോഗിച്ച് 300 ഓളം പേർക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തതായി നഗരസഭാ വൈസ് ചെയർമാൻ എം ആർ സോമനാരായണൻ പറഞ്ഞു.

പദ്ധതിക്ക് തുടക്കം

വടക്കാഞ്ചേരി :അടച്ചു പൂട്ടലിനെ തുടർന്ന് ദുരിതമനുഭവിക്കുന്ന ദുരിതമനുഭവിക്കുന്ന കർഷക സമൂഹത്തിന് കൈതാങ്ങായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ജീവനി - സഞ്ജീവനി പദ്ധതിക്ക് വടക്കാഞ്ചേരി നഗരസഭയിൽ തുടക്കം. കാർഷികോല്പന്നങ്ങൾ പ്രാദേശിക തലത്തിൽ ശേഖരിച്ച് വിൽപ്പന നടത്തുന്ന പദ്ധതിക്കാണ് തുടക്കം കുറിച്ചത്. നഗരസഭ പരിധിയിൽ വടക്കാഞ്ചേരി- മുണ്ടത്തിക്കോട് സോണുകളിലാണ് വിപണന കേന്ദ്രങ്ങൾ ആരംഭിച്ചത്. നഗരസഭ അധ്യക്ഷ ശിവപ്രിയ സന്തോഷ് ഉദ്ഘാടനം ചെയ്തു.

പ്രധാനപ്പെട്ട മരുന്നുകൾ പൊതുനന്മ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങും

തൃശൂർ: കൊറോണ ജാഗ്രത തുടരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട മരുന്നുകൾ പൊതുനന്മ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങാൻ അനുമതി തേടി കയ്പമംഗലം മണ്ഡലതല യോഗം. നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

നിലവിൽ മണ്ഡലത്തിൽ ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും ആരോഗ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ ആർ സി സി യിലെ രോഗികൾ മുതൽ ഹാർട്ട് അറ്റാക്ക് ,വൃക്ക, കരൾ രോഗികൾ തുടങ്ങി ചില രോഗികൾക്ക് മരുന്ന് കിട്ടാൻ ബുദ്ധിമുട്ടുന്നവരേയും സാമ്പത്തികം ഇല്ലാത്തവരേയും സഹായിക്കാനാണ് പൊതുനന്മ ഫണ്ട് ഉപയോഗപ്പെടുത്താൻ അനുമതി തേടിയത്. നിരീക്ഷണത്തിന്റെ ഭാഗമായി വീട്ടിൽ നിന്ന് പുറത്ത് പോകാൻ പറ്റാത്തവരിൽ കഷ്ടത അനുഭവിക്കുന്നവർക്ക് ഭക്ഷണ സാധനങ്ങളും ആവശ്യമായ സഹായങ്ങളും നൽകി വരുന്നത് തുടരും. ജീവിത ശൈലി രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നവർക്ക് ആരോഗ്യ വകുപ്പ് വീട്ടിൽ വന്ന് ശുശ്രൂഷ നൽകി വരുന്നുണ്ട്.

കലക്റ്ററുടെചേംബറിൽ മന്ത്രി എ.സി മൊയതീന്റെ സാന്നിധ്യത്തിൽ സ്വകാര്യ ആശുപത്രി മാനേജ്മെന്റ് പ്രതിനിധികളുമായി നടത്തിയ ചർച്ച

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പള കുടിശിക 20 നകം നൽകും

സ്വന്തം ലേഖകൻ

തൃശൂർ: ജില്ലയിലെ അശ്വനി ,ഹെസ്റ്റ് ഹോർട്ട്, ജൂബിലി ആശുപത്രികളിലെ ജീവനക്കാർക്ക് മാർച്ചിൽ നൽകേണ്ട മുഴുവൻ ശമ്പളവും ഈ 20നുള്ളിൽ കൊടുത്തു തീർക്കും. ശമ്പള കുടിശികയുണ്ടെന്ന പരാതിയെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റേതാണ് തീരുമാനം. അശ്വനി ആശുപത്രി മാനേജ്മെന്റ് ജീവനക്കാർക്ക് നൽകിയ അയ്യായിരം രൂപ കഴിച്ചുള്ള പാതി ശമ്പളത്തുക ഇന്ന് നൽകി തീർക്കും. ബാക്കി തുക 20നു നൽകും. വെസ്റ്റ് ഹോർട്ട് , ജൂബിലി മാനേജ്മെന്റുകൾ ശമ്പളത്തിന്റെ പാതി തുക നേരത്തെ നൽകിയിരുന്നു. ബാക്കി പാതി ഏപ്രിൽ 20 ന് കൊടുത്തു തീർക്കുമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ മന്ത്രിക്ക് ഉറപ്പ് നൽകി. സംസ്ഥാനത്ത് ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാർച്ചിലെ മുഴുവൻ ശമ്പളവും നൽകണമെന്ന് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു.തൊഴിൽ പ്രശ്നമോ , തർക്കമോ അല്ല ഇത്. പ്രത്യേക സാമൂഹ്യ സാഹചര്യത്തിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയാണിത്. ലോക് ഡൗൺ നീണ്ടാൽ പ്രതിസന്ധി കൂടും. അപ്പോൾ ആ സാഹചര്യത്തിനനുസരിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കാം. മാർച്ചിലെ മുഴുവൻ വേതനവും ജീവനക്കാർക്ക് നൽകണം. മന്ത്രി പറഞ്ഞു.ജീവനക്കാരുടെ സംഘടനാ പ്രതിനിധികളും ആശുപത്രി മാനേജ്മെന്റ് പ്രതിനിധികളുമായി കലക്റ്ററുടെ ചേമ്പറിൽ പ്രത്യേകമായും കോൺഫറൻസ് ഹാളിൽ ഒരുമിച്ചുമായിരുന്നു ചർച്ച ആശുപത്രി മാനേജ്മെന്റുമായുള്ള പ്രശ്നങ്ങൾ അതാതിടങ്ങളിൽ ചർച്ച ചെയ്ത് തീർക്കണം . ആതുര ശുശ്രൂഷ രംഗത്ത് തൃശൂർ ജില്ലയിൽ പ്രതിസന്ധിയുണ്ടാവാൻ പാടില്ല. മന്ത്രി പറഞ്ഞു. ജീവനക്കാർക്കുമുള്ള വേതന കുടിശിക ഏപ്രിൽ 20 ന് മുൻപ് നൽകാമെന്ന് ആശുപത്രികളുടെ പ്രതിനിധികൾ മന്ത്രിക്കുറപ്പു നൽകി. ജീവനക്കാർക്ക് താമസസൗകര്യം നൽകാമെന്ന് അശ്വിനി മാനേജ്മെന്റും അറിയിച്ചു. ജില്ലാ കലക്ടർ എസ്. ഷാനവാസ്,ജില്ലാ ലേബർ ഓഫീസർ ടി ആർ രജീഷ് എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

കാട്ട് പന്നികളെ രക്ഷിക്കുന്നതിനിടെ ആക്രമണം ഒരാൾക്ക് പരുക്ക്

ചാലക്കുടി: രാത്രിയിൽ കിണറിൽ വീണ രണ്ട് കാട്ട് പന്നികളെ രക്ഷപ്പെടുത്തി. കാട്ട് പന്നിയുടെ ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റു. മേലൂർ കല്ലുത്തി പള്ളി പുറത്ത് പറമ്പിൽ മണിക്കുട്ടൻ (53)ആണ് പരിക്കേറ്റത്.ഗുരുതരമായി പരിക്കേറ്റ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാറക്കടവിൽ കളത്തിൽ കുട്ടപ്പൻ, തണ്ടേങ്ങാട്ടിൽ ഗോപി എന്നിവരുടെ അതിർത്തി കിണറിലാണ് കഴിഞ്ഞ ദിവസം രാത്രി ഒൻപത് മണിയോടെ പന്നികൾ രണ്ടെണ്ണം വീണത്. കിണറിൽ എന്തോ വീണ വലിയ ശബ്ദം കേട്ട് വീട്ടുകാർ വന്ന നോക്കിയപ്പോഴാണ് കിണറിന്റെ മുകളിൽ കെട്ടിയിരുന്ന പ്ലാസ്റ്റിക് വല തകർത്ത് രണ്ട് വലിയ പന്നികൾ കിണറിൽ കിടക്കുന്നത് കണ്ടത്. നായകൾ ഓടിക്കുന്നതിനിടയിൽ കിണറിൽ വീണതാക്കുമെന്ന് കരുതുന്നു. രാവിലെ പതിനൊന്ന് മണിയോടെ വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയത്. കയറു കൊണ്ട് കുരുക്ക് ഉണ്ടാക്കി കിണറിലേക്കിട്ട് പന്നികളെ വലിച്ച് കയറ്റുകയായിരുന്നു. കരക്കു കയറ്റിയ പന്നിയുടെ കുരുക്ക് അഴിച്ച് ഓടിച്ച് വിടുകയായിരുന്നു. കുരുക്ക് അഴിച്ച് വിട്ട പന്നി തണ്ടേങ്ങാട്ടിൽ ഗോപിയുടെ അടുക്കളയിൽ കയറിയിട്ട് പുറത്തേക്ക് ഇറങ്ങുവാൻ തയ്യാറാകാതെ വന്നതോടെ വനം വകുപ്പ് ഉദ്യോഗസ്ഥർ പടക്കം പൊട്ടിച്ചും ബഹളം ഉണ്ടാക്കിയുമാണ് വീട്ടിൽ നിന്ന് പന്നിയെ പുറത്തിറക്കിയത്. വീട്ടിൽ നിന്ന് പോയ പന്നി കുറച്ച് ദൂരെയുള്ള പള്ളിപ്പുറത്ത് പറമ്പിൽ മണിക്കുട്ടന്റെ വീടിന്റെ പുറകിൽ കിടന്നത് ആരും കണ്ടില്ല. ഉച്ചക്ക് ഭക്ഷണം കഴിച്ച ശേഷം കൈ കഴുക്കുവാൻ വന്ന മണിക്കുട്ടന്റെ പുറത്ത് കൂടെ ചാടി ഓടിയ പന്നിയുടെ അടിയേറ്റാണ് മണിക്കുട്ടന്റെ നെറ്റി പൊളിഞ്ഞത്. കഴിഞ്ഞ ദിവസം രാത്രിയിൽ കൊരട്ടി പഞ്ചായത്തിലെ നാലുകെട്ട് ഭാഗത്ത് രണ്ട് കാട്ടു പന്നികളെ കണ്ടിരുന്നതായും പറയുന്നുണ്ട്. ഒരു പന്നിയെ കിണറിൽ നിന്ന് കയറ്റി കുരുക്ക് അഴിച്ച് ഓടിച്ച ശേഷമാണ് രണ്ടാമത്തെ പന്നിയെ കുരുക്കിട്ട് കിണറിൽ നിന്ന് കയറ്റിയത്. കിണറിൽ വീണ പന്നിയെ കറ്റുന്നത് കാണുവാൻ വലിയ ജനക്കൂട്ടമായിരുന്നു. ഏഴാറ്റുമുഖം സ്റ്റേഷൻ ഓഫീസർ എം. ദിൽഷാദ്, ഉദ്യോഗസ്ഥരായ വേലായുധൻ കെ. കെ, ചെല്ലപ്പൻ സി, മനോജ് കുമാർ, അബ്ദുൽകബീർ എം. വി,വാച്ചർമാരായ ശ്രീലേഷ് അയ്യമ്പുഴ, അജീഷ് ആന്റണി എന്നിവരുടെ നേതൃത്വത്തിലാണ് കാട്ടു പന്നികളെ കിണറിൽ നിന്ന് കരക്ക് കയറ്റി രക്ഷപ്പെടുത്തിയത്.

കാട്ട് പന്നികൾ കിണറിൽ വീണ് കിടക്കുന്നു

കർമ്മനിരതരായി എഐവൈഎഫ് പ്രവർത്തകർ

മേലൂർ: പഞ്ചായത്തിൽ റേഷൻ കടകൾ വഴി സിവിൽ സപ്ലൈസ് വകുപ്പ് ആദ്യഘട്ടമായി മഞ്ഞ കാർഡ് ഉടമകളായവർക്ക് വിതരണം ചെയ്യുന്ന 16 തരം അവശ്യ സാധനങ്ങളടങ്ങിയ കിറ്റ് പായ്ക്കിങ്ങ് ചെയ്യുന്നത് ഈസ്റ്റർ ദിനത്തിലും. മേലൂർ മാവേലി സ്റ്റോറിൽ ജീവനക്കാരോടൊപ്പം എഐവൈഎഫ് മേലൂർ മേഖലാ കമ്മറ്റിയും പങ്കാളികളായി. എഐവൈഎഫ് മണ്ഡലം പ്രസിഡന്റ് മധു തൃപ്പത്ത് ,മേഖലാ സെക്രട്ടറി കെ.എസ്.സുനേജ് എന്നിവർ നേതൃത്വം നൽകി.

മേലൂർ മാവേലി സ്റ്റോറിൽ കിറ്റ് വിതരണത്തിന് കിറ്റ് നിറയ്ക്കാൻ സഹായിക്കുന്ന എ ഐ വൈ എഫ് പ്രവർത്തകർ

വ്യാജ മദ്യം വിൽപ്പന ഒരാൾ പിടിയിൽ

ചാലക്കുടി: മോട്ടോർ ബൈക്കിൽ വ്യാജ മദ്യ വിൽപ്പനക്കായി പോയ യുവാവ് പിടിയിൽ.കോനൂർ കോട്ടമുറി മുക്കിൽ മനോജ് (40)ആണ് പിടിയിലായത്. കഴിഞ്ഞ ദിവസം കൊരട്ടി എസ്. ഐ രാമു ബാലചന്ദ്ര ബോസും സംഘവും വാഹന പരിശോധന നടത്തുന്നതിനിടയിലാണ് മോട്ടോർ ബൈക്കിൽ മൂന്നര ലിറ്റർ ചാരായവുമായി വന്ന മനോജിനെ പൊലീസ് പിടികൂടിയത് വിശദമായി നടത്തിയ ചോദ്യം ചെയ്യലിലാണ് വീടിനോട് ചേർന്നുള്ള റബർ തോട്ടത്തിൽ വച്ചാണ് ചാരായം വാറ്റിയെടുത്തിരുന്നതെന്ന് പ്രതി സമ്മതിച്ചു. പ്രതിയുമായി പൊലീസ് നടത്തിയ തെരച്ചലിൽ റബർ തോട്ടത്തിൽ നിന്ന് വാറ്റുവാൻ ഉപയോഗിച്ചിരുന്ന കലവും മറ്റു ഉപകരണങ്ങളും കണ്ടെടുത്തു. ഏകദേശം ഒരു വർഷത്തോളമായി ചാരായം വാറ്റിയിരുന്നതായും, ലോക്ക് ഡൗൺ ആയപ്പോൾ ആവശ്യക്കാർ കൂടിയപ്പോൾ കൂടുതലായി വാറ്റിയതാണെന്നും ഒരു ലിറ്ററിന് ആയിരം രൂപക്കാണ് വിൽപ്പന നടത്തിയിരുത്തന്നും പ്രതി പൊലീസിനോട് പറഞ്ഞു. തെളിവെടുപ്പിന് ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കി.

ഓട്ടോറിക്ഷയിൽ സുഖപ്രസവം

കൊടുങ്ങല്ലൂർ. യുവതിക്ക് ഓട്ടോറിക്ഷയിൽ സുഖപ്രസവം. മതിലകം കൂളിമുട്ടം സ്വദേശി കാഞ്ഞിരിക്കൽദേവന്റെ ഭാര്യ അഞ്ജലി (24)യാണ് ഇന്നലെ രാവിലെ ഓട്ടോറിക്ഷയിൽ പെൺകുഞ്ഞിന് ജന്മം നൽകിയത്.അഞ്ജലിയുടെ സ്വന്തം വീടായ നാട്ടികയിൽ നിന്ന് ശാരീരിക അസ്വസ്ത അനുഭവപ്പെട്ടതിനെ തുടർന്ന് തീരദേശ റോഡിലൂടെയാണ് വന്നത്.അനുജത്തിക്കും, അമ്മക്കും ഒപ്പം വന്ന യുവതി കാരയിലെത്തിച്ചപ്പോൾ പ്രസവിക്കുകയായിരുന്നു.പതിനൊന്ന് മണിയോടെ കൊടുങ്ങല്ലൂർ മോഡേൺ ആശുപത്രിയിലാണ് തുടർ ചികിത്സ നടത്തിയത്.മെയ് മാസത്തിലാണ് ചികിത്സിച്ചിരുന്ന ഡോക്ടർ പ്രസവ തിയ്യതി പറഞ്ഞിരുന്നത്.

കോവിഡ് 19: പാലക്കാട് 15606 പേർ നിരീക്ഷണത്തിൽ

പാലക്കാട് : നിലവിൽ 15578 പേർ വീടുകളിലും 25 പേർ പാലക്കാട് ജില്ലാ ആശുപത്രിയിലും 1 ആൾ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും 2 പേർ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലുമായി ആകെ 15606 പേർ കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിലാണ് .പരിശോധനക്കായി ഇതുവരെ അയച്ച 869 സാമ്പിളുകളിൽ ഫലം വന്ന 704 എണ്ണം നെഗറ്റീവും 7 എണ്ണം പോസിറ്റീവായിരുന്നു. കഴിഞ്ഞ ദിവസം രോഗമുക്തരായി 4 പേർ ആശുപത്രി വിട്ടിരുന്നു. ഇനി ജില്ലയിൽ മൂന്നു രോഗബാധിതരാണ് ഉള്ളത്. ആകെ 26707 ആളുകളാണ് ഇതുവരെ നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 11101 പേരുടെ നിരീക്ഷണ കാലാവധി പൂർത്തിയായി. 2798 ഫോൺ കോളുകളാണ് ഇതു വരെ കൺട്രോൾ റൂമിലേക്ക് വന്നിട്ടുള്ളത്.

ഈസ്റ്റർ ദിനത്തിൽ ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ഉയർപ്പിന്റെ ദൃശ്യം



പ്രത്യാശയുടെ ഉയിർപ്പ്: ലൂർദ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിൽ തൃശൂർ അതിരൂപതയിലെ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ സംയുക്തമായി വിശ്വാസികളുടെ പങ്കാളിത്തമില്ലാതെ നടത്തിയ ഈശോമിശിഹായുടെ ഉയിർപ്പ് തിരുകർമ്മങ്ങളിൽ നിന്ന്

മാള ഗ്രാമപഞ്ചായത്ത് സാമൂഹിക അടുക്കളയിൽ തയ്യാറാക്കിയ ബിരിയാണി വി.ആർ.സുനിൽകുമാർ എം.എൽ.എ. വിളമ്പി ഉദ്ഘാടനം ചെയ്യുന്നു.

ഈസ്റ്റർ ദിനത്തിൽ സാമൂഹിക അടുക്കളയിൽ വിളമ്പിയത് ബിരിയാണി

മാള: ഇരിങ്ങാലക്കുട രൂപത ബിഷപ്പിന്റെ ആഹ്വാന പ്രകാരം മാള ഇടവകയുടെ സഹകരണത്തോടെ ഈസ്റ്റർ ദിനത്തിൽ മാള പഞ്ചായത്തിന്റെ സാമൂഹിക അടുക്കളയിൽ തയ്യാറാക്കി നല്കിയത് 400 ചിക്കൻ ബിരിയാണി പൊതികൾ. ലോക്ക് ഡൗൺ കാലഘട്ടത്തിൽ ഇരിങ്ങാലക്കുട രൂപതയുടെ അധതികൾക്കും അശരണർക്കുമുള്ള ഈസ്റ്റർ സമ്മാനമായിട്ടാണ് ഈ ഭക്ഷണ പൊതികൾ തയ്യാറാക്കി നല്കിയത്. കൊടുങ്ങല്ലൂർ എംഎൽഎ വി.ആർ.സുനിൽകുമാർ ബിരിയാണി വിളമ്പി പരിപാടി ഉദ്ഘാടനം ചെയ്തു. മാള ഹോളി ഫൊറോന വികാരി ഫാ.വർഗീസ് ചാലിശ്ശേരി ,അസി.വികാരി ഫാ.അനൂപ് പാട്ടത്തിൽ പറമ്പിൽ, മാള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശോഭ സുഭാഷ്, വൈ. പ്രസിഡന്റ് ഗൗരി ദാമോദരൻ, മാള ഇടവക കൈക്കാരൻമാരായ ഡേവിസ് പാറേക്കാട്ട്, ബാബു കളപറമ്പത്ത്, പ്രതിപക്ഷ നേതാവ് ടി.കെ.ജിനേഷ്, വാർഡ് മെമ്പർമാർ ,കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ബിജു ഉറുമീസ് സ്വാഗതവും സാമൂഹിക അടുക്കളയുടെ ചുമതലയുള്ള പി.കെ.സുകുമാരൻ നന്ദിയും പറഞ്ഞു. കാവനാട് സ്വദേശി ഫെബിനാണ് ബിരിയാണി തയ്യാറാക്കിയത്.

വാറ്റ് ചാരായവും വാഷും പിടികൂടി പ്രതികൾ ഓടി രക്ഷപ്പെട്ടു

ഒല്ലൂർ: പൊന്നൂക്കരയിൽ എട്ട് ലിറ്റർ വാറ്റ് ചാരായവും 150 ലിറ്റർ വാഷും പിടികൂടി. പ്രതികൾ എന്ന് സംശയിക്കുന്നവർ ഓടി രക്ഷപ്പെട്ടു. ശനിയാഴ്ച രാത്രി 10.30 നാണ് സംഭവം. പൊന്നൂക്കര 11-ാം വാർഡിലെ പാറയ്ക്കതോടിനോട് ചേർന്ന ഒരു സ്വകാര്യ വ്യക്തിയുടെ പറമ്പിലാണ് ഇത് സൂക്ഷിച്ചിരുന്നത്. സംഭവം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടതോടെ പ്രതികൾ ഓടി രക്ഷപ്പെടുകയായിരുന്നു. ഉടനെ സമീപത്തെ പുത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് മിനി ഉണ്ണികൃഷ്ണനെയും പഞ്ചായത്ത് അംഗം കെ.എൻ.ശിവനെയും വിവരം അറിയിച്ചതനുസരിച്ച് ഇവർ സ്ഥലത്തെത്തി എക്സൈസ് ഉദ്യോഗസ്ഥരെയും ഒല്ലൂർ പൊലീസിലും വിവരം അറിയിച്ചതനുസരിച്ച് എക്സൈസ്കാർ എത്തി ചാരായവും വാഷും കസ്റ്റഡിയിൽ എടുത്തു. ഇസ്റ്റേിനോടനുബന്ധിച്ച് വില്പനക്ക് തയ്യാറാക്കിയതാണ് ചാരായം എന്ന് സംശയിക്കുന്നു.

പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നു

ഇരിങ്ങാലക്കുട: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഒപിയിലെ ചില വിഭാഗങ്ങൾ താൽക്കാലികമായി പുതിയ കെട്ടിടത്തിലേക്ക് മാറ്റും. ജനറൽ മെഡിസിൻ, സൈക്കാർട്ടി, നേത്രരോഗം, സ്കിൻ, എൻസിഡി തുടങ്ങിയവയാണ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക. കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങളുടെ ഭാഗമായി ഇവിടെ പനി ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. കെഎസ്ഇ ബി കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഡിവൈഎഫ്ഐ പ്രവർത്തകർ കെട്ടിടം വൃത്തിയാക്കി നൽകി. ഇന്ന് മുതൽ കെട്ടിടം പ്രവർത്തനക്ഷമമാകും.

കോവിഡ് 19: മൂന്ന് പേരെ കൂടി വിട്ടയച്ചു നിരീക്ഷണത്തിൽ കഴിയുന്നവർ 10030 പേർ

തൃശൂർ: കോവിഡ്19 രോഗവിമുക്തിയെ തുടർന്ന് ജില്ലയിൽ ഇന്നലെ മൂന്നു പേരെ കൂടി വിട്ടയത് ചെയ്തു.ഇനി രണ്ടു പേർ മാത്രമാണ് ചികിത്സയിൽ കഴിയുന്നവർ. ആശുപത്രികളിൽ പുതുതായി 4 പേരെ പ്രവേശിപ്പിച്ചു. നിരീക്ഷണത്തിലുണ്ടായിരുന്ന 13 പേരെ വിട്ടയച്ചു. ജില്ലയിൽ വീടുകളിൽ 10019പേരും ആശുപത്രികളിൽ 11 പേരും ഉൾപ്പെടെ ആകെ 10030 പേരാണ് നിരീക്ഷണത്തിലുള്ളത്. ഒരാളെ പുതുതായി വീട്ടിൽ നിരീക്ഷണത്തിലാക്കി. 12 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതു വരെ 904സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 891 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 13എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 175 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. 121 പേർക്ക് കൗൺസലിംഗ് നൽകി. ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി. നിരീക്ഷണത്തിലുള്ളവർക്ക്നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകി. 2990 വീടുകൾ ദ്രുതകർമ്മസേന സന്ദർശിച്ചു.

അഷ്ടമിച്ചിറ ജലസേചന കനാലിൽ അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യുന്നു

അഷ്ടമിച്ചിറ ജലസേചന കനാലിൽ അടിഞ്ഞുകൂടിയ മാലിന്യം നീക്കി

മാള: അഷ്ടമിച്ചിറ ജലസേചന കനാലിൽ അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്തു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ കുമിഞ്ഞതോടെ വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടിരുന്നു .വിവരം ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെ അറിയിച്ചതിനെ തുടർന്നാണ് മാലിന്യം നീക്കാൻ നടപടി സ്വീകരിച്ചത്.ആളുകൾ കനാലിലേക്ക് വലിച്ചെറിഞ്ഞ മാലിന്യങ്ങൾ ജലസേചനം ആരംഭിച്ചതോടെ കനാലിന്റെ അവസാന ഭാഗത്ത് അടിഞ്ഞ് കൂടുകയാണുണ്ടായത്. ചത്ത നായുടെ ജഡവും ഒഴുകി വന്ന മാലിന്യ കൂമ്പാരത്തിൽ ഉണ്ടായിരുന്നു . കനാലിൽ മാലിന്യം തള്ളുന്നത് തടയാൻ ജനകീയ ഇടപെടൽ ശക്തമാക്കണമെന്ന് ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു .

മാലിന്യം വഴിയരുകിൽ തള്ളുന്നു

വടക്കാഞ്ചേരി: കോവിഡ് 19 ദുരന്തകാലത്തും സാമൂഹ്യ വിരുദ്ധരുടെ വിളയാട്ടം. സാമൂഹ്യ വിരുദ്ധർ അറവു മാലിന്യം പാതയോരത്തു തള്ളി. വടക്കാഞ്ചേരി കുന്നംകുളം സംസ്ഥാന പാതയിൽ തോട്ടു പാലം ബസ് സ്റ്റോപ്പിന് സമീപം പാലത്തിന് മുകളിൽ അറവ് മാലിന്യം ചാക്കിലാക്കി തള്ളിയത്. പ്രദേശമാകെ ദുർഗന്ധ മയമാണ്. സാമൂഹ്യ വിരുദ്ധരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

അവശ്യ സർവ്വീസിന്റെ മറവിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് സർക്കാർ വക ഇരുട്ടടി

ഇരിങ്ങാലക്കുട: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ പേരിൽ പഞ്ചായത്ത് വകുപ്പ് അവശ്യ സർവ്വീസായി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം തദ്ദേശ സ്ഥാപനങ്ങൾ നടത്തണമെന്നാണ് ആദ്യത്തെ നിർദ്ദേശം. ആരും ഭക്ഷണം കിട്ടാതെ വലയരുതെന്നും അതിനായി ഓരോ തദ്ദേശ സ്ഥാപനത്തിലും സമൂഹ അടുക്കള തുറക്കണമെന്നുള്ള രണ്ടാമത്തെ നിർദ്ദേശവും പ്രാവർത്തികമാക്കി. കുടുംബശ്രീ സി.ഡി.എസുകളുടെ സഹകരണത്തോടെയാണ് ഓരോയിടത്തും സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നത്. ഇപ്പോൾ ജനകീയ ഹോട്ടലുകൾ തുറക്കണമെന്ന സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കാൻ നെട്ടോട്ടമോടുകയാണ് പഞ്ചായത്ത് സെക്രട്ടറിമാരും ജീവനക്കാരും. ലോക്ഡൗണിന്റെ ആദ്യ ദിനങ്ങളിൽ അതിഥി തൊഴിലാളികൾക്ക് ഭക്ഷണം ലഭിക്കാത്തതും മറ്റും വാർത്തയായെങ്കിലും പിന്നീടതെല്ലാം പരിഹരിച്ചു. നാട്ടുകാരുടെ ക്ഷേമമന്വേഷിച്ചില്ലെങ്കിലും അതിഥി തൊഴിലാളികൾക്ക് ഒന്നിനും കുറവുണ്ടാകരുതെന്നാണ് സർക്കാർ നയം. ലോക്ഡൗണിലും അതിഥി തൊഴിലാളികളുടെ കണക്കെടുക്കാനും പഞ്ചായത്ത് ജീവനക്കാർ നന്നേ ബുദ്ധിമുട്ടി. സാധാരണ ക്കെട്ടപ്പാ യിരുന്നില്ല ഇത്. ഓരോരുത്തരേയും നേരിൽ കണ്ട് അവരെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി നൽകണമായിരുന്നു.അവശ്യ സർവ്വീസിന്റെ മറവിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് മുഴുവൻ സമയം ഓഫീസിൽ ഹാജരാകണം. രാത്രിയും ഓഫീസുകൾ തുറന്നിരിക്കണമെന്ന് നിർദ്ദേശമുള്ളതിനാൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഓഫീസുകളായി പഞ്ചായത്തുകൾ മാറി. രാത്രിയിൽ ഷിഫ്റ്റായിട്ടാണ് ജീവനക്കാർ ജോലി ചെയ്യുന്നത്. രാത്രിയിൽ വനിതാ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും പലയിടത്തും വനിതാ ജീവനക്കാരും ജോലി ചെയ്യാൻ നിർബന്ധിതരാവുന്നുണ്ട്. വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ മറ്റു സർക്കാർ ഓഫീസുകൾ അടഞ്ഞുകിടക്കുമ്പോഴാണ് ലോക്ഡൗൺ കാലത്തും വിവേചനമെന്നതിൽ ജീവനക്കാർക്ക് പ്രതിഷേധമുണ്ട്

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.101 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

സാനിട്ടൈസറും വിദേശമദ്യവും ചേർത്ത് വില്പന; സന്നദ്ധ പ്രവർത്തകൻ അറസ്റ്റിൽ

വർക്കല : വർക്കല പൊലീസ് സ്റ്റേഷൻ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ മദ്യം കിട്ടാതിരുന്ന യുവാക്കൾക്ക് സാനിട്ടൈസറും മദ്യവും കലർത്തി ബൈക്കിൽ കൊണ്ട് നടന്നു വിറ്റഴിച്ചയാളെ പൊലീസ് പിടികൂടി. വർക്കല യൂഡി ആഡിറ്റോറിയതിനു സമീപം സജീന മൻസിലിൽ സജിൻ(37)ആണ് പിടിയിലായത്.

പോലിസ് പട്രോളിങ്ങിനിടയിൽ മദ്യപിച്ചു വാഹനം ഓടിച്ചിരുന്ന ചെറുന്നിയൂർ സ്വദേശിയായ യുവാവിനെ ഇന്നലെ ഉച്ചയ്ക്ക് പൊലീസ് പിടികൂടിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് സംഭവത്തിന്റെ ചുരുൾ അഴിഞ്ഞത്. ബൈക്കിൽ കറങ്ങി നടന്ന് കഴുത്തിൽ ഐഡി കാർഡും ബാഗും തൂക്കിയിട്ടു വന്നയാൾ ഒരു ലിറ്ററിന് 1600 രൂപ നിരക്കിൽ നൽകിയ മദ്യമാണ് താൻ കഴിച്ചതെന്ന് പറയുകയും ഇതിന്റെ അടിസ്ഥനത്തിൽ പൊലീസുദ്യോസ്ഥർ ഇയാളെ ഫോൺ ബന്ധപ്പെട്ട് മദ്യം ആവശ്യപ്പെട്ടു. ഇതിൻ പ്രകാരം മദ്യവുമായി വന്നപ്പോഴാണ് ഇയാൾ പിടിയിലായത്.

അറസ്റ്റിലായ സജിൻ

ഈ മദ്യം 'ചപ്പാത്തി' എന്ന കോഡിലാണ് അറിയപ്പെടുന്നത്. പൊലീസ് വിളിച്ചപ്പോൾ 1600 രൂപ തന്നാൽ ചപ്പാത്തി നൽകാമെന്ന് പറയുകയും ഇയാൾ 1600 രൂപ കൈപ്പറ്റിയതിന് ശേഷം മദ്യം വിതരണം ചെയ്യാൻ വരുന്ന സമയത്താണ് പൊലീസ് പിടിയിലായത്. ആൾ കേരള ഫോട്ടോ ഗ്രാഫേഴ്സ് അസോസിയഷന്റെ ഐടി കാർഡു ഉപയോഗിച്ചും സന്നദ്ധ പ്രവർത്തകരുടെ കൂടെ ഭക്ഷണം വിതരണം ചെയ്യുന്നതിന്റെ പേരിലും പലതവണ പൊലീസ് ചെക്കിംഗ് സമയം കബളിപ്പിച്ചു പോവുകയായിരുന്നു. മുഖം അറിയാതിരിക്കാൻ എപ്പോഴും മാസ്ക്ക് ധരിച്ചാണ് ഇയാൾ വിതരണം നടത്തിയിരുന്നത്.

ഒരു ദിവസം മുപ്പതോളം ചപ്പാത്തി വിറ്റ് വരുന്നതായി പോലീസിനു വിവരം ലഭിച്ചിട്ടുണ്ട്. മെഡിക്കൽ ഷോപ്പിൽ നിന്നും ഈഥൈയിൽ ആൽക്കഹോൾ കൂടുതലടങ്ങിയ സാനിട്ടൈസർ അളവിൽ കൂടുതൽ വാങ്ങി വിദേശമദ്യങ്ങളിൽ മിക്സ് ചെയ്ത് ഒരു ലിറ്ററിന്റെ പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ചാണ് കച്ചവടം നടത്തിവന്നിരുന്നത്. വർക്കല ഇൻസ്പെക്ടർ ജി. ഗോപകുമാറിന്റെ നേതൃത്വത്തിൽ സബ്-ഇൻസ്പെക്ടർ അജിത്കുമാർ, പ്രൊബേഷൻ എസ്ഐ പ്രവീൺ, എഎസ്ഐ ഷൈൻ, സിപിഒമാരയ നാഷ്, അൻസർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തു

കരുനാഗപ്പള്ളി: നിരോധിത പുകയില ഉത്പന്നങ്ങൾ എക്സൈസ് സംഘം പിടിച്ചെടുത്തു.എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ പി. അനിൽകുമാറിന്റെ നേതൃത്വത്തിൽ മണപ്പള്ളി ഭാഗത്ത് നടത്തിയ റെയ്ഡിൽ മണപ്പള്ളി വടക്ക് ജുബൈർ എന്നയാളുടെ വീട്ടുവളപ്പിൽ സൂക്ഷിച്ചിരുന്ന 50 കിലോ നിരോധിത പുകയില ഉൽപ്പന്നങ്ങളാണ് പിടിച്ചെടുത്തു. ലോക്ക് ഡൗൺ ലക്ഷ്യമാക്കി അനധികൃത വ്യാപാരം നടത്തിക്കൊണ്ടിരുന്ന ഇയാൾ എക്സൈസ് ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലായിരുന്നു. റെയ്ഡിൽ എക്സൈസ് ഇൻസ്പെക്ടർക്കൊപ്പം പ്രിവന്റീവ് ഓഫീസർ എം. സുരേഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ അജയഘോഷ്, വിനീഷ്, പ്രഭകുമാർ, ജിനു തങ്കച്ചൻ വനിതാ സിവിൽ എക്സൈസ് ഓഫീസർ ഷിബി എന്നിവർ പങ്കെടുത്തു.

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കരുനാഗപ്പള്ളി ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചവറ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കുള്ള പ്രതിരോധ ഔഷധ വിതരണം ചവറ സ്റ്റേഷൻ ഹൗസ് ഓഫീസർ നിസാമുദ്ദീന് ഏരിയ പ്രസിഡന്റ് ഡോ. ഗോകുൽ ഔഷധ കിറ്റ് നൽകി ഉദ്ഘാടനം ചെയ്യുന്നു.

പൊലീസ് ഉദ്യോഗസ്ഥർക്ക് പ്രതിരോധ ഔഷധവിതരണം

കരുനാഗപ്പള്ളി: ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കരുനാഗപ്പള്ളി ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചവറ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് പ്രതിരോധ ഔഷധ വിതരണം ചെയ്തു.

ചവറ സ്റ്റേഷൻ ഹൗസ് ഓഫീസർ നിസാമുദ്ദീന് ഏരിയ പ്രസിഡന്റ് ഡോ. ഗോകുൽ ഔഷധ കിറ്റ് നൽകി ഉദ്ഘാടനം ചെയ്തു. കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായിട്ടാണ് രോഗപ്രതിരോധ ശക്തി വർധിപ്പിച്ചു പകർച്ച വ്യാധികൾ വരാതെ സൂക്ഷിക്കുവാൻ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കരുനാഗപ്പള്ളി ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചവറ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് പ്രതിരോധ ഔഷധ കിറ്റ് വിതരണം ചെയ്തതെന്ന് ഭാരവാഹികൾ പറഞ്ഞു.

ഡോക്ടർമാരായ രഞ്ജിത്, പ്രിയലക്ഷ്മി, അരുൺ, മനു, അർജുൻ എന്നിവർ നേതൃത്വ നൽകി.

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ആരംഭിച്ച വിഷുവിപണമേള മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. വി.കെ. പ്രശാന്ത് എംഎൽഎ സമീപം.

പട്ടം എസ്‌യുറ്റിയിൽ ടെലിമെഡിസിനും ഹോം കെയർ സൗകര്യവും

പട്ടം ബിആർ ലൈഫ് ആശുപത്രിയിൽ ടെലി വീഡിയോ മെഡിസിൻ കൺസൾട്ടേഷൻ നടക്കുന്ന ദൃശ്യം.

തിരുവനന്തപുരം: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ, പട്ടം ബിആർ ലൈഫ് എസ്‌യുറ്റി ആശുപത്രിയിൽ ടെലി മെഡിസിൻ സൗകര്യവും ഹോം കെയറും ആരംഭിച്ചു. തിങ്കൾ മുതൽ ശനി വരെ ഉള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ 5 വരെയാണ് ടെലി മെഡിസിൻ സൗകര്യം ലഭിക്കുക. രോഗികൾക്ക് ഡോക്ടറുമായി വീഡിയോ വഴി ബന്ധപ്പെടാം. കൺസൾട്ടേഷന് ശേഷം പരിചരണം ആവശ്യമുള്ളവർക്ക് ഡോക്ടർ വീട്ടിലെത്തി പരിശോധിക്കുന്ന ഹോം കെയർ സൗകര്യവും ഡയഗ്നോസ്റ്റിക് സേവനങ്ങളും ലഭ്യമാണ്. മരുന്നുകൾ ആവശ്യപ്രകാരം വീടുകളിൽ എത്തിക്കുന്നതാണ്.. ബന്ധപ്പെടേണ്ട നമ്പർ : 04714077777, 9745964777.

ഊർജ്ജിതമായ പ്രതിരോധപ്രവർത്തനങ്ങൾ ഒരുക്കി പാറശ്ശാല താലൂക്ക് ആശുപത്രി

തിരുവനന്തപുരം: കോവിഡ്-19 പ്രതിരോധിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ ഒരുക്കിയിരിക്കുകയാണ് പാറശ്ശാല താലൂക്കാസ്ഥാന ആശുപത്രി. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിപുലമായ സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കൊറോണ ഭീഷണിയുടെ തുടക്കം മുതൽ തന്നെ ആശുപത്രി അധികൃതർ ആവശ്യമായ നടപടികൾ സ്വീകരിച്ചു.

കൊറോണ സംശയിക്കുന്ന രോഗികൾ മറ്റുള്ള രോഗികളുമായി ഇടപഴകുന്നത് തടയാൻ ഒപിയുടെ മുന്നിലായി ഒരു ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. ഹെൽപ്പ് ഡെസ്ക് മുഖേന രോഗസാധ്യതയുള്ള വ്യക്തികളെ തിരിച്ചറിയുകയും അവരെ ഐസൊലേറ്റഡ് കൊറോണ ക്ലിനിക്കിലേക്ക് നയിക്കുകയും ചെയ്യുന്നു. ജനറൽ ഒപിയിൽ നിന്നും വളരെ അകലെയായാണ് കൊറോണ ക്ലിനിക് സ്ഥിതി ചെയ്യുന്നത്. രോഗസാധ്യതയുള്ളവർക്ക്ഹെൽപ്ഡെസ്കിൽ നിന്നും കൈയുറയും മാസ്കും നൽകും.

പ്രാഥമിക കൗൺസിലിംഗിന് ശേഷമാണ് ഇവരെ കൊറോണ ക്ലിനിക്കിലേക്ക് നയിക്കുന്നത്. പൊതുജനങ്ങളെ ഹാൻഡ് വാഷ് ലിക്വിഡ് ഉപയോഗിച്ച് കൈ കഴുകാതെ ആശുപത്രിയിൽ പ്രവേശിക്കാൻ അനുവദിക്കില്ല.കൈ കഴുകുന്നതിനായി ഒപിയ്ക്ക് മുൻ വശത്തായി വാഷിംഗ് ഏരിയ സജ്ജീകരിച്ചിട്ടുണ്ട്. കൊറോണ പടരാതിരിക്കാനുള്ള ആരോഗ്യവകുപ്പിന്റെ മുൻകരുതൽ നിർദേശങ്ങൾ സംബന്ധിച്ച ഓഡിയോ ആശുപത്രിയുടെ പബ്ലിക് അഡ്രസ്സിംഗ് സംവിധാനം വഴി എല്ലായ്പ്പോഴും കേൾപ്പിക്കുന്നുണ്ട്.

ശുചീകരണ ജീവനക്കാർ സ്പ്രേയർ ഉപയോഗിച്ച് എല്ലാ വാർഡുകളിലും അണുവിമുക്തമാക്കൽ പ്രക്രിയ നടത്തുന്നുണ്ട്. ആശുപത്രി അധികൃതർ നിർധനരായ രോഗികൾക്ക് ഭക്ഷണവും അവശ്യ വസ്തുക്കളും ലഭ്യമാക്കുന്നതിനായുള്ള സഹായ നടപടികൾ സ്വീകരിച്ചു. ജീവനക്കാരുടെ നേതൃത്വത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണം നൽകുന്നുണ്ട്. എൻജിഒകളുടെ സഹായത്തോടെ ആശുപത്രിയിലും രോഗികൾക്കും ഭക്ഷണം ലഭ്യമാക്കുകയും ഉദ്യോഗസ്ഥർക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു.

കമ്മ്യൂണിറ്റി കിച്ചനുകളിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് ആശുപത്രി സൗജന്യ രക്തപരിശോധന നൽകി. ആശുപത്രിയിലെ നിയുക്ത ആംബുലൻസ് 24 മണിക്കൂറും സേവനം നൽകുന്നു.

എംഎൽഎ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, എൻജിഒകൾ തുടങ്ങിയവ ആശുപത്രിയ്ക്കാവശ്യമായ പിന്തുണ നൽകുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു.

പാഴ് തുണികൾകൊണ്ട് ചവിട്ട് മെത്ത നിർമിച്ച് ബിരുദ വിദ്യാർത്ഥിനി

കൊട്ടാരക്കര: ലോക് ഡൗണിന്റെ അവധിക്കാലത്ത് പാഴ് തുണികൾകൊണ്ട് ചവിട്ട് മെത്ത നിർമ്മിക്കുകയാണ് ബിരുദ വിദ്യാർത്ഥിനി. കൊട്ടാരക്കര കോട്ടാത്തല പണയിൽ പള്ളിയിൽതെക്കതിൽ ആർ. ബിജുവിന്റെ ഭാര്യ എസ്. സ്മിതാമോളാണ് ലോക് ഡൗണിന്റെ വിരസത മാറ്റാൻ പുതുവഴികൾ തേടിയത്. കൊട്ടാരക്കര എൻഎസ്എസ് കോളെജിലെ രണ്ടാം വർഷ ബികോം വിദ്യാർത്ഥിനിയാണ് സ്മിതാ മോൾ.

ചവിട്ടുമെത്ത തുന്നുന്ന എസ്. സ്മിതമോൾ.

കൊവിഡുമായി ബന്ധപ്പെട്ട് കോളേജിനും അവധി ലഭിച്ച നാൾ മുതൽ പാചക കലയിലായിരുന്നു സ്മിതയുടെ പരീക്ഷണങ്ങൾ. വേറിട്ട വിഭവങ്ങളും ഹൽവയും ഐസ്ക്രീമുമൊക്കെ തയ്യാറാക്കി. അയൽവീടുകളിൽ രുചി വിഭവങ്ങൾ നൽകാനും മടിച്ചില്ല. പഴയ കീറത്തുണികളും തുന്നൽ പണികളുടെ ശേഷിപ്പായ തുണിക്കഷണങ്ങളുമൊക്കെ ചേർത്ത് ചവിട്ടി നിർമ്മിക്കാൻ തുടങ്ങിയപ്പോൾ പ്രോത്സാഹനവുമായി ബന്ധുക്കളെല്ലാമെത്തി. ഇപ്പോൾ ഇരുപതിൽപ്പരം ചവിട്ടികൾ പൂർത്തിയായിക്കഴിഞ്ഞു. ഓരോന്നും വേറിട്ട ഭംഗിയുള്ളത്.

ലോക് ഡൗൺ തീരുന്നതിന് മുൻപായി കൂടുതൽ തുണിക്കഷണങ്ങൾ എത്തിച്ചു കൊടുത്ത് ചവിട്ടി നിർമ്മാണം സ്വയംതൊഴിൽ വരുമാനമാക്കാമെന്നാണ് ഓട്ടോ ഡ്രൈവറായ ബിജുവിന്റെയും കണക്കുകൂട്ടൽ. സഹകരണ പരിശീലന കേന്ദ്രത്തിൽ ജെ.ഡി.സി പൂർത്തിയാക്കിയ ശേഷമാണ് സ്മിത ബിരുദ പഠനത്തിനിറങ്ങിയത്.

ഭക്ഷണത്തിന് കാത്തുനിന്ന് വൃദ്ധനെ മർദ്ദിച്ച യുവാവ് അറസ്റ്റിൽ

മലയിൻകീഴ് : കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തകർ നൽകുന്ന ഭക്ഷണത്തിന് കാത്ത് നിന്ന വൃദ്ധന്റെ ഇടുപ്പെല്ല് അടിച്ച് തകർത്തു. വെള്ളിയാഴ്ച ഉച്ചയ്ക്ക് 12ന് മച്ചേൽ പാലത്തിന് സമീപത്താണ് സംഭവം. മച്ചേൽ പോറ്റിക്കര വിള രാമവിലാസത്തിൽ ആർ. ദാമോദരൻനായർക്ക്(83) നേരെയാണ് ആക്രമണമുണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് മച്ചേൽ തഴക്കരക്കോണം കിഴക്കുംകര വീട്ടിൽ വി. വിജിതിനെ(23) മലയിൻകീഴ് പൊലീസ് കഴിഞ്ഞ ദിവസം പിടികൂടി. ഭക്ഷണം എത്തുന്നതും കാത്ത് വഴിയിൽ നിൽക്കവേ അവിടെയെത്തിയ വിജിത് അസഭ്യം വിളച്ച ശേഷം ദാമോദരൻനായരുടെ കൈയ്യിലിരുന്ന ഊന്ന് വടി പിടിച്ച് വാങ്ങി അടിക്കുകയായിരുന്നു. തറയിൽ വീണപ്പോൾ അവിടെയിട്ടും ക്രൂരമായി മർദ്ദിച്ചതായി പൊലീസ് പറഞ്ഞു. മർദ്ദനം തുടങ്ങിയപ്പോൾ നിലവിളിച്ചെങ്കിലും ആരും രക്ഷിക്കാനെത്തിയില്ല. ഒടുവിൽ ബോധം നഷ്ടപ്പെട്ടുവെന്ന് കണ്ടതിനെ തുടർന്ന് വിജിത് അവിടെ നിന്നും കടന്നത്. വിവരമറിഞ്ഞ് ബന്ധുക്കളെത്തി മലയിൻകീഴ് താലൂക്ക് ആശുപത്രിയിലും തുടർന്ന് നെയ്യാറ്റിൻകര ആശുപത്രിയിലുമെത്തിച്ചു. ഇടുപ്പെല്ലിന് പെട്ടലുള്ളതിനാൽ ശസ്ത്രക്രിയ ആവശ്യമാണെന്ന് ആശുപത്രി അധികൃതർ നൽകിയ വിവരം. വീട്ടിൽ ഒറ്റായ്ക്കാണ് ദാമോദരൻനായർ കഴിയുന്നത്. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തകർ നൽകുന്ന ആഹാരം കഴിഞ്ഞാണ് ഇയാൾ കഴിഞ്ഞിരുന്നത്. സിഐ. അനിൽകുമാർ, എസ്ഐ. സൈജു എന്നിവരുടെ നേതൃത്വത്തിൽ മച്ചേൽ ഭാഗത്ത് നിന്ന് പിടികൂടിയ പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

പരിക്കേറ്റ ആർ.ദാമോദരൻനായർ, അറസ്റ്റിലായ വിജിത്

വെള്ളറടയിലും നിരീക്ഷണ ഡ്രോൺ പറന്നു

വെള്ളറട പൊലീസിന്റെ നിരീക്ഷണത്തിലുള്ള സ്ഥലത്ത് നിരീക്ഷണ ഡ്രോൺ പറത്തിയപ്പോൾ.

വെള്ളറട: കൊവിഡ് 19ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ക് ഡൗണിനെ തുടർന്നുള്ള നിരീക്ഷണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വെള്ളറട പൊലീസിന്റെ നിരീക്ഷണത്തിലുള്ള സ്ഥലത്തും കഴിഞ്ഞ ദിവസം നിരീക്ഷണ ഡ്രോൺ പറത്തി. പനച്ചമൂട്, വെള്ളറട, കിളിയൂർ, അമ്പൂരി എന്നീ ജംഗ്ഷനുകളിലാണ് കഴിഞ്ഞ ദിവസം വൈകുന്നേരം ഒരു മണിക്കൂർ ട്രോൺ പറത്തിയത്. ഒരു സ്ഥലത്ത് ട്രോൺ പറക്കുമ്പോൾ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ദൃശ്യങ്ങൾ പകർത്തി ഉടൻ തന്നെ പൊലീസിന് കൈമാറുന്ന രീതിയാണിത് ഇതിനുള്ളത്. റോഡുകളിൽ മാത്രം നിരീക്ഷണം നടത്തുമ്പോൾ ഉൾഗ്രാമങ്ങളിലെയും കൃഷിപ്പാടങ്ങളിലെയും മറ്റും മേഖലകളിലൂടെയും ജനങ്ങൾക്കുള്ള പ്രവർത്തനങ്ങളെ തിരിച്ചറിയാനും കുറ്റവാളികളെ കൈയ്യോടെ പിടികൂടാനുമാണ് ഡ്രോണിന്റെ പ്രവർത്തനം ഉപകരിക്കുന്നത്. വെള്ളറട ജംഗ്ഷനിൽ നെയ്യാറ്റിൻകര ഡിവൈഎസ്പി അനിൽകുമാറും വെള്ളറട സിഐ ശ്രീകുമാറും എസ്ഐ സതീഷ് ശേഖറും ചേർന്നാണ് ട്രോൺ പാറത്തിയത്.

ഈസ്റ്റർ ദിനത്തിൽ പൊലീസുകാർക്കായി ഭക്ഷണമൊരുക്കി നൽകി

കരുനാഗപ്പള്ളി: ഓൾ കേരള കേറ്ററിംഗ് കേറ്ററേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഈസ്റ്റർ ദിനത്തിൽ പൊലീസുകാർക്കായി ഭക്ഷണമൊരുക്കി നൽകി. ലോക് ഡൗൺ ആരംഭിച്ചത് മുതൽ കൊല്ലം ജില്ലയിലുള്ള എല്ലാ പൊലീസ് സ്റ്റേഷനുകളിലും പഴങ്ങൾ, കുടിവെള്ളം, ലഘുഭക്ഷണം, ചായ എന്നിവ അസോസിയേഷൻ മുൻകൈ എടുത്ത് നൽകി വരികയാണ്.

കൊറോണ കാലത്ത് പൊരിവെയിൽ വകവെക്കാതെ ജനങ്ങളുടെ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന തെക്കുംഭാഗത്തെ പൊലീസുകാർക്കായിട്ടാണ് ഈസ്റ്റർ ദിനത്തിൽ ഫ്രൈഡ് റൈസും ചിക്കനും തയ്യാറാക്കി നൽകിയത്.

കൊല്ലം ജില്ലാ അസോസിയേഷൻ നേതൃത്വത്തിൽ കരുനാഗപ്പള്ളി മേഖലയിൽ നിന്നും മേഖലാ ഭാരവാഹിയായ സലീം റിച്ച്, ഉനൈസ് എ എസ്, നാജി സമദ്, ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

ഓൾ കേരള കേറ്ററിംഗ് കേറ്ററേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഈസ്റ്റർ ദിനത്തിൽ പൊലീസുകാർക്കായി ഭക്ഷണമൊരുക്കി നൽകിയപ്പോൾ.

ലോക് ഡൗൺ: ഭക്ഷ്യധാന്യകിറ്റുകൾ തയ്യാറാക്കുന്നു

മംഗലപുരം ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ വീടുകളിലെത്തിക്കുവാനുള്ള ഭക്ഷ്യ ധാന്യങ്ങളുടെ കിറ്റുകൾ തയ്യാറാക്കുന്നു.

കഴക്കൂട്ടം: രാജ്യത്ത് രണ്ടാഴ്ച കൂടി ലോക്ഡൗൺ പ്രഖ്യാപിക്കുമെന്ന സാഹചര്യം ഉറപ്പായതോടെ മംഗലപുരം ഗ്രാമ പഞ്ചായത്തിലെ ഒറ്റപെട്ട് കഴിയുന്നവർക്കും നിർദ്ധരരായവർക്കും വീടുകളിലെത്തിക്കുവാനുള്ള ഭക്ഷ്യധാന്യങ്ങളുടെ കിറ്റുകൾ ജനപ്രതിനിധികൾ തയ്യാറാക്കുന്നു. അഗതികൾക്കും അലഞ്ഞു തിരിഞ്ഞു നടക്കുന്നവർക്കും നിർദ്ധനരായ വൃദ്ധർക്കും പാചകം ചെയ്ത ആഹാരങ്ങൾ വീടുകളിൽ എത്തിക്കുന്നതിനോടൊപ്പമാണ് ഭക്ഷ്യധാന്യങ്ങളും വീടുകളിൽ എത്തിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വേങ്ങോട് മധു, വൈസ് പ്രസിഡന്റ് സുമ ഇടവിളാകം, വികസനകാര്യ ചെയർമാൻ മംഗലപുരം ഷാഫി, ആരോഗ്യകാര്യ ചെയർമാൻ വേണു ഗോപാലൻ നായർ, ക്ഷേമകാര്യ ചെയർപേഴ്സൺ എസ്. ജയ, മെമ്പർമാരായ കെ. എസ്. അജികുമാർ, വി. അജികുമാർ, എം. ഷാനവാസ്, എസ്. സുധീഷ് ലാൽ, സി. ജയ്മോൻ, എം. എസ്. ഉദയകുമാരി, ലളിതാംബിക, എസ്. ആർ. കവിത, സിന്ധു. സി. പി, എൽ. മുംതാസ്, സെക്രട്ടറി ജി. എൻ. ഹരികുമാർ, അസിസ്റ്റന്റ് സെക്രട്ടറി സുഹാസ് ലാൽ എന്നിവർ കിറ്റുകൾ തയ്യാറാക്കുന്നതിന് നേതൃത്വം നൽകി.

ചിറയിൻകീഴിൽ 100 ലിറ്റർ കോട കണ്ടെത്തി നശിപ്പിച്ചു

കഴക്കൂട്ടം: എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ചിറയിൻകീഴ് നിന്നും100 ലിറ്റർ കോട കണ്ടെത്തി നശിപ്പിച്ചു. ചിറയിൻകീഴ്, മുദാക്കൽ, മങ്ങാട്ടു മൂലയിൽ ആറ്റ് പുറമ്പോക്കിലാണ് 50 ലിറ്ററിന്റെ രണ്ട്ബാരലുകളിലായി സൂക്ഷിച്ചിരുന്ന കോട കണ്ടെത്തിയത്. കൊവിഡ് 19 വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ലോക്ക് ഡൗൺ കാലയളവിൽ നടന്ന പരിശോധനയിലാണ് കോട കണ്ടെത്തിയത്. തിരുവനന്തപുരം എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ടി. അനികുമാറും സംഘവും വ്യാജ വാറ്റുമായി ബന്ധപ്പെട്ട് കഴക്കൂട്ടം, ചിറയിൻകീഴ് റേഞ്ച് അതിർത്തിയിൽ അന്വേഷണവും അതുമായി ബന്ധപ്പെട്ട പരിശോധനകളും നടത്തി വരികയാണ്. അന്വേഷണ സംഘത്തിൽ എക്സൈസ് ഇൻസ്പെക്ടർ ടി. ആർ. മുകേഷ് കുമാർ, പ്രിവന്റീവ് ഓഫീസർമാരായ എസ്. മധുസൂദനൻ നായർ, (ഐബി) എസ്. ഷൈജു, ഹരികുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ ജസീം, സുബിൻ, ശ്രീലാൽ, രാജേഷ്, ഷംനാദ് എന്നിവർ പങ്കെടുത്തു.

വീട്ടിനുള്ളിൽ ചാരായ വാറ്റ്; ഒരാൾ പൊലീസ് പിടിയിൽ

തിരുവനന്തപുരം: വാറ്റുചാരായവും, വാറ്റ് നിർമ്മിക്കുന്നതിനുള്ള കോടയും മറ്റു വസ്തുക്കളുമായി ഒരാളെ പൂന്തുറ പൊലീസ് പിടികൂടി. മുട്ടത്തറ വില്ലേജിൽ പുത്തൻ പള്ളി വാർഡിൽ ബദരിയ നഗർ പള്ളിക്ക് സമീപം താമസം അബ്ദുൾ സലാം (47) മാണ് പിടിയിലായത്. ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് ബിവറേജ് ഷോപ്പുകൾ അടച്ചതിനാൽ വൻ തുകക്ക് രഹസ്യ വിൽപ്പന നടത്തിവന്നയാളെയാണ് പിടികൂടിയത്. വീടിന്റെ ടെറസിൽ അതീവ രഹസ്യമായി ഗ്യാസ് സിലിണ്ടർ, പ്രഷർകുക്കർ, വാറ്റാനുപയോഗിക്കുന്ന മറ്റു വസ്തുക്കൾ എന്നിവ ഉപയോഗിച്ചാണ് ചാരായവാറ്റ് നടത്തിയിരുന്നത്. പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ച വാറ്റ് ചാരായവും, 20 ലിറ്റർ കോടയും ഇയാളിൽ നിന്ന് പിടികൂടി. പൂന്തുറ എസ്എച്ച്ഓ സജികുമാറിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ഇയാളുടെ വീട്ടിൽ പൊലീസ് സംഘം പരിശോധനക്കെത്തുമ്പോൾ ഇയാൾ ചാരായ വാറ്റിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷണർ ഐശ്വര്യ ധോഗ്രെയുടെ നേതൃത്വത്തിൽ പൂന്തുറ എസ്എച്ച്ഓ സജികുമാർ ബി. എസ്, എസ്ഐ ബിനു. ആർ, ക്രൈം എസ്ഐ അശോകൻ, അഡീഷണൽ എസ്ഐ സുരേഷ് കുമാർ, എഎസ്ഐ സുധീർ, സിവിൽപൊലീസ് ഓഫീസർമാരായ മനു, വിമൽ പ്രഭാകർ എന്നിവരാണ് അറസ്റ്റിനും അന്വേഷണത്തിനും കൂടെയുണ്ടായിരുന്നത്.

പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം ഭക്ഷ്യധാന്യ, പച്ചക്കറി കിറ്റുകൾ നൽകി നവ മാധ്യമ കൂട്ടായ്മ

കരുനാഗപ്പള്ളി: യുഡിഎഫ് തേവലക്കര പാലയ്ക്കൽ നവ മാധ്യമ കൂട്ടായ്മ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പംഭക്ഷ്യധാന്യ, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു. ബോധവൽക്കരണ പ്രചരണം, വിവിധയിടങ്ങളിൽ സാനിറ്ററിയേസർ ബൂത്തുകൾ സ്ഥാപിച്ച് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇപ്പോൾ രണ്ടു വാർഡുകളിലെ അർഹരായ 200 കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ, പച്ചക്കറി കിറ്റുകൾ നൽകി. കിറ്റുകളുടെ വിതരണോൽഘാടനം ഡിസിസി പ്രസിഡന്റ് ബിന്ദുകൃഷ്ണ ഗ്രാമപഞ്ചായത്തംഗം എം. ഇസ്മയിൽ കുഞ്ഞിന് കൈമാറി നിർവ്വഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറി വിഷ്ണു വിജയൻ, കൂട്ടായ്മ പ്രസിഡന്റ് രാധാകൃഷ്ണപിള്ള, സെക്രട്ടറി ലളിത, നിസ്സാം പൂതക്കുഴിയിൽ, അൻസർ, തുടങ്ങിയവർ നേതൃത്വം നൽകി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 101 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.